ജനകീയാസൂത്രണം





# ചെക്കള

## ഗ്രാമ പഞ്ചായത്ത്

# വികസന രേഖ




## ചെങ്കള പഞ്ചായത്ത്

| | |
|---|---|
| വില്ലേജ്: | ചെങ്കള, മുട്ടത്തൊടി, പാടി, നെക്രാജെ |
| ബ്ലോക്ക് ഡിവിഷൻ: | മുട്ടത്തൊടി, ചെർക്കള, പൈക്ക |
| ജില്ലാ ഡിവിഷൻ: | ചെങ്കള |
| അസംബ്ലി: | കാസർകോട് |
| വിസ്തീർണ്ണം: | 53.73 ച. കി.മീ. |
| ജനസംഖ്യ: | |

150-4

# കാസർകോട് ജില്ല

ചെങ്കള പഞ്ചായത്ത്



അധികാരം ജനങ്ങളിലേക്ക്

## ഉള്ളടക്കം

1. ആമുഖം

2. പഞ്ചായത്ത് - പൊതു വിവരണം

3. സാമൂഹ്യ-സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

5. സാമൂഹ്യ സാമ്പത്തിക മേഖലകം

   1. കൃഷിയും ജലസേചനവും
   2. മൃഗസംരക്ഷണവും മത്സ്യബന്ധനവും
   3. വ്യവസായം
   4. വിദ്യാഭ്യാസം
   5. കുടിവെള്ളവും പൊതുജന ആരോഗ്യവും
   6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   7. പാർപ്പിടവും സാമൂഹ്യ ക്ഷേമവും
   8. സംസ്കാരം
   9. വനിത
   10. സഹകരണം
   11. പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം
   12. വിഭവ സമാഹരണം

6. ഉപസംഹാരം



"എന്റെ ജീവിതമാണ്
എന്റെ സന്ദേശം"
_ഗാന്ധിജി


## എഡിറ്റോറിയൽ ബോർഡ്

മൂസാ ബി. ചെർക്കള
പി. എം. അബ്ദുൽ ഹമീദ്
ബാലകൃഷ്ണ വൊർക്കുഡ്ലു
കെ. എം. മുഹമ്മദ്
ബി. ജനാർദ്ദനൻ
കെ. സി. കൃഷ്ണൻ നായർ
പി. രാധ



കവർ : മൂസാ ബി. ചെർക്കള
അച്ചടി: ഐഡിയൽ പ്രിന്റേഴ്സ്
കാസർകോട്



## വികസന രേഖ തയ്യാറാക്കിയവർ

കെ. എം. മുഹമ്മദ്
കെ. ഗോപാലൻ നായർ
സി. എച്ച്. കൃഷ്ണൻ
കെ. നാരായണൻ
കെ. സി. കൃഷ്ണൻ നായർ
കെ. ബാലചന്ദ്രൻ
രാംപ്രസാദ്
എം. ജെ. രാജ
കുഞ്ഞികൃഷ്ണൻ
ഡോ: എ. റാഫി മുഹമ്മദ്
കൃഷ്ണൻ കെ.
കെ. അബ്ബാസ്
സത്യൻ
കെ. എസ്. ജോർജ്
ഡോ: മഹേഷ് ജി.
പി. പ്രഭാകരൻ മാസ്റ്റർ
പരമേശ്വരൻ
ബി. രാധ
ബി. സുശീല
സേട്ട് അബ്ദുല്ല
പി. നാരായണൻ നായർ
പുരുഷോത്തമൻ

# മുൻ പ്രസിഡണ്ടുമാർ



**ശ്രീ. കണ്ടിഗെ ഗണപതി ഭട്ട്**
(മുട്ടത്തൊടി പഞ്ചായത്ത്)



**ശ്രീ. മുഹമ്മദ് മുബാറക്ക് ഹാജി**
(മുട്ടത്തൊടി പഞ്ചായത്ത്)



**ശ്രീ. പി. അബ്ബാസ്**
(നെക്രാജെ പഞ്ചായത്ത്)



**ശ്രീ. എം. എ. മുഹമ്മദ് കുഞ്ഞി ഹാജി**
(ചെങ്കള പഞ്ചായത്ത്)



**ശ്രീ. രാമകൃഷ്ണ റാവു**
(ചെങ്കള പഞ്ചായത്ത്)



**ശ്രീ. സി. എച്ച്. അഹ്മദ് ഹാജി**
(ചെങ്കള പഞ്ചായത്ത്)



**ശ്രീ. എൻ. ഐ. അബൂബക്കർ**
(ചെങ്കള പഞ്ചായത്ത്)

# നിലവിലുള്ള ഭരണസമിതി



പി. ബി. അഹ്മദ്
(പ്രസിഡണ്ട്)



കെ. എ. ഇബ്രാഹിം
(വൈസ് പ്രസിഡണ്ട്)



ബി. ജനാർദനൻ
(സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ)



പി. രാധ



സി. എ. മൊയ്തീൻ കുഞ്ഞി



ഉമ്മാലി മുബാറക്ക്



ബി. എ. അഹ്മദ്



നഫീസ



ബി. സുശീല



മൂസ ബി. ചെർക്കള



ബാലകൃഷ്ണ വൊർക്കുഡ്‌ലു



മണി ചന്ദ്രകുമാരി



നാരായണ അർലടുക്ക



സി. എച്ച്. മുഹമ്മദ്കുഞ്ഞി



ശ്രീ. എൻ. എ. അബ്ദുൽ റഹ്മാൻ
(മെമ്പർ, ജില്ലാ പഞ്ചായത്ത്)



അഡ്വ: എ. ജി. നായർ
(മെമ്പർ, ബ്ലോക്ക് പഞ്ചായത്ത്)



ശ്രീമതി. ബീഫാത്തിമ ഹമീദ്
(മെമ്പർ, ബ്ലോക്ക് പഞ്ചായത്ത്)



ശ്രീ. എം. അബ്ദുല്ല ഹാജി
(മെമ്പർ, ബ്ലോക്ക് പഞ്ചായത്ത്)

# ആമുഖം



ഏതൊരു രാജ്യത്തിന്റേയും ഭൂതകാല പൈതൃകത്തിൽ നിന്നാണ് ഭാവി രൂപപ്പെട്ടുവരിക. ഇന്ത്യയ്ക്ക്, കേരളത്തിന് അതുപോലെ നമ്മുടെ പഞ്ചായത്തിനും മഹത്തായ ഒരു ഭൂതകാലം അവകാശപ്പെടാനുണ്ട്. രണ്ടു നൂറ്റാണ്ടുകാലത്തെ അടിമത്വത്തിൽ നിന്ന് ഇന്ത്യ മോചിതമായപ്പോൾ സാമ്പത്തികമായും സാംസ്കാരികമായും ക്ഷീണിച്ച ഒരു രാജ്യത്തെയാണ് നമുക്ക് ലഭിച്ചത്. നമ്മുടെ സ്വാതന്ത്ര്യത്തിന്റെ ശിൽപിയായ മഹാത്മാഗാന്ധി സ്വയം പര്യാപ്ത മായ ഗ്രാമം എന്ന ആശയം മുന്നോട്ടുവെച്ചപ്പോൾ സ്വതന്ത്ര ഭാരതം പഞ്ചവത്സര പദ്ധതികളെ അതിനുള്ള മാർഗമായി കണ്ടു. അങ്ങനെ എട്ടു പഞ്ചവത്സരപദ്ധതികളെ നാം ചുമലിലേറ്റി. എന്നിട്ടും തിരിഞ്ഞുനോക്കുമ്പോൾ നിരാശപ്പെടാനെ നമുക്ക് കഴിയുന്നുള്ളു. എന്തുകൊണ്ടിവ സംഭവിച്ചു? ആസൂത്രണത്തിന്റെ വൈകല്യം കൊണ്ടാണോ, പദ്ധതികൾ അസന്തുലിതമായത് കൊണ്ടാണോ, ഗ്രാമങ്ങളുടെ നാഡിമിടിപ്പ് മനസ്സിലാകാത്തത് കൊണ്ടാണോ? ഇതൊക്കെ കൊണ്ടാവണം സമഗ്രമായ വികസനത്തിന് ആസൂത്രണം ജനകീയമാവണം എന്ന് നിരൂപിക്കാനിടയായത്.

ഓരോ ഘട്ടത്തിലും ഗ്രാമീണരുടെ പങ്കാളിത്തം ഉറപ്പുവരുത്തി കൊണ്ടാണ് നാം നീങ്ങുന്നത്. ആദ്യഘട്ടത്തിൽ ഗ്രാമസഭകൾ ചേർന്നു, പ്രശ്നങ്ങളെപ്പറ്റി വിശകലനം ചെയ്തു, സ്ഥിതി വിവരക്കണക്കുകൾ ശേഖരിച്ചു. വ്യത്യസ്ത ജന വിഭാഗങ്ങളുമായി ചർച്ച ചെയ്തു. അങ്ങനെ നാം ഈ വികസനരേഖ രൂപപ്പെടുത്തുകയാണ്. സ്ഥിതി വിവരണക്കണക്കുകൾ ചുരുങ്ങിയ സമയത്തിനുള്ളിൽ വിവിധ ഓഫീസുകളിൽ നിന്നും ശേഖരിച്ച വിവരങ്ങളാണ് പ്രധാനമായും ചേർത്തിട്ടുള്ളത്. പഞ്ചായത്തിൻെറ വ്യത്യസ്ത വികസന മേഖലകളിലെ മൊത്തം പ്രശ്നങ്ങളും സാദ്ധ്യതകളും ഈ രേഖയിൽ പ്രതിപാദിച്ചിട്ടുണ്ട്. ഈ രേഖ വികസന സെമിനാറിൽ അവതരിപ്പിച്ചു ചർച്ച ചെയ്തുകഴിയുമ്പോൾ വിദഗ്ധ സമിതി പഞ്ചായത്ത് ഭരണ സമിതിയുടെ സഹായത്തോടെ പദ്ധതികളാക്കി മാറ്റും. പദ്ധതികൾക്കുവേണ്ട ചെലവ് 1997 ഏപ്രിൽ ഒന്ന് മുതൽ ആരംഭിക്കുന്ന 9_ാം പഞ്ചവത്സര പദ്ധതി വിഹിതത്തിൽ നിന്നും വിഭവ സമാഹരണത്തിലൂടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും നമുക്ക് കണ്ടെത്തേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടുന്നതിലും വികസന രേഖ തയ്യാറാ ക്കുന്നതിലും ഗ്രാമപഞ്ചായത്ത് അംഗങ്ങളും ഉദ്യോഗസ്ഥരും സന്നദ്ധ പ്രവർത്തകരും ശ്ലാഘനീയമായ പങ്കു വഹിച്ചിട്ടുണ്ട്. 1996 സെപ്തംബർ 19ന് ആരംഭിച്ച് നവംബർ 23ന് ചെങ്കള ഗ്രാമ പഞ്ചായത്ത് സമിതി വികസന രേഖ ചർച്ച ചെയ്ത് അംഗീകരിക്കുന്നത്വരെ ബന്ധപ്പെട്ടവർ അവരുടെ മനസും ശരീരവും ഇതിനുവേണ്ടി അർപ്പിച്ചിട്ടുണ്ട്. ജനകീയ പദ്ധതികൾക്ക് വേണ്ട പ്രവർത്തനം ഒരാൾ മറ്റാർക്കും വേണ്ടി ചെയ്യുന്നതല്ലല്ലോ. എങ്കിലും അവരുടെ സ്മരണ ഈ രേഖയിൽ തുടിച്ചു നിൽക്കുമെന്നതിൽ സംശയമില്ല. ആത്യന്തികമായ നന്ദി ഗ്രാമസഭാംഗങ്ങൾക്കുതന്നെയാണ്. അവരാണല്ലോ എക്കാലവും വികസനത്തിൻെറ പ്രചോദനവും ശക്തിയും.

*"ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ*
*ഭൂതിമത്താമൊരു ഭാവിയെ നെയ്ക നാം."*

_പത്രാധിപ സമിതി

# പൊതു വിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | : | ചെങ്കള ഗ്രാമ പഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജുകൾ | : | ചെങ്കള, മുട്ടത്തൊടി, പാടി, നെക്രാജെ. |
| ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകൾ | : | ചെങ്കള, മുട്ടത്തൊടി, പാടി. |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | : | ചെങ്കള |
| അസംബ്ലി മണ്ഡലം | : | കാസർകോട് |
| വിസ്തീർണ്ണം | : | 53.73 ച. കി. മീ |
| അതിരുകൾ | : | കിഴക്ക് മുളിയാർ, കാറഡുക്ക പഞ്ചായത്തുകൾ പടിഞ്ഞാറ് കാസർകോട് മുനിസിപ്പാലിറ്റി, മധൂർ പഞ്ചായത്ത്, തെക്ക് ചന്ദ്രഗിരിപ്പുഴ, വടക്ക് ബദിയഡുക്ക, കുമ്പഡാജെ പഞ്ചായത്തുകൾ. |
| ആകെ ജനസംഖ്യ | : | 37,842- പുരുഷൻ -19,497 സ്ത്രീ- 18,943 (1991-ലെ സെൻസസ്) |
| ജനസാന്ദ്രത | : | 663.3 |
| വാർഡുകൾ | : | 14 |
| പ്രസിഡണ്ട് | : | ശ്രീ. പി. ബി. അഹ്മദ് |
| വൈസ് പ്രസിഡണ്ട് | : | ശ്രീ. കെ. എ. ഇബ്രാഹിം |
| സ്റ്റാൻറിങ്ങ് കമ്മിറ്റി ചെയർമാൻ | : | ശ്രീ. ബി. ജനാർദ്ദനൻ |

# അധികാരം ജനങ്ങളിലേക്ക്

☆ അധികാരവികേന്ദ്രീകരണം
വഴി ജനകീയവും ശാസ്ത്രീയവുമായ
ഗ്രാമതല ആസൂത്രണം

☆ 9-ാം പദ്ധതി ജനകീയപദ്ധതി

☆ 40% പദ്ധതി വിഹിതം
പഞ്ചായത്തുകൾക്ക്

☆ വികസന പ്രക്രിയ അഴിമതി
രഹിതമാകുന്നു

☆ ബഹുജന സഹകരണം അനിവാര്യം



# സാമൂഹ്യ–സാംസ്കാരിക ചരിത്രം

കാസർകോട് ജില്ലയുടെ ആസ്ഥാനമന്ദിരം ഉൾക്കൊള്ളുന്ന ചെങ്കള പഞ്ചായത്ത് കാസർകോട് മുനിസിപ്പാലിറ്റിയോട് തൊട്ടടുത്ത് കിടക്കുന്നു. ചെങ്കള, മുട്ടത്തൊടി, പാടി, നെക്രാജെ എന്നീ വില്ലേജുകൾ ഉൾപ്പെടുന്ന ഈ പഞ്ചായത്തിൻെറ തെക്കേ അതിരായി ചന്ദ്രഗിരിപ്പുഴ ഒഴുകുന്നു. മധൂർ, ബദിയടുക്ക, കുംബടാജെ,കാറടുക്ക, മുളിയാർ, എന്നീ പഞ്ചായത്തുകളോട് തൊട്ടുകിടക്കുന്ന, സാമൂഹ്യസാംസ്കാരിക രംഗങ്ങളിൽ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് ഇത്. പഴയ മദിരാശി സംസ്ഥാനത്തിൽപ്പെട്ട ദക്ഷിണകന്നടജില്ലയുടെ ഭാഗമായിരുന്നു. പണ്ടുകാലത്ത് ബല്ലാൾ രാജവംശവും കുമ്പള മായിപ്പാടി രാജവംശവും ഈ പ്രദേശം ഭരിച്ചിരുന്നതായി ചരിത്രത്തിൽ കാണുന്നു.ആദിശങ്കരൻെറ ശിഷ്യരായ തോട്ടകാചാര്യരുടെ പരമ്പരയിൽപ്പെട്ട എടനീർ മഠം സ്ഥിതി ചെയ്യുന്നത് ചെങ്കള പഞ്ചായത്തിലെ എടനീരിലാണ്. ഏകദേശം 700 വർഷത്തെപ്പഴക്കമുള്ള എടനീർ മഠത്തിലെ ഇപ്പോഴത്തെ സ്വാമിജി ശ്രീ കേശവാനന്ദ ഭാരതി മൗലികാവശകാശങ്ങളെ സംബന്ധിച്ച് സുപ്രീം കോടതിയിൽനിന്ന് നേടിയ വിധി ഇന്ത്യൻ നീതിന്യായചരിത്രത്തിൻെറയും, നിയമപഠനത്തിൻേറയും ഒരു ഭാഗമായി തീർന്നിരിക്കുകയാണ്. ഭൂപരിഷ.കരണ നിയമം നടപ്പിലാക്കിയപ്പോൾ അതിനെതിരെ ''സ്വത്ത് കൈവശം വെയ്ക്കാനുള്ള അധികാരം'' എന്ന ഭരണഘടനയുടെ ആമുഖത്തിൽപ്പറയുന്ന അവകാശത്തെതന്നെ എടുത്തുകളഞ്ഞത് മൗലികാവകാശ ലംഘനമാണെന്ന് ഇന്ത്യൻ സുപ്രീം കോടതിയിൽ വാദിച്ചത് അന്ന് രാജ്യം മുഴുവൻ ചർച്ചാവിഷയമായിരുന്നു.

സ്വാതന്ത്ര്യ സമര ചരിത്ര കാലഘട്ടത്തിൽ അതിൻെറ അലയൊലി ചെങ്കള പഞ്ചായത്തിലും മുഴങ്ങുകയുണ്ടായി. നിസ്സഹകരണ പ്രസ്ഥാനത്തിലും ഉപ്പുസത്യാഗ്രഹത്തിലും പങ്കെടുത്ത ഗാന്ധികൃഷ്ണഭട്ട് എന്ന ഖണ്ഡികെ കൃഷ്ണഭട്ടും, ചൂരിപ്പള്ളം മദനും, ജയിൽവാസമനുഷ്ഠിച്ചു. പുണ്ഡൂർ ദാമോദര പുണിഞ്ചിത്തായ എന്നീ കവികളുടെ സ്വരാജ്യഗീതാമൃതം, രാഷ്ട്രഗീതാരത്നാകരം എന്നീ പുസ്തകങ്ങൾ സ്വാതന്ത്ര്യസമരത്തെ ആവേശം കൊള്ളിച്ചു. മഹാത്മാജി മംഗലാപുരം വന്നപ്പോൾ കവി ലക്ഷ്മിനാരായണ പുണിഞ്ചിത്തായ സ്വന്തം ദേശീയഗീതം മഹാത്മാജിയെ പാടികേൾപ്പിച്ചു.

ബ്രിട്ടീഷ് ഭരണകാലത്തിൻെറ ഓർമ്മയായി ബേക്കയിലെ ബംഗ്ലാവിൻെറ അവശിഷ്ടങ്ങൾ ഇന്നും കാണാം. സ്വാതന്ത്ര്യത്തിന് എത്രയോ വർഷം മുമ്പ് മംഗലാപുരം

കേന്ദ്രമായി പ്രവർത്തിക്കുന്ന ബാസൽമിഷൻ മതപ്രബോധനം നടത്തുന്നതിനും വിശ്രമത്തിനുമായി പണിത പ്രസ്തുത ബംഗ്ലാവിൽ എല്ലാവിധ സൗകര്യങ്ങളുമുണ്ടായിരുന്നു. ബംഗ്ലാവിന് താഴെ ''മെധു'' വിലുള്ള ബേവിഞ്ച വാട്ടർഫാൾസ് ടൂറിസ്റ്റുകളെ ആകർഷിച്ചിരുന്നു. അവിടെ യാത്രക്കാർക്ക് കുളിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിരുന്നു. ചന്ദ്രഗിരി പുഴയും ചുറ്റുമുള്ള ഹരിത കുന്നുകളുമടങ്ങുന്ന പ്രകൃതിരമണീയമായ സ്ഥലം കണ്ടെത്തി അവിടത്തേക്ക് നാലാം മൈലിൽ നിന്നും പ്രത്യേകം റോഡ് നിർമ്മിച്ച് എത്രയോ വിദേശികളെ ആകർഷിച്ചിരുന്ന പ്രസ്തുത ബംഗ്ലാവിൻെറ അവശിഷ്ടം വലിയൊരു ചരിത്രത്തിനു സാക്ഷ്യം വഹിക്കുന്നു. എടനീർ നെക്രാജെ ഇരുമ്പുപാലങ്ങളും ബ്രിട്ടീഷ്

ഭരണത്തിന്റെ സ്മാരകാവശിഷ്ടങ്ങളാണ്.

വിദ്യാഭ്യാസം നൽകുന്നതിനായി കുടിപ്പള്ളിക്കൂടങ്ങളും ഓത്തുപുരകളും വളരെക്കാലം മുമ്പേ ഇവിടെ നിലനിന്നിരുന്നു. ബ്രഹ്മകുത്രായ ശ്രീ ഈശ്വരാനന്ദ ഭാരതിയും ഖാൻ ബഹദൂർ മുഹമ്മദ് ഷംനാടും ഈ പഞ്ചായത്തിൽ ആധുനിക വിദ്യാഭ്യാസത്തിന് വേണ്ടി ആദ്യകാലങ്ങളിൽ പ്രവർത്തിച്ചു. ഈ പഞ്ചായത്തിന്റെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഏവന്തൂർ കൃഷ്ണൻ മണിയാണി, കെ. വിഷ്ണു ഷാൻഭോഗ്, ഗണപതിഭട്ട്, എം.എ. മുഹമ്മദ് കുഞ്ഞി ഹാജി , ഇ. മൊയ്തീൻ കുഞ്ഞി ഹാജി, കുഞ്ഞിക്കലന്തൻ എന്നിവരും നായൻമാർമൂല ജമാഅത്ത് കമ്മിറ്റിയും , നാരംപാടി ചർച്ചും നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. 1930 ൽ നായൻമാർമൂലയിൽ സ്ഥാപിക്കപ്പെട്ട ഇംദാദുൽ ഇസ്ലാം സ്കൂൾ 3 വർഷത്തിന് ശേഷം അംഗീകാരം പിൻവലിക്കപ്പെടുകയാൽ പ്രവർത്തനം നിലച്ചു. 33-ന് ശേഷം സുലൈമാൻ എന്ന ചെറുപ്പക്കാരന്റെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനം തുടങ്ങി എം.എം. അബ്ദുൽ ഖാദർ, എൻ. കെ. മുഹമ്മദ്, എൻ. എ. അബ്ദുല്ല ഹാജി ഇ. മൊയ്തീൻ കുഞ്ഞി ഹാജി എന്നിവർ നായനമാർമൂലയിലെ ആദ്യത്തെ സ്കൂൾ കെട്ടിടം പണിയാൻ സൈക്കിൾ യാത്ര ചെയ്ത് സുള്ള്യ, പുത്തൂർ ഭാഗങ്ങളിൽചെന്ന് അന്നത്തെ നാണയമായ ഒരണയും അരയണയും പിരിച്ചെടുത്തിട്ടാണ് നിലവിലുള്ള എൽ.പി. സ്കൂൾ കെട്ടിടം പണിതത്. 1936-ൽ ഖാൻബഹദൂർ മുഹമ്മദ് ഷംനാടിന്റെ ശ്രമഫലമായി മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ കീഴിൽ ഒരു എലിമെന്ററി സ്കൂൾ ആലംപാടിയിൽ നിലവിൽ വന്നു. 1939 ലാണ് നായൻമാർ മൂലയിൽ അംഗീകാരത്തോടെ എലിമെന്ററി സ്കൂൾ ആരംഭിച്ചത്.

വ്യത്യസ്ത മതങ്ങളും, ജാതികളും, ഭാഷകളും ഉൾകൊള്ളുന്നതാണ് ചെങ്കള പഞ്ചായത്ത്. പ്രധാനമായും മലയാളം, കന്നട, തുളു എന്നീ ഭാഷകളാണ് സംസാരിക്കുന്നത്. മറാത്തി, കൊങ്കിണി, ഉർദു, ഭാഷകൾ ചുരുക്കം ചിലർ ഉപയോഗിക്കുന്നു. ധാരാളം അമ്പലങ്ങളും മസ്ജിദുകളും ഈ പഞ്ചായത്തിലുണ്ട്. എടനീർ വിഷ്ണുമംഗലക്ഷേത്രം, കാനം ശാസ്താക്ഷേത്രം , ആലംകൂടൽ മഹാലിംഗേശ്വരീ ക്ഷേത്രം, നെക്രാജെ ഗോപാലകൃഷ്ണ ക്ഷേത്രം, ബേവിഞ്ചയിലെ സുബ്രഹ്മണ്യക്ഷേത്രം പാടിയിലെ വെള്ളൂർ ശ്രീ മഹാവിഷ്ണു ക്ഷേത്രം, മീത്തലെ വീട് ദൈവാലയം, ശ്രീ പുള്ളി കരിങ്കാളി ഭഗവതിക്ഷേത്രം, പടിഞ്ഞാർപുറം ഭഗവതിക്ഷേത്രം, എന്നിവ പ്രധാന ക്ഷേത്രങ്ങളും രണ്ടു നൂറ്റാണ്ടോളം പഴക്കമുള്ള ആലംപാടി , കുണ്ടന്നൂർ, ചെർക്കള, പൈക്ക, ബേവിഞ്ച, ചേരൂർ, ചെങ്കള, എടനീർ, പുണ്ടൂർ, ആലങ്കോട്, ബേർക്ക, നാരമ്പാടി, പാണാർക്കുളം, തായൽ നെക്രാജെ, മീത്തൽ അർളടുക്ക, തായൽ നായൻമാർമൂല, എരുതുംകടവ്, കോപ്പ, പുതുമണ്ണ്, കടമ്പട്ട, പയോട്ട, പടുവടുക്ക, പന്നിപ്പാറ, പിലാങ്കട്ട, മേനംകോട്, നെല്ലിക്കട്ട, സന്തോഷ് നഗർ പാണളം എന്നീ ജുമാമസ്ജിദുകളും ഒട്ടേറെ നമസ്കാരപള്ളികളും ഈ പഞ്ചായത്തിലുണ്ട്. എല്ലാ മസ്ജിദുകളുടെയും കീഴിൽ മതപഠനം നടത്തുന്നതിന് പ്രത്യേകം മദ്രസകളുണ്ട്. പ്രധാനപ്പെട്ട ചർച്ച് നാരമ്പാടി ചർച്ചാണ്.

ഒരു കാർഷിക പ്രദേശമായ ചെങ്കള പഞ്ചായത്തിൽ പണ്ടുമുതലേ നെല്ല്, കരിമ്പ്, പുകയില, മുളക് ഇവ കൃഷി ചെയ്തിരുന്നു. കരിമ്പുകൃഷിക്ക് പേരുകേട്ട ആലംപാടിയിൽ നിന്നും ഉണ്ടാക്കിയിരുന്ന ബാരിക്കാട് വെല്ലത്തിന് വിദൂരസ്ഥലങ്ങളിൽപോലും മാർക്കറ്റ് ഉണ്ടായിരുന്നു. അതുപോലെ ബേർക്കയിലെ പുകയിലകൃഷിയും എടുത്തുപറയത്തക്കതായിരുന്നു.

പാരമ്പര്യ ചികിത്സയിൽ ഒട്ടേറെ പ്രമുഖരായ വൈദ്യൻമാർ ഈ പഞ്ചായത്തിലുണ്ടായിരുന്നു. പാടി തട്ടാൻമൂല വൈദ്യർ കുഞ്ഞപ്പനായർ, ആര്യവൈദ്യൻ മേലത്ത് കുഞ്ഞിക്കണ്ണൻ നായർ, മരുതംബയൽ സുബ്രായ ഷാൻബോഗ് , പുതുമണ്ണ് മൂസക്കുഞ്ഞി വൈദ്യർ, ചിരിയണ്ടൻ കണ്ണോർത്തി ചായിവളപ്പ് അപ്പവൈദ്യർ, ചേരൂർ മുഹമ്മദ്കുഞ്ഞി വൈദ്യർ, എതിർത്തോട് പക്കിരി, പാടി തട്ടാൻമൂല കാമലോൻ ചന്തുനായർ, പൈക്കയിലെ പക്കീരൻ വൈദ്യർ, കുഞ്ഞിക്കാനം കുട്ടിവൈദ്യർ, എന്നിവർ ഇവരിൽ പ്രമുഖരായിരുന്നു. മൃഗ ചികിത്സ രംഗത്ത് പാടി താഴത്ത്വീട്ടിൽ കാമലോൻ ശങ്കരബല്ലാൾ, ചന്നംതലയിലെ കാർമാർ ശങ്കപ്പ ആൾവ, ബേവിഞ്ചയിലെ കോമൻ മണിയാണി എന്നിവരുടെ സേവനം പ്രശംസനീയമായിരുന്നു.

പഞ്ചായത്ത് നിലവിൽ വരുന്നതിന് മുമ്പ് പട്ടേലർ (അധികാരി) ക്കായിരുന്നു ഗ്രാമങ്ങളുടെ അധികാരം. റവന്യൂ, സിവിൽ, ക്രിമിനൽ, ആരോഗ്യം, മുതലായവ പട്ടേലരുടെ അധികാര പരിധിയിൽപ്പെട്ടതായിരുന്നു. അവസാനമായി ചെങ്കളഗ്രാമത്തിന്റെ പട്ടേലർ സ്ഥാനം വഹിച്ചിരുന്നത് കക്കില്ലായ കുടുംബവും, മുട്ടത്തൊടിയിൽ ശ്യാൻഭോഗ് കുടുംബവും പാടിഗ്രാമത്തിൽ കാമലോൻ കുടുംബവും നെക്രാജയിൽ ബൺട്സ് കുടുംബവുമായിരുന്നു. സ്വന്തം വീടിനോട് ചേർന്ന ഒരു മുറി

പട്ടേലരുടെ ഓഫീസായിരുന്നു.

1954-ൽ ചെങ്കള, മുട്ടത്തൊടി, പാടി, നെക്രാജെ എന്നീ നാലു വില്ലേജുപഞ്ചായത്തുകൾ നിലവിൽവന്നു. ചെങ്കള പഞ്ചായത്തിൻെറ പ്രസിഡണ്ട് ശ്രീ. സുബ്രായ കക്കില്ലായയും, മുട്ടത്തൊടി പഞ്ചായത്തിൽ കെ. ഗണപതിഭട്ടും . അദ്ദേഹം രാജിവെച്ചശേഷം മുഹമ്മദ് മുബാറക് ഹാജിയും, പാടി പഞ്ചായത്തിൽ കണ്ണൻ നായരും, നെക്രാജെ പഞ്ചായത്തിൽ പി. അബ്ബാസും, ആയിരുന്നു പ്രസിഡണ്ടുമാർ. കൈപൊക്കി വോട്ടുരേഖപ്പെടുത്തികൊണ്ടായിരുന്നു അന്ന് പ്രസിഡണ്ടിനെ തിരഞ്ഞെടുത്തിരുന്നത്. നികുതി നൽകുന്നവർക്ക് മാത്രമേ അന്ന് വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ.

1962-ലാണ് നാലു വില്ലേജ് പഞ്ചായത്തുകളും സംയോജിപ്പിച്ച് ചെർക്കള ആസ്ഥാനമായി ചെങ്കള പഞ്ചായത്ത് നിലവിൽ വന്നത്. 1963-ൽ ബി. കൃഷ്ണ കക്കില്ലായ പ്രസിഡണ്ടും എം. ചന്ദ്രശേഖരൻ നമ്പ്യാർ വൈസ് പ്രസിഡണ്ടുമായി പ്രഥമ ബോർഡ് നിലവിൽ വന്നു. വൈ: പ്രസിഡണ്ട് രാജിവെച്ചപ്പോൾ ആ സ്ഥാനത്തേക്ക് ബദരിയ അബ്ദുൽ ഖാദർ ഹാജിയെ തിരഞ്ഞെടുത്തു. 1974-ൽ അദ്ദേഹം മരണമടഞ്ഞപ്പോൾ മുഹമ്മദ് മുബാറക് ഹാജി വൈസ് പ്രസിഡണ്ടായി. ശ്രീ. എം. കെ. രാജ, എൻ.എ. അബ്ദുള്ള, ബി. വെങ്കപ്പനായക്, എൻ. സീതാറാം ഭട്ട്, ശ്രീമതി. പി. മാധവി എന്നിവരായിരുന്നു മറ്റ് അംഗങ്ങൾ.

പതിനാറുവർഷങ്ങൾക്ക് ശേഷം 1979-ൽ ശ്രീ. കെ. രാമകൃഷ്ണറാവു പ്രസിഡണ്ടും , എം.എ. മുഹമ്മദ്കുഞ്ഞി ഹാജി വൈസ് പ്രസിഡണ്ടുമായുള്ള ഭരണസമിതി നിലവിൽ വന്നു. സി. അബ്ബാസ് ഹാജി, അഡ്വ: പി.കെ. മുഹമ്മദ്, എൻ. എ. അബൂബക്കർ, മുഹമ്മദ് മുബാറക് ഹാജി, എ.എം. നബീസ, എ. ഗോപാല, ബി. സുബ്രഹ്മണ്യ ഭട്ട് , പി.എം. ആമു എന്നിവർ അംഗങ്ങളായുള്ള ഭരണസമിതി 1984 ഒക്ടോബർ വരെ നിലനിന്നു.

1988-ൽ സി.എച്ച്. അഹമ്മദ് ഹാജി പ്രസിഡണ്ടും സി.എച്ച് വിജയൻ വൈ: പ്രസിഡണ്ടുമായുള്ള ഭരണസമിതി അധികാരത്തിൽ വന്നു. സി.എ. അഹമ്മദ് ഹാജി, ബി.എ. അഹമ്മദ്, മുബാറക് മുഹമ്മദ് ഹാജി, ആയിഷ, സുലേഖാമാഹിൻ, സി.എച്ച് ഗോപാലൻ, കെ. ഭാസ്കരൻ, ബടുവൻ കുഞ്ഞി ,എൻ.എ. അബൂബക്കർ എന്നിവർ അംഗങ്ങളായിരുന്നു. സി. എച്ച് അഹമ്മദ് ഹാജി പ്രസിഡണ്ട് സ്ഥാനം രാജിവെച്ചതിനെ തുടർന്ന് എൻ.ഐ. അബൂബക്കർ പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടു.1957 മുട്ടത്തൊടി വില്ലേജ് പഞ്ചായത്ത് മുതൽ 1995 വരെ മുഹമ്മദ് മുബാറക് ഹാജി മെമ്പറായും തുടർന്നുവന്നു.

1994-ലെപഞ്ചായത്ത് രാജ് ആക്റ്റ്പ്രകാരം 95 സെപ്തംബറിൽ നടന്ന തിരഞ്ഞെടുപ്പോടെ പി.ബി. അഹമ്മദ് പ്രസിഡണ്ടും കെ.എ. ഇബ്രാഹീം വൈ: പ്രസിഡണ്ടുമായി, ഇന്ന് നിലവിലുള്ള ഭരണസമിതി നിലവിൽ വന്നു. ബി. ജനാർദ്ദനനാണ് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ. പി. രാധ, സി.എ. മൊയ്തീൻകുഞ്ഞി, ഉമ്മാലി, ബി.എ. അഹമ്മദ്, നബീസ, സുശീല, മൂസ്സബേർക്ക, ബാലകൃഷ്ണവോർക്കുട്ലു, മണിചന്ദ്രകുമാരി, നാരായണ അർളടുക്ക, സി.എച്ച് മുഹമ്മദ് കുഞ്ഞി എന്നിവർ അംഗങ്ങളുമാണ്.

ചെർക്കള ആസ്ഥാനമായി ചെർക്കള ടൗണിൽ കക്കില്ലായരുടെ വക മൂന്ന് പീടികയിലാണ് ആദ്യം പഞ്ചായത്ത് ഓഫീസ് പ്രവർത്തിച്ചത്. പിന്നീട് 1973 ആഗസ്റ്റ് 14 ന് ഇന്ന് നിലവിലുള്ള പഞ്ചായത്ത് ഓഫീസിന് തറക്കില്ലുടുകയും 1974 ജനുവരി 20 അന്നത്തെ പഞ്ചായത്ത് വകുപ്പ് മന്ത്രി ശ്രീ. കെ. അവൂക്കാദർ കുട്ടിനഹ ഓഫീസ് ഉൽഘാടനം ചെയ്യുകയും ചെയ്തു.

പുതിയ തൃതലപഞ്ചയത്ത് ഭരണസമിതി നിലവിൽ വന്നതോടുകൂടി ചെങ്കളഗ്രാമ പഞ്ചായത്തിൽ മൂന്ന് ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളും, ചെങ്കള, മധൂർ പഞ്ചായത്തുംചേർന്ന് ഒരു ജില്ലാ പഞ്ചായത്ത് ഡിവിഷനും നിലവിൽ വന്നു. ബ്ലോക്ക് പഞ്ചായത്ത് ഡിവിഷനുകളായ ചെർക്കള, മുട്ടത്തൊടി, പൈക്ക ഡിവിഷനുകളെ യഥാക്രമം എം. അബ്ദുല്ല ഹാജി, ബീഫാത്തിമ്മഹമീദ്, അഡ്വ: എ. ജി. നായർ എന്നിവർ പ്രതിനിധീകരിക്കുന്നു. എൻ.എ. അബ്ദുൽറഹിമാനാണ് ജില്ലാ പഞ്ചായത്ത് മെമ്പർ. ചെങ്കള ഗ്രാമപഞ്ചായത്ത് ഉൾക്കൊള്ളുന്ന കാസർകോട് നിയോജകമണ്ഡലം എം.എൽ.എ. സി.ടി .അഹമ്മദലിയും, എം.പി. ടി. ഗോവിന്ദനുമാണ്. മഞ്ചേശ്വരം മണ്ഡലത്തെ പ്രതിനിധീകരിക്കുന്ന ചെർക്കളം അബ്ദുള്ള ഈ പഞ്ചായത്തിലെ ചെർക്കളം സ്വദേശിയാണ്.

പഴയകാലത്ത് ജനങ്ങൾക്ക് കോടതിയെ സമീപിക്കണമെങ്കിൽ കർണ്ണാടകയിലെ പുത്തൂരിലേക്ക് പോകണമായിരുന്നു. കേസിന് പോകുന്നതിനെ ''നമ്പരിന്' പോവുക എന്നാണ് പറയാറ്. വാഹനസൗകര്യമില്ലാതിരുന്ന അക്കാലത്ത് നടന്നിട്ടായിരുന്നു കേസിന് പോയിരുന്നത്. കച്ചവടത്തിനും നടന്നുതന്നെയായിരുന്നു പോകാറ്. ബാ

രിക്കാട് വെല്ലം തലയിൽ ചുമന്ന് ഇപ്പോൾ കർണ്ണാടകയിലുള്ള പല സ്ഥലത്തേക്കും വിൽക്കാൻ പോവുക അന്ന് പതിവായിരുന്നു. ഇങ്ങനെ ചുമടും താങ്ങി നടക്കുമ്പോൾ വഴിവക്കിൽ ഭാരം തലയിൽ നിന്നിറക്കിവെച്ച് ക്ഷീണം മാറ്റാൻ റോഡുവക്കിൽ പല സ്ഥലങ്ങളിലും '' കെട്ടുവെക്കുന്ന കല്ലുകൾ '' ഒരാളുയരത്തിൽ സ്ഥാപിച്ചിരുന്നു. അതിലൊരുകല്ല് ചെർക്കളയിൽ നിന്നും ഒരു കിലോമീറ്റർ കിഴക്കോട്ട് ചെന്നാൽ കാണാം. ആ പ്രദേശത്തിൻെറ ഇപ്പോഴത്തെ പേരു തന്നെ കെട്ടുവെക്കുന്നകല്ല് എന്നാണ്. ഇങ്ങിനെ പഴയകാലങ്ങളെ അനുസ്മരിപ്പിക്കുന്ന ചില സ്മാരകാവശിഷ്ടങ്ങൾ അങ്ങിങ്ങായി പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ ദർശിക്കാൻ സാധിക്കും.


*With Best Compliments from:*

# M. A. AGENCIES

Dealers:

**Bharath Petroleum Corporation Ltd.**

Highway Road,

CHERKALA



# ഭൂപ്രകൃതി, ജലപ്രകൃതി, ജനപ്രകൃതി

കടലോരമായ കാസർകോട് മുനിസിപ്പൽ പ്രദേശവുമായി തൊട്ടുകിടക്കുന്ന പഞ്ചായത്താണ് ചെങ്കള. ഈ പഞ്ചായത്തിൻെറ പടിഞ്ഞാറ് ഭാഗം കാസർകോട് മുനിസിപ്പാലിറ്റിയാണ്. കിഴക്ക് മുളിയാർ, കാറഡ്ക്ക തെക്ക് ചന്ദ്രഗിരിപ്പുഴ വടക്ക് ബദിയടുക്ക, കുംബടാജെ എന്നീ പ്രദേശങ്ങളാണ്. നെക്രാജെ, പാടി, ചെങ്കള, മുട്ടത്തൊടി എന്നീ നാല് വില്ലേജുകളും 14 വാർഡുകളുമായി നിമ്നോന്നതമായി കിടക്കുന്നതാണ് ഈ പ്രദേശത്തിൻെറ ഭൂപ്രകൃതി. കല്ലക്കട്ട, നാരംപാടി, പൈക്ക, പുണ്ടൂർ, ബേർക്ക, എന്നീ ഉയരം കൂടിയ സ്ഥലങ്ങളും ആലംപാടി, നായൻമാർമൂല, ചെങ്കള, ചെർക്കള, തൈവളപ്പ് എന്നീ മധ്യഭാഗങ്ങളും എടനീർ, പാടി, ബേവിഞ്ച, മുട്ടത്തൊടി, ചേരൂർ എന്നിങ്ങനെ താഴ്‌വാരങ്ങളുമായി ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. പാറയും വെട്ടുകൽ മണ്ണും ചെമ്മണ്ണും, ചെളിയുമാണ് പൊതുവെ മണ്ണിൻെറ തരങ്ങാം. മണ്ണിന് പൊതുവെ അമ്ലസ്വഭാവമാണ്. ഉയർന്ന ഭാഗങ്ങളിൽ ജലസംഭരണം കുറവാണ്. താഴ്ന്ന ഭാഗങ്ങളിൽ വെള്ളക്കെട്ടും ഉപ്പു വെള്ളം കയറലും ഉണ്ട്. ഉയർന്ന ഭാഗങ്ങളിൽ ജലക്ഷാമവുമുണ്ട്. 20 മീറ്ററുകൾ കുഴിച്ചാലും ജലം ലഭിക്കാത്ത പ്രദേശങ്ങളുണ്ട്. പുൽമേടുകളോ ചതുപ്പു നിലങ്ങളോ അത്യപൂർവമാണ്. മധുവാഹിനി, ചന്ദ്രഗിരി എന്നീ പുഴകളുണ്ടെങ്കിലും അവ വേനൽ അവസാനം വറ്റിപ്പോവുന്നു. പഞ്ചായത്തിൽ ആകെ 5373 ഹെക്ടർ സ്ഥലമുള്ളതിൽ നിലവും പുരയിടങ്ങളുമായി 2973 ഹെക്ടർ കൃഷിഭൂമിയാണ്. 443 ഹെക്ടർ കൃഷിയോഗ്യ തരിശും 1658 ഹെക്ടർ കൃഷിയോഗ്യമല്ലാത്ത തരിശുമാണ്. വർഷത്തിൽ 350 സെ. മീ. മഴ ലഭിക്കുന്നുണ്ട്. വേനൽക്കാലത്ത് 8-10 മണിക്കൂർ സൂര്യപ്രകാശം ലഭിക്കുന്നു.

പഞ്ചായത്തിലെ ആകെ ജനസംഖ്യ 37842 ആണ്. അതിൽ 19497 പുരുഷൻമാരും 18943 സ്ത്രീകളുമാണ്. പട്ടിക ജാതി - പട്ടിക വർഗത്തിൽ പ്പെട്ട 2638 ആളുകൾ പഞ്ചായത്തിൽ അധിവസിക്കുന്നു. ആകെ ജനസംഖ്യയിൽ 5846 പേർ കർഷകരാണ്. ജനങ്ങളിൽ ഒരു വിഭാഗം ഗൾഫ്നാടുകളിൽ ജോലി ചെയ്യുന്നുണ്ട്. പുറം നാടുകളിൽ ചെറുകിട കച്ചവടം നടത്തുന്നവരും കരാർ ജോലി എടുക്കുന്നവരും പഞ്ചായത്തിൽ സാമാന്യം ഉണ്ട്. ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും മുസ്ലിംകളും ഹിന്ദുക്കളുമാണ്.

തൊഴിലാളികളിൽ കൃഷി കഴിഞ്ഞാൽ നിർമ്മാണ മേഖല, ചെങ്കൽ മേഖല, ബീഡി തെറുപ്പ് എന്നീ രംഗത്ത് ജോലി ചെയ്യുന്നവരാണ് അധികവും. വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം വിരളമാണ്. ജനങ്ങളുടെ വിദ്യാഭ്യാസ നിലവാരം പത്താം ക്ലാസിന് താഴെയാണ്. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ സാമാന്യമുണ്ടെങ്കിലും സർക്കാർ അർദ്ധ സർക്കാർ ജോലികളിൽ അവർക്ക് എത്തിപ്പെടാൻ കഴിയുന്നില്ല. സാമ്പത്തിക നില പരിഗണിച്ചാൽ ജനങ്ങൾ പൊതുവെ ഇടത്തരക്കാരാണ്. ദാരിദ്ര്യ രേഖക്ക് താഴെ 3164 കുടുംബങ്ങളുണ്ട്. യുവാക്കളിൽ നല്ലൊരു ഭാഗം അന്യ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും തൊഴിൽ തേടി പോവുന്നുണ്ട്. അടുത്ത കാലത്ത് ശരിയായ തൊഴിൽ രേഖയില്ലാത്തതിനാൽ ഏകദേശം 1500 പേർ ഗൾഫ് രാജ്യത്ത് നിന്ന് തിരിച്ചെത്തിയതായി കണക്കാക്കുന്നു. യുവാക്കളിൽ വ്യക്തിത്വവികാസവും അർപ്പണ ബോധവും അങ്കുരിച്ചാൽ മാത്രമെ പഞ്ചായത്തിൻെറ വിവിധോൻമുഖമായ പുരോഗതി സാധ്യമാവൂ. □

*Best Compliments from:*

**Masthikund Saw Mill**

**PANALAM, P.O. ALAMPADY**
**KASARAGOD-671 123**
Phone: Office - 520106

*Best Compliments from:*

Phone: (Shop) 520737
(Resi) 523130

**ARAFA AGENCIES**

Opp : Juma Masjid,
Naimarmoola, P.O. Vidyanagar,
Kasaragod - 671 123

**Dealers in : Polythine, G.I., PVC Pipes & Fittings**
**Electrical goods, Sanitary wares & Cements**

## സാമൂഹ്യ സാമ്പത്തിക മേഖലകൾ

- കൃഷിയും ജലസേചനവും
- മൃഗസംരക്ഷണവും മത്സ്യബന്ധനവും
- വ്യവസായം
- വിദ്യാഭ്യാസം
- കുടിവെള്ളവും പൊതുജന ആരോഗ്യവും
- ഗതാഗതം, ഉർജ്ജം, മാർക്കറ്റ്
- ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും
- സംസ്കാരം
- വനിത
- സഹകരണം
- പട്ടികജാതി, പട്ടിക വർഗ്ഗ ക്ഷേമം
- വിഭവ സമാഹരണം



*Best Compliments from:*

# MUBARAK

## BRIDAL COLLECTIONS

*Biggest Textile Centre in Kasaragod*

MUBARAK BUSINESS COMPLEX
M.G. ROAD, KASARAGOD - 671 121
Ph: (0499) Shop: 520123 Resi: 520128

*Best Compliments from:*

Hajee M.A. Abdul Rahiman
Managing Partner

# SAFA

## WOOD INDUSTRIES

Santhosh Nagar,
P.O. Alampady,
Kasaragod.
Ph: 0499 - 420326

Res: "Masthikund Villa"
Choori, P.O. Ramdas Nagar
Kasaragod-671 124
Ph: 0499 - 530729,521265



# കൃഷിയും ജലസേചനവും

സമുദ്രനിരപ്പിൽ നിന്നും ഏകദേശം 25-100 മീറ്റർ ഉയരത്തിൽ കുന്നും ചെരിവും താഴ്വാരങ്ങളുമായി, ആകെ 53.73 ചതുരശ്ര കി.മീ. വിസ്തൃതിയുള്ള കാർഷിക പ്രാധാന്യമാർന്ന ഭൂപ്രദേശമാണ് ചെങ്കള. നെക്രാജെ, പാടി, ചെങ്കള, മുട്ടത്തോടി എന്നീ വില്ലേജുകളായി വിഭജിക്കപ്പെട്ടിട്ടുള്ള ഈ പ്രദേശത്തെ മുഖ്യ വിളകൾ തെങ്ങ്, കവുങ്ങ്, നെല്ല്, കശുമാവ് എന്നിവയാണ്.

ഒരുകാലത്ത് ഇവിടത്തെ കൃഷി ഭൂവിടങ്ങൾ ഭൂരിഭാഗവും മായിപ്പാടി കോവിലകം, ഇടനീർ മഠം ബേവിഞ്ച കക്കില്ലായ, പുണ്ടൂർ പുണിഞ്ചിത്തായ മുതലായ നാടുവാഴി കുടുംബങ്ങളുടെ കൈവശത്തിലായിരുന്നു. അന്ന് വിശാലമായ പാടങ്ങളിൽ തെങ്ങ്, കവുങ്ങ്, നെല്ല്, കരിമ്പ്, പുകയില, മുളക് മധുരക്കിഴങ്ങ് എന്നീ വിളകളായിരുന്നു ധാരാളമായി കൃഷി ചെയ്തിരുന്നത്. കരിമ്പ് നീരിൽ നിന്ന് ശർക്കരയുണ്ടാക്കി അന്ന് വ്യാപകമായി കച്ചവടം നടത്തിയിരുന്നു. 1970 ത് കളിൽ ഭൂപരിഷ്കരണം നടപ്പിൽ വന്നതോടെ ഭൂ ഉടമസ്ഥതയിലും വിളരീതിയിലും വമ്പിച്ച മാറ്റമുണ്ടായി.

ഇന്നിപ്പോൾ പഞ്ചായത്തിൽ 6804 കുടുംബങ്ങളുള്ളതിൽ 4448 കുടുംബങ്ങളും കൃഷിയെ ആശ്രയിച്ച് കഴിയുന്നവരാണ്. ജനസംഖ്യയുടെ 10ശതമാനം കൃഷി മുഖ്യ തൊഴിലായി സ്വീകരിച്ചവരാണ്.

പട്ടിക-1

**ഭൂമി സംബന്ധിച്ച വിവരങ്ങൾ**

(അടിസ്ഥാന വിവര രജിസ്റ്റർ)

| ഇനം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| നിലം | 1776 |
| പുരയിടം | 1197 |
| പുറമ്പോക്ക് | 305 |
| കൃഷിയോഗ്യ തരിശ് | 443 |
| കൃഷിയോഗ്യമല്ലാത്ത തരിശ് | 1658 |

പട്ടിക-2

**കൈവശ ഭൂമി വിസ്തീർണ്ണം**

(അവലംബം: കൃഷി ഭവൻ)

| ക്ലാസ്സ് | എണ്ണം | ആകെ കൈവശ ഭൂമി (ഹെ) | ശരാശരി വലുപ്പം (ഹെ) | സംസ്ഥാന ശരാശരി . (85-86 സെൻസസ്) |
|---|---|---|---|---|
| നാമ മാത്ര കർഷകർ (1 ഹെക്ടറിൽ താഴെ) | 4881 | 1710 | 0.35 | 0.18 |
| ചെറുകിട കർഷകർ (1-2 ഹെക്ടർ) | 738 | 1033 | 1.40 | 1.35 |
| വൻകിട കർഷകർ (2 ഹെക്ടർ മുകളിൽ) | 227 | 673 | 2.96 | 2.98 |

ജനസംഖ്യാടിസ്ഥാനത്തിൽ ആളോഹരി ഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിൽ അത് 0.08 ഹെക്ടറാണ്.

## വിള വിസ്തീർണ്ണവും ഉൽപാദനവും

കൃഷി ഭൂമിയുടെ ഭൂരിഭാഗവും തെങ്ങ്, നെല്ല്, കശുമാവ്, കവുങ്ങ് എന്നീമുഖ്യവിളകളാണ്. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ നെൽ വയലുകൾ പകുതിയായി കുറഞ്ഞിട്ടുണ്ട്. നെല്ലിൽ ഒന്നും രണ്ടും വിളകളെയുള്ളൂ. മൂന്നാം വിള വളരെ അപൂർവ്വമാണ്. ഒന്നാം വിളയ്ക്ക് നാടൻ ഇനങ്ങളായ കയമ, തവളക്കണ്ണൻ, അത്യുൽപാദന ശേഷിയുള്ള ജയ, ജ്യോതി മുതലായവ കൃഷി ചെയ്തുവരുന്നു. രണ്ടാം വിളയ്ക്ക് ത്രിവേണി പുഞ്ചക്കയമ, തൊന്നൂറാൻ മുതലായ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. ജലസേചന- നീർവ്വാഴ്ചാ സൗകര്യങ്ങളുടെ അഭാവം, ജൈവാംശം കുറഞ്ഞ മണ്ണ് എന്നിവ ഉൽപാദനക്ഷമതയെ ബാധിക്കുന്ന മുഖ്യ ഘടകങ്ങളാണ്. 12 പാടശേഖരങ്ങളിലായി 241 ഹെക്ടറിൽ ഒന്നാം വിളയും 163 ഹെക്ടറിൽ രണ്ടാം വിളയും 45 ഹെക്ടറിൽ മൂന്നാം വിളയും കൃഷി ചെയ്യുന്നു.തെങ്ങ് 698 ഹെക്ടർ സ്ഥലത്ത് നിന്ന് 48.6 ലക്ഷം തേങ്ങ ഉൽപാദിപ്പിക്കുന്നു. കവുങ്ങ് ഭൂരിഭാഗവും കർണ്ണാടക ലോക്കൽ ഇനങ്ങളാണ്. കശുമാവ് പ്രത്യേക പരിചരണത്തോടെ കൃഷി ചെയ്യപ്പെടുന്നില്ല. തെങ്ങിലും കവുങ്ങിലും സംസ്ഥാനത്തെ അപേക്ഷിച്ച് ഉൽപാദനക്ഷമതയുണ്ടെങ്കിലും ആശാവഹമായ ഉൽപാദന വളർച്ചയുണ്ടായിട്ടില്ല. പഞ്ചായത്തിൽ പച്ചക്കറി കൃഷിക്ക് ഇതുവരെ പ്രാധാന്യം ലഭിച്ചിട്ടില്ല. ആകെ 25 ഹെക്ടറിലായി ഏതാനും പാടങ്ങളിൽ മാത്രം വെള്ളരി, വെണ്ട, പയർ, വഴുതിന മുളക്, നരമ്പൻ എന്നിവയിൽ ഒതുങ്ങി നിൽക്കുന്നതാണ് ഈ കൃഷി. വാഴ, കുരുമുളക്, ഫല വവർഗ്ഗങ്ങൾ എന്നിവ ഇടവിളകളായി പരിമിതയായി കൃഷി ചെയ്യുന്നു.

പട്ടിക-3

| വിള | വിസ്തീർണ്ണം (ഹെക്ടർ) | മൊത്തം ഉൽപാദനം ടൺ | ഉൽപാദനക്ഷമത കി.ഗ്രാം/ഹെക്ടറിൽ | സംസ്ഥാന ഉൽപാദന ക്ഷമത (1991-92) |
|---|---|---|---|---|
| നെല്ല് (ഒന്നാം വിള) | 241.0 | 526.32 | 2186 | 1835 |
| നെല്ല് (രണ്ടാം വിള) | 163.0 | 311.33 | 1910 | 2000 |
| നെല്ല് (മൂന്നാം വിള) | 45.0 | 101.25 | 2250 | 2205 |
| തെങ്ങ് | 698.0 | 48.86 ദശലക്ഷം | 7000 തേങ്ങകൾ | 5377 തേങ്ങകൾ |
| കവുങ്ങ് | 328.0 | 76.82ദശലക്ഷം | 23420 അടക്കകൾ | 20744 അടയ്ക്കകൾ |
| കശുമാവ് | 986.0 | 744.43 | 755 | 933 |
| പച്ചക്കറികൾ | 25.0 | 187.5 | 7500 | - |
| വാഴ | 103.0 | 710.7 | 6900 | 7629 |
| കുരുമുളക് | 40.0 | 8.6 | 215 | 282 |
| മാവ് | 11.5 | 45.88 | 3990 | 3210 |
| പയർ | 10.0 | 7.8 | 780 | 706 |
| എള്ള് | 2.0 | 0.4 | 200 | 220 |
| മധുരക്കിഴങ്ങ് | 25.0 | 248 | 9935 | 8120 |
| വെറ്റില | 1.0 | 2.5ദശലക്ഷം | 2.5ദശലക്ഷം | - |
| ഇഞ്ചി | 6.5 | 18.85 | 2900 | 3265 |
| മഞ്ഞൾ | 3.0 | 4.32 | 1440 | 1910 |
| മരച്ചീനി | 9.0 | 117.54 | 13060 | 18822 |

പട്ടിക-4

പാട ശേഖരങ്ങളും വിളക്രമവും

| ക്രമ നമ്പർ | പാട ശേഖരത്തിന്റെ പേര് | വിസ്തീർണ്ണം | ഒന്നാം വിള | രണ്ടാം വിള | മൂന്നാം വിള |
|---|---|---|---|---|---|
| 1 | ബേവിഞ്ച | 30 | നെല്ല് | നെല്ല് | പച്ചക്കറി |
| 2 | ചെങ്കള | 15 | ,, | ,, | തരിശ് |
| 3 | ചെർക്കള | 10 | ,, | പച്ചക്കറി | ,, |
| 4 | കുണ്ടടുക്കം | 15 | ,, | നെല്ല് | ,, |
| 5 | നെക്രാജെ | 15 | ,, | നെല്ല്<br>പച്ചക്കറി | ,, |
| 6 | എടനീർ | 30 | ,, | നെല്ല് | ,, |
| 7 | കന്നിക്കുണ്ട് | 15 | ,, | ,, | പച്ചക്കറി<br>നെല്ല് |
| 8 | എരിയപ്പാടി | 15 | ,, | ,, | പച്ചക്കറി<br>തരിശ് |
| 9 | കോപ്പ | 15 | ,, | ,, | ,, |
| 10 | മരുതുംവയൽ | 15 | ,, | ,, | ,, |
| 11 | പുണ്ടൂർ | 20 | ,, | തരിശ് | തരിശ് |
| 12 | പാടി | 46 | ,, | നെല്ല് | പച്ചക്കറി<br>നെല്ല് |

പട്ടിക-5

തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

(അവലംബം: കൃഷിഭവൻ)

| | | |
|---|---|---|
| തെങ്ങ് കൃഷി വിസ്തീർണ്ണം | | 698 ഹെക്ടർ |
| തെങ്ങ് കായ്കാത്തത് | | 41100 എണ്ണം |
| തെങ്ങ് കായ്ക്കുന്നത് | | 98500 ,, |
| ആകെ | | 139600 ,, |
| രോഗം ബാധിച്ച തെങ്ങ് | ലീഫ്റോട്ട് | 1218 ,, |
| | ബഡ്റോട്ട് | 406 ,, |
| | ബ്ലീഡിംഗ് | 1715 ,, |
| | ജനിതക വൈകല്യം | 4430 ,, |
| ആകെ രോഗം ബാധിച്ചത് | | 7769 ,, |

## മണ്ണും കാലാവസ്ഥയും

കടലോരമായ കാസർകോട് മുനിസിപ്പൽ പ്രദേശവുമായി തൊട്ടുകിടക്കുന്ന ഈ പഞ്ചായത്തിലെ കാലാവസ്ഥ മിത ശീതോഷ്ണമാണ്. കുന്നും ചെരിവും താഴ്‌വാരങ്ങളുമായി കിടക്കുന്ന ഈ നീർമറി പ്രദേശത്തിന്റെ ഉയർന്നഭാഗങ്ങളിൽ വെട്ടുകല്ല് പാറയും താഴ്ന്ന ഭാഗങ്ങളിൽ ചെളികലർന്ന മണ്ണും ഇടയിൽ ചെമ്മണ്ണും സുലഭമാണ്. സാമാന്യം നല്ല മഴ ലഭിക്കുന്നുണ്ടെങ്കിലും ഉയർന്ന ഭാഗങ്ങളിൽ ജലം സംഭരിക്കപ്പെടുന്നില്ല. ബേവിഞ്ച, ചേരൂർ എന്നീ വയലുകളിൽ വെള്ളക്കെട്ടും ഉപ്പുവെള്ളവും കാർഷികോൽപാദനത്തെ ദോഷകരമായി ബാധിക്കുന്നു. മണ്ണിൽ ജൈവാംശവും പൊട്ടാസ്യവും കുറഞ്ഞ തോതിലാണ്. പൊതുവെ അമ്ല സ്വഭാവമാർന്നതാണ് മണ്ണ്. (അനുബന്ധം-1)

പഞ്ചായത്ത് പ്രദേശത്ത് 1995-ാം വർഷം 103 ദിവസങ്ങളം കൊണ്ട് 3400 മി. മീറ്റർ മഴ ലഭിച്ചിട്ടുണ്ട്. കഴിഞ്ഞ 10 വർഷങ്ങളിൽ ഏറ്റവും കൂടുതൽ മഴ കിട്ടിയ വർഷം 1994 ആണ്. 4387 മി. മീറ്റർ. 1987ൽ താരതമ്യേന മഴ കുറവായിരുന്നു. 2304 മി.മീറ്റർ മാത്രം. 1983ൽ ഉണ്ടായ കൊടും വരൾച്ചയിൽ പഞ്ചായത്തിലെ എല്ലാ നാണ്യവിളകൾക്കും സാരമായ കെടുതി സംഭവിച്ചിരുന്നു നല്ല മഴ ലഭിക്കുന്നുണ്ടായിട്ടും ജലം ഫലപ്രദമായി ഉപയോഗിക്കപ്പെടാതെ വെറുതെ ഒഴുകി പാഴായിപ്പോകുന്നു. അന്തരീക്ഷ ഊഷ്മാവും ഈർപ്പവും സൂര്യവെളിച്ചവും എല്ലാം കൃഷിക്ക് അനുയോജ്യമായിരുന്നിട്ടും അവയെ കാര്യക്ഷമമായി ചൂഷണം ചെയ്യുന്നില്ല. അത്കൊണ്ട് പ്രകൃതിയുടെ സൗജന്യങ്ങളെ ഫലപ്രദമായി ഉപയോഗിച്ച് ഉൽപാദനക്ഷമത കൂട്ടുക എന്നതാണ് പ്രധാന വെല്ലുവിളി. (അനുബന്ധം 2, 3)

## അനുബന്ധം-1 (അവലംബം: കൃഷിഭവൻ)

### മണ്ണിൻെറ ഭൗതീക-രാസ ഗുണങ്ങൾ

| സ്ഥലം | പ്രകൃതി | മൺതരം | ചെരിവ് | പരിസ്ഥിതി | ആഴം | നൈട്രജൻ | ഫോസ്ഫറസ് | പൊട്ടാസ്യം | അമ്ല സ്വഭാവം | അനുയോജ്യമായകൃഷി |
|---|---|---|---|---|---|---|---|---|---|---|
| കല്ലക്കട്ട | ഉയരം കൂടിയ പ്രദേശം | പാറ | അധികം | ജലസംഭരണം കുറവ് | 1-3 മി. | മധ്യമം | മധ്യമം | മധ്യമം | അമ്ലം | തെങ്ങ്, കവുങ്ങ്, കശുമാവ് |
| നാരംപാടി | ഉയരം കൂടിയ പ്രദേശം | വെട്ടുകൽ മണ്ണ് | മധ്യമം | ജലസംഭരണം കുറവ് | 1-3 മി. | കുറവ് | മധ്യമം | കുറവ് | അമ്ലം | തെങ്ങ്, കവുങ്ങ്, കശുമാവ് |
| പൈക്ക | ഉയരം കൂടിയ പ്രദേശം | പാറ | അധികം | ജലസംഭരണം കുറവ് | 1-3 മി. | മധ്യമം | മധ്യമം | മധ്യമം | അമ്ലം | കശുമാവ്, തെങ്ങ്, |
| പുണ്ടൂർ | ഉയരം കൂടിയ പ്രദേശം | വെട്ടുകൽ മണ്ണും പാറയും | മധ്യമം | ജലസംഭരണം കുറവ് | 1-3 മി. | മധ്യമം | കുറവ് | കുറവ് | അമ്ലം | കവുങ്ങ്, തെങ്ങ്, നെല്ല്, കശുമാവ് |
| ബേർക്ക | ഉയരം കൂടിയ പ്രദേശം | വെട്ടുകൽ മണ്ണ് | മധ്യമം | ജലസംഭരണം കുറവ് | 1-3 മി. | കുറവ് | മധ്യമം | കുറവ് | അമ്ലം | കവുങ്ങ്, തെങ്ങ്, നെല്ല്, കശുമാവ് |
| ആലംപാടി | സമതലം | ചെമ്മണ്ണ് | കുറവ് | പ്രശ്നം കുറവ് | 5-10 മി. | മധ്യമം | കുറവ് | മധ്യമം | അമ്ലം | നെല്ല്, കവുങ്ങ്, തെങ്ങ് |
| നായൻമാർമൂല | സമതലം | വെട്ടുകൽ മണ്ണ് | കുറവ് | പ്രശ്നം കുറവ് | 5-10 മി. | കുറവ് | കൂടുതൽ | കുറവ് | അമ്ലം | തെങ്ങ്, കവുങ്ങ് |
| ചെങ്കള | സമതലം | വെട്ടുകൽ മണ്ണും പാറയും | കുറവ് | ജലസംഭരണം കുറവ് | 1-3 മി. | കുറവ് | മധ്യമം | മധ്യമം | അമ്ലം | നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ് |
| ചെർക്കള | സമതലം | പാറയും മണ്ണും | കുറവ് | ജലസംഭരണം കുറവ് | 1-3 മി. | കുറവ് | മധ്യമം | കുറവ് | അമ്ലം | നെല്ല്, തെങ്ങ് |
| തൈവളപ്പ് | സമതലം | വെട്ടുകൽ മണ്ണ് | കുറവ് | ജലസംഭരണം കുറവ് | 1-3 മി. | കുറവ് | കൂടുതൽ | കുറവ് | അമ്ലം | തെങ്ങ് |
| എടനീർ | കുന്നും താഴ്വാരവും ഇടകലർന്ന പ്രദേശം | ചെമ്മണ്ണ് | മധ്യമം | മണ്ണൊലിപ്പ് | 5-10 മി. | മധ്യമം | കുറവ് | കുറവ് | അമ്ലം | നെല്ല്, കവുങ്ങ്, തെങ്ങ് |
| പാടി | കുന്നും താഴ്വാരവും ഇടകലർന്ന പ്രദേശം | ചെമ്മണ്ണും ചെളിയും | മധ്യമം | പ്രശ്നം കുറവ് | 5-10 മി. | മധ്യമം | കുറവ് | കുറവ് | അമ്ലം | നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ് |
| മുട്ടത്തൊടി | കുന്നും താഴ്വാരവും ഇടകലർന്ന പ്രദേശം | ചെളിയും ചെമ്മണ്ണും | കുറവ് | പ്രശ്നം കുറവ് | 5-10 മി. | മധ്യമം | കൂടുതൽ | കുറവ് | അമ്ലം | നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ് |
| ബേവിഞ്ച | കുന്നും താഴ്വാരവും ഇടകലർന്ന പ്രദേശം | ചെളി | കുറവ് | വെള്ളക്കെട്ട് ഉപ്പുവെള്ളം | 10-15 മി. | മധ്യമം | കുറവ് | മധ്യമം | അമ്ലം | നെല്ല്, തെങ്ങ്, കവുങ്ങ്, കശുമാവ് |
| ചേരൂർ | കുന്നും താഴ്വാരവും ഇടകലർന്ന പ്രദേശം | ചെളി | കുറവ് | വെള്ളക്കെട്ട് ഉപ്പുവെള്ളം | 10-15 മി. | മധ്യമം | കൂടുതൽ | കുറവ് | അമ്ലം | കവുങ്ങ്, തെങ്ങ് |

Annexure-2

Monthly Rainfall of the Last decade in m.m.
(Source: CPCRI Kasaragod)

| Year | Jan | Feb | March | April | May | June | July | Aug | Sept | Oct | Nov | Dec. | Total |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 1985 | 21 | - | - | 9 | 276 | 929 | 476 | 712 | 69 | 306 | 99 | 13 | 2910 |
| 1986 | - | - | 54 | 22 | 21 | 1027 | 569 | 517 | 230 | 25 | 196 | 3 | 2664 |
| 1987 | - | - | - | - | 65 | 884 | 204 | 677 | 173 | 133 | 143 | 25 | 2304 |
| 1988 | - | - | - | 75 | 95 | 1010 | 948 | 550 | 405 | 48 | 52 | 40 | 3223 |
| 1989 | - | - | - | 51 | 68 | 1162 | 898 | 843 | 306 | 178 | 91 | 22 | 3619 |
| 1990 | - | - | 2 | - | 676 | 1011 | 812 | 836 | 59 | 198 | 24 | - | 3718 |
| 1991 | - | - | - | - | 145 | 1328 | 1313 | 755 | 100 | 8[illegible] | 8 | - | 3734 |
| 1992 | - | - | - | - | 119 | 622 | 1273 | 844 | 261 | 172 | 496 | - | 3787 |
| 1993 | - | - | 27 | 34 | 178 | 1031 | 1292 | 446 | 78 | 368 | 37 | 12 | 3593 |
| 1994 | - | - | 7 | 111 | 70 | 1422 | 1452 | 815 | 178 | 304 | 28 | - | 4387 |
| 1995 | - | - | - | 26 | 213 | 864 | 1344 | 499 | 253 | 151 | 51 | - | 3401 |

57X89
58

Annexure-3 3
Wether Data

Year-1995

| Month | Temperature in centigrade | | Relative Humidity% | | Rainfall in m. m. | No. of rainy days | Sun Shine Hours | Evaporation in m. m. |
|---|---|---|---|---|---|---|---|---|
| | Max. | Min. | FN | AN | | | | |
| January | 31.7 | 19.5 | 80 | 51 | 1.6 | - | 9.2 | 4.2 |
| February | 32.1 | 21.0 | 87 | 56 | - | - | 10.1 | 4.8 |
| March | 32.3 | 21.9 | 83 | 60 | - | - | 9.0 | 5.2 |
| April | 33.2 | 23.2 | 79 | 61 | 26.4 | 1 | 9.4 | 5.8 |
| May | 32.7 | 23.7 | 76 | 85 | 213.2 | 10 | 7.6 | 4.8 |
| June | 30.0 | 22.9 | 93 | 80 | 863.6 | 21 | 3.8 | 4.0 |
| July | 27.8 | 21.3 | 95 | 83 | 1344.2 | 31 | 1.3 | 3.1 |
| August | 28.9 | 21.8 | 95 | 83 | 498.6 | 23 | 4.5 | 3.4 |
| September | 29.5 | 21.7 | 95 | 77 | 252.6 | 10 | 2.9 | 3.8 |
| October | 31.1 | 21.3 | 94 | 70 | 150.6 | 9 | 2.6 | 3.7 |
| November | 31.6 | 20.0 | 94 | 65 | 50.8 | 3 | 8.4 | 3.6 |
| December | 33.0 | 18.1 | 86 | 46 | - | - | 10.3 | 4.7 |
| **YEAR-1996** | | | | | | | | |
| January | 32.0 | 21.3 | 88 | 54 | 0.4 | - | 9.6 | 4.4 |
| February | 32.3 | 21.0 | 98 | 68 | 0.6 | - | 9.8 | 4.8 |
| March | 32.5 | 23.5 | 89 | 63 | - | - | 8.6 | 5.2 |
| April | 32.4 | 23.8 | 89 | 62 | 99.2 | 2 | 9.1 | 5.1 |
| May | 32.5 | 24.1 | 87 | 63 | 21.8 | 1 | 8.8 | 5.2 |
| June | 30.2 | 23.0 | 93 | 78 | 838.8 | 7 | 5.0 | 4.0 |
| July | 28.8 | 22.6 | 94 | 83 | 1053.0 | 25 | 3.1 | 3.1 |
| August | 28.4 | 22.9 | 95 | 81 | 487.2 | 23 | 3.2 | 2.6 |
| September | 29.3 | 22.7 | 95 | 77 | 223.0 | 12 | 4.4 | 3.2 |
| October | 29.7 | 22,5 | 95 | 72 | 351.6 | 13 | 7.7 | 3.6 |

Source: CPCRI , Kasaragod

Temp, R. H. Sunshine, Evaporation } Monthly Mean

## ജലസേചനം

പഞ്ചായത്തിലൂടെ ഒഴുകുന്ന മധുവാഹിനിപ്പുഴ ഏകദേശം 500 ഹെക്ടർ സ്ഥലത്തെ വിളകളെ സ്വാധീനിക്കുന്ന പ്രധാന ജല സ്രോതസ്സാണ്. അതു പോലെ ചന്ദ്രഗിരിപ്പുഴ, നെക്രാജെ, ബേവിഞ്ച, ഇടനീർ, പാടി, മുട്ടത്തോടി, ചാപ്പാടി, തോടുകൾ പ്രസ്തുത പ്രദേശത്തെ വിളകളെ സംരക്ഷിക്കുന്നു. പക്ഷേ ഇന്ന് വർഷങ്ങൾക്ക് മുമ്പ് ഈ ജല വാഹിനി കളിൽ വർഷം മുഴുവനും ജല പ്രവാഹമുണ്ടായിരുന്നു. ഇവ മണൽ നിറഞ്ഞ് ആഴം കുറഞ്ഞ്, വേനൽ ക്കാലത്ത് വറ്റുകയും മഴക്കാലത്ത് കവിഞ്ഞൊഴുകി വിളനാശനത്തിനു ഹേതുവാകുകയും ചെയ്യുന്നു.

പട്ടിക-9
(അവലംബം: ഗ്രാമസഭ)

പുഴകളും തോടുകളും

| പേര് | ജലസേചന പ്രദേശം | ദൂരം കി. മീ. | ക്രോസ്സ് ബാറുകൾ |
|---|---|---|---|
| ചന്ദ്രഗിരിപ്പുഴ | ബേവിഞ്ച, ചേരൂർ, | 3.6 | - |
| മധുവാഹിനിപ്പുഴ | പെങ്കള കമ്മങ്കയം, ഇടനീർ, പാടി, ആലമ്പാടി, എരുതുംകടവ് | 9.3 | 3 |
| നെക്രാജെ തോട് | പുണ്ടൂർ, ആലങ്കോട്, നെക്രാജെ | 4.5 | 2 |
| ബേവിഞ്ച തോട് | കെ.കെ.പുറം, ബേവിഞ്ച | 2.1 | 2 |
| പാടി തോട് | അതിർക്കുഴി, പാടി | 2.5 | 2 |
| ചാപ്പാടി തോട് | മസ്തിക്കുണ്ട്, കന്നിക്കുണ്ട് | 0.5 | - |

ചന്ദ്രഗിരിപ്പുഴയുടെ പാർശ്വ ഭാഗങ്ങളിൽ വർഷകാലത്ത് വെള്ളപ്പൊക്കവും വേനൽ കാലത്ത് ഉപ്പുരസമാകുന്നത് കൊണ്ടും കൃഷി നാശം സംഭവിക്കുകയും വെള്ളം ഉപയോഗിക്കാൻ കഴിയാതെ വരികയും ചെയ്യുന്നു. വേനൽക്കാലങ്ങളിൽ കിണർ, കുളം, മുതലായവയിൽ പമ്പു സെറ്റുകൾ സ്ഥാപിച്ചാണ് ജലസേചനം.

പട്ടിക-10
(അവലംബം: സെക്കണ്ടറി ഡാറ്റ)

ജലസേചന സംവിധാനങ്ങൾ

| | | |
|---|---|---|
| ജല സേചന കിണർ | പൊതു കുളം | 27 |
| | സ്വകാര്യം | 860 |
| കുഴൽ കിണർ | | 56 |
| കുളം | | 1020 |
| പമ്പ് സെറ്റുകൾ | മണ്ണെണ്ണ | 790 |
| | ഡീസൽ | 330 |
| | വൈദ്യുതി | 495 |

## നടീൽ വസ്തു വിതരണം

നെല്ല്, കശുമാവ്,കവുങ്ങ് എന്നി പരമ്പരാഗത വിളകളിൽ തന്നെ അത്യുൽപാദന ശേഷിയുള്ള ഇനങ്ങൾ വ്യാപകമായിട്ടില്ല. പച്ചക്കറികൾ മുതലയവയിലെ നടീൽ വസ്തുക്കളുടെ വിതരണവും ആവശ്യത്തിന് മതിയാകുന്നതല്ല.

നടീൽ വസ്തുക്കൾക്ക് വേണ്ടി കർഷകർ കൃഷിഭവൻ , അംഗീകൃത നഴ്സറികൾ , പ്രത്യേക കർഷകർ എന്നിവയെ ആശ്രയിക്കുന്നു.

പട്ടിക-11

കൃഷിഭവൻ മുഖേന വിതരണം ചെയ്ത നടീൽ വസ്തുക്കളുടെ (എണ്ണം)

| ഇനം | 1993-94 | 1994-95 | 1995-96 |
|---|---|---|---|
| 1 തെങ്ങ് | 525 | 825 | 1175 |
| 2 കശുമാവ് | - | 1630 | 4480 |
| 3 കുരുമുളക് | - | 10200 | 10000 |
| 4 കവുങ്ങ് | - | 200 | 700 |
| 5 ഫലവർഗ്ഗങ്ങൾ | 745 | 600 | 940 |

പട്ടിക-11-2
ഗവ: അംഗീകൃത നഴ്സറികൾ

| പേര് | വിതരണംചെയ്യുന്ന നടീൽ വസ്തുക്കൾ |
|---|---|
| ഗ്രീൻ ഇന്ത്യാ നഴ്സറി എരുതും കടവ് | തെങ്ങ്, കവുങ്ങ്, ഫലവർഗ്ഗങ്ങൾ, പൂച്ചെടികൾ |
| ഗോകുലം നഴ്സറി ഇടനീർ | തെങ്ങ്, കവുങ്ങ്, കുരുമുളക് |

പട്ടിക-11-3
വിത്തിനങ്ങളുടെ ആവശ്യവും വിതരണവും
എണ്ണം/പ്രതിവർഷം

| ഇനം | ആവശ്യം | വിതരണം | അന്തരം |
|---|---|---|---|
| കശുമാവ് | 15000 | 4500 | 10500 |
| നെല്ല് | 7500കി.ഗ്രാം | 1500കി.ഗ്രാം | 6000കി ഗ്രാം |
| പച്ചക്കറികൾ | 10കി.ഗ്രാം | 1.2കിഗ്രാം | 8.8കി ഗ്രാം |
| ഫലവർഗ്ഗങ്ങൾ | 1500 | 350 | 1150 |

## വളവും കീടനാശിനിയും

ഈ പ്രദേശത്തെ മണ്ണ് പൊതുവെ ഫലഭൂയിഷ്ഠമല്ല. ജൈവവളങ്ങൾ തുലോം ദുർലഭം. രാസവളങ്ങൾക്ക് വർദ്ധിച്ച വില. രാസവളങ്ങളുടെ അശാസ്ത്രീയവും അസന്തുലിതവുമായ പ്രയോഗം. മണ്ണിന്റെ ഫലഭൂയിഷ്ഠതയെ ദുർബലപ്പെടുത്തിയ ഘടകങ്ങളാണിവ. രാസ വള-കീടനാശിനി വിപണനം ചെയ്യപ്പെടുന്നത് സഹകരണ സ്ഥാപനങ്ങളിലൂടെയും സ്വകാര്യ കച്ചവടം മുഖേനയുമാണ്.

പട്ടിക-12

| സ്ഥാപനത്തിന്റെ പേര് | 1993-94 | | 1994-95 | | 1995-96 | |
|---|---|---|---|---|---|---|
| | രാസ വളം ടൺ | കീട നാശിനി | രാസ വളം ടൺ | കീട നാശിനി | രാസ വളം ടൺ | കീട നാശിനി |
| ചെങ്കള സർവ്വീസ് കോപറേറ്റീവ് ബാങ്ക് | 45 | 168 ലിറ്റർ | 48 ടൺ | 296 ലിറ്റർ | 60 ടൺ | 418 ലിറ്റർ |
| മുട്ടത്തൊടി സർവ്വീസ് കോപറേറ്റീവ് ബാങ്ക് | 9.5 | - | 14 | - | 19 | - |
| നെക്രാജെ സർവ്വീസ് കോപറേറ്റീവ് ബാങ്ക് | 18.4 | - | 22 | - | 27 | - |
| കൃഷിഭവൻ | - | 6 | - | 10 | - | 18 |

## വായ്പാ സൗകര്യങ്ങൾ

ചെങ്കള, മുട്ടത്തോടി, നെക്രാജെ, എന്നി സഹകരണ ബാങ്കുകളും ചെങ്കള, എടനീർ എന്നി വിടങ്ങളിലെ ഗ്രാമിൺ ബാങ്കുകളുമാണ് പ്രധാനമായും വായ്പ നൽകുന്ന സ്ഥാപനങ്ങൾ വായ്പ സൗകര്യങ്ങളെ ഭൂരിഭാഗം കർഷകരും വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല.

പട്ടിക-13

| ബാങ്കിന്റെ പേര് | 1995-96 ലെ വായ്പാ തുക (ലക്ഷം) | |
|---|---|---|
| | ഹ്രസ്വകാലം | ദീർഘകാലം |
| സഹകരണ ബേങ്ക് ചെങ്കള | 2.00 | 1.15 |
| സഹകരണ ബേങ്ക് മുട്ടത്തൊടി | 6.99 | 4.79 |
| സഹകരണ ബേങ്ക് നെക്രാജെ | 12.27 | 5.61 |
| ഗ്രാമിൺ ബേങ്ക് ചെങ്കള | 19.61 | 3.44 |
| ഗ്രാമിൺ ബേങ്ക് ഇടനീർ | 12.20 | 2.56 |
| ആകെ | 53.07 | 17.55 |

## കീട രോഗങ്ങൾ

നെല്ലിന്റെ കുലവാട്ടം, തെങ്ങിന്റെ കൂമ്പുചീയൽ, ചെന്നീരൊലിപ്പ്, കൊമ്പൻ ചെല്ലി, കവുങ്ങിന്റെ മഹാളിരോഗം, കുരുമുളകിന്റെ ദ്രുതവാട്ടം, കശുമാവിന്റെ തേയില കൊതുക്, തണ്ടുതുരപ്പൻ പുഴു എന്നിവയാണ് പ്രധാനമായും വിളകളുടെ ഉൽപാദനം കുറക്കുന്ന കീടരോഗങ്ങൾ. അവയ്ക്കെതിരെ നിയന്ത്രണോപാധികൾ സ്വീകരിക്കുന്നതിന് കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

## കാർഷികോപകരണങ്ങൾ

കാർഷിക വൃത്തികൾക്ക് ഇപ്പോഴും പരമ്പരാഗത നാടൻ ഉപകരണങ്ങളെയാണ് ആശ്രയിക്കുന്നത്. കൃഷിപ്പണികൾക്ക് ആളെ കിട്ടുന്നില്ലെന്നതും ഉഴവു കാളകളുടെ ദൗർലഭ്യവും കൃഷിപ്പണികളെ ബാധിക്കുന്ന പ്രശ്നങ്ങളാണ്. ചെങ്കള ഹരിജൻ ഗിരിജൻ സൊസൈറ്റിക്ക് ലഭ്യമായ ട്രാക്ടർ ഉഴുന്നതിന് ഉപയോഗിക്കുന്നു. പാടി, മരുതുംവയൽ ,എടനീർ എന്നീ പാടശേഖര സമിതികൾക്ക് ട്രില്ലർ ലഭ്യമാണ്.

പട്ടിക-14

| | | |
|---|---|---|
| ഉഴവുപ കരണങ്ങൾ | ട്രാക്ടർ | 4 |
| | ട്രില്ലർ | 5 |
| | നാടൻ കലപ | 166 |
| മരുന്നു തളി ഉപകര ണങ്ങൾ | റോക്കർ സ്പ്രെയർ | 486 |
| | നാപ് സാക്ക് | 65 |
| മറ്റുള്ളവ | മെതി യന്ത്രം | - |
| | കയറ്റയന്ത്രം | 5 |
| | പോർട്ടബിൾ പമ്പു സെറ്റ് | 790 |

## കൂലി സേവന വ്യവസ്ഥകൾ

കാർഷിക മേഖലയിൽ മെച്ചപ്പെട്ട കൂലി ലഭിക്കാത്തതിനാലും തൊഴിലാളികൾ കൂടു തൽ അധ്വാനിക്കാൻ തയ്യാറില്ലാത്തതിനാലുമാണ് കർഷക തൊഴിലാളി കൾ മറ്റു മേഖലകളായ ബീഡി തെറുപ്പ്, കെട്ടിട നിർമ്മാണം, പുറം നാട് മുതലായവയിലേക്ക് തിരിഞ്ഞിട്ടുള്ളത്. പാടത്ത് സ്വയം തൊഴിൽ ചെയ്യുന്ന കർഷകരുടെ എണ്ണവും കുറഞ്ഞിട്ടുണ്ട്. കൃഷി മുറകളിലെ ഉഴൽ, നടീൽ, കീടനാശിനി പ്രയോഗം, വിളവെടുപ്പ് എന്നീ പണികൾക്ക് തൊഴിലാളിക്ഷാമം രൂക്ഷമാണ്.

പട്ടിക-15

അടിസ്ഥാനം: നാട്ടറിവ്

| വർഷം | ശരാശരി ദിവസ കൂലി പുരുഷൻ | സ്ത്രീ |
|---|---|---|
| 1981-82 | 12.00 | 8.00 |
| 1985-86 | 24.00 | 12.00 |
| 1990-91 | 35.00 | 22.00 |
| 1995-96 | 70.00 | 50.00 |

## കാർഷികോൽപ്പന്നങ്ങളും മാർക്കറ്റ് വിലയും

പ്രധാന കാർഷികോൽപ്പന്നങ്ങളായ തേങ്ങ കൊപ്രയ്ക്കും, വെളിച്ചെണ്ണക്കും, അടയ്ക്ക മുറുക്കൽ ആവശ്യങ്ങൾക്കും കശുവണ്ടി സംസ്ക രണത്തിനുമായി അന്യപ്രദേശങ്ങളിലേക്ക് വ്യാപാരം നടത്തുന്നു. നെല്ല്, പച്ചക്കറികൾ, വാഴ, മറ്റു ഇടവിള ഉൽപ്പന്നങ്ങൾ ഗാർഹികാവശ്യ ങ്ങൾക്ക് പോലും പര്യാപ്തമായി ഉൽപാദിപ്പിക്ക പ്പെടുന്നില്ല. പഞ്ചായത്ത് തലത്തിൽ മാർക്കറ്റ് ദുർബലമാണ്.

പട്ടിക-16

(സെക്കൻഡറി ഡാറ്റ)

| ഉൽപ്പന്നങ്ങൾ | 95-96ലെ മാർക്കറ്റ് (ക്വിൻറൽ വില) |
|---|---|
| നെല്ല് | 500.00 |
| തേങ്ങ | 3500.00 |
| കൊപ്ര | 3600.00 |
| അടയ്ക്ക(ഉണങ്ങിയത്) | 6200.00 |
| കശുവണ്ടി | 3000.00 |
| വെറ്റില (1000എണ്ണം) | 80.00 |
| മധുരക്കിഴങ്ങ്. | 500.00 |
| കുരുമുളക് | 6000.00 |

## കർഷക സംരംഭങ്ങൾ

നെൽകൃഷിക്ക് ഗ്രൂപ്പ്ഫാമിംഗ് പദ്ധതി നടപ്പിലാക്കിയതിനെ തുടർന്ന് പാടശേഖരങ്ങൾ കേന്ദ്രമാക്കി കർഷക സമിതികൾ രൂപീകരിച്ചു. അതുപോലെ തെങ്ങ് കൃഷി മെച്ചപ്പെടുത്തു ന്നതിന് പഞ്ചായത്ത് തല കേര വികസന സമിതി 1994-95ൽ നിലവിൽ വന്നു. കുരുമുളകിന് വേണ്ടി കുരുമുളക് സംരക്ഷണ സമിതിയും രൂപീകരിക്ക പ്പെട്ടിട്ടുണ്ട്. പക്ഷേ ഈ സമിതികളുടെ പ്രവർ ത്തനം സാമാന്യ കർഷകരിൽ ബോധ വൽക്കരണവും കൃഷിയിൽ പ്രതിബദ്ധതയും കൂട്ടായ്മയും ഉളവാക്കുന്ന തരത്തിൽ ഊർജ്ജിത പ്പെടുത്തേണ്ടതുണ്ട്. കൃഷിഭവൻ പ്രവർത്തന ങ്ങൾക്ക് വേണ്ട ഉപദേശങ്ങളും നിർദ്ദേശങ്ങളും നൽകുന്നതിന് വേണ്ടി 1996-ൽ പുതിയ കാർഷിക വികസന സമിതി രൂപീകൃതമായിട്ടുണ്ട്. പച്ചക്കറി വ്യാപനം, വിളകളുടെ ഉൽപാദന ക്ഷമത കൂട്ടൽ, ജൈവ വള നിർമ്മാണം എന്നീ മേഖലകളിൽ കർഷകസമിതികൾ ആത്മ സമർപ്പ ണത്തോടെ നേതൃത്വം നൽകേണ്ടതുണ്ട്.

## നടപ്പു പദ്ധതികൾ :

**കൃഷി ഭവൻ / പഞ്ചായത്ത് മുഖേന**

### 1. നെല്ലിന് ഗ്രൂപ്പ് ഫാമിംഗ് പദ്ധതി

1. ഉദ്ദേശ്യം: വിത്ത്, വളം, കീട നാശിനികൾ, തുടങ്ങിയ ഉൽപാദനോപാദികൾ യഥാ സമയം എത്തിച്ച് നിലവിലുള്ള പാടങ്ങളിൽ നെൽകൃഷി നിലനിർത്തുകയും അനുയോജ്യമായ പുതിയ ഇടങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്യുക, സാങ്കേതികവിജ്ഞാനം പകർന്നു നൽകുക, പരിപാടികൾ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

2. സഹായം: സൗജന്യ നിരക്കിൽ ഉൽപാദനോ പാധികൾ

3. ലക്ഷ്യം: ഒന്നാം വിള 241 ഹെക്ടർ
രണ്ടാം വിള 160 ഹെക്ടർ

4. സാമ്പത്തികം: 1995-96 ൽ കാർഷിക യന്ത്രങ്ങൾക്ക് 50% സബസിഡി നൽകാൻ ഒരു ലക്ഷം രൂപ.

2. നെല്ലിന് ഉൽപാദന ബോണസ്:

1. ഉദ്ദേശ്യം: നെൽകൃഷി ഉൽപാദനം പ്രോൽസാഹിപ്പിക്കുക.

2. സഹായം: ഒരു വിളവിന് ഹെക്ടറിന് 350 രൂപ പ്രകാരം മൂന്ന് വിള ചെയ്യുന്ന കർഷകന്ന് 1050 രൂപ.

3. സാമ്പത്തികം: 40,000 /- രൂപ.

### 3. വിത്തുൽപാദന പദ്ധതി:

1. ഉദ്ദേശ്യം: അത്യുൽപാദന ശേഷിയുള്ള വിത്തുകൾ കർഷക സമിതികളിലൂടെ ഉൽപാദിപ്പിച്ച് വിതരണം ചെയ്യുക.

2. സഹായം: ഉൽപാദന ബോണസ് ഹെക്ടറിന് 1,000/- രൂപയും സംഭരണത്തിനും വിതരണത്തിനും ഹെക്ടറിന് 1,500/ - രൂപയും.

3. ലക്ഷ്യം: 1996-97 ൽ പത്ത് ഹെക്ടർ .

### 4. സമഗ്ര കേര വികസന പദ്ധതി:

1. ഉദ്ദേശ്യം: നാളികേരത്തിൻെറ ഉൽപാദന ക്ഷമത വർദ്ധിപ്പിക്കുക.

2. സഹായം:
* ജലസേചനത്തിന് കിണർ കുഴിക്കുന്നതിന് പമ്പ് സെറ്റ് സ്ഥാപിക്കുന്നതിനും 33.33 % സബ്സിഡി ; പരമാവധി 2,500/-രൂപ.
* സാമൂഹ്യ ജലസേചന പദ്ധതിക്ക് 85 % ധനസഹായം.
* തെങ്ങുകയറ്റ യന്ത്രങ്ങൾക്കും കീടനാശിനി ഉപകരണങ്ങൾക്കും 50 % സബ്സിഡി.
* പട്ടിക ജാതി പട്ടിക വർഗക്കാർക്ക് കിണർ കുഴിക്കുന്നതിന് പരമാവധി 10,000/- രൂപ സഹായധനം

3. സാമ്പത്തിക ലക്ഷ്യം: 1995-96 - 5,28,770 രൂപ
1996-97 - 6,67,625 ,,

### 5. കവുങ്ങ് കൃഷി വികസനം:

1. ഉദ്ദേശ്യം: കവുങ്ങിൻെറ മഹാളി രോഗ നിയന്ത്രണം. ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ.

2. സഹായം: മഹാളി രോഗ നിയന്ത്രണത്തിന് കുമിൾനാശിനി വിതരണം ചെയ്യാൻ ഹെക്ടനിന് 400/- രൂപ ധനസഹായം. ജലസേചന യൂണിറ്റ് സ്ഥാപിക്കുന്നതിന് 4,000/- രൂപ ധനസഹായം.

3. ലക്ഷ്യം: 1996-97 ൽ രോഗ നിയന്ത്രണം - 130 ഹെക്ടർ. ജലസേചന യൂണിറ്റ് - ഒരെണ്ണം.

### 6. സംയോജിത കശുമാവ് വികസന പദ്ധതി

1. ഉദ്ദേശ്യം: സ്ഥല വിസ്തൃതി കൂട്ടുക. നിലവിലുള്ള തോട്ടം സംരക്ഷിക്കുക, പുനരുദ്ധരിക്കുക.

2. സഹായം: കശുമാവിൻെറ സ്ഥല വിസ്തൃതി കൂട്ടുന്നതിന് ഗ്രാഫ്റ്റ് തൈകൾ സൗജന്യമായി നൽകുക. നിലവിലുള്ള തോട്ടം സംരക്ഷിക്കുന്നതിന് ഹെക്ടറിന് 1,500 രൂപയുടെ ഉർപാദനോപാധികൾ. തോട്ടം പുനരുദ്ധരിക്കുന്നതിന് ഹെക്ടറിന് 975/- രൂപയുടെ വളവും കീടനാശിനികളും.

3. ലക്ഷ്യം: സ്ഥല വിസ്തൃതി കൂട്ടൽ -50 ഹെക്ടർ. തോട്ടം സംരക്ഷണം - 50 ഹെക്ടർ. തോട്ടം പുനരുദ്ധാരണം - എട്ട് ഹെക്ടർ.

7. കശുമാവിൻെറ സസ്യ സംരക്ഷണം:

1. ഉദ്ദേശ്യം: തേയിലക്കൊതുകിനെതിരെയും തണ്ടുതുരപ്പനെതിരേയും മരുന്നു തളിച്ച് ഉൽപാദനം കൂട്ടുക.

2. സഹായം: കീടനാശിനികൾ വാങ്ങുന്നതിന് ഹെക്ടറിന്ന് 800 രൂപ. ധനസഹയായം.

3. ലക്ഷ്യം: 20 ഹെക്ടർ

8. കുരുമുളക് കൃഷി പുനരുദ്ധാരണം:

1. ഉദ്ദേശ്യം: രോഗം ബാധിച്ച കുരുമുളക് കൊടികൾ മാറ്റി പകരം തൈകൾ നട്ട് പുനരുദ്ധരിക്കൽ.

2. സഹായം: പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ഹെക്ടറിന്ന് ആദ്യ വർഷം 50 % സബ്സിഡി - 3,500/- രൂപ. രണ്ടാം വർഷവും മൂന്നാം വർഷവും 25 % സബ്സിഡി -1500/- രൂപ സഹായത്തോടെ കാർഷിക പരിചരണ മുറകൾ.

3. ലക്ഷ്യം: 1996-97 - ഒന്നാം വർഷം: 20 ഹെക്ടർ; രണ്ടാം വർഷം: 20 ഹെക്ടർ.

9. കുരുമുളകിൻെറ ദ്രുത വാട്ട രോഗ നിയന്ത്രണം:

1. ഉദ്ദേശ്യം: ദ്രുത വാട്ട രോഗം നിയന്ത്രണാധീനമാക്കുക.

2. സഹായം: മണ്ണും കൊടികളും രോഗാണു വിമുക്തമാക്കാൻ സൗജന്യ നിരക്കിൽ കുമിൾ നാശിനികൾ .

3. ലക്ഷ്യം: പൂർത്തീകരിച്ചു.

10. സുഗന്ധ വ്യഞ്ജന വിള വികസനം

1. ഉദ്ദേശ്യം: ഇഞ്ചി, മഞ്ഞൾ, ഗ്രാമ്പൂ, കറുവപ്പട്ട മുതലായ സുഗന്ധ വ്യഞ്ജനങ്ങളുടെ കൃഷി വ്യാപിപ്പിക്കുക.

2. സഹായം: പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് 50 ശതമാനവും കൃഷി വ്യാപനത്തിന് 25 ശതമാനവും ധനസഹായം. (ഇഞ്ചിക്ക് ഹെക്ടറിന് 5,000 /-രൂപ, മഞ്ഞളിന് 4,000/- രൂപ.)

3. ലക്ഷ്യം: ഇഞ്ചി പ്രദർശനത്തോട്ടം 0.2 ഹെക്ടർ, വ്യാപനം 2 ഹെക്ടർ, മഞ്ഞൾ പ്രദർശനത്തോട്ടം 0.2 ഹെക്ടർ,

11. വിള ഇൻഷ്വറൻസ് പദ്ധതി:

1. ഉദ്ദേശ്യം: പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പ്രീമിയം അടച്ച് അംഗങ്ങളായ കർഷകർക്ക് നഷ്ട പരിഹാരം നൽകുക.

2. സഹായം: വിവിധ വിളകൾക്ക് വ്യത്യസ്ത നിരക്കിൽ നഷ്ട പരിഹാരം.

3. ലക്ഷ്യം: പരമാവധി.

12. പഞ്ചക പദ്ധതി:

1. ഉദ്ദേശ്യം: പച്ചക്കറി , പാൽ , മൽസ്യം, മാംസം, മുട്ട എന്നീ ഭക്ഷ്യ വസ്തുക്കളുടെ ഉൽപാദനം പരമാവധി കൂട്ടുക.

2. സഹായം: ഗ്രാമ പഞ്ചായത്ത് അംഗീകരിച്ച പദ്ധതികളിലെ ഗുണഭോക്താക്കൾക്ക് 85 % ധന സഹായം.

3. ലക്ഷ്യം: 700 കർഷക കുടുംബങ്ങൾക്കായി ഏഴ് ലക്ഷം രൂപ.

കുറിപ്പ് : പച്ചക്കറി , ജൈവ വളങ്ങൾ, പയറു വർഗ്ഗ കൃഷി, കൊക്കൊ, വെറ്റില, തുടങ്ങിയവയ്ക്കും പരിപാടികൾ നടപ്പാക്കുന്നുണ്ട്.

## മണ്ണു സംരക്ഷണ വകുപ്പ്, കാസർകോട്

13. പദ്ധതിയുടെ പേര്: കുണ്ടടുക്കം നീർമറി പദ്ധതി

1. ഉദ്ദേശ്യം: 60ഹെക്ടർ സ്ഥലത്ത് 7,77038 രൂ. എസ്റ്റിമേറ്റുള്ള മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ

2. സഹായം: 1995-96ൽ 322174 രൂപ ചെലവഴിച്ചു.

3. ലക്ഷ്യം:1996-97ൽ പദ്ധതി പൂർത്തിയാകും.

ജലസേചന വകുപ്പ്, കാസർകോട്

14. പദ്ധതിയുടെ പേര്: ഇ.ഇ.സി. ധനസഹായത്തോടെ ക്രോസ്ബാർ നിർമ്മാണം.

1. ഉദ്ദേശ്യം: നിലവിലുള്ള തോടുകളിൽ നെൽ കൃഷി അഭിവൃദ്ധി ലക്ഷ്യമാക്കി ജലസംരക്ഷണം.

2.ലക്ഷ്യം: കമ്മങ്കയം, നെക്രാജെ, ചെങ്കള തോടുകൾക്ക് കുറുകെ ക്രോസ്ബാർ നിർമ്മിക്കാനുള്ള നടപടികൾ സ്വീകരിച്ചു.

## പ്രശ്നങ്ങൾ

1. പാടി, ബേവിഞ്ച എന്നീ പ്രദേശങ്ങളിലെ ചേടി കലർന്ന ചെളിമണ്ണിൽ പോഷക ഗുണം കുറവാണ്.

2. നെല്ലിക്കട്ട, നാരംപാടി, കല്ലക്കട്ട, പുണ്ടൂർ എന്നീ പ്രദേശങ്ങളിൽ മണ്ണിന് ഉറപ്പ് കൂടുതലും ആഴം കുറവുമാണ്. മഴക്കാലത്ത് ജലം താഴ്ന്നിറങ്ങാതെ ഒഴുകിപ്പോകുന്നു.

3. ബേവിഞ്ച, ചേരൂർ, ചെർക്കള, മീനാടി എന്നിവിടങ്ങളിൽ മഴക്കാലത്ത് വെള്ളം കെട്ടിനിൽന്നതുകൊണ്ട് ഒന്നാം വിള കൃഷി ചെയ്യാൻ കഴിയുന്നില്ല. വേനൽക്കാലത്ത് ബേവിഞ്ച, ചേരൂർ എന്നിവിടങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷിനാശം സംഭവിക്കുന്നു.

4. പുണ്ടൂർ, ചെങ്കള, ചെർക്കള, കുണ്ടടുക്കം, നെക്രാജെ, എടനീർ, ബേർക്ക, എന്നിവിടങ്ങളിൽ ജലസേചനത്തിന് വെള്ളം മതിയാവുന്നില്ല.

5. പാടി, നെക്രാജെ, നാരമ്പാടി പ്രദേശങ്ങളിൽ കൃഷിയോഗ്യമായ സ്ഥലങ്ങൾ തരിശിട്ടിരിക്കുന്നു.

6. നെല്ലിക്കട്ട, അതൃക്കുഴി, പൈക്ക, അർലടുക്കം, ചെർക്കള, നായൻമാർമൂല, ബേർക്ക, കല്ലക്കട്ട, ആലമ്പാടി എന്നിവിടങ്ങളിൽ തെങ്ങുകൃഷിക്കും കവുങ്ങിനും ജലദൗർലഭ്യമുണ്ട്.

7. പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും നെൽപാടങ്ങൾ നികത്തി പുരയിടങ്ങളായി മാറി. പുരയിടങ്ങളിൽ വീട്ടാവശ്യത്തിനുള്ള ഹ്രസ്വകാല വിളകൾ പോലും കൃഷി ചെയ്യുന്നില്ല.

8. കീടരോഗങ്ങൾക്കെതിരെയുള്ള നിയന്ത്രണോപാധികൾ ഫലപ്രദമല്ല. അതിനുവേണ്ടി കർഷകരിൽ ബോധവൽക്കരണമോ കൂട്ടായ സമീപനമോ ഇല്ല.

9. കാലി വളർത്തൽ പ്രോൽസാഹിപ്പിക്കാത്തത് കൊണ്ടും പച്ചിലക്കാവുകൾ നശിച്ചുപോയത് കൊണ്ടും ജൈവ വളങ്ങൾ കിട്ടാനില്ല. രാസവള പ്രയോഗം അശാസ്ത്രീയമായി നടത്തുന്നു.

10. കർഷകത്തൊഴിലാളികളെ കിട്ടാനില്ല. അവർ ബീഡിതെറുപ്പ്, കല്ല് വെട്ടൽ, കെട്ടിട നിർമ്മാണം. അന്യ നാട്ടിലെ ജോലി എന്നിവയിലേക്ക് ആകർഷിക്കപ്പെട്ടിരിക്കുന്നു.

11. പഞ്ചായത്തിലെ കവലകളിൽ കാർഷികോൽപാദനങ്ങൾക്കായി പ്രത്യേക മാർക്കറ്റ് സൗകര്യമില്ല.

12. കാർഷികോൽപ്പന്നങ്ങളെ അടിസ്ഥാനമാക്കി ചെറുകിട വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നില്ല.

13. പ്രാദേശികമായി ഗുണകരമായ പദ്ധതികൾ നടപ്പാക്കുന്നതിന് കൃഷി ഭവൻ കൂടുതൽ സജ്ജമാക്കേണ്ടിയിരിക്കുന്നു. കൃഷിഭവൻ മുഖേനയുള്ള വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ അപര്യാപ്തമാണ്.

14. ജല സേചനത്തിന് വൈദ്യുതി ക്ഷാമവും ഇന്ധനക്ഷാമവും രൂക്ഷമാണ്.

15.ചെറുകിട ജലസേചന യൂണിറ്റുകൾ വളരെ കുറവ്. പണിതീർന്ന ക്രോസ് ബാറുകളുടെ അറ്റകുറ്റപ്പണികൾ എല്ലായിടത്തും മുടങ്ങിക്കിടക്കുന്നു.

16. കാർഷിക രംഗത്ത് ഒരേ കാര്യങ്ങൾക്കായി പല ഏജൻസികൾ പ്രവർത്തിക്കുന്നത് കർഷകരിൽ ആശയക്കുഴപ്പമുണ്ടാക്കുന്നു.

17. ധനകാര്യ സ്ഥാപനങ്ങളിലെ വായ്പകൾക്ക് അമിതമായ നിബന്ധനകൾ ചെലുത്തുന്നു.

18. പഞ്ചായത്തിൻെറ മുഴുവൻ ഭാഗങ്ങളിലും അലഞ്ഞ് തിരിയുന്ന കന്നുകാലികൾ പ്രത്യേകിച്ച് ചെർക്കള , എടനീർ , ബേവിഞ്ച ഭാഗങ്ങളിൽ കൃഷിക്ക് ദോഷം ചെയ്യുന്നു.

19. വെള്ളം ഒഴുകുന്ന തോടുകളുടെ പാർശ്വഭിത്തികൾ പലയിടത്തും ഇടിഞ്ഞ് വീണ് തോടുകളിലും പാടങ്ങളിലും മണ്ണിടിയാൻ ഇടയായിട്ടുണ്ട്.

20. പുതിയ സാങ്കേതിക വിദ്യകളും അനുബന്ധ വകുപ്പുകളുടെ സഹായങ്ങളും എല്ലാവിഭാഗം കർഷകരും അറിയുന്നില്ല.

21. അന്യ ദേശങ്ങളിൽ നിന്നുമെത്തുന്ന ചില നടീൽ വസ്തുക്കൾ പ്രത്യേകിച്ച് തെങ്ങിൻ തൈകൾ കർഷകരെ സംബന്ധിച്ച് സ്വാഗതാർഹമല്ല.

## സാധ്യതകൾ

1. മണ്ണിന്റെ പോഷകഗുണം വർദ്ധിപ്പിക്കുന്നതിന് ജൈവവളങ്ങൾ കൂട്ടായ പ്രർത്തനത്തിലൂടെ ഉൽ പാദിപ്പിക്കാം.

2. ചെരിവു തലങ്ങളിൽ മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയും വൃക്ഷലതാധികൾ നട്ടുവളർത്തുകയും ചെയ്യുക.

3. ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനും ജലസേചനത്തിനും തോടുകളിൽ ക്രോസ് ബാറുകൾ നിമ്മിക്കുക. നിലവിലുള്ള ക്രോസ് ബാറുകൾ റിപ്പേർ ചെയ്യുക.

* മുണ്ടാങ്കളം, ബേവിഞ്ച സുബ്രഹ്മണ്യ ക്ഷേത്രത്തിന് സമീപം , കുണ്ടടുക്കം, കാരക്കാട്, മരുതുംവയൽ , മുള്ളംപാടി , പയോട്ട , എർമാളം , അതൃക്കുഴി , കളരിത്തോട് , ഇടനീർ , പാടി ,കമ്മങ്കയ, കന്നിക്കുണ്ട് ,ചണ്ണന്തല, ബേർക്ക , ചെർക്കള , വോർക്കുടുലു , അങ്കക്കോട്, പുണ്ടൂർ , ബന്നങ്കെ, അമൈ , കുഞ്ഞിക്കാനം , ബീജന്തടുക്ക, നെക്രാജെ എന്നീ തോടുകളിൽ പുതിയ ക്രോസ് ബാറുകൾ നിർമ്മിക്കുക.

* മധൂർ മുട്ടത്തൊടി ,ബേവിഞ്ച ,ആലമ്പാടി , പാടി, പുണ്ടൂർ, നീലപ്പാടി എന്നിവിടങ്ങളിലെ ക്രോസ് ബാറുകൾ പുനരുദ്ധരിക്കുക.
* കല്ലുംകൂട്ടം ജലസേചന യൂണിറ്റ് പൂർത്തിയാക്കുക.

4. ജലസേചനത്തിന് നിലവിലുള്ള കുളങ്ങൾ വിപുലപ്പെടുത്തുകയും , ചിലയിടങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കുകയും വേണം.

* പിലിക്കുണ്ട് ,ചെങ്കള , പാണലം , ഉക്കംതൊട്ടി , പയോട്ട, ബേർക്ക ,ചണ്ണന്തല , കുഞ്ഞിക്കാനം , പാണാർക്കുളം , എരുതുംകടവ്, പടിഞ്ഞാർമൂല ,എർമാളം , അർളടുക്ക ഹരിജൻകോളനി ,കോപ്പ , മരത്തടി ,ബാഞ്ചാർമൂലഎന്നി വിടങ്ങളിൽ പുതിയ കുളങ്ങൾ നിർമ്മിക്കാവുന്നതാണ്.

സ്വകാര്യ വ്യക്തികൾ കയ്യടക്കിവെച്ചിരിക്കുന്ന പൊതു കുളങ്ങളും കിണറുകളും കണ്ടെത്തി അവപൊതു ജനങ്ങൾക്ക് വിട്ടുകിട്ടാനുള്ള നടപടികൾ സ്വീകരിക്കുക.

* നെല്ലിക്കട്ട , ചൂത്രകുണ്ട്, പൊടിപ്പള്ളം , പാടി, ബേർക്ക , ചെർക്കളപള്ളിക്കുളം കൂവതൊട്ടി എന്നീ കുള ങ്ങൾ റിപ്പേർ ചെയ്ത് വിപുലപ്പെടുത്താം.

5. എരുതുംകടവ് , പുതുമണ്ണ്,പള്ളിവളപ്പ് കണ്ണൂർ വയൽ , ആലമ്പാടി , ബേർക്ക , നെല്ലിക്കട്ട , അയർകുഞ്ച , ചോട്ടങ്കാനം ,പാടി എന്നിവിടങ്ങളിൽസാമൂഹ്യ ജലസേചന പദ്ധതി വേണം.

6. തോടുകളുടെ ഇരുവശങ്ങളും കെട്ടി ഉയർത്തുകയും അവയുടെ ആഴം കൂട്ടി ജലനിർഗ്ഗമന ശേഷി വർദ്ധിപ്പിക്കുകയും വേണം

* ബേവിഞ്ചത്തോട് ,പള്ളിത്തോട് ,ബേർക്ക, ചേരൂർ കടേക്കാൽ തോട് നായക്കം ബള്ളപ്പ് തോട്, കുക്കംതോട്, മരുതുംബയൽ ,കോപ്പ എരുതുംകടവ്, ആലമ്പാടി ,കുണ്ടിൽച്ചിറ, കോരോത്ത് മൂല, കെമ്മംകയ, ചണ്ണന്തല , ആറാട്ടുകടവ് ,കെ.കെ. പുറം ,അതൃക്കുഴി തോടുകൾ പ്രവർത്തനക്ഷമമാക്കുന്നതിന് സന്നദ്ധ പ്രവർത്തനവും ധനസഹായവും വേണം.

7.പച്ചക്കറി , കൂൺകൃഷി ,പൂകൃഷി ,എന്നിവയുടെ വ്യാപനത്തിന് ബോധവൽക്കരണവും കൂട്ടായ്മയും വേണം.

8. കീടരോഗ നിയന്ത്രണങ്ങൾക്ക് കർഷകർക്ക് പരിശീലനം നൽകേണ്ടതുണ്ട്.

9.കാർഷിക വൃത്തിയിൽ പവർ ടില്ലർ, മെതിയന്ത്രം തുടങ്ങിയവ ലഭ്യമാക്കേണ്ടതുണ്ട്.

10. ചെർക്കള ,നായമാർമൂല ,പൈക്ക ,എടനീർ , പാടി എന്നിവിടങ്ങളിൽ കാർഷികോൽപന്ന മാർക്കറ്റുകൾ പ്രവർത്തനമാരംഭിക്കുക.

11. കാർഷികോൽപന്നങ്ങളെ അടിസ്ഥാനമാക്കി ചെറുകിട വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാം.

* ചകിരി , റബ്ബർ , അടക്കത്തോട് സാസ്കരിച്ച് പായ നിർമ്മാണം

* കശുമാങ്ങയിൽ നിന്ന് ജാം-ജെല്ലി നിർമ്മാണ യൂണിറ്റ്.

* കശുവണ്ടി സംസ്കരണ യൂണിറ്റ്

12. വികസന പദ്ധതികൾ പ്രദേശിക തലത്തിൽ രൂപം കൊടുത്ത് നടപ്പാക്കണം.

13. കൃഷി ഭവൻ മുഖേന വിജ്ഞാന വ്യാപനത്തിനായി വാർഡുതല അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കുക

14. കാറ്റ്, സൗരോർജ്ജം ,ഉപയോഗിച്ചുള്ള വൈദ്യുതോൽപാദനം കാർഷിക ആവശ്യങ്ങൾക്ക് ഉപയോഗ പ്രദമാക്കണം.

15. വൈദ്യുതി എത്താത്ത പാടി ,അത്യക്കുഴി ,പാണലം ,സാലത്തടുക്ക , കോരോത്ത് മൂല നെല്ലിക്കട്ട തുടങ്ങിയ സ്ഥലങ്ങളിലെ നിലവിലുള്ള ലൈൻ നീട്ടണം.

16. കൃഷി വികസനത്തിനുള്ള എല്ലാ ഡിപ്പാർട്ട്മെൻറുകളുടെയും പ്രവർത്തനം പഞ്ചായത്ത് തലത്തിൽ ഒരു ഏജൻസിയിലൂടെ മാത്രം നടപ്പിലാക്കാനുള്ള സംവിധാനമുണ്ടാക്കണം.

17. ധനകാര്യ സ്ഥാപനങ്ങളുടെ വായ്പാ നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കുക.

18. മണ്ണെണ്ണക്കുള്ള പെർമിറ്റുകൾ പഞ്ചായത്തുകളിലൂടെ നൽകുകയും മണ്ണെണ്ണ റേഷൻ ഷാപ്പിലൂടെ വിതരണം ചെയ്യുകയും വേണം.

19. അലഞ്ഞുതിരിയുന്ന കന്നുകാലികളെ തടയുന്നതിന് ഗ്രാമ പഞ്ചായത്ത് നിയന്ത്രണം ഏർപ്പെടുത്തണം.

20. പാടശേഖരങ്ങളിലേക്ക് സാധനസാമഗ്രികൾ എത്തിക്കുന്നതിന് ഗ്രാമീണ റോഡുകൾ നിർമ്മിക്കണം.

21. പയസ്വിനി പദ്ധതി നടപ്പിലായാൽ ചെങ്കള പഞ്ചായത്തിലെ ജലസേചന പ്രശ്നങ്ങൾ പരമാവധി പരിഹരിക്കപ്പെടും.

22. കാർഷിക പദ്ധതികൾ നടപ്പിലാക്കുമ്പോൾ പട്ടിക ജാതി - പട്ടിക വർഗ്ഗങ്ങൾ, സ്ത്രീകൾ ഇവരുടെ പങ്കാളിത്തം ഉറപ്പുവരുത്തണം.

23. സബ്സിഡി നിരക്കിൽ വിതരണം ചെയ്യപ്പെടുന്ന നടീൽ വസ്തുക്കൾ കർഷകർക്ക് സ്വന്തം താൽപര്യമനുസരിച്ച് വാങ്ങാനുള്ള അനുവാദം നൽകണം.



*"കുല ധർമ്മം കൃഷിത്തൊഴിൽ നമുക്കെല്ലാം*
*നിലമെല്ലാം നാനാവിഭവ ഗർഭങ്ങൾ !*
*അലജ്ജരായന്യധനങ്ങൾ തൻ മുന്നിൽ*
*മലർത്തുന്നതെന്തിന്നിരപ്പു കൈകൾ നാം?*

☐



# മൃഗസംരക്ഷണം

കഴിഞ്ഞ മൂന്ന് ദശാബ്ദകാലയളവിൽ നമ്മുടെ സംസ്ഥാനത്തുണ്ടായ സാമൂഹിക സാമ്പത്തിക വളർച്ചയ്ക്ക് മൃഗസംരക്ഷണമേഖല തനതായ സംഭാവനകൾ നൽകിയിട്ടുണ്ട്.നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചടത്തോളം ജൈവ വളത്തിന് വേണ്ടി പ്രധാനയി വളർത്തിയിരുന്ന കന്നുകാലികൾ സങ്കരവർഗത്തിൻെറ പ്രചാരത്തോട് കൂടി ധാരാളം പാൽ തരുന്ന കാമധേനുക്കളായി മാറി. വികസന മെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടി പടിയായി ഉയർത്തുന്ന ഒരു സാമൂഹ്യ പ്രക്രിയ യായതിതിനാൽ മൃഗസംരക്ഷണ മേഖലയിലുണ്ടാകുന്ന ഏതൊരു മാറ്റവും ഗ്രാമീണ സമ്പദ് ഘടനയിൽ കാര്യമായ മാറ്റം വരുത്തും. പോഷകപ്രധാനമായ പാൽ , മുട്ട , മാംസം , എന്നിവയുടെ ഉൽപാദനത്തിന് പുറമെ വ്യവസായ ആവശ്യത്തിന് ഉപയോഗിക്കുന്ന തുകൽ , എല്ല്, ജെലാറ്റിൻ കൊഴുപ്പ് എന്നിവയും ഈ മേഖലയിൽ നിന്ന് നമുക്ക് ലഭിക്കുന്നു. ഔഷധ വ്യവസായം , ഹോർമോൺ , വിവിധ തരം രോഗങ്ങൾക്കുപയോഗിക്കുന്ന വാക്സിൻ എൻസൈസുകൾ എന്നിവയും മൃഗങ്ങളിൽ നിന്നും ലഭിക്കുന്നു. കാർഷിക മേഖലക്ക് ആവശ്യമായ ജൈവ വളം, കാർഷിക ആവശ്യത്തിന് നിലം ഒതുക്കുന്നതിനും ഭാരം വലിക്കുന്നതിനുമുള്ള മൃഗശക്തി എന്നീ മേഖലകളിലും ഉള്ള പ്രാധാന്യം പ്രത്യേക പരിഗണന അർഹിക്കുന്നു. കന്നുകാലികളുടെ ചാണകത്തിൽ നിന്നും ലഭിക്കുന്ന ഗോബർ ഗ്യാസ് ഒരു പ്രധാന ഊർജ സ്രോതസ്സാണ്.

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് വളരെയധികം പ്രതീക്ഷകൾ നൽകുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല. ഈ മേഖലയിലെ 60% അദ്ധ്വാനവും സ്ത്രീകളാണ് നിർവഹിക്കുന്നത് എന്നത് ശ്രദ്ധേയമായ വസ്തുതയാണ് കന്നുകാലി സമ്പത്തിൻെറ 94 %വും ഗ്രാമങ്ങളിൽ ചെറുകിട കർഷകരുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത് എന്നതിനാൽ ഈ മേഖലയുടെ വികസനം ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കും. കഴിഞ്ഞ രണ്ട് ദശാബ്ദ കാലയളവിൽ മൃഗസംരക്ഷണരംഗത്ത് കുറ്റമറ്റ സാങ്കേതിക വിദ്യയുടെ സഹായത്തോട കന്നുകാലികളുടെ വംശവർദ്ധനവും ജനിതക ഗുണമേൻമാ വർദ്ധനവും ഉൽപാദനക്ഷമതാ വർദ്ധനവും സാധ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. പക്ഷെ ഈ രംഗത്തും കാതലായ പ്രശ്നങ്ങൾ പരിഹൃതമാകാതെ കിടക്കുകയാണ്. നമ്മുടെ പഞ്ചായത്തിലെ ഈ മേഖലയിലെ പ്രശ്നങ്ങൾ പ്രത്യേകമായി തുടർന്ന് വിശകലനം ചെയ്യുന്നുണ്ട്.

ചെങ്കള പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിലെ ഭൂതകാലം പരിശോധിക്കുകയാണെങ്കിൽ വളരെക്കാലം മുമ്പുതന്നെ ഇവിടുത്തെ കർഷകർ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നുവെന്ന് കാണാൻ സാധിക്കും. പഞ്ചായത്തിലെ കന്നുകാലി സമ്പത്തിൻെറ സിംഹഭാഗവും നാടൻ കന്നുകാലികളാണ്. കർഷകർ വർഷങ്ങളായി അവയെ കുന്നുകളിലും

പുൽപ്രദേശങ്ങളിലും മേയാൻ വിട്ട് വളർത്തുകയാണ് പതിവ്. ഇന്നും ആ പതിവിന് വലിയ മാററമൊന്നുമില്ല. പുൽപ്രദേശങ്ങൾ മിക്കതും പുരയിടങ്ങളായി മാറിയതോടെ മേച്ചിൽ സ്ഥലങ്ങൾ കുറഞ്ഞു. മേയാൻവിട്ട കന്നുകാലികൾ പറമ്പുകളിലേക്ക് അതിക്രമിച്ച് കടക്കാൻ തുടങ്ങി. ഇതോടെ ഒരു സാമൂഹ്യപ്രശ്നം ഉയർന്നു വന്നിരിക്കയാണ്. കൃത്രിമ ബീജദാനവും അതുവഴിയുള്ള വർഗോദ്ധാരണവും ശരിയായ രീതിയിൽ നമ്മുടെ ജനങ്ങൾ ഉൾക്കൊണ്ടിട്ടില്ല. വളരെയധികം മൃഗസമ്പത്തുള്ള ഈ പഞ്ചായത്തിൽ മൃഗാസ്പത്രി സ്ഥാപിതമായത് തന്നെ കേവലം ആറുമാസം മുമ്പാണ്. പഞ്ചായത്തിലെ ഏക കൃത്രിമ ബീജസങ്കലന ഉപകേന്ദ്രം ചെങ്കളയിൽ സ്ഥിതി ചെയ്യുന്നു. പഞ്ചായത്തിന്റെ പ്രത്യേക ഭൂപ്രകൃതിയും വിസ്തൃതിയും കാരണം ഇവിടെയുള്ള ഒരു വിഭാഗം കർഷകർക്ക് മാത്രമെ ആശുപത്രിയുടെയും ബീജസങ്കലന ഉപകേന്ദ്രത്തിന്റെയും സേവന സൗകര്യങ്ങൾ ലഭിക്കുന്നുള്ളു.പഞ്ചായത്തിൽ ധാരാളം ബ്രോയിലർ കോഴി വളർത്തൽ കേന്ദ്രങ്ങൾ ആരംഭിച്ചത് മാംസ സംസ്കരണ - വിപണന രംഗത്ത് ഒരു പുത്തൻ ഉണർവിനു കാരണമായിട്ടുണ്ട്. മാംസോൽപാദനത്തിലും വിപണനത്തിലും മുൻപന്തിയിലാണെങ്കിലും പഞ്ചായത്തിൽ ശാസ്ത്രീയമായ അറവ് ശാലയോ വിപണന കേന്ദ്രങ്ങളോ ഇല്ല എന്നത് ഒരു ന്യൂനതയായി നിലനിൽക്കുന്നു.

മൃഗസംരക്ഷണ വകുപ്പ് കന്നുകുട്ടികളെ സംരക്ഷിക്കുന്ന പദ്ധതി നമ്മുടെ ജില്ലയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി പ്രകാരം നാലുമാസം മുതൽ 32 മാസം വരെ കന്നുകുട്ടികളെ സംരക്ഷിക്കുന്നതിനും തീറ്റിക്കുന്നതിനും ആവശ്യമായ ചെലവിന്റെ 50 % സബ്സിഡി നൽകുന്നുണ്ട്. അതുപോലെ രണ്ടുമാസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെയും ആടുകളെയും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. പക്ഷെ നമ്മുടെ പഞ്ചായത്തിൽ ഈ പദ്ധതിളൊന്നും പ്രായോഗികമായിട്ടില്ല. കാരണം മൃഗാസ്പത്രി മുഖേനയാണ് ഈ പദ്ധതികൾ നടപ്പിൽ വരുത്തുന്നത്. നമ്മുടെ പഞ്ചായത്തിലെ മൃഗാസ്പത്രി പ്രവർത്തനമാരംഭിച്ചത് ഈ അടുത്ത കാലത്താണല്ലോ...?

## പ്രശ്നങ്ങൾ

1) കന്നുകാലി സമ്പത്തിൽ അനുഗൃഹീതമാണ് നമ്മുടെ പഞ്ചായത്ത്. ചാർട്ട് ശ്രദ്ധിക്കുക.

| | | |
|---|---|---|
| കാള നാടൻ | വംശവർദ്ധനവ് | 56 |
| | മറ്റുള്ളവ | 376 |
| കാള സങ്കരം | വംശവർദ്ധനവ് | 25 |
| | മറ്റുള്ളവ | 150 |
| പശു നാടൻ | കറവ് ഇല്ലാത്തത് | 2110 |
| | കറവ് ഉള്ളത് | 754 |
| പശു സങ്കരം | കറവ് ഇല്ലാത്തത് | 175 |
| | കറവ് ഉള്ളത് | 35 |
| എരുമ | കറവ് ഇല്ലാത്തത് | 50 |
| | കറവ് ഉള്ളത് | 100 |
| പോത്ത് | | 35 |
| ആട് | | 1128 |
| പട്ടി | | 1228 |

അവലംബം: സെക്കണ്ടറി ഡാറ്റ

ഇതിൽ 2285 പശുക്കളും 50 എരുമകളും 600 ഓളം ആടുകളും നമുക്ക് പാൽ തരുന്നുണ്ട്. എന്നിരുന്നാലും മിൽമക്ക് പുറമെ കർണാടകയിൽ നിന്നും നമ്മുടെ പ്രദേശത്തേക്ക് പാൽ വരുന്നുണ്ട്. അതുപോലെ കണ്ണൂരിലെ ഡയറികൾ മുഖേനയും ധാരാളം പാൽ നമ്മുടെ പഞ്ചായത്തിൽ എത്തുന്നുണ്ട്. മിൽമ തന്നെ ഒരു ദിവസം ഏകദേശം 1250 ലിറ്റർ പാൽ നമ്മുടെ പഞ്ചായത്തിൽ വിറ്റഴിക്കുന്നു. അതായത് ഏകദേശം 14000 രൂപ ദിനംപ്രതി നാം മിൽമക്ക് നൽകിക്കൊണ്ടിരിക്കുന്നു. എന്നിട്ടും പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും പാലിന് ദൗർലഭ്യമുണ്ട്. പാരമ്പര്യമായി കന്നുകാലി വളർത്തുമായി ബന്ധപ്പെട്ട നിരവധി കുടുംബങ്ങൾ ഇവിടെയുണ്ട്. പക്ഷെ ഇവരിൽ ഭൂരിഭാഗവും നാടൻ പശുക്കളെ മാത്രമെ വളർത്തുന്നുള്ളു. അതുകൊണ്ടുതന്നെ കന്നുകാലികളുടെ എണ്ണവുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ പഞ്ചായത്തിലെ പാൽ ഉൽപാദനം വളരെ കുറവാണ്. മേത്തരം സങ്കരയിനം പശുക്കളെ വളർത്തുക എന്നുള്ളതാണ് ഇതിന് പ്രായോഗികമായ പരിഹാരം. പക്ഷെ, ഈ രംഗത്ത് എടുത്ത് കാട്ടാൻ

പറ്റുന്ന അനുകരണനീയമായ ഒരു യൂണിറ്റു പോലും പരിസരപ്രദേശങ്ങളിലില്ലാത്തതു കൊണ്ട് കൂടുതൽ പേരെ ഈ രംഗത്തേക്ക് ആകർഷിക്കാൻ സാധിച്ചിട്ടില്ല.

2) അതേസമയം സങ്കരയിനം പശുക്കളെ വളർത്തു കയാണെങ്കിൽ അവക്കാവശ്യമായ തീറ്റപ്പുല്ലുകൾ പഞ്ചായത്തിൽ ലഭ്യമല്ലാത്തതിനാലും പലരും ഈ രംഗത്തേക്ക് വരാൻ താൽപര്യം കാണിക്കുന്നില്ല.

3) പാൽ സംഭരിക്കുന്നതിന് സഹകരണ സംഘ ങ്ങൾ ഇല്ലാത്തതിനാൽ ക്ഷീര വികസന മേഖലയു മായി ബന്ധപ്പെട്ട ആളുകൾക്ക് ആവശ്യമായ ബോധവൽക്കരണം ലഭിക്കുന്നില്ല.

4) കാലിത്തീറ്റകളുടെ വില വർദ്ധനവ് നല്ലയിനം പശുക്കളെ വാങ്ങി വളർത്തുന്നതിന് വിലങ്ങ് തടി യാകുന്നു.

5) ഔദ്യോഗികമായി രേഖപ്പെടുത്തപ്പെട്ടിട്ടില്ലാ എങ്കിലും പഞ്ചായത്തിലെ ചെർക്കള , ചെങ്കള , ചേരൂർ , ഭാഗങ്ങളിൽ കന്നുകാലികളിൽ കുളമ്പ് രോഗം കണ്ട് വരുന്നതായി ഗ്രാമ സഭാ റിപ്പോർട്ടുകൾ സൂചന നൽകുന്നു.

6) പേപ്പട്ടി ശല്യം ഔദ്യോഗിക രേഖകളിൽ ഇല്ല എങ്കിലും പഞ്ചായത്തിൽ മൊത്തം അനുഭവപ്പെടു ന്ന ഒരു വലിയ പ്രശ്നമാണ്.

7)പഞ്ചായത്തിൽ അംഗീ കൃത അറവ് ശാലയോ , വിപണന കേന്ദ്രമോ ഇല്ല. അതിനാൽ ലഭ്യമായ മാംസത്തിന്റെ ഗുണപരമായ മേൻമ ഉറപ്പ് വരു ത്താൻ പറ്റുന്നില്ല. അത് പോലെ പഞ്ചായത്തിന കത്ത് വിറ്റഴിക്കപ്പെടുന്ന മാംസത്തിന്റെ അളവും ലഭ്യമല്ല.

## സാധ്യതാ നിർദ്ദേശങ്ങൾ

### 1) പാൽ ഉൽപാദന രംഗം:

പാൽ ഉൽപാദനവും , ഉൽപാദനക്ഷമതയും വർദ്ധി പ്പിച്ച് കൊണ്ട് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ പാൽ ഉൽപാദിപ്പിക്കപ്പെട്ടാൽ നമ്മുടെ സമ്പദ്ഘടനയിൽ അടിസ്ഥാന പരമായ മാററം ഉണ്ടാകും. ദിനംപ്രതി പാലിന് വേണ്ടി ചെലവഴി ക്കുന്ന തുകയിൽ 14,000 ക. നമ്മുടെ പഞ്ചായ ത്തിന് പുറത്തേക്കാണ് പോകുന്നത്. പാൽ ഉൽപാ ദന രംഗത്ത് നാം സ്വാശ്രയത്വം കൈവരിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. കാലി വളർത്തൽ തൊഴി ലായോ, ഉപ തൊഴിലായോ സ്വീകരിക്കുന്നതിന് കർഷകത്തൊഴിലാളികളെയും ചെറുകിട കർഷക രെയും പ്രേരിപ്പിക്കുക, വീട്ടമ്മമാരുടെയും വിദ്യാ ർത്ഥികളുടെയും ഒഴിവ് സമയം ഫലപ്രദമായി ഉപയോഗിക്കുക. അത്തരം പദ്ധതികൾക്ക് രൂപം നൽകി ആവശ്യമായ ബോധവൽക്കരണം നടത്തുക യാണെങ്കിൽ മാത്രമെ ഈ രംഗത്ത് ഉദ്ദേശിച്ച ഫലം കണ്ടെത്താൻ പററുകയുള്ളൂ.

### പദ്ധതികൾ

#### 1. മിനിമോഡൽ ഡയറിയൂനിററ്

താൽപ്പര്യമുള്ള ആളുകൾക്ക് കന്നുകാലി വളർത്തലിന്റെ ഗുണവശം ബോധ്യപ്പെടുത്തു ന്നതിന് ഉദാഹരണ സഹിതം കാണിക്കാവുന്ന ഒരു യൂണിറ്റെങ്കിലും ഇന്ന് നിലവിലില്ല. ഈ മേഖലയിൽ എല്ലാ പ്രദേശത്തിനും പ്രാതിനിധ്യം നൽകി മൂന്നോ നാലോ മോഡൽ യൂണിററുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. ആ പ്രദേശത്തെ മററുള്ളവർക്ക് കൂടി പ്രോൽസാഹജനക രീതിയിൽ പ്രാദേശികമായി ബോധവൽക്കരണം നടത്താനും തയ്യാറുള്ളവയായിരിക്കണം ഇത്തരം യൂണിററുകൾ.

#### 2. കന്നുകുട്ടി പരിപാലന പരിപാടി

നമ്മുടെ പഞ്ചായത്തിൽ പ്രാബല്യത്തിൽ വരാത്തതും, ജില്ലാതലത്തിൽ നടപ്പി ലാക്കി കൊണ്ടിരിക്കുന്നതുമായ ഒരു പദ്ധതിയാണ് കന്നുകുട്ടി പരിപാലന പദ്ധതി. നാലു മാസംമുതൽ 32 മാസം വരെ പ്രായമുള്ള സങ്കര യിനം കന്നുകുട്ടികൾക്കും രണ്ടു മാസം മുതൽ 42 മാസം വരെ പ്രായമുള്ള എരുമക്കുട്ടികൾക്കും സൗജന്യ നിരക്കിൽ തീറ്റ നൽകി സംരക്ഷിക്കുന്ന ഈ പദ്ധതി മരുന്ന്, ഇൻഷൂറൻസ് സൗകര്യം എന്നിവയോടുകൂടി പഞ്ചായത്തിൽ ആരംഭിക്കാ നുള്ള നടപടികൾ സ്വീകരിക്കണം.

### 3. സമഗ്ര പാൽ സംഭരണ - വിതരണ പദ്ധതി

ഗ്രാമ പഞ്ചായത്തിൽ ഈ പദ്ധതിയെ പരിപോഷിപ്പിക്കുകയാണെങ്കിൽ പാൽ ഉൽപാദന രംഗത്ത് സ്വയം പര്യാപ്തത കൈ വരിക്കാൻ സാധിക്കും. നെല്ലിക്കട്ട, പാടി, എടനീർ, ചെർക്കള, ആലംപാടി, കല്ലക്കട്ട എന്നിവിടങ്ങളിൽ പാൽ സംഭരണ കേന്ദ്രങ്ങളും ഇവയെ നിയന്ത്രിക്കാൻ നായൻമാർ മൂലയിൽ ഒരു കേന്ദ്രീകൃത ഓഫീസും ആരംഭിച്ച് പാൽ വിപണനരംഗം വിപുലീകരിക്കേണ്ടതാണ്. പഞ്ചായത്തടിസ്ഥാനത്തിൽ ഒരു സഹകരണ സംഘംരൂപീകരിക്കുന്നത് ഉചിതമായിരിക്കും

### 4. പുല്ലുൽപാദനം

തീററപ്പുല്ലിൻെറ ദൗർലഭ്യം ക്ഷീര വികസന രംഗത്തെ പ്രധാന പ്രശ്നമാണ്. അത്യാവശ്യം വേണ്ട പുല്ല് ഇന്ന് നമ്മുടെ പഞ്ചായത്തിൽ ലഭ്യമല്ല. അതിനാൽ തീററപ്പുൽ കൃഷി പ്രോൽസാഹിപ്പിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന് ആവശ്യമായ സഹായവും പ്രോൽസാഹനവും നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

### 5. കാലിത്തീററ സബ്സിഡി:

കന്നുകാലികൾക്ക് നിശ്ചിത പ്രായം വരെ സബ്സിഡി നിരക്കിൽ കാലിതീററ ലഭ്യമാക്കണം. അതോടൊപ്പം പ്രാദേശികമായി കാലി തീററ ഉണ്ടാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം നൽകുകയും, യൂനിററുകൾ ആരംഭിക്കുന്നതിന് പ്രോൽസാഹനം നൽകുകയും വേണം.

### 6. കുളമ്പ് രോഗ നിവാരണം:

ചില പ്രദേശങ്ങളിൽ കുളമ്പ് രോഗം കണ്ട് വരുന്നതായി ഗ്രാമ സഭാ റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചു. ഇന്ന് നമ്മുടെ പഞ്ചായത്തിൽ കുളമ്പ് രോഗ നിവാരണത്തിനാവശ്യമായ വാക്സിൻ സൗകര്യം ഉണ്ടെങ്കിലും പഞ്ചായത്തിൻെറ ഭൂപ്രകൃതിയും, വിസ്തൃതിയും കാരണം എല്ലാവർക്കും ഈ സൗകര്യം ഉപയോഗപ്പെടുത്താൻ പറ്റുന്നില്ല. മാസത്തിലൊരിക്കൽ വാർഡ് തോറും ക്യാമ്പുകൾ സംഘടിപ്പിച്ച് വാക്സിനേഷൻ നൽകാൻ പരിപാടികൾ ആസൂത്രണം ചെയ്യണം.

## മുട്ട ഉൽപ്പാദനം

നമ്മുടെ പഞ്ചായത്തിലേക്ക് ആവശ്യമായ മുട്ട തമിഴ് നാട്ടിൽ നിന്നാണ് വരുന്നത്. ചെറുകിട രീതിയിൽ മുട്ട ഉൽപാദന കേന്ദ്രങ്ങൾ ആരംഭിച്ച് ഓരോ വാർഡുകളും മുട്ടയുടെ ഉപഭോഗത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്.

### 1. എഗ്ഗർ നഴ്സറി

അത്യുൽപാദന ശേഷിയുള്ള ഒരു ദിവസം പ്രായമുള്ള കോഴിക്കുഞ്ഞുങ്ങളെ കൊണ്ടുവന്ന് 60 ദിവസം വരെ വളർത്തി പ്രതിരോധ കുത്തിവെപ്പ് നടത്തിയ ശേഷം വിതരണം ചെയ്യുന്നതിള്ള നടപടികൾ സ്വീകരിക്കണം.

### 2. സ്കൂൾ പോൾട്രി ക്ലബ്

ഇതിൻെറഭാഗമായി ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് 10 കോഴിക്കുഞ്ഞുങ്ങളെ വീതം സൗജന്യമായി വിതരണം ചെയ്യുക. ഉൽപാദിപ്പിക്കപ്പെടുന്ന മുട്ടകൾ സംഭരിക്കാൻ പഞ്ചായത്ത് തല സൗകര്യം ഏർപ്പെടുത്തണം.

## ഇറച്ചിക്കോഴി വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ പത്തിൽ പരം കോഴി വളർത്തൽ യൂനിറ്റുകൾ നിലവിലുണ്ടെങ്കിലും നമ്മുടെ ആവശ്യത്തിൻെറ പകുതി പോലും ഉൽപാദിപ്പിക്കപ്പെടുന്നില്ല. ഓരോ വാർഡിലും താൽപര്യമുള്ള വനിതകളുടെ ഗ്രൂപ്പുണ്ടാക്കി , രണ്ടാഴ്ചയിൽ ഒരിക്കൽ 280 കോഴികളെ വിപണനം ചെയ്യാൻ പറ്റുന്ന രീതിയിലുള്ള യൂനിറ്റുകൾ ആരംഭിക്കാൻ പദ്ധതികൾ ആസൂത്രണം ചെയ്യണം. യൂനിറ്റുകൾ തുടങ്ങാനാവശ്യമായ മൂലധനം സഹകരണാടിസ്ഥാനത്തിൽ സ്വരൂപിക്കാവുന്നതും, അവയ്ക്ക് സർക്കാർ സബ്സിഡി ലഭ്യമാക്കേണ്ടതുമാണ്.

## ആടു വളർത്തൽ

ആടുവളർത്തൽ വൻ പദ്ധതികളായി ആവിഷ്കരിക്കാൻ നമ്മുടെ പഞ്ചായത്തിൽ സാധ്യതകളുണ്ട്. താൽപ്പര്യമുള്ള ഗ്രൂപ്പുകൾക്ക്

വായ്പ സഹായവും, സബ് സിഡിയും അനുവദിച്ച് ചെറുകിട യൂനിറ്റുകൾ ആരംഭിക്കുന്നതിന് പ്രോൽസാഹനം നൽകാവുന്നതാണ്.

## പന്നി വളർത്തൽ

ലാഭകരമായ രീതിയിൽ നടത്തികൊണ്ട് പോകാൻ പറ്റുന്ന ഒരു തൊഴിൽ സംരംഭമാണ് പന്നി വളർത്തൽ. നമ്മുടെ പഞ്ചായത്തിൽ ഇതിന് വിപണന സാദ്ധ്യതകൾ ഇല്ല. ഈ രംഗത്ത് താൽപര്യമുള്ളവർക്ക് ആവശ്യമായ പ്രോൽസാഹനം നൽകണം.

## മുയൽ വളർത്തൽ

എളുപ്പത്തിൽ ഉൽപാദനപ്രക്രിയ നടക്കുന്നതിനാൽ ലാഭകരമായി നടത്താ വുന്ന ഒരു സംരംഭമാണ് മുയൽ വളർത്തൽ. കൂടുതൽ കഠിനാധ്വാനം ആവശ്യമില്ലാത്തതിനാൽ വനിതകൾക്ക് ഏറ്റെടുക്കാവുന്ന ഒന്നാണിത്. . പഞ്ചായത്ത് തലത്തിൽ ഒരു കേന്ദ്രീ കൃത സ്വഭാവത്തോട് കൂടി ഇത്തരം ഒരു പദ്ധ തിക്ക് രൂപം നൽകാവുന്നതാണ്.

## അറവ് ശാല

a) ഗുണമേൻമയുള്ള മാംസവും പരിസര ശുചി ത്വവും. നമ്മുടെ പഞ്ചായത്തിൽ അംഗീകൃത അറവ് ശാലയില്ല. അതേ സമയം പഞ്ചായത്തിൻെറ പല ഭാഗത്തും അറവ് ശാലകൾ പ്രവർത്തിക്കുന്നുണ്ട്. അംഗീകൃത അറവ് ശാലയില്ലാത്തതിനാൽ ഇന്ന് ലഭ്യമായികൊണ്ടിരിക്കുന്ന മാംസത്തിൻെറ ഗുണ നിലവാരത്തെക്കുറിച്ച് നമുക്ക് വ്യക്തമായ ധാരണയില്ല. ശാസ്ത്രീയ രീതിയിലുള്ള ഒരു അറവ് ശാലയും, വിൽപനകേന്ദ്രങ്ങളും പഞ്ചായത്തിൽ ആരംഭിക്കേണ്ടിയിരിക്കുന്നു. മാംസത്തിൻെറ ഗുണ നിലവാരം ഉറപ്പാക്കാൻ ഇത് കൊണ്ട് സാധിക്കും. അതോടൊപ്പം അനധികൃത അറവ് ശാലകൾ മുഖേനയുള്ള പരിസര മലിനീകരണം ഒഴിവാക്കാനും സാധിക്കുന്നു.

b) തുകൽ സംസ്കരണം

ശാസ്ത്രീയമായ അറവ് ശാലകളിലൂടെ ആധുനിക രീതിയിള്ള തുകൽ സംസ്കരണത്തിന് സാധിക്കുന്നു.

c) എല്ല് -രക്ത സംസ്കരണം

അറവു മാടുകളിൽ നിന്ന് സംഭരിക്കാൻ സാധിക്കുന്ന എല്ലും രക്തവും ശാസ്ത്രീയമായ രീതിയിൽ സംസ്കരിച്ച് ഗുണപരമായ രീതിയിൽ ഉപയോഗപ്പെടുത്താൻ ശാസ്ത്രീയ അറവ് ശാല കൊണ്ട് സാധിക്കും.

d) ഗോബർ ഗ്യാസ്

ചാണകം തുടങ്ങിയ വിസർജ്യ പദാർത്ഥങ്ങളിൽ നിന്ന് ഉൽപാദിപ്പിക്കപ്പെടുന്ന ഒരു ഇന്ധനമാണ് ഗോബർ ഗ്യാസ്. നമ്മുടെനാട്ടിൽ വർദ്ധിച്ച തോതിൽ അനുഭവപ്പെടുന്ന ഇന്ധന ക്ഷാമത്തിന് പരിഹാരമാകുന്നതോടൊപ്പം, അതിൻെറ അവശിഷ്ട ഭാഗങ്ങൾ ഉപയോഗിച്ച് ജൈവ വള യൂനിറ്റും ആരംഭിക്കാവുന്നതാണ്. ഈ രണ്ട് യൂനിറ്റുകളും അറവ് ശാലയുടെ അനുബന്ധമായി തന്നെ ആരംഭിക്കേണ്ടതാണ്.

## സേവന മേഖല

ഈ അടുത്ത കാലത്ത് നായമാർമൂലയിൽ പ്രവർത്തനം തുടങ്ങിയ മൃഗാശുപത്രി വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. മരുന്നുകൾ കേട് കൂടാതെ സൂക്ഷിക്കുന്നതിനാവശ്യമായ റെഫ്രിജെറേറ്റർ, സ്റ്റെബ്ലൈസർ, മൈക്രോസ്കോപ്പ്, അത്യാവശ്യ മരുന്നുകൾ, ഫർണിച്ചർ തുടങ്ങിയ സൗകര്യങ്ങളൊന്നും ഇവിടെയില്ല. നിലവിൽ ഒരു സബ്-സെൻറർ പ്രവർത്തിക്കുന്നുണ്ടെങ്കിലും നെല്ലിക്കട്ട, പാടി, നാരമ്പാടി എന്നിവിടങ്ങളിൽ ഓരോ സബ് സെൻറർ കൂടി ആരംഭി ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## പേബാധ നിയന്ത്രണം

അലഞ്ഞ് തിരിയുന്ന നായ്ക്കളെ കൊണ്ടുള്ള ശല്യം പഞ്ചായത്തിൽ രൂക്ഷമാണ്. അലഞ്ഞ് തിരിയുന്ന നായ്ക്കളിലാണ് സാധാരണ പേബാധ കൂടുതലായും കണ്ട് വരുന്നത്. പേപ്പട്ടികളെ ഉടനടി ഉൻമൂലനം ചെയ്യാൻ സാധിക്കാതെ വരികയാണെങ്കിൽ മാരകമായ സാംക്രമിക രോഗങ്ങൾ പോലെ സമൂഹത്തിൽ ഏറ്റവും അപകടകരമായ അവസ്ത സൃഷ്ടിക്കും. അതിന്

പരിഹാരമെന്നോണം വളർത്ത് നായ്ക്കൾക്ക് ലൈസൻസും, സമയാ സമയങ്ങളിലുള്ള പ്രതിരോധ കുത്തിവെപ്പും നിർബ്ബന്ധമാക്കുക. അലഞ്ഞ് തിരിയുന്ന തെരുവ് നായ്ക്കളെ ഉൻമൂലനം ചെയ്യാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.

## വിജ്ഞാന വ്യാപനം

മൃഗ സംരക്ഷണ മേഖലയിൽ പദ്ധതികൾ പലതിനെപ്പറ്റിയും ജനങ്ങൾ ബോധവാൻമാരല്ല. വിവിധ പദ്ധതികളെപ്പറ്റി ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് പഞ്ചായത്തിന്റെ മുഴുവൻ വാർഡുകളിലും പ്രത്യേകം സെമിനാറുകൾ സംഘടിപ്പിക്കണം. ബഹുജന സംഘടനകളും സന്നദ്ധ പ്രവർത്തകരും ഇതിനുവേണ്ടി മുന്നോട്ടുവരണം.

## ആസൂത്രണ സെൽ

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടു കിടക്കുന്ന ഔദ്യോഗിക അനൗദ്യോഗിക പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഉപദേശ നിർദ്ദേശങ്ങൾ നൽകുന്നതിനും ഭാവി പ്രവർത്തങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കുന്നതിനുമായി ഒരു പഞ്ചായത്തുതല ആസൂത്രണ സെൽ രൂപീകരിക്കേണ്ടിയിരിക്കുന്നു.

## അംഗീകാരം

ഏത് രംഗത്തായിരുന്നാലും മതിയായ പ്രോൽസാഹനത്തിന്റെ അഭാവം നിഴലിച്ചു കാണാം. സർക്കാറുകൾ വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾക്ക് ഗുണഭോക്താക്കളേ കണ്ടെത്താൻ ബന്ധപ്പെട്ട മേഖലയിലെ ഉദ്യോഗസ്ഥർ പരിശ്രമിക്കുന്നുണ്ട് എന്നുള്ളത് ഒരു സത്യം മാത്രമാണ്. പലപദ്ധതികൾക്കും ഗുണഭോക്താക്കളെ നിർബന്ധിച്ച് പ്രേരിപ്പിക്കേണ്ട അവസ്ഥ ഇന്ന് ഉദ്യോഗസ്ഥർക്കുണ്ട്. അതുകൊണ്ട് ഇത്വരെയും, തുടർന്നും സർക്കാറിന്റെ വിവിധ വകുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലും പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുന്ന പദ്ധതികളിലും ഗുണഭോക്താക്കളെ മികച്ച പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പരസ്യമായി ആദരിക്കലും അംഗീകരിക്കലും സാമ്പ്രദായികമായി ബാധ്യതയായി ഏറ്റെടുക്കേണ്ടതുണ്ട്.

## മൽസ്യ ബന്ധന മേഖല

നമ്മുടെ ഗ്രാമ പഞ്ചായത്തിൽ പരമ്പരാഗത മായി മൽസ്യ ബന്ധന മേഖലയുമായി ബന്ധപ്പെടു ന്നവർ അംഗുലീ പരിമിതമാണ്. ചന്ദ്രഗിരിപ്പുഴ യിലെമൽസ്യങ്ങൾ പിടിച്ച് ഉപജീവനം കഴിച്ചിരു ന്നവർ ഒരു കാലത്തുണ്ടായിരുന്നു. പക്ഷെ, ഇന്ന് ഈ മേഖലയെ ആശ്രയിച്ചു കഴിയുന്നവർ ഇല്ല എന്നുതന്നെ പറയാം. നമ്മുടെ പഞ്ചായത്തിലേക്ക് ആവശ്യമായ മൽസ്യം മൊത്തം വരുന്നത് കാസർകോട് മൽസ്യ മാർക്കറ്റിലൂടെയാണ്. മൽസ്യ വിതരണ രംഗത്ത് പ്രവർത്തിക്കുന്ന നൂറുകണക്കിന് തൊഴിലാളികൾ ഇന്ന് പഞ്ചായത്തിലുണ്ട്. ഇവരുടെ ജീവിത - ആരോഗ്യ നിലവാരം വളരെ താഴെക്കിടയിലുമാണ്. അതിരാവിലെ മാർക്കറ്റിൽ പോയി മൽസ്യം ലേലം ചെയ്തെടുത്ത് സൈക്കിൾ ചവിട്ടി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തിക്കുകയാണ് പതിവ്. ഭാരവും പേറിക്കൊണ്ടുള്ള ദിനേനയുള്ള സൈക്കിൾ യാത്ര ആരോഗ്യത്തെ കാർന്ന് തിന്നുമ്പോൾ മതിയായ ലാഭം കിട്ടാതെയും, വിൽപന കഴിയുമ്പോൾ അവശേഷിക്കുന്ന മത്സ്യം നശിപ്പിക്കേണ്ടി വരുന്നത് മൂലവും ഈ വിഭാഗം തൊഴിലാളികൾക്ക് കഠിനമായ സാമ്പത്തിക ദാരിദ്ര്യം അനുഭവപ്പെടുന്നു. അതുകൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സർവ്വെ നടത്തി, ക്ഷേമപ്രവർത്തനങ്ങൾക്ക്വേണ്ടി വിനിയോഗിക്കുന്ന തുകയിൽ ഈ വിഭാഗത്തിന് മുൻഗണന നൽകുകയും, മത്സ്യതൊഴിലാളി പെൻഷൻ പോലുള്ള പദ്ധതികളുടെ ആനുകൂല്യങ്ങൾ ലഭ്യ മാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.



# വ്യവസായം

വ്യവസായ മേഖലയിൽ പഞ്ചായത്തിന് ഇതുവരെ കാര്യമായ നേട്ടമൊന്നും കൈവരിക്കാനായിട്ടില്ല. ആധുനിക രീതിയിലുള്ള വ്യവസായങ്ങളൊന്നും ഈ പ്രദേശത്ത് നിലവിലില്ല. 50 വർഷങ്ങൾക്കു മുമ്പ് ശ്രീ. വ്യാസ റാവു സ്ഥാപിച്ച കാസർകോട് ടിമ്പർ വർക്സിന് ചുവട്പിടിച്ച് ഏതാനും മര മില്ലുകൾ തുടങ്ങിയെങ്കിലും അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം കാരണം ഈ വ്യവസായം പ്രതിസന്ധി നേരിടുകയാണ്. രണ്ടു സുഗന്ധ ദ്രവ്യ ഫാക്ടറി, ഒരു ടൈൽ ഫാക്ടറി എന്നിവ നിലവിൽ ഉണ്ടെങ്കിലും ഈ വ്യവസായവും തകർച്ചയിലാണ്.

പരമ്പരാഗത വ്യവസായ മേഖലകളിൽപ്പെടുന്ന പായ നെയ്ത്ത്, മരപ്പണി, കല്ല് കൊത്ത്, മൺപാത്ര നിർമ്മാണം, തോണി നിർമ്മാണം, തൊപ്പി നിർമ്മാണം എന്നിവ നാമ മാത്രമായേ ഇന്ന് നിലവിലുള്ളൂ. പരമ്പരാഗത തൊഴിലാളികളായ മരപ്പണിക്കാർ ആ മേഖലയിൽ കൂലിവേല ചെയ്തു ഉപ ജീവനം നടത്തുമ്പോൾ നെയ്ത്തു തൊഴിലാളികൾ ആ മേഖല കൈവിട്ട് മറ്റു മേഖലകളിലേക്കു നീങ്ങുകയാണ്. ഈർച്ച മില്ല്, എണ്ണയാട്ടു മില്ല്, മിഠായി നിർമ്മാണം, ഗ്രിൽസ് വർക്സ്, ലഘു എഞ്ചിനയറിംഗ് പ്രവർത്തന സ്ഥാപനങ്ങൾ എന്നിവ ഉണ്ടെങ്കിലും അവക്കൊന്നിനും ഈ പ്രദേശത്തെ ആവശ്യങ്ങൾ നിറവേറ്റാൻ കഴിഞ്ഞിട്ടില്ല.

ബീഡി നിർമ്മാണമാണ് ഈ രംഗത്തു നേരിയ ഒരു ചലനം ഉണ്ടാക്കിയിട്ടുള്ളത്. ഇപ്പോൾ ബീഡി നിർമ്മാണത്തിൽ ഉയർന്നിട്ടുള്ള പ്രതിസന്ധി അതിജീവിക്കാൻ ഈ വ്യവസായം പ്രയാസപ്പെടുകയാണ്. സ്വകാര്യ മേഖലയിലെ തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കപ്പെടുന്നില്ല. ഈ തൊഴിൽ മേഖലയിൽ അനിശ്ചിതത്വം, തൊഴിൽ സുരക്ഷിതത്വമില്ലായ്മ എന്നിവ നിലനിൽക്കുന്നു. വൈവിധ്യ വൽക്കരണങ്ങളിലൂടെ മറ്റൊരു മേഖലയിലേക്കു നീങ്ങാൻ ശ്രമിക്കുന്ന ബീഡിതൊഴിലാളികൾ ഇന്ന് തങ്ങളുടെ ഭാവിയെ കുറിച്ചു അത്യന്തം ആശങ്കാകുലരാണ്.

പട്ടിക 1

**ചെങ്കള പഞ്ചായത്തിൽ നിലവിലുള്ള വ്യവസായ സഹകരണ സംഘങ്ങൾ**

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ |
| 1 | കാസർകോട് ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം(പെർക്കള ബ്രാഞ്ച്, ചെങ്കള) | 1 | 88 | 89 |
| 2 | കാസർകോട് ബീഡി തൊഴിലാളി വ്യവസായ സഹകരണ സംഘം(പൈക്ക ബ്രാഞ്ച്, നെക്രാജെ) | 1 | 53 | 54 |
| 3 | ചെങ്കള (ഹരിജൻ) ഗ്രാമ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് | 3 | - | 3 |
| 4 | ദി ചെങ്കള പഞ്ചായത്ത് വിമൻസ് മംട്ടി ഇൻഡസ്ട്രിയൽ കോപറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്. | - | 2 | 2 |
| 5 | പോട്രി (മൺ പാത്രം) വർക്കേർസ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് ലിമിറ്റഡ് | പ്രവർത്തനമില്ല | | |

ഈ പഞ്ചായത്ത് ബേക്കറി സാധനങ്ങൾ ഉണ്ടാക്കുന്നതിൽ മുൻപന്തിയിലായിരുന്നു. സ്വന്തമായി ബേക്കറി സാധനങ്ങൾ ഉണ്ടാക്കി അന്യസ്ഥലങ്ങളിൽ വിപണനം നടത്തുകയും ഉപജീവനം കണ്ടെത്തുകയും ചെയ്യുന്ന ഒരുപാട് അന്യദേശക്കാർ ഈ പഞ്ചായത്തിൽ ഉണ്ട്.

ചെങ്കള പഞ്ചായത്തിൻെറ വ്യവസായ വികസനം ലക്ഷ്യം വെച്ചുകൊണ്ട് നായൻമാർ മൂലക്കടുത്തു സ്ഥാപിച്ചിരിക്കുന്ന മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും ലക്ഷ്യത്തിലേക്കെത്തിയിട്ടില്ല. പ്രാരംഭദിശയിൽ എല്ലാ ഷെഡ്ഡുകളിലും വിവിധ തരം ചെറുകിട യൂണിറ്റുകൾ സ്ഥാപിച്ചി രുന്നു. നിലവിലുള്ള സാങ്കേതിക രംഗത്തെ പരിചയക്കുറവ്, പാശ്ചാത്തല സൗകര്യ പരിമിതി ഇവയെല്ലാം ഈ വ്യവസായങ്ങളുടെ തകർച്ചക്കു കാരണമായി.

## വ്യവസായ മേഖലയിൽ സ്ത്രീകളുടെ പങ്കാളിത്തം

ബീഡി നിർമ്മാണം, വസ്ത്ര നിർമ്മാണം എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് കൂടുതലായി പങ്കാ ളിത്തമുള്ളത്. ബീഡി രംഗത്തെ താരതമ്യേന കുറഞ്ഞ കൂലി പുരുഷൻമാരെ മറ്റു തൊഴിൽ മേഖലയിലേക്ക് ആകർഷിക്കുന്നു. തയ്യൽരംഗത്ത് ഭൂരിപക്ഷവും പുരുഷൻ മാരാണ്. എന്നാൽ റെഡിമെയ്ഡ് വസ്ത്ര രംഗത്ത് സ്ത്രീകൾക്കാണ് പ്രാമുഖ്യം. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ രംഗത്ത് സ്ത്രീകളുടെ വേതനം ഒട്ടും തൃപ്തികരമല്ലെങ്കിലും ഒരു സ്ഥിരം ജോലി എന്ന നിലയിലാണ് സ്ത്രീകൾ ഈ മേഖലയെ അവലംബിക്കുന്നത്.

സ്ത്രീകളുടെ സാന്നിധ്യം വ്യവസായ രംഗത്ത് താരതമ്യേന കുറവാണെങ്കിലും നിർമ്മാണ രംഗത്ത് സ്ത്രീ തൊഴിലാളികളുടെ പങ്കാളിത്തം അടുത്ത കാലത്ത് ഏറിവരുന്നുണ്ട്. കുറഞ്ഞ നിക്ഷേപത്തിൽ കൂടുതൽ തൊഴിലവസരങ്ങളും വിപണന സാധ്യതയും ഉള്ള സംരംഭങ്ങൾക്ക് മുൻഗണന നൽകണം. സഹകരണ മേഖലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ രണ്ട് മൂന്ന് ദശകങ്ങൾക്ക് മുമ്പ് തന്നെ ഈ പ്രദേശത്ത് ആരംഭിച്ചിരുന്നു. നായൻമാർ മൂലയിൽ ആരംഭിച്ച വെല്ലം നിർമ്മാണ യൂണിറ്റ്, പൈക്ക പോട്രി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ- ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവ ആ കാലത്തെ വൻ വ്യവസായ സംരംഭങ്ങളായിരുന്നു.

വർഷങ്ങളായി ഈ സ്ഥാപനങ്ങൾ ഉൽപാദന രഹിതമാണ് . ബന്ധപ്പെട്ട വകുപ്പുകളുടെ സഹകരണത്തോടെ ഈ സ്ഥാപനങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാ ണ്.

ഒരു ഗ്രാമ വ്യവസായ സഹകരണ സംഘം ചെർക്കളയിൽ പ്രവർത്തിക്കുന്നുണ്ട്. സാങ്കേതിക കാരണങ്ങളാൽ ഈ സ്ഥാപനം നല്ല നിലയിൽ പ്രവർത്തിക്കുന്നില്ല.

പട്ടിക 2

ചെങ്കള ഗ്രാമ പഞ്ചായത്തിൽ നിലവിലുള്ള
പരമ്പരാഗത കുടിൽ വ്യവസായ മേഖല

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ |
| 1 | മൺപാത്ര നിർമ്മാണം | 15 | 75 | 90 |
| 2 | തുണി നെയ്ത്ത് | 5 | 2 | 7 |
| 3 | കല്ല് കൊത്ത് | 10 | - | 10 |
| 4 | ആയുർ വേദ മരുന്ന് നിർമ്മാണം | 2 | - | 2 |
| 5 | ഇരുമ്പു കൊണ്ടുള്ള പണിയായുധ നിർമ്മാണം | 12 | - | 12 |
| 6 | തോണി നിർമ്മാണം | 10 | - | 10 |
| 7 | പായ നെയ്ത്ത് | | 70 | 70 |

പട്ടിക രണ്ടിൽ കാണിച്ച പരമ്പരാഗത കുടിൽ വ്യവസായ പ്രവർത്തനം നാമമാത്രമാണ്. ഈ രംഗത്ത് ഉൽപാദനത്തിൻെറ തോത് കുറഞ്ഞ് വരികയാണ്. അലുമിനിയം , സ്റ്റീൽ പാത്രങ്ങളുടെ കടന്നു കയറ്റം മൺ പാത്ര വ്യവസായത്തിൻെറ തകർച്ചയ്ക്കിടയാക്കി. ഗുണമേൻമയുള്ള കളിമണ്ണിൻെറ അഭാവം, സാങ്കേതിക വൈദഗ്ധ്യം കുറഞ്ഞ തൊഴിലാളികൾ എന്നിവയെല്ലാം ഈ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. മൺ പാത്രങ്ങൾക്ക് സ്ഥിരം വിപണി ഇല്ല.

വളരെ വർഷങ്ങൾക്കുമുമ്പു തന്നെ ഇവിടെ പരമ്പരാഗതമായ തുണി നെയ്ത്ത് കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ആധുനിക യന്ത്രത്തറികളുടെ ആവിർഭാവം , തുണിത്തരങ്ങളോടുള്ള ആഭി മുഖ്യം എന്നിവ പരമ്പരാഗത നെയ്ത്ത് മേഖല യുടെ പിന്നോക്കത്തിന് കാരണമായി. അസംസ് കൃത വസ്തുക്കളുടെ വില വർധന, തൊഴിൽ അസ്ഥിരത, വിപണിയുടെ അഭാവം ഇവ ഈ വ്യവസായ മേഖലയെ കൂടുതൽ ദുർബലപ്പെടുത്തി.

ഈ ഗ്രാമ പഞ്ചായത്തിലെ ഏറ്റവും പ്രബലമായ സംഘടിത തൊഴിൽ മേഖലയാണ് ചെങ്കൽ മേഖല. തുടർച്ചയായ തൊഴിൽ സാധ്യതയുള്ള ഈ മേഖലയിൽ ആയിരത്തോളം തൊഴിലാളികൾ പ്രവർത്തിക്കുന്നു . കല്ലിന് വൻ വിപണന സാധ്യതയുണ്ട്. കല്ലിന് വർധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുവാൻ പരമ്പരാഗത കല്ലുകൊത്തുമേഖലയ്ക്ക് കഴിയാതെ വരികയും . ആധുനിക യന്ത്രവൽക്കരണം ആ മേഖല കൈയടക്കുകയും ചെയ്തു.

പാരമ്പര്യ വൈദ്യൻമാർ ചെങ്കള പഞ്ചായത്തിൽ ഉണ്ടെങ്കിലും കുടിൽ വ്യവസായം എന്ന നിലയിലാണ് ഇവർ മരുന്ന് നിർമ്മിച്ചു വരുന്നത്. പച്ച മരുന്നുകൾക്ക് ദൗർലഭ്യം അനുഭവപ്പെടുന്നു.

ഇരുമ്പ് പണിയായുധങ്ങളുടെ നിർമ്മാണം, കേടുപാട് തീർക്കൽ എന്നിവ വലിയ സാധ്യതയുള്ള കുടിൽ വ്യവസായമാണ്. കുലത്തൊഴിൽ എന്ന നിലയിൽ പരിശീലനം നേടിയവർ മാത്രമാണ് ഈ രംഗത്തുള്ളത്. വർധിച്ചു വരുന്ന ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇവരുടെ സേവനം പരിമി തമാണ്.

ഫർണിച്ചർ നിർമ്മാണം, ഗ്രിൽ, മൊസയ്ക്ക് , ടൈൽസ്, കെട്ടിട നിർമ്മാണവസ്തുക്കളുടെ ഉൽപാദനം ഇവ സമീപകാലത്ത് ആരംഭിച്ച തൊഴിൽ സ്ഥാപനങ്ങളാണ്. സോഫ്റ്റ് ഡ്രിങ്ക്സ് നിർമ്മാണ യൂനിറ്റുകൾ , സോഡാ ഫാക്ടറി എന്നിവയും പ്രവർത്തിക്കുന്നുണ്ട്. ഓട്ടോ മൊബൈൽ എഞ്ചിനിയറിംഗ് മേഖലയിൽ നിരവധി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റാൻ നിലവിലുള്ള സ്ഥാപനങ്ങളുടെ ശേഷി അപര്യാപ്തമാണ്. ഓട്ടോ മൊബൈൽ സാങ്കേതിക പരിശീലനം ലഭിക്കുന്ന പരിശീലന കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്.

നോട്ട് ബുക്ക്, സ്കൂൾ ബാഗ്, എന്നിവയുടെ നിർമ്മാണ സാധ്യത ഇനിയും പഠന വിധേയമായിട്ടില്ല. പാഠ്യേതര വിഷയങ്ങളുടെ ഭാഗമായി വിദ്യാർത്ഥികളിൽ സ്കൂൾ ബാഗ് , നോട്ടു പുസ്ത കങ്ങൾ മുതലായവയുടെ നിർമ്മാണത്തിന് പ്രായോഗിക പരിശീലനം നൽകി പഞ്ചായത്തിനാവശ്യമായ നോട്ടു പുസ്തകങ്ങളും ബാഗുകളും നിർമ്മിക്കാൻ വേണ്ട പദ്ധതികൾ ആവിഷ്ക്കരിക്കണം. പായ നെയ്ത്ത് നിർമ്മാണം കുലത്തൊഴിലായി സ്വീകരിച്ചു വരുന്നുണ്ട്. അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കു കയും വിപണനത്തിന്റെ പുതിയ സാധ്യതകൾ ആരായ്കയും ചെയ്താൽ ഈ മേഖലയിൽ കുറച്ച് പേർക്കെങ്കിലും ഉപജീവന മാർഗ്ഗം കണ്ടെത്താൻ കഴിയും.

പട്ടിക 3

വിവിധ മേഖലകളിലെ കൂലി നിരക്ക്

| ക്രമ നമ്പർ | ഇനം | കൂലി നിരക്ക് | |
|---|---|---|---|
| | | പു. | സ്ത്രീ |
| 1 | ബീഡി നിർമ്മാണം | 35 | 35 |
| 2 | കല്ല് കൊത്ത് | 85 | - |
| 3 | തടി വ്യവസായം | 100 | - |
| 4 | കരിങ്കല്ലുടക്കൽ | - | 45 |
| 5 | സോഡാ നിർമ്മാണം | 65 | - |
| 6 | എണ്ണയാട്ടു നിർമ്മാണം | 60 | - |
| 7 | നെയ്ത്ത് | 40 | 30 |
| 8 | വസ്ത്ര നിർമ്മാണം (റെഡിമെയ്ഡ്) | 75 | 50 |
| 9 | മൺ പാത്ര നിർമ്മാണം | 30 | 20 |
| 10 | കുമായ നിർമ്മാണം | 55 | - |
| 11 | ഇരുമ്പു കൊണ്ടുള്ള പണിയായുധ നിർമ്മാണം | 60 | - |
| 12 | ആയുർവേദ മരുന്ന് നിർമ്മാണം | 50 | - |
| 13 | ഭക്ഷ്യ സംസ്കരണം | - | 40 |
| 14 | സ്റ്റീൽ ഫർണ്ണിച്ചർ നിർമാണം | 90 | - |
| 15 | എഞ്ചിനിയറിംഗ് വർക്ക് ഷോപ്പ് | 80 | - |
| 16 | കൊല്ലൻ/കൂരംബാർ | 50 | - |
| 17 | സ്വർണ്ണാഭരണ നിർമ്മാണം | 120 | - |
| 18 | തോണി നിർമ്മാണം | 150 | - |
| 19 | ടൈൽസ് ഫാക്ടറി | 60 | - |
| 20 | സുഗന്ധ ദ്രവ്യ ഫാക്ടറി | 90 | - |
| 21 | ഫർണ്ണിച്ചർ | 150 | - |

പട്ടിക 4

നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

| ക്രമ നമ്പർ | ഇനം | തൊഴിലാളികളുടെ എണ്ണം | | |
|---|---|---|---|---|
| | | പു. | സ്ത്രീ | ആകെ |
| 1 | തടി വ്യവസായം | 60 | 10 | 70 |
| 2 | വസ്ത്ര നിർമ്മാണം | 70 | 80 | 150 |
| 3 | സ്റ്റീൽ ഫർണ്ണിച്ചർ നിർമ്മാണം | 3 | - | 3 |
| 4 | കൊപ്ര സംസ്കരണം | 20 | - | 20 |
| 5 | സോഡാ നിർമ്മാണം | 5 | - | 5 |
| 6 | കോഴി വളർത്തൽ | 30 | 15 | 45 |
| 7 | ഭക്ഷ്യ സംസ്കരണം | 15 | 4 | 19 |
| 8 | എഞ്ചിനിയറിംഗ് വർക്ക് ഷോപ്പ് | 36 | - | 36 |
| 9 | കരിങ്കല്ലുടക്കൽ | - | 30 | 30 |
| 10 | കുംബാർ | 8 | - | 8 |
| 11 | കരിങ്കല്ല് ക്രഷർ | 35 | 5 | 40 |
| 12 | യന്ത്രം കൊണ്ട് (ചെങ്കല്ല്) കൊത്തലുമായി ബന്ധപ്പെട്ട് | 400 | - | 400 |
| 13 | ഐസ് നിർമ്മാണം | 5 | - | 5 |
| 14 | പായ നെയ്ത്ത് | - | 50 | 50 |
| 15 | ബേക്കറി | 40 | - | 40 |
| 16 | കിടക്ക നിർമ്മാണം | 10 | - | 10 |

ചെങ്കള പഞ്ചായത്തിനകത്ത് ലഭ്യമായ അസംസ്കൃത പദാർത്ഥങ്ങൾ ഉപയോഗപ്പെടുത്തി ലാഭകരമായി നടത്താവുന്ന ചെറുകിട വ്യവസായങ്ങൾ.

ചക്ക, മാങ്ങ, കശുമാങ്ങ ഇവിടെ സുലഭമായി ലഭ്യമാണ്. അവ ലഭിക്കുന്ന സീസണുകളിൽ ശേഖരിച്ച് സംസ്കരണം നടത്തി വിപണനം നടത്താവുന്നതാണ്. ഇതിനു വേണ്ടുന്ന സാങ്കേതിക ഉപദേശങ്ങളും പരിശീലനങ്ങളും സി. എഫ്. റ്റി. ആർ. ഐ. മൈസൂർ എന്ന സ്ഥാപനത്തിൽ നിന്ന് ലഭ്യമാണ്. എഫ്. പി. ഒ. ലൈസൻസും മറ്റു ഫുഡ് ലൈസൻസുകളും ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. നമ്മുടെ നാട്ടിൽ ലഭ്യമാകുന്ന പഴ വർഗ്ഗങ്ങൾ ഉപയോഗിച്ച് കൊണ്ടുണ്ടാക്കുന്ന അച്ചാർ, കൊണ്ടാട്ടം എന്നീ ഉൽപന്നങ്ങൾക്ക് മലയാളികൾ കൂടുതലായി കുടിയേറി പാർത്തിട്ടുള്ള വൻ നഗരങ്ങളിൽ വളരെ എളുപ്പത്തിൽ വിപണി കണ്ടെത്താവുന്നതാണ്.

## ടൂറിസം വികസനം

സർക്കാർ ടൂറിസത്തെ വ്യവസായത്തിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. ചെങ്കള പഞ്ചായത്തിലെ ടൂറിസ്റ്റ് സാധ്യതയുള്ള പ്രദേശങ്ങൾ വികസിപ്പിച്ചാൽ കൂടുതൽ പേർക്ക് തൊഴിൽ നൽകാനും പഞ്ചായത്തിന് വരുമാനം വർദ്ധിക്കാനുമുള്ള സാധ്യതയുണ്ട്.

1) എട്ടാം വാർഡിൽ ബേർക്കയിലുള്ള പഴയ സായിപ്പൻമാരുടെ പഴയ ബംഗ്ലാകുന്നും അതോടനുബന്ധിച്ചുള്ള പ്രദേശവും ഒരു ടൂറിസം കേന്ദ്രമാക്കി മാറ്റുക.

2) ബേവിഞ്ച നാഷണൽ ഹൈവെ തീരത്തുള്ള വാലിവ്യൂ സങ്കേതം വികസിപ്പിച്ച് സംരക്ഷിക്കുക.

3) ഒരു തീർത്ഥാടന കേന്ദ്രമായ ഇടനീർ മഠം ടൂറിസ്റ്റുകളെ ആകർഷിക്കുന്ന വിധത്തിൽ വിപുലീകരിക്കുക.

4) ചന്ദ്രഗിരിപുഴയുടെ തീരപ്രദേശങ്ങളെ ബന്ധപ്പെടുത്തി തെക്കിൽ പാലം കേന്ദ്രമാക്കി വിനോദസഞ്ചാരികൾക്ക് ബോട്ട് സർവ്വീസ് ഏർപ്പെടുത്തുക.

## വൻകിട വ്യവസായം

1) ചെങ്കള പഞ്ചായത്തിൽ ആയിരത്തി അഞ്ഞൂറോളം പേർ ഗൾഫ് മേഖലകളിൽ നിന്ന് തിരിച്ചു വന്നവരുണ്ട്. ഇവരെ ഉൾക്കൊള്ളിച്ചു കൊണ്ട് ചെങ്കള പഞ്ചായത്ത് കേന്ദ്രീകരിച്ചു കൊണ്ട് ഒരു കോക്കനട്ട് കോംപ്ലക്സ് സ്ഥാപിക്കുക.

2) കവുങ്ങിന്റെ അവശിഷ്ടങ്ങളായ കവുങ്ങിൻ ഓല അടക്കാ തോട് എന്നിവ ഉപയോഗിച്ച് ഒരു പേപ്പർ പൾപ്പ് നിർമ്മാണ ശാല സ്ഥാപിക്കുക.

3) നമ്മുടെ പഞ്ചായത്തിൽ ലഭ്യമായ വെളുത്ത കളിമണ്ണ് ഉപയോഗിച്ച് കൊണ്ട് ഒരു ക്ലെ ഫാക്ടറി നിർമ്മിക്കുക.

4) കവുങ്ങിൻ പാളകൊണ്ടു ഡിസ്പോസിബിൾ പാത്രങ്ങൾ നിർമ്മിക്കാനുള്ള ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.

## ഗ്രാമ സഭാ നിർദ്ദേശങ്ങൾ

1)പഞ്ചായത്തിൽ കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു പുതിയ സബ്സ്റ്റേഷൻ നിർമ്മിച്ച് വ്യവസായ പുരോഗതിക്കു ആവശ്യ മായ വൈദ്യുതിയുടെ അപര്യാപ്തത പരിഹരിക്കുക.

2) അനർട്ടിന്റെ ഒരു യൂണിറ്റ് ചെങ്കള പഞ്ചായത്തിൽ ആരംഭിക്കുക.

3) വ്യവസായ പരിശീലന കേന്ദ്രം പഞ്ചായത്തിൽ സ്ഥാപിക്കണം.

4. സ്ക്കൂൾ ബാഗ് , നോട്ട് പുസ്തകം

5. കുട നിർമ്മാണം

6. അലുമിനിയം പാത്ര നിർമ്മാണം

7. സോപ്പ് , ക്ലീനിംഗ് പൗഡർ.

8. റെഡിമെയ്ഡ് വസ്ത്രങ്ങൾ , ബേബി ഗിഫ്റ്റ് സെറ്റ്.

9. പേപ്പർ കവർ നിർമ്മാണം

10. സ്വിച്ച് ബോർഡ്

11. എമർജൻസി ലാംമ്പ്

12. ഹവായി ചെരുപ്പുകൾ

13. ആയുർവേദ മരുന്ന് നിർമ്മാണം

14. ഓട്ടോ ഇലക്ട്രിക്കൽ ഷോപ്പ്

15. കറി പൗഡർ , പപ്പടം

16. ജെല്ലി , ഇഷ്ടിക നിർമ്മാണം

17. സ്റ്റീൽ ,മരം ഫർണിച്ചറുകൾ

18. സിമൻറ് കോൺക്രീറ്റ് കൊണ്ടുള്ള ജനൽ , വാതിൽ ഫ്രെയ്മുകൾ

19. കിടക്ക നിർമ്മാണം

20. ചെങ്കല്ല് മുറിക്കൽ

21. ഇഷ്ടിക (സിമൻറ് , മണ്ണ്) നിർമ്മാണം

22. തെങ്ങ് തടി ,ചിരട്ട എന്നിവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളും ഗ്രഹോപകരണങ്ങളും

23. തേങ്ങവെള്ളം ഉപയോഗിച്ചുള്ള ശീതള പാനീയങ്ങളും , തേങ്ങാ പൗഡറും

24. കന്നുകാലി തീറ്റ , ചകിരിച്ചാറുപ യോഗിച്ചുള്ള വളം നിർമ്മാണം .

25. നേന്ത്രക്കായ, കപ്പ കൊണ്ടുളള ചിപ്സ് നിർമ്മാണം

26. വെളിച്ചെണ്ണ ബോട്ട്ലിംഗ് യൂണിറ്റ്

27. കശുവണ്ടി സംസ്ക്കരണം

28. ചക്കച്ചുള , നേന്ത്രക്കായ എന്നിവകൊണ്ടുള്ള മധുര പലഹാരങ്ങൾ.

29. മാങ്ങ , നെല്ലിക്ക തുടങ്ങിയവ കൊണ്ടുള്ള അച്ചാർ

30. മെഴുകു തിരി , ചന്ദനത്തിരി നിർമ്മാണം

31. തീപ്പെട്ടി നിർമ്മാണം

32. പട്ടുനൂൽ വ്യവസായം.

34. പായ നെയ്ത്ത്

35. പൂച്ചട്ടി , ഫ്ളോറിംഗ് ടൈൽസ് നിർമ്മാണം.

ചെറുകിട വ്യവസായ സംരംഭകർക്ക് തുടക്കത്തിൽ തന്നെ ഔദ്യോഗിക കാര്യങ്ങളിൽ നേരിടുന്ന സാങ്കേതിക പ്രയാസങ്ങൾ , സാമ്പത്തിക സ്ഥാപനങ്ങളുടെ കർശനമായ നിയന്ത്രണങ്ങൾ, സാങ്കേതിക വൈജ്ഞാനത്തിൻെറ കുറവ്, ഉപഭോക്താക്കൾക്ക് പ്രാദേശിക ഉൽപന്നങ്ങളോടുള്ള അവഗണന, മാനേജ്മെൻറിൻെറ അപര്യാപ്തത ഇവ വ്യവസായ മേഖലയിൽ നിന്ന് സംരംഭകരെ പുറംതിരിഞ്ഞുനിൽക്കാൻ പ്രേരിപ്പിക്കുന്നു.

വ്യവസായങ്ങൾ ലാഭകരമായി മുന്നോട്ടു പോകാൻ വിവിധ മേഖലകളിൽ വ്യവസായ പരിശീലന കേന്ദ്രങ്ങൾ തുടങ്ങേണ്ടതുണ്ട്. പാടിയിലെ സോപ്പ് നിർമ്മാണ യൂണിറ്റുകളടക്കമുള്ള പഞ്ചായത്തിൻെറ പീഡിത വ്യവസായങ്ങളെ പുനരുജ്ജീവിപ്പിക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളേണ്ടതുണ്ട് അത് പോലെ ഗൾഫിൽ തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചുവന്നവർക്ക് വ്യവസായ പരിശീലനങ്ങൾ നൽകി ചെറുകിട വ്യവസായ മേഖലയിൽ അവർക്ക് പുതിയ തൊഴിലവസര ങ്ങൾ ഉണ്ടാക്കുന്ന തിന് പദ്ധതികൾ ആവിഷ്കരിക്കേണ്ടതുണ്ട്. തിരിച്ചുവന്നവരുടെ യഥാർത്ഥ സ്ഥിതി വിവര കണക്കുകൾ ശേഖരിച്ച് അവർക്ക് താൽപര്യമുള്ള ജോലികൾ ഏതാണെന്ന് കണ്ടെത്തുന്നതും ഉചിതമായിരിക്കും .

വ്യവസായ സംബന്ധമായി ഗ്രാമ സഭകളിൽ നിന്ന് ഉയർന്നു വന്ന സാധ്യതയുള്ള വ്യവസായങ്ങളെക്കുറിച്ച് മുകളിൽ സൂചിപ്പിച്ചിട്ടുണ്ട്. കൃഷി പോലുള്ള മറ്റു മേഖലകളുമായി ബന്ധപ്പെട്ടവ അതാതു വിഷയങ്ങൾക്കൊപ്പം പ്രതിപാദിക്കുന്നുള്ളതിനാൽ അവ പ്രത്യേകമായി പരാമർശിച്ചിട്ടില്ല.

ഗ്രാമ സഭ, പഞ്ചായത്തു ഭരണസമിതി ചർച്ചകൾക്കു ശേഷം വ്യവസായ വിഷയത്തെ അടിസ്ഥാനമാക്കി പഞ്ചായത്തിൻെറ വ്യവസായ പുരോഗതിക്ക് ഗുണകരമായ നിലയിൽ നിർദ്ദേശിക്കപ്പെട്ട സാധ്യതകൾ മുൻഗണനാടിസ്ഥാനത്തിൽ ചർച്ച ചെയ്ത് പ്രാവർത്തികമാക്കിയാൽ ഈ പഞ്ചായത്തിലെ സാമൂഹ്യ സാമ്പത്തിക മേഖല പരിപോഷിപ്പിക്കാൻ പറ്റും.

ആശംസകളോടെ.....

ഫോൺ: 522571

# മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക് (ക്ലിപ്തം)

**നമ്പർ: സി. 336**

നായൻമാർമൂല, പി.ഒ. വിദ്യാനഗർ
കാസർകോട് _ 671 123

- പാടി, മുട്ടത്തൊടി വില്ലേജുകളിലെ ഏക സഹകരണ ബാങ്ക്.
- വിവിധയിനം നിക്ഷേപങ്ങൾക്ക് ആകർഷകമായ പലിശ നിരക്ക്.
- നിക്ഷേപങ്ങൾക്ക് ഇൻഷുറൻസ് സംരക്ഷണം.
- സ്വർണ്ണപ്പണയ വായ്പയും ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക വായ്പാ സൗകര്യങ്ങളും.

**കൂടുതൽ വിവരങ്ങൾക്ക് നായൻമാർമൂലയിലുള്ള ബാങ്ക് ഓഫീസിൽ അന്വേഷിക്കുക.**

പ്രസിഡൻറ് : എ.മുഹമ്മദ്



# വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശമാണിത്. എഡനീർ ഭാഗത്തുണ്ടായിരുന്ന നാട്ടെഴുത്തു പള്ളിക്കൂടം മഠം ഏറ്റെടുത്തു. 1920 ൽ മലബാർ ഡിസ്ട്രിക്ക് ബോർഡ് രൂപം കൊണ്ടപ്പോൾ സ്ക്കൂൾ ഡിസ്ട്രിക്ക് ബോർഡിന് വിട്ടുകൊടുത്തു. എഡനീർ ഗവ: സ്ക്കൂൾ ആണ് പഞ്ചായത്തിലെ ആദ്യ വിദ്യാലയങ്ങളിലൊന്ന് . അതേ കാലത്തു തന്നെ പാടിയിലും ചെർക്കളത്തും നായൻമാർമൂലയിലും പ്രൈമറി വിദ്യാലയങ്ങൾ ആരംഭിച്ചു. നാട്ടെഴുത്തു പള്ളിക്കൂടങ്ങളായി ആരംഭിച്ച ഈ സ്ക്കൂളുകൾ ഇന്നത്തെ നിലയിൽ പരിണമിക്കുകയായിരുന്നു. ഐ. ഐ. എ.എൽ.പി.എസ് ചേരൂരിനുമുണ്ട് 70 വർഷത്തെ പഴക്കം. 1935ൽ ആലംപാടിയിൽ എൽ. പി. സ്ക്കൂൾ ആരംഭിച്ചു. 1948ൽ ചെർക്കള ഗവ: സ്ക്കൂളും സ്ഥാപിതമായി. അൻപതിലേറെ വർഷത്തെ പഴക്കമുണ്ട് നായൻമാർമൂല ലോവർ പ്രൈമറി വിഭാഗത്തിന്.

1981ൽ ഈശോ മാർ തിമോത്തിയസ് മെത്രാപ്പോലിത്ത സ്ഥാപിച്ച് ചെർക്കളയിലെ ബധിര വിദ്യാലയം ആ വിഭാഗത്തിൽപ്പെടുന്ന സംസ്ഥാനത്തെ നാലോ അഞ്ചോ സ്ക്കൂളുകളിലൊന്നാണ്. ചിൻമയ മിഷൻ സ്ഥാപിച്ച സി. ബി. എസ്. സി. സിലബസിൽ പ്രവർത്തിക്കുന്ന ചിൻമയ വിദ്യാലയവും പെൺകുട്ടികൾക്കായി റഹ്മാനിയ നഗറിലുള്ള അൺ എയ്ഡഡ് ഹൈസ്ക്കൂളും ഉൾപ്പെടെ എട്ടു ഹൈസ്ക്കൂൾ ചെങ്കള പഞ്ചായത്തിലുണ്ട്. കൂടാതെ അൺ എയിഡഡ് മേഖലയിൽ നാലാംമൈലിൽ ഒരു യു. പി. സ്ക്കൂളും ഉണ്ട്.

| | എൽ.പി. | യു.പി. | എച്ച്.എസ്സ്. | ആകെ |
|---|---|---|---|---|
| ഗവ | 3 | 1 | 3 | 7 |
| പ്രൈവറ്റ് | 6 | 2 | 5 | 13 |
| ആകെ | 9 | 3 | 8 | 20 |

ഇംഗ്ലീഷ് മാധ്യമത്തിൽ നടത്തുന്ന നാല് നഴ്സറി-കം-എൽ. പി. സ്ക്കൂളും പഞ്ചായത്തിലുണ്ട്. എങ്കിലും സാക്ഷരതാ നിലവാരത്തിൽ സംസ്ഥാന ശരാശരിയെക്കാൾ വളരെ പിന്നിലാണ് പഞ്ചായത്ത്.

കഴിഞ്ഞ ദശകത്തെക്കാൾ പ്രാഥമിക-സെക്കണ്ടറി തലത്തിൽ സമൂലമായ മാറ്റം ദർശിക്കുന്നതിന് സാധിക്കും. ആൺ പെൺ വ്യത്യാസമില്ലാതെ 5-14 പ്രായത്തിലുള്ള മിക്ക കുട്ടികളും വിദ്യാലയങ്ങളിൽ എത്തുന്നുണ്ട്. ഉന്നത വിദ്യാഭ്യാസം നേടുകയും സർവ്വകലാശാല ബിരുദമോ, സങ്കേതിക വിദ്യാഭ്യാസമോ ആവശ്യമുള്ള തൊഴിൽ രംഗങ്ങളിൽ കടന്നുകയറുകയും ചെയ്യുന്നവരുടെ എണ്ണം നിരാശാജനകമാണ്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് പഞ്ചായത്തിൽ കലാശാലകളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ല. സ്വാമിജീസ് ഹയർ സെക്കൻററി സ്ക്കൂൾ +2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് ഉപകാരപ്രദമാകുന്നുണ്ട്. മലയാള ഭാഷ ഉപ ഭാഷയായി പഠിക്കാനുള്ള സംവിധാനം ഈ സ്ഥാപനത്തിൽ ഇല്ല. കാസർകോട് ഗവ: കോളേജാണ് പഞ്ചായത്തിൻെറ ഉന്നത വിദ്യാഭ്യാസ ദാഹം പരിഹരിക്കുന്നത്. കോ - ഓപ്പറേറ്റീവ്

മേഖലയിൽ പ്രവർത്തിക്കുന്ന വിവേകാനന്ദ കോളേജും ത്രിവേണി അക്കാഡമി പാരലൽ കോളേജും ഹയർ സെക്കൻററി സ്ഥാപനങ്ങളും പഞ്ചായത്ത് ഉന്നത നിലവാരത്തിന് ആശ്രയിക്കുന്നവയാണ്.

കൂടാതെ വിവിധ അൺഎയിഡഡ് സ്ഥാപനങ്ങ ളിലും പഞ്ചായത്തിനു പുറത്തുമുള്ള വിദ്യാലയങ്ങ ളിലായി എൽ.പി.വിഭാഗത്തിൽ 250 ,യു.പി.120, എച്ച്.എസ്സ്. 100 എന്നിങ്ങനെ പഠിക്കുന്ന കുട്ടിക ളുണ്ട്. പഞ്ചായത്തിൽ ഗവ: സ്ക്കൂളുകളിൽ 145 ഉം സ്വകാര്യ സ്ക്കൂളുളിൽ 271 ഉം അദ്ധ്യാപകരാണു ള്ളത്. പഞ്ചായത്തിൽ ഒരു ഗവ: സ്ക്കൂളിലും എൽ.പി. വിഭാഗത്തോടു ചേർന്ന് പ്രീ-പ്രൈമറി വിദ്യാലയങ്ങളില്ല.

പഞ്ചായത്തിൽ 21 ൽ പരം അംഗൻവാടികളും പത്തോളം നഴ്സറികളും ഉണ്ട്. 3-5 പ്രായ പരിധിയിൽ വരുന്ന ആകെ കുട്ടികളുടെ 15% മാത്രമെ (1200) പ്രീ -പ്രൈമറി - അംഗൻവാടി- നഴ്സറി സ്ക്കൂളുകളിൽ പോകുന്നുള്ളു. തുടർ സാക്ഷരതാ പദ്ധതിയുടെ ഭാഗമായ ജനവിദ്യാ കേന്ദ്രങ്ങളിൽ ഒന്നുപോലും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല.

ആകെ വിദ്യാർത്ഥികളിൽ ആൺ പെൺ അനുപാതം 1:1 ആണ്.

സംസ്ഥാന തലത്തിൽ 1990 മുതൽ സ്ക്കൂളിൽ പ്രവേശനം നേടുന്ന കുട്ടികളുടെ സംഖ്യ ക്രമമായി കുറഞ്ഞു വരികയാണെങ്കിലും പഞ്ചായത്തിൽ ഈ കുറവ് അനുഭവപ്പെടുന്നില്ല. എങ്കിലും അൺ-ഇക്കണോമിക് പട്ടികയിൽ ഉൾപ്പെട്ടിരുന്ന രണ്ട് പ്രൈമറി സ്ക്കൂളുകൾ പഞ്ചായത്തിലും ഉണ്ട്.

മൊത്തം വിദ്യാർത്ഥികളുടെ 5.28 % മാത്രമാണ് പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ. അവരിൽ 9.71% തോറ്റു പഠിക്കുകയും 2.86% ഓരോരോ കാരണങ്ങളാൽ പഠനം നിർത്തുകയും ചെയ്യുന്നു. ഇത് പഠനം നിർത്തുന്ന മറ്റുവിഭാഗങ്ങളുടെ ശരാശരിയെക്കാൾ (2.94%) കുറവാണ്.

ഗൾഫിൽ ജോലിയുള്ളവർ, കച്ചവടക്കാർ, കോൺട്രാക്ടർമാർ, ബീഡിത്തൊഴിലാളികൾ, കർഷകർ, കർഷകത്തൊഴിലാളികൾ, നിർമ്മാണത്തൊഴിലാളികൾ എന്നിങ്ങനെ വിവിധ തുറകളിൽ തൊഴിലെടുക്കുന്നവരാണ് ഈ പ്രദേശത്ത് ഭൂരിപക്ഷം. വിദ്യാഭ്യാസ കാര്യത്തിൽ മാതാപിതാക്കളുടെ ശ്രദ്ധ കുറയുന്നതിന് ഇത് കാരണമാവുന്നു. മൊത്തം അദ്ധ്യാപകരിൽ 65.15%വും വിദ്യാർത്ഥികളിൽ 63.72 %വും സ്വകാര്യ മേഖലയിലാണ്. ഗവ: മേഖലയിൽ നിന്ന് എയ്ഡഡ് അൺ-എയ്ഡഡ് മേഖലയിലേക്ക് കൂട് മാറുന്നവരുടെ എണ്ണം വർദ്ധിച്ച് വരുന്നുണ്ട്. ഭൗതിക സാഹചര്യങ്ങളും ആവശ്യമായ ക്ലാസ്മുറികളും ഫർണിച്ചറും അദ്ധ്യാപകരും സ്വകാര്യ മേഖലയിൽ ലഭ്യമാണ്. കുട്ടികളെയും രക്ഷിതാക്കളെയും ആകർഷിക്കുന്ന ഒരു പ്രധാന ഘടകമാണിത്. എന്നാൽ ഗവ: മേഖലയിൽ പ്രത്യേകിച്ച് ഹൈസ്കൂൾ തലത്തിൽ ആവശ്യത്തിൻെറ പകുതിപോലും ഇവയൊന്നും ലഭ്യമല്ല.

പഞ്ചായത്തിലെ അഞ്ച് ഹൈസ്കൂളുകളിലും വിജയ ശതമാനം 95-96 വർഷത്തിൽ 30 ൽ കുറവാണ്.കഴിഞ്ഞ അഞ്ചു വർഷത്തെ വിജയ നിലവാരം പരിശോധിച്ചാലും വലിയ ഏറ്റക്കുറച്ചിലില്ല.ഗവ: ഹൈസ്ക്കൂളുകൾ ഇക്കാര്യത്തിലും ഏറെ പിന്നിലാണ്.

എസ്സ്.എസ്സ്.എൽ.സി. റിസൽട്ട്

| | 92-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| ജി.എച്ച്.എസ്സ്.ചെർക്കള | 10 | 8 | 8 | 9 |
| ജി.എച്ച്.എസ്സ്.എടനീർ | 18 | 12 | 9 | 20 |
| ജി.എച്ച്.എസ്സ്. ആലംപാടി | 0 | 28 | 30 | 18 |
| ടി.ഐ.എച്ച്.എസ്സ്. നായൻമാർ മൂല | 32 | 37 | 34 | 28 |
| സ്വാമിജീസ് ഹൈച്ച്. എസ്സ്. എടനീർ | 34 | 35 | 20 | 20 |

പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ നിലവാരം ഉയർത്താൻ കൂട്ടായ യത്നം ആവശ്യമാണ്.

പഠന നിലവാരം ശതമാന കണക്കിൽ

| ക്ലാസ് | 30%ൽ താഴെ | 30-40 | 40-50 | 50-60 | 60ന്മേൽ |
|---|---|---|---|---|---|
| 3 | 36 | 15 | 19 | 15 | 15 |
| 4 | 31 | 18 | 16 | 21 | 14 |
| 5 | 37 | 17 | 21 | 14 | 11 |
| 6 | 40 | 17 | 18 | 13 | 12 |
| 7 | 49 | 17 | 9 | 13 | 12 |
| 8 | 50 | 21 | 7 | 10 | 12 |
| 9 | 47 | 20 | 8 | 15 | 10 |
| 10 | 66 | 14 | 12 | 3 | 5 |

# പഞ്ചായത്തിലെ സ്കൂളുകളുടെ സംക്ഷിപ്ത വിവരം

| സ്കൂൾ | | കുട്ടികൾ | | | അദ്ധ്യാപകർ | പട്ടികജാതി_പട്ടികവർഗ്ഗ വിദ്യാർത്ഥികൾ | | | തോറ്റ് പഠിക്കുന്നവർ | | |
|---|---|---|---|---|---|---|---|---|---|---|---|
| | | ആൺ | പെൺ | ആകെ | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| ഗവ: എൽ.പി. എരുതുംകടവ് | ഗവ: | 62 | 66 | 128 | 5 | _ | 4 | 4 | – | – | – |
| ഗവ: എൽ.പി. കല്ലുംകൂട്ടം | ഗവ: | 47 | 54 | 101 | 5 | 3 | 3 | 6 | – | – | – |
| ജൂനിയർ ബേസിക് സ്കൂൾ, പിലാംകട്ട | ഗവ: | 129 | 146 | 275 | 9 | 17 | 18 | 35 | 2 | 1 | 3 |
| ഫാത്തിമ എ.എൽ.പി. നാരംപാടി | എയിഡഡ് | | | | | | | | | | |
| എ.എൽ.പി. പുണ്ടൂർ | " | | | | | | | | | | |
| ഐ.ഐ.എ.എൽ.പി. ചേരൂർ | " | 185 | 165 | 350 | 12 | – | – | – | – | – | – |
| ഐ.ഐ.എ.എൽ.പി. ചെങ്കള | " | 57 | 61 | 118 | 5 | – | – | – | – | – | – |
| വി.എ.എൽ.പി. പാടി | " | 73 | 57 | 130 | 5 | 5 | 3 | 8 | – | – | – |
| എ.എൽ.പി. പാണാർകുളം | " | 140 | 134 | 274 | 10 | 6 | 2 | 8 | – | 1 | 1 |
| ജി.എം.യു.പി. ചെർക്കള | ഗവ: | 127 | 137 | 264 | 8 | – | – | – | – | – | – |
| എ.കെ.എം.എം.എ.യു.പി. പൈക്ക | എയിഡഡ് | 329 | 331 | 660 | 21 | 45 | 46 | 91 | 6 | _ | 6 |
| എം.എ.യു.പി. കല്ലക്കട്ട | " | 200 | 177 | 377 | 13 | 68 | 61 | 129 | 6 | 7 | 13 |
| ഗവ: ഹൈസ്കൂൾ ചെർക്കള | ഗവ: | 759 | 799 | 1558 | 36 | 9 | 17 | 26 | 3 | 8 | 11 |
| ഗവ: ഹൈസ്കൂൾ എടനീർ | " | 598 | 528 | 1126 | 38 | 81 | 65 | 146 | 1 | 10 | 11 |
| ഗവ: ഹൈസ്കൂൾ ആലംപാടി | " | 632 | 515 | 1147 | 31 | – | 1 | 1 | – | 1 | 1 |
| ടി.ഐ.എച്ച്.എസ്. നായൻമാർമൂല | എയിഡഡ് | 1748 | 1550 | 3298 | 81 | 21 | 25 | 46 | 10 | 1 | 11 |
| സ്വാമിജീസ് ഹൈസ്കൂൾ എടനീർ | " | 201 | 190 | 391 | 23 | 54 | 51 | 105 | 5 | 2 | 7 |
| മാർത്തോമ്മാ സ്കൂൾ (ബധിര) ചെർക്കള | സ്പെഷ്യൽ | 52 | 39 | 91 | 12 | – | – | – | – | – | – |
| ചിൻമയ വിദ്യാലയം വിദ്യാനഗർ | സി.ബി.എസ്സി | 472 | 383 | 855 | 55 | 4 | 6 | 10 | – | 1 | 1 |
| എൻ.എ. ഹൈസ്കൂൾ ഫോർ ഗേൾസ് റഹ്മാനിയാ നഗർ | അൺ എയിഡഡ് | 36 | 34 | 70 | 4 | – | – | – | – | – | – |

## സ്കൂളിലെ അക്കാദമിക സ്ഥിതി വിവര പട്ടിക (ഗവ:_ഉം എയിഡഡും)

| | ലൈബ്രറി | ലാബ് | റേഡിയോ | ടേപ്പ് റിക്കാർഡർ | സിനിമ പ്രോജക്റ്റർ | സ്ലൈഡ് പ്രൊജക്റ്റർ | മൈക്ക് |
|---|---|---|---|---|---|---|---|
| ഉള്ളത് | 6 | 1 | 5 | 5 | _ | _ | 1 |
| ഇല്ലാത്തത് | 12 | 1 | 13 | 13 | 18 | 18 | 17 |

14 ഗ്രാമസഭകളിലും പോതു വിദ്യാഭ്യാസ രംഗം സജീവ ചർച്ചക്കു വിധേയമായി. ഓരോ വാർഡിലും തനതായ ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഹൈസ്ക്കൂളുകളുടെ സ്ഥിതി കൂടുതൽ ശോചനീയമാണ്.

### ഗവ: സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ വിവരം:

| സ്കൂൾ | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ | സ്ഥല വിസ്തീർണ്ണം ഏക്കറിൽ | ക്ലാസ് മുറികൾ | | ഡിവിഷൻ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|
| | | | | വേണ്ടത് | ഉള്ളത് | | | | | |
| ജി.എച്ച്.എസ് ചെർക്കള | 1558 | 36 | 3.04 | 39 | 17 | 28 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| ജി.എച്ച്.എസ് എടനീർ | 1126 | 38 | 3.5 | 27 | 14 | 27 | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| ജി.എച്ച്.എസ് ആലംപാടി | 1147 | 31 | 3 | 31 | 14 | 23 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ജി.എം.യു.പി. എസ്.ചെർക്കള | 264 | 8 | 2.87 | 8 | 8 | 7 | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| ജി.ജെ.ബി.എസ് പിലാംകട്ട | 275 | 9 | 2.5 | 9 | 5 | 9 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| ജി.എൽ.പി.എസ് എരുതുംകടവ് | 128 | 5 | 1.00 | 4 | _ | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| ജി.എൽ.പി.എസ് കല്ലുംകൂട്ടം | 101 | 5 | 1.00 | 5 | 5 | 4 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |

### എയിഡഡ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളുടെ വിവരം

| സ്കൂൾ | ആകെ കുട്ടികൾ | ആകെ അദ്ധ്യാപകർ | സ്ഥല വിസ്തീർണ്ണം ഏക്കറിൽ | ക്ലാസ് മുറികൾ | | ഡിവിഷൻ | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|---|---|---|---|
| | | | | വേണ്ടത് | ഉള്ളത് | | | | | |
| ടി.ഐ.എച്ച്.എസ് നായൻമാർമൂല | 3298 | 81 | 4.54 | 64 | 64 | 58 | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| സ്വാമിജീസ് എച്ച്..എസ് | 391 | 23 | 5 | 2C | 20 | 11 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എ.യു.പി.എസ് പൈക്ക | 660 | 21 | 1.75 | 23 | 20 | 18 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല |
| എം.എ.യു.പി എസ്.കല്ലക്കട്ട | 377 | 13 | 4.36 | 15 | 11 | 11 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| എ.എൽ.പി.ചെങ്കള | 118 | 5 | 2.00 | 4 | 4 | 4 | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| എ.എൽ.പി.ചേരൂർ | 350 | 12 | 1.03 | 12 | 11 | 10 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| വി.എ.എൽ.പി.പാടി | 130 | 5 | 1.00 | 6 | 4 | 4 | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല |
| എ.എൽ.പി.പാണാർക്കുളം | 274 | 9 | 2 | 13 | 13 | 8 | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് |
| ഫാത്തിമ.എൽ.പി നാരംപാടി | | | | | | | | | | |
| എ.എൽ.പി.പിണ്ടൂർ | | | | | | | | | | |

നാട്ടുകാരുടെയും സന്നദ്ധ സംഘങ്ങളുടേയും ഇട പെടലും മാതൃ സംഗമങ്ങളും സജീവമായ പി.ടി.എ.കളും, പഞ്ചായത്തു സമിതികളുടേയും ഡിപ്പാർട്ടുമെൻറിൻേറയും ശ്രദ്ധയും മാതാ പിതാക്കൾക്ക് ശരിയായ ബോധവത്ക്കരണവും ഉണ്ടായാൽ മാത്രമെ ഈ രംഗത്ത് ക്രിയാത്മകവും ഗുണപരവുമായ പരിവർത്തനം സാദ്ധ്യമാകൂ. അതിനുള്ള ശ്രമങ്ങൾ കുറെയൊക്കെ ഉണ്ടായെങ്കിലും ശരിയായ വിധത്തിൽ മുന്നോട്ടു പോയിട്ടില്ല.

പൊതുവായി പരാമർശിക്കപ്പെട്ട വിഷയങ്ങളമുണ്ട് അവ താഴെ പ്പറയുന്ന വിധം ക്രോഡീകരിക്കാം.

## പ്രശ്നങ്ങൾ

അഞ്ച്,ഒൻപത് പ്രായത്തിലുള്ള കുട്ടികൾക്ക് കുറഞ്ഞ ദൂരത്തിൽ ആവശ്യമായത്ര എൽ.പി. സ്കൂളുകളില്ല.

ചേരൂർ നിന്നു നാലു കി.മി. അകലെയാണ് യു.പി.സ്ക്കൂൾ.

ചേരൂർ,പൈക്ക,കല്ലക്കട്ട പ്രദേശങ്ങളിൽ നിന്നും നാല് കി.മി. അകലെയാണ് ഹൈസ്ക്കൂൾ.

ബിലാൽ നഗ ിലും കോപ്പ നാലത്തടുക്കയിലും മലയാളം പഠിക്കുന്നതിന് സ്ക്കൂളുകളില്ല.

സ്ക്കൂളുകളുടെ ഭാഗമായി പ്രീ-പ്രൈമറി സ്ക്കൂളുകളില്ല.

ഗവ: സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം അതി ശോചനീയമാണ്. ആവശ്യത്തിന് കെട്ടിടം, അധ്യാപകർ, ഫർണിച്ചർ, കളിസ്ഥലം, പ്രാഥമിക സൗകര്യങ്ങൾ, കുടിവെള്ളം, സ്പോർട്ട്സ് ഉപകരണങ്ങൾ, പ്രവർത്തിക്കുന്ന ലൈബ്രറികൾ, ലാബുകൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഇവയൊന്നും ഇല്ല.

അദ്ധ്യാപകരിൽ ബഹു ഭൂരിപക്ഷവും വിദൂര ദേശങ്ങളിൽ നിന്നുള്ളവരാണ്. അവർക്കാവശ്യമായ ക്വാർട്ടേഴ്സുകളോ മതിയായ താമസ സൗകര്യങ്ങളോ ഇല്ല.

സ്ക്കൂളുകളിൽ എല്ലാ തലത്തിലും നിലവാരത കർച്ചയുണ്ട്.

അക്ഷര പരിജ്ഞാനക്കുറവ് കാണപ്പെടുന്നു.

ഉപരി വിദ്യാഭ്യാസത്തിന് സൗകര്യം കുറവാണ്.

സാങ്കേതിക വിദ്യാലയങ്ങളില്ല.

എസ്. സി- എസ്. ടി. കുട്ടികൾക്ക് ഹോസ്റ്റൽ സൗകര്യം ഇല്ല.

സ്ക്കൂൾ അറ്റകുറ്റപണികൾ നടക്കുന്നില്ല.

പി. ടി. എ. കൾ ശരിയായി പ്രവർത്തിക്കുന്നില്ല.

എസ്സ്. എസ്സ്. എൽ. സി. വിജയ ശതമാനം വളരെ കുറവാണ്.

പാടിയിൽ നിന്ന് എടനീർ സ്ക്കൂളിലേക്കും കല്ലുംകൂട്ടം സ്ക്കൂളിൽ നിന്ന് ചെർക്കള മാപ്പിള യു.പി. യിലേക്കും വരുന്നതിന് പൊതുവഴികളില്ല. ചെർക്കള ഹൈസ്ക്കൂളിൽ അനുവദിച്ച കമ്പ്യൂട്ടർ കോഴ്സ് സ്ഥലപരിമിതിമൂലം ആരംഭിക്കാൻ സാധിച്ചിട്ടില്ല.

കെട്ടിടങ്ങൾ തകർന്നത് മൂലം മരച്ചുവട്ടിൽ ക്ലസുകൾ നടത്തുന്ന സ്ക്കൂളുകളുമുണ്ട്.

തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ നിന്നുപോയി.

ചെർക്കള ഗവ: മാപ്പിള യു. പി. സ്ക്കൂളിൻെറ സ്ഥലം അന്യാധീനപ്പെടുന്നുണ്ട്.

അധ്യാപകർ സ്ഥലം മാറുകയും ലീവ് എടുക്കുകയും ചെയ്യുന്നതിനു പകരം നിയമനം നടക്കുന്നില്ല.

അദ്ധ്യാപകർ ചാർജ്ജെടുത്ത ഉടൻ അവധിയിൽ പ്രവേശിക്കുന്ന പ്രവണത വർദ്ദിക്കുന്നു.

സർക്കാർ-സ്വകാര്യ സ്ക്കൂളുകളിലായി പതിനാല് പി. ടി. എ. കമ്മിറ്റികളും പതിനൊന്ന് മദർ പി. ടി. എ. കമ്മിറ്റികളും സജീവമായി പ്രവർത്തിക്കുന്നു. ജി. എച്ച്. എസ്. എടനീരിൽ എട്ടു കുട്ടികൾക്കും എ. യു. പി. എസ്. പൈക്കയിൽ 25 കുട്ടികൾക്കും മെറിറ്റ് സ്കോളർഷിപ്പുകൾ ലഭിച്ചിട്ടുണ്ട്.

## സാധ്യതകൾ

1. ഈ പ്രദേശത്തിൻേറ പഠന നിലവാരം ഉയർത്തണമെങ്കിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങളെ കൂടുതൽ പഠന വിധേയമാക്കണം. പഠനത്തിനപ്പുറത്ത് കലാ-കായിക പ്രവർത്തനം, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, സയൻസ് ക്ലബ്ബുകൾ, ലൈബ്രറി, ലാബോറട്ടറി, പ്രാഥമികാവശ്യത്തിനുള്ള സൗകര്യങ്ങൾ, കളിസ്ഥലം, ഫർണിച്ചർ, കുടിവെള്ളം ഇവയൊക്കെ ഉണ്ടായിരിക്കണം. പഠന യാത്രകൾ പ്രോൽസാഹിപ്പിക്കണം.

2. എല്ലാ പ്രാഥമിക വിദ്യാലയങ്ങളോടും ചേർന്ന് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.

3. സ്ക്കൂളുകൾ ആവശ്യമുള്ള സ്ഥലങ്ങൾ പരിശോധിച്ച് എൽ. പി., യു. പി., എച്ച്. എസ്സ്. ഇവ മുൻഗണനാ ക്രമത്തിൽ അനുവദിക്കുക.

4. മലയാളം സ്ക്കൂളുകൾ ഇല്ലാത്തിടത്ത് ആവശ്യമായ മലയാളം സ്ക്കൂളുകളും കന്നട സ്ക്കൂളുകളിൽ ആവശ്യമായസ്ഥലങ്ങളിൽ മലയാളം ഡിവിഷനുകളും ആരംഭിക്കുക. കന്നട ഡിവിഷനുകൾ ആവശ്യമായിടത്ത് തുടങ്ങുക.

5. ഗവ: വിദ്യാലയങ്ങൾക്ക് ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളും, ലൈബ്രറി, ലാബ്, സ്റ്റാഫ് മുറി, ഓഫീസ് മുറി ഇവയുണ്ടാക്കുക.

6. എല്ലാ വിദ്യാലയങ്ങൾക്കും ചുറ്റുമതിൽ, മൂത്രപ്പുര, കക്കൂസ്, കളിസ്ഥലം, കുടിവെള്ളം ഇവയുണ്ടാക്കുക.

7. വിദ്യാലയങ്ങളിൽ ആവശ്യമായത്ര ഡസ്ക്, ബഞ്ച്, മേശ, കസേര, ഓഫീസ് ഉപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ ഇവ നൽകുക. വൈദ്യുതീകരിക്കാത്ത സ്ക്കൂളുകൾ വൈദ്യുതീകരിക്കുക.

8. വിദ്യാലയങ്ങളുടെ സർവ്വതോമുഖമായ വികസനത്തിന് വിദ്യാഭ്യാസ വികസന സമിതികൾ എല്ലാ സ്ക്കൂളിനോടും അനുബന്ധിച്ച് കർമ്മസമിതികളായി രൂപീകരിക്കുക.

9. നിയമനങ്ങളും സ്ഥലം മാറ്റങ്ങളും സകൂൾ വർഷാരംഭത്തിന് മുമ്പേ പൂർത്തിയാക്കുക. ലീവിലാകുന്ന അധ്യാപകർക്ക് പകരം ഉടൻ നിയമനം നടത്തുക.

10. അധ്യാപകർക്ക് ആവശ്യമായ ക്വാർട്ടേഴ്സുകൾ നിർമ്മിക്കുക.

11. സ്കൂൾ പി. ടി. എ, മദർ പി. ടി. എ. ഇവ സ്കൂൾ വർഷാരംഭത്തിൽ തന്നെ രൂപീകരിക്കുകയും, പ്രവർത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

12. ആവശ്യമായ എല്ലാ കുട്ടികൾക്കും ഉച്ചക്കഞ്ഞി ജനകീയ പങ്കാളിത്തത്തോടെ നൽകുക.

13. നിലവിലുള്ള എല്ലാ ഹൈസ്കൂളുകളിലും പ്ലസ്ടു ആരംഭിക്കുക.

14. പട്ടികജാതി വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക വിഭാഗങ്ങൾക്കും ഹോസ്റ്റൽ സൗകര്യം നൽകുക.

15. വായന ശാലകളും തുടർ വിദ്യാകേന്ദ്രങ്ങളും ആരംഭിക്കുക.

16. സ്കൂളുകളിലേക്ക് പൊതു വഴികൾ ഉണ്ടാക്കുക.

17. വാർഷിക അറ്റകുറ്റപ്പണികൾ നടത്തി കെട്ടിടത്തിന്റെ സുരക്ഷിതത്വം ഉറപ്പ്വരുത്തുക.

18. സ്കൂളിനോടനുബന്ധിച്ച് പച്ചക്കറി കൃഷി നടപ്പാക്കുക.

19. എല്ലാ സ്കൂളുകളിലും പി. ഇ. ടി. അടക്കമുള്ള സ്പെഷ്യലിസ്റ്റ് അധ്യാപകരെ നിയമിക്കുക.

20. സാങ്കേതിക വിദ്യാലയങ്ങൾ തുടങ്ങുക.

21. മാതൃ ഭാഷ പഠിക്കുന്നതിന് സഹായകമാകും വിധം സ്ഥാപനങ്ങളെ പുനർ ക്രമീകരിക്കുകയും മലയാളം എൽ. പി. സ്കൂളുകൾ ആരംഭിക്കുകയും ചെയ്യുക.

22. പുസ്തകങ്ങൾ കൃത്യമായി ലഭിക്കുന്നതിന് നടപടി സ്വീകരിക്കുക.

23. ചെർക്കള മാപ്പിള സ്കൂൾ ഉൾപ്പെടെയുള്ള സ്കൂളുകളുടെ വസ്തുവകകൾ അന്യാധീനപ്പെട്ട് പോവുന്നത് തടയുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. എല്ലാ വിദ്യാലയങ്ങളുടേയും ഭൂമി സമയബന്ധിതമായി അളന്നു തിട്ടപ്പെടുത്തുക.

ഗ്രാമസഭയിൽ നിന്നുയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശങ്ങളും വിശ്കലനം ചെയ്താൽ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളും സർക്കാറും കൂട്ടായ പ്രവർത്തനത്തിലേർപ്പെട്ടാൽ മാത്രമെ പരിഹ രിക്കാൻ കഴിയൂ എന്ന് കാണാം. ഭൗതിക സാഹ ചര്യങ്ങൾ മെച്ചപ്പെടുത്താനും അധ്യാപക നിയമനം ശരിയായി നടത്താനും ജില്ലാ പഞ്ചായത്തിന്റെയും സർക്കാറിന്റെയും സഹായ സഹകരണങ്ങൾ കൂടിയേകഴിയൂ.

അടിസ്ഥാന സൗകര്യങ്ങളും അനുകൂല സാഹചര്യങ്ങളും ഒരുക്കുന്നതിലൂടെ ഓരോ സ്കൂളും നാടിന്റെ സാമൂഹ്യ സാസ്കാരിക ഉന്നമനത്തിന്റെ കേന്ദ്ര സ്ഥാനങ്ങളായി വളരണം. വിദ്യാർത്ഥിക്കു മാത്രമല്ല മുതിർന്നവർക്കും നാടിന്റെ സർവതോമുഖമായ പുരോഗതിയുടെ കേന്ദ്രങ്ങളായി വിദ്യാലയങ്ങൾ അനുഭവപ്പെടണം. കൂട്ടായ്മയിലൂടെയും സേവനത്തിലൂടെയും പഞ്ചായത്തിലെ വിദ്യാഭ്യാസ രംഗത്ത് ഒരു പുതിയ തുടക്കം കുറിക്കാം.



# കുടിവെള്ളവും ആരോഗ്യവും

ഒരു ജനതയുടെ ആരോഗ്യ പുരോഗതി സൂചകങ്ങളിലൊന്നാണ് കുടിവെള്ളത്തിന്റെ ലഭ്യതയും ഗുണനിലവാരവും.പഞ്ചായത്തിലെ ഭൂരിഭാഗവും ജനങ്ങളും കുടിവെള്ളത്തിനായി കിണറുകളെയാണ് ആശ്രയിക്കുന്നത്. കിണറുകളിൽ നല്ലൊരു പങ്കും ശരിയായ രീതിയിൽ സംരക്ഷിക്കപ്പെട്ടിട്ടില്ല. തൻമൂലം ജലം മലിനമാവാൻ സാധ്യതയുണ്ട്. ഗ്രാമ പഞ്ചായത്തിൽ കേരള വാട്ടർ അതോറിറ്റിയുടെ നാല് പദ്ധതികൾ ചെർക്കള, പൈക്ക, പടുവടുക്കം, കോപ്പ ഭാഗങ്ങളിലായി പ്രവരത്തിക്കുന്നുണ്ട്. ഏകദേശം 40-ഓളം ടാപ്പുകൾ ഈ വിതരണ ശൃംഖലയിൽ ഉണ്ടെങ്കിലും മിക്കവയും ഉപയോഗശൂന്യമാണ്. 58 കുഴൽ കിണറുകൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ടെങ്കിലും പലതിൽ നിന്നും ശുദ്ധജലം ലഭ്യമല്ല. പഞ്ചായത്തിലെ കുടിവെള്ളസ്രോതസ്സുകളുടെ വിശദവിവരങ്ങൾ താഴെ പട്ടിക ഒന്നിൽ കൊടുത്തിരിക്കുന്നു.

പട്ടിക ഒന്ന്

| സാനിറ്ററി വെൽ | സാധാരണ കിണർ | കുഴൽ കിണർ | പൊതു കിണർ | പൊതു വിതരണ ടാപ്പുകൾ |
|---|---|---|---|---|
| 1923 | 1879 | 58 | 30 | 40 |

(അവലംബം പഞ്ചായത്ത് സർവേ)

പല പ്രദേശങ്ങളിലും കുടിവെള്ളം ശേഖരിക്കുന്നതിനുവേണ്ടി ഒന്നു മുതൽ രണ്ടു കിലോ മീറ്റർ വരെ സഞ്ചരിക്കേണ്ടിവരുന്നു. വേനൽക്കാലത്ത് പകുതിയോളം കിണറുകളിൽ ജലം വറ്റിപ്പോകുന്നു. പഞ്ചായത്തിന്റെ വിവധ വാർഡുകളിൽ നടന്ന വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രശ്നങ്ങളും നിർദ്ദേശിക്കപ്പെട്ട പരിഹാര മാർഗ്ഗങ്ങളും വിശകലനത്തിനായി ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ മിക്ക ഭാഗങ്ങളിലും വേനൽക്കാലത്ത് രൂക്ഷമായ കുടി വെള്ളക്ഷാമം അനുഭവപ്പെടുന്നു.

2. മഴക്കാലത്ത് പുഴയോരത്തെ വീടുകളിലെ കിണറുകളിൽ (1,2,3,വാർഡ്) പുഴവെള്ളം കയറി ഉപയോഗ്യമല്ലാതായി മാറുന്നു.

3. പല പ്രദേശങ്ങളിലും കുടിവെള്ള ത്തിനായി ഒന്നു മുതൽ രണ്ടു കി.മീ. വരെ നടക്കേണ്ടി വരുന്നു.

4. പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈനിൽ സ്ഥിരമായി വെള്ളമില്ല.

## നിർദ്ദേശിക്കപ്പെട്ട പരിഹാര മാർഗ്ഗങ്ങൾ

1. പുഴക്കരയിലുള്ള പ്രദേശങ്ങളിൽ പുഴയിലെ വെള്ളം ശുദ്ധീകരിച്ച് വിതരണം ചെയ്യുക.

2. കേരള വാട്ടർ അതോറിറ്റിയുടെ പൈപ്പ് ലൈൻ പഞ്ചായത്തിൻെറ പരമാവധി ഭാഗങ്ങളിൽ എത്തിക്കുക.

3. കല്ലുവിള, കട്ടാരം കാച്ചിക്കാട്, ചെങ്കള സ്കൂൾ, ചേരൂർ കുന്ന്, സ്റ്റാർ നഗർ, ആലക്കാൽ കുന്ന്, റഹ്മാനിയ നഗർ, പന്നിപ്പാറ, ന്യൂ കോപ്പ, ബാരിക്കാട് എസ്.ടി. കോളനി, നാലത്തടുക്ക നോർത്ത്, ബെന്നടുക്ക, കല്ലക്കട്ട സ്കൂൾ, ചെണ്ടൻറടി, ചിത്താരി, എരിയപ്പാടി, പാറക്കെട്ട്, കരിമ്മാനം, പുതിയാലക്കാൽ, തൂക്കിയ മൂല, ചെറിയാലമ്പാടി, ആലംപാടി, സി.എച്ച്. നഗർ, നെല്ലിക്കട്ട, റഹ്മത്ത് നഗർ, കടമ്പട്ട, ബിലാൽ നഗർ, മാങ്കുണ്ട്, നെല്ലിക്കട്ട താഴെ, എതിർതോട് കോളനി, കളരി, കണ്ണാടിപ്പാറ, പെർഡ്ലമൂല, ഒടമ്പള, കൊല്ലംപാടി, ചെർക്കള, കൈലാർ നഗർ, പാടിയടുക്കം, ചെമ്പയിൽ കോളനി, മേനങ്കോട്, ബേർക്ക, നെക്രാജെക്ക് സമീപം, ഉട്ടം എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക.

4. കട്ടാരം, എളിഞ്ച, മുള്ളംപാടി, നാലത്ത ടുക്ക, പയോട്ട, ഊജംകോട്, ബാലടുക്കം, ഉട്ടം, മടക്കം മീത്തൽ ബേർക്ക എന്നിവിടങ്ങളിൽ പൊതു കിണറുകൾ സ്ഥാപി ക്കുക.

5. ബാഞ്ചാർ മൂല ഹരിജൻ കോളനി, കല്ലക്കട്ട ന്യൂ കോളനി, അജക്കോട് ഹരിജൻ കോളനി, എതൃത്തോട് ഹരിജൻ കോളനി, അതിർക്കുഴി, ബാലടുക്കം, മടക്കത്ത്മൂല എന്നിവിടങ്ങളിലെ കുഴൽ കിണറു കൾ റിപ്പയർ ചെയ്യുക.

6. എതിർത്തോട് ഹരിജൻ കോളനിയിലെ പൊതുകിണർ റിപ്പയർ ചെയ്യുക.

7. സി. എച്ച്. നഗറിലെ കിണർ വൃത്തിയാ ക്കി ആഴം കൂട്ടുക.

8. കല്ലുംകൂട്ടം മൈനർ ഇറിഗേഷൻ പദ്ധതി അടിയന്തിരമായി പൂർത്തിയാക്കുക.

9. പഞ്ചായത്ത് ഓഫീസ് കുണ്ടടുക്കം, അളക്ക, കെ. കെ. പുറം, ഊജങ്കോട്, ബേർക്ക, ചെറിയാലംപാടി, എരിയപ്പാടി ലക്ഷം വീട് കോളനി, വി. കെ. പാറ, പൈക്ക കോളനി, ബാലടുക്കം, ബംബ്രാണി നഗർ, പള്ളിവളപ്പ് എന്നീ സ്ഥലങ്ങളിലേക്ക് കെ. ഡബ്ല്യു. എ. യുടെ പൈപ്പ് ലൈൻ നീട്ടുക.

10. വി. കെ. പാറയിൽ ടാങ്ക് നിർമ്മിച്ച് ബേവിഞ്ച വയലിൽ കുഴൽ കിണർ കുഴിച്ച് വെള്ളം പമ്പ് ചെയ്താൽ ചെങ്കള പഞ്ചായത്തിൻെറ എല്ലാ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കാൻ കഴിയും.

11. നായമ്മാർമൂല-ആലംപാടി പൈപ്പ് ലൈൻ റിപ്പയർ ചെയ്യുക.

12. ഉട്ടം എന്ന സ്ഥലത്തെ പഞ്ചായത്ത് കുളത്തിൽ നിന്നും പൈപ്പ് ലൈൻ വഴി പരിസര പ്രദേശങ്ങളിലേക്ക് കുടിവെള്ളം എത്തിക്കുക.

13. ബനതടി എസ്. ടി. കോളനി, ബാലടുക്ക, കോളിക്കട്ട, മാളംകൈ, ബംബ്രാണ നഗർ, കെ. കെ. പുറം, ബാലടുക്ക, ബീട്ടിയടുക്ക- പള്ളിവളപ്പ്, കുഞ്ഞിക്കാനം, പിലാങ്കട്ട, പടിഞ്ഞാറ മൂല, പാണലം, മാര, കുണ്ടകൈദ്മാനം, ഇന്ദിരാ നഗർ , വി. കെ. പാറ, ന്യൂ ബേവിഞ്ച ചെർക്കള ടൗൺ എന്നീ സ്ഥലങ്ങളിൽ ബോർവെൽ കുഴിച്ചുനോക്കേണ്ടതാണെന്ന് അഭിപ്രായം ഉയർന്നുവന്നിട്ടുണ്ട്.

അതുപോലെതന്നെ എല്ലാ സ്ഥലങ്ങളിലും ബോർവെൽ കുഴിച്ചുകൊടുക്കുന്നതിന് പകരം നിലവിലുള്ള കിണർ, കുളം എന്നീ ജല സ്രോതസുകളിൽ നിന്നും വെള്ളം പമ്പ് ചെയ്തു മിനിവാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കുന്നതിന് മുൻഗണന നൽകണമെന്ന അഭിപ്രായം ബന്ധപ്പെട്ട പഞ്ചായത്ത് മെമ്പർമാരിൽ നിന്നും ഉയർന്നുവന്നിട്ടുണ്ട്.

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു.

1. I, VIII, XIV വാർഡുകളിലെ

| | പദ്ധതി പ്രദേശം | പ്രയോജനം ലഭിക്കുന്ന വാർഡുകൾ |
|---|---|---|
| 1. | ന്യൂ ബേവിഞ്ച | I, II, VIII, XIV |
| 2. | ഇടനീർ | VII, IX |
| 3. | റഹ്മാനിയ നഗർ | IV, XIII, VI |
| 4. | പാണലം ജീലാനി നഗർ | III, XIII |
| 5. | ചൂരിപ്പള്ളം | X, XII |
| 6. | മാവിനക്കട്ട | XI, XII |
| 7. | വീട്ടിയടുക്കം | XI, XII |
| 8. | കല്ലക്കട്ട | V, VII |
| 9. | ചെർക്കള കാനത്തും കുണ്ട് | I, VIII, XIV |
| 10. | പാറക്കെട്ട് ബംബ്രാണ നഗർ | XIV, XIII, IX |
| 11. | എരിപ്പാടി | VI, XIII |

കുടിവെള്ള ലഭ്യത ഒരു വ്യക്തികത പ്രശ്നമെന്നതിലുപരി ഒരു സാമൂഹ്യബാദ്ധതയായി കണക്കാക്കണം. പഞ്ചായത്ത് മുഴുവൻ ജലവിതരണം നടത്തുവാൻ കഴിയുന്ന പദ്ധതികൾ അടിയന്തിരമായി ആവിഷ്കരിച്ച് നടപ്പിലാക്കണം. നിലവിലുള്ള സ്രോതസുകൾ ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിലേക്കായി വ്യാപകമായി ബോധവൽക്കരണം നടത്തണം.മഴക്കാലത്ത് ഉപരിതലത്തിൽ ലഭിക്കുന്ന .ജലത്തിൽ ഏറിയ പങ്കും പുഴകളിലേക്ക് ഒഴുകിപ്പോവുകയാണ് ചെയ്യുന്നത്. ഈ ജലം ഉപയോഗ ശൂന്യമായ കുളങ്ങളിലും അതുപോലെയുള്ള മറ്റു സ്ഥലങ്ങളിലും ശേഖരിക്കുകയാണെങ്കിൽ ഭൂഗർഭ ജലത്തിൻെറ അളവ് കൂട്ടാനും അതു വഴി വേനൽക്കാലത്ത് കിണറുകളിലേയും മറ്റും ജലം വറ്റുന്നത് ഒരു പരിധി വരെ തടയാനും കഴിയും. കുടി വെള്ളം ജനങ്ങുടെ പ്രാഥമികാവശ്യമാണ്. കൂട്ടായ്മ യോടു കൂടിയ എല്ലാ സാധ്യതകളും വിനിയോഗിച്ച് ജലക്ഷാമം പരിഹരിക്കപ്പെടണം.

## ആരോഗ്യം

ആരോഗ്യമുള്ള ജനത ഒരു നാടിൻെറ സമ്പത്താണ്. പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തതയും ആരോഗ്യകരമായ ജീവിത രീതികളെക്കുറിച്ചുള്ള അറിവില്ലായ്മയും പഞ്ചായത്തിലെ ജനതയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ആശുപത്രിയും മരുന്നും ഡോക്ടറും ചേർന്നാൽ ആരോഗ്യമായി എന്ന വികലമായ കാഴ്ചപ്പാട് ഇന്നും ഒരു വിഭാഗം ജനങ്ങളിൽ നില നിൽക്കുന്നു. ഈ അവസ്ഥമാറണം. ശുദ്ധവായു , ശുദ്ധജലം , പോഷകഹാരം, ശുചിത്വം എന്നിവക്ക് പ്രാധാന്യം നൽകിയാലേ ആരോഗ്യ രംഗത്ത് പുരോ ഗതികൈവരിക്കാൻ കഴിയൂ. അന്ധവിശ്വാസങ്ങളും മന്ത്രവാദവും മറ്റും ഇപ്പോഴും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ നില നിൽക്കുന്നു. പഞ്ചായത്തിൽ സർക്കാർ തലത്തിൽ ഒരു പ്രാഥമികാ രോഗ്യകേന്ദ്രവും അതിനോടനുബന്ധിച്ച് 5 കുടുംബ ക്ഷേമ ഉപകേന്ദ്രങ്ങളും ഒരു ഹോമിയോ ഡിസ്പൻസറിയും ആയുർ വേദാശുപത്രിയും പ്രവർത്തിക്കുന്നു. കൂടാതെ സ്വകാര്യമേഖലയിൽ അലോപ്പതി, ഹോമിയോ ആശുപത്രികളും വൈദ്യശാലകളും പ്രവർത്തിക്കുന്നു. പാരമ്പര്യ വൈദ്യൻമാരും പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്നു.

പഞ്ചായത്തിൽ സർക്കാർ തലത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യ സ്ഥാപനങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക-2

| ആരോഗ്യ സ്ഥാപനം | സ്ഥിതി സ്ഥചെയ്യുന്ന സ്ഥലം | ജീവനക്കാരുടെ എണ്ണം | കെട്ടിടം |
|---|---|---|---|
| പ്രാഥമികാരോഗ്യ കേന്ദ്രം | ചെർക്കള | 12 | സ്വന്തം |
| കുടുംബക്ഷേമ ഉപകേന്ദ്രം | വിദ്യാനഗർ | 1 | സ്വന്തം |
| ,, | ആലംപാടി | 1 | വാടക |
| ,, | ചേരൂർ | 1 | സ്വന്തം |
| ,, | പുണ്ടൂർ | 1 | ,, |
| ,, | എതിർത്തോട് | 1 | ,, |
| ഹോമിയോ ആശുപത്രി | നായൻമാർമൂല | 3 | ,, |
| ആയുർവേദ ആശുപത്രി | നാലാംമൈൽ | 4 | ,, |

പട്ടിക-3

| വർഷം | ജനനം | മരണം |
|---|---|---|
| 1993 | 337 | 107 |
| 1994 | 223 | 135 |
| 1995 | 240 | 121 |
| ആകെ | 800 | 361 |

## ശുചിത്വം

ആരോഗ്യ നിലവാരത്തിന്റെ ഒരു പ്രധാന സൂചകമാണ് ശുചിത്വം. പഞ്ചായത്തിൽ കക്കൂസ് ഉള്ള വീടുകളുടെ എണ്ണം 25 ശതമാനത്തിൽ താഴെയാണ്. നിലവിലുള്ള കക്കൂസുകളിൽ പലതും ആരോഗ്യ പരമായ ഗുണനിലവാരം ഇല്ലാത്തവയാണ്. വിവിധരോഗങ്ങളുടെ പ്രതിരോധ നടപടികളിൽ സുപ്രധാന പങ്കുവഹിക്കുന്ന ഒരു ഘടകമാണ് ഗുണനിലവാരമുള്ള കക്കൂസുകൾ. ബോധവൽക്കരണത്തിന്റെ അഭാവം, സാമ്പത്തിക പരാധീനത എന്നിവയാണ് കക്കൂസില്ലാത്തതിന്റെ പ്രധാന കാരണങ്ങൾ. കക്കൂസിന്റെ അഭാവം വിരബാധ, വയറിളക്കരോഗങ്ങൾ എന്നിവയ്ക്ക് കാരണമാകുന്നു. എല്ലാവർക്കും കക്കൂസ് എന്ന ആശയം അടിയന്തിര പ്രാധാന്യത്തോടെ നടപ്പിലാക്കുകയാണെങ്കിൽ ആരോഗ്യ രംഗത്ത് ഏറെ പ്രശ്നങ്ങൾ പരിഹരിക്കപ്പെടും.

വ്യക്തി ശുചിത്വത്തിന്റെയും പരിസര ശുചിത്വത്തിന്റെയും അഭാവം പലവിധ പ്രശ്നങ്ങളും സൃഷ്ടിക്കുന്നു. കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നു; ചെങ്കണ്ണ്, ത്വക്ക് രോഗങ്ങൾ മറ്റു പകർച്ചവ്യാധികൾ എന്നിവ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കണ്ടുവരുന്നു. അലഞ്ഞു തിരിയുന്ന കന്നുകാലികൾ പരിസരം മലിനമാക്കുന്നതോടൊപ്പം വാഹനാപകടങ്ങളും സൃഷ്ടിക്കുന്നു. ഹോട്ടലുകളിലെ ശുചിത്വമില്ലായ്മ ആഹാരം കഴിക്കുന്നവർക്കും ഹോട്ടൽ പരിസരത്ത് താമസിക്കുന്നവർക്കും ഏറെ ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നു. ഗ്രാമസഭകളിൽ ഉയർന്നു വന്നിട്ടുള്ള പ്രശ്നങ്ങളും നിർദ്ദേശിക്കപ്പെട്ട പരിഹാരമാർഗ്ഗങ്ങളും ചുവടെ ചേർക്കുന്നു.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത അറവുശാലകളിൽ നിന്നുള്ള അവശിഷ്ടങ്ങൾ കാക്കകളും മറ്റും ചുറ്റുമുള്ള വീടുകളിലെ കിണറുകളിൽ കൊണ്ടിടുന്നു.

2. മൽസ്യ മാർക്കറ്റുകൾ ദുർഗ്ഗന്ധം ഉണ്ടാവുകയും ചുറ്റുമുള്ള പ്രദേശങ്ങൾ മലിന മാവുകയും ചെയ്യുന്നു.

3. പഞ്ചായത്തിലെ ടൗൺ പ്രദേശങ്ങളിലെ ഹോട്ടലുകളുടെ പരിസരങ്ങൾ വൃത്തിഹീനമായിക്കിടക്കുന്നു.

4. പഞ്ചായത്തിൽ തെരുവുനായ്ക്കളുടെ ശല്യം കൂടുതലാണ്.

5. ചെർക്കള ടൗണിലും മറ്റ് വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള ഓടകൾ വൃത്തിയാക്കാത്തതുമൂലം മലിനജലം കെട്ടിനിന്ന് ഈച്ചയും കൊതുകും പെരുകുന്നു.

6. കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ ജീവനക്കാരുടെ ഗൃഹസന്ദർശനം കുറവ്.

7. ആരോഗ്യ ബോധവൽക്കരണക്ലാസ്സുകൾ കുറവ്.

8. ചെർക്കള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിൽസിക്കാനുള്ള സൗകര്യമില്ല.

9. ചെർക്കള ടൗണിന് താഴെയുള്ള വെള്ളം ജനങ്ങൾ ഉപയോഗിച്ചശേഷം മലിനജലം ഒന്നാം വാർഡിലേക്ക് ഒഴുകിയെത്തുന്നു.

## നിർദ്ദേശങ്ങൾ

1. അറവുശാലകൾക്ക് അംഗീകാരം നൽകി ശുചിത്വം ഉറപ്പുവരുത്താനും വിതരണം ചെയ്യുന്ന മാംസത്തിന്റെ ഗുണനിലവാരം ഉറപ്പു വരുത്താനുമുള്ള നടപടികൾ സ്വീകരിക്കുക.

2. തെരുവുനായ്ക്കളെ നശിപ്പിക്കാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

3. പഞ്ചായത്തിൽ കൊതുകുനിവാരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

4. ചെർക്കള ടൗണിലും പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലും സ്ഥാപിച്ചിട്ടുള്ള ഓടകൾ വൃത്തിയാക്കുവാൻ സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.

5. കന്നുകാലികൾ അലഞ്ഞുതിരിയുന്നത് നിരോധിക്കുവാൻ ശക്തമായ നടപടികൾ സ്വീകരിക്കുക.

6. കോളനികളിൽ പൊതുകക്കൂസ് നിർമ്മിക്കുക.

7. സാമ്പത്തികമായി പിന്നോക്കംനിൽക്കുന്നവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സാമ്പത്തികസഹായം നൽകുക.

8. ഇന്ദിരാ നഗർ, നാലത്തടുക്ക, ചേരൂർ സ്കൂൾ, ശാലത്തടുക്ക, ബാലടുക്ക, ചെമ്പെ കോളനി, പുളിങ്കുണ്ട്, കല്ലക്കട്ട ന്യൂ കോളനി, എരിയപ്പാടി,

ചെർക്കള ടൗൺ, കല്ലുംകൂട്ടം ഹരിജൻ കോളനി, നാലാംമൈൽ മെതങ്ങാനം, വി. കെ. പാറ, ന്യൂ ബേവിഞ്ച, റഹ്മത്ത് നഗർ, മേനംകോട്, ബേർക്ക, നായന്മാർമൂല, ആലംപാടി, ലക്ഷം വീട്, കല്ലക്കട്ട എന്നിവിടങ്ങളിൽ പൊതുകക്കൂസ് സ്ഥാപിക്കുക.

9. ചെർക്കള ഹൈസ്ക്കൂളിലെ കക്കൂസ് റിപ്പയർ ചെയ്യുക.

10. ബേ ർക്കയിലെ തോടിന് ആഴം കൂട്ടി മലിനജലം ഒഴുകിപ്പോകുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

11. മുട്ടത്തൊടി ഹൗസിംഗ് കോളനിയിലെ മലിനജലവും ചപ്പുചവറുകളും നീക്കം ചെയ്യുവാൻ സ്ഥിരസംവിധാനം ഏർപ്പെടുത്തുക.

12. ചേരൂർ കേന്ദ്രമാക്കി ഒരു വെള്ളപ്പൊക്ക ദുരിതാശ്വാസകേന്ദ്രം സ്ഥാപിക്കുക.

13. പഞ്ചായത്തിൽ പൊതുശ്മശാനം നിർമ്മിക്കുക. (ബന്നടുക്കയിൽ (തൈവളപ്പ്) , പൈക്ക, പാടി എന്നീ സ്ഥലങ്ങളിൽ).

14. പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തിചികിൽസിക്കാനുള്ള സൗകര്യം അടിയന്തിരമായി ഏർപ്പെടുത്തി വികസനം ത്വരിതപ്പെടുത്തുക.

15. ആറാട്ടുകടവ്, കല്ലക്കട്ട, കല്ലുംകൂട്ടം റഹ്മാനിയ നഗർ, ന്യൂ ബേവിഞ്ച എന്നിവിടങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക.

16. നിലവിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രം മിനി പ്രാഥമികാരോഗ്യ കേന്ദ്രമായി ഉയർത്തുക.

17.നെല്ലിക്കട്ട , കല്ലക്കട്ട എന്നിവിടങ്ങളിൽ ആയുർവേദാശുപത്രി സ്ഥാപിക്കുക .

18. പാടിയിൽ ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.

19. സ്ക്കൂളുകൾ , അംഗൻവാടികൾ , കോള നികൾ എന്നിവ കേന്ദ്രീകരിച്ച് സന്നദ്ധ സംഘടന കളുടെ സഹായത്തോടെ ആരോഗ്യ ബോധവൽ ക്ക രണ ക്ലാസ്സുകൾ വ്യാപകമായി സംഘടിപ്പി ക്കുക.

20. ബാലടുക്കം ശ്മശാനത്തിലേക്കുള്ളവഴിയി ലെ തടസ്സം നീക്കം ചെയ്യുക.

21. 1, 10 വാർഡുകളിൽ വൃദ്ധമന്ദിരം അനുവദിക്കണം.

22. മലിന ജലം ഒഴുകിപ്പോകുന്നതിനായി ഓടകൾ നിർമ്മിക്കുക.

23. പോഷകാഹാരക്കുറവ് അനുഭവപ്പെടുന്ന കുട്ടികൾക്ക് അത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുക.

പഞ്ചായത്തിൻറ ഭൂരിഭാഗം വാർഡുകളിലും ആശുപത്രികൾ സ്ഥാപിക്കണ മെന്നആവശ്യം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട ഉയർന്നുവന്നിട്ടുണ്ട് ''ചികിൽസയേക്കാൾ പ്രാധാന്യം രോഗ പ്രതിരോധത്തിനാണ്'' എന്ന ചൊല്ല് ഈ അവസരത്തിൽ ശ്രദ്ധേയമാണ്. ആശുപത്രികളുടെ എണ്ണം വർദ്ധിച്ചത് കൊണ്ട് മാത്രം ആരോഗ്യനിലവാരം ഉയരണമെന്നില്ല. ആരോഗ്യകരമായ ജീവിത രീതികൾക്കാണ് പ്രാധാന്യം നൽകേണ്ടത്. അതോടൊപ്പം നിലവിലുള്ള ചികിൽസാ കേന്ദ്രങ്ങളിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം. ആരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ഗൃഹസന്ദർശനം കുറവ് എന്ന അഭിപ്രായം ഗ്രാമസഭകളിൽ ഉയർന്നുവന്നിട്ടുണ്ട്. 5000 ജനങ്ങൾക്ക് ഒരു ആരോഗ്യ പ്രവർത്തകൻ എന്നതാണ് നിലവിലുള്ള അനുപാതം. മിക്ക വാർഡുകളിലും ആരോഗ്യ പ്രവർത്തകർക്ക് അനുവധിച്ചതിൻെറ ഇരട്ടിയോളം ജനസംഖ്യയുള്ള മേഖലയിൽ പ്രവർത്തിക്കേണ്ടി വരുന്നു. തൻമൂലം ആരോഗ്യ പ്രവർത്തനം എല്ലാ മേഖലകളിലേക്കും തുടർച്ചയായി എത്തിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടാകുന്നു. ഈ അവസ്ഥ പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കണം. അതോടൊപ്പം ബോധവൽക്കരണം വ്യാപവമാക്കുകയും വേണം.

*ഇവിടെ ഈ മണ്ണിലോ-*
*പുതഞ്ഞു കിടക്കുന്നു.*
*ഇനിയും കണ്ടെത്താത്തൊരെൻ*
*സ്വർഗമെന്നാഹ്ളാദം!*






പഞ്ചായത്ത് കോൺഫറൻസ് ഹോൾ 21-9-96ന് ബഹു. വകുപ്പ് മന്ത്രി
ശ്രീ. പാലോളി മുഹമ്മദ് കുട്ടി ഉൽഘാടനം ചെയ്തു.
ചില ദൃശ്യങ്ങൾ









സ്റ്റാഫ് അംഗങ്ങൾ പഞ്ചായത്ത് പ്രസിഡണ്ട്,
വൈസ് പ്രസിഡണ്ട് എന്നിവരോടൊപ്പം



പുനരർപ്പണ ദിനത്തോടനുബന്ധിച്ച് മാളങ്കൈ-വോൾത്താജെ റോഡിൻെറ
നിർമ്മാണ പ്രവർത്തനത്തിൻെറ ഉൽഘാടനത്തിൽ നിന്ന്



# ഗതാഗതം

ജനങ്ങൾക്ക് പാർപ്പിടം, വെള്ളം, വെളിച്ചം എന്നിവ പോലെത്തന്നെ ഒഴിച്ചു കൂടാനാവാത്ത മേഖലയാണ് ഗതാഗതം. ചെങ്കള പഞ്ചായത്തിൽ റെയിൽ ഗതാഗതം ഇല്ല. ചേരൂർ, പെരുമ്പളകടവുകളിലെ ജലഗതാഗതം പ്രസ്തുത പ്രദേശത്തെ ചെമനാട് പഞ്ചായത്തുമായി ബന്ധിപ്പിക്കുന്നു. പഞ്ചായത്ത് റോഡുകളിൽ 20 ശതമാനം മാത്രമാണ് ടാർ ചെയ്തവ. ബാക്കിയുള്ള തിൽ അധികവും ഗതാഗത യോഗ്യമല്ലാത്ത താണ് കൂടുതൽ റോഡുകൾ ഉണ്ടാകണമെന്ന മുറവിളിയോടൊപ്പം ഉള്ളവകൂടുതൽ കാര്യക്ഷമമാക്കണമെന്ന ആവശ്യവും പരക്കെ യുണ്ട്.

**പഞ്ചായത്തിലെ റോഡുകൾ**

| ഇനം | നീളം(കി.മി) |
|---|---|
| 1. മൊത്തം റോഡുകൾ | 141.281 |
| 2. ബ്ലാക്ക് ടാപ്പ് ചെയ്തത് | 23.038 |
| 3. മെറ്റൽ ചെയ്തത് | 11.680 |
| 4. ഗ്രാവൽസ് | 39.318 |
| 5. മണ്ണ് റോഡ് | 27.245 |
| 6. നാഷണൽ ഹൈവെ | 6.000 |

റോഡിൻെറ വശങ്ങളിൽ സംരക്ഷണ മതിലുകൾ ഇല്ലാത്തത് കാരണം നാഷണൽ ഹൈവേയിൽ ചെർക്കള മുതൽ ബേവിഞ്ച വരെയുള്ള റോഡ് അപകട സാധ്യത ഏറിയതാണ്. പഞ്ചായത്തിലെ നായൻ മാർമൂല_ആലംപാടി_എരുപ്പക്കട്ട_ ചർലടുക്ക എം. എൽ. എ റോഡിൽ പണിതുകൊ ണ്ടിരിക്കുന്ന ആലംപാടി പാലം പൂർത്തിയാ യാൽ ബദിയടുക്ക വഴി കർണ്ണാടക സംസ്ഥാനത്തിലേക്ക് ബസ് യാത്ര ചെയ്യുവാൻ എളുപ്പമാർഗ്ഗമാണ്. ഈ പാലത്തിൻെറ നിർമ്മാ ണം രണ്ടുവർഷമായി വളരെ മന്ദഗതിയിലാണ്. അതുപോലെ 1_ാം വാർഡിലെ ബേവിഞ്ച _ ആലൂർ റോഡിലെ പാലത്തിൻെറ പണി പൂർ ത്തിയാകുന്നതോടെ ചെങ്കള, മുളിയാർ പഞ്ചായത്ത്കളിലൂടെ കടന്ന് ഇരിയണ്ണിവരെ പോകുന്ന എം. എൽ. എ. റോഡ് കൊണ്ട് നിരവധി കർഷകർക്കും ഗ്രാമീണ ജനങ്ങൾക്കും വളരെയധികം പ്രയോജനപ്പെടും.

വിദ്യാനഗർ_നീർച്ചാൽ_മുണ്ട്യത്തടുക്ക റോഡ് ചെങ്കള, ബദിയടുക്ക പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പ്രധാനറോഡാണ്. ഇത് കടന്ന് പോകുന്നത് ജില്ലാ ആസ്ഥാന മന്ദിരത്തിന് സമീപത്ത് കൂടിയാണ്. ഈ റോഡിലെ എരുതുംകടവിൽ ഉള്ള ക്രോസ് ബാർ കം_ബ്രിഡ്ജ് എല്ലാ വർഷക്കാലവും വെള്ളം കവിഞ്ഞൊഴുകി ഗതാഗതം പൂർണ്ണ മായും സ്തംഭിക്കുന്നു.

1995_96 വർഷത്തിൽ ഈ പഞ്ചായ ത്തിൽ പുതിയ റോഡ് നിർമ്മാണം 0.987കി.മി. ആണ്. പഞ്ചായത്തിലെ മൊത്തം റോഡ് നിർമ്മാണത്തിനായി 450568 രൂപ 50 പൈസ ചിലവഴിച്ചിട്ടുണ്ട്. നിലവിലുള്ള റോഡ് റിപ്പയർ ഇനത്തിൽ 2,22015 രൂപ ചിലവഴിച്ചിട്ടുണ്ട്. പഞ്ചായത്തിലെ സമഗ്ര വികസനത്തിനായി ഏറ്റെടുത്ത് നടത്തേണ്ട പ്രവർത്തനങ്ങളുടെ വിശദവിവരം:

1. പഞ്ചായത്തിൽ ഒരു ബസ്സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് ചെർക്കള ടൗണിൽ അത്യാവശ്യമാണ്.
2. ചെർക്കള, നായൻമാർമൂല, നെല്ലിക്കട്ട ഏന്നീ സ്ഥലങ്ങളിൽ ഓട്ടോ സ്റ്റാൻറ് നിർമ്മി ക്കുക.

3. ബേർക്ക _ ഓൾഡ് ബംഗ്ലാവ് വഴി ബേവിഞ്ച വളവിലെ നാഷണൽ ഹൈവേയിൽ ചേരുന്ന ബൈപാസ് റോഡ് നാഷണൽഹൈവേ ഏറ്റെടുക്കുകയാണെങ്കിൽ രണ്ടു കിലോമീറ്റർ ദൂരം ലാഭിക്കാം.

4. എരുതുംകടവ് ക്രോസ്ബാർ കം ബ്രിഡ്ജ് വെള്ളപ്പൊക്ക നിരപ്പിൽ നിന്നും ഉയർത്തി പാലം പണിയുക.

5. നിർദ്ദിഷ്ട പെരുമ്പള കടവ് പാലത്തിൻെറ പണി അടിയന്തിരമായി ആരംഭിക്കുക.

6. ചേരൂർ കടവിനേയും ചെമ്മനാട് പഞ്ചായത്തിലെ വയലാംകുഴിയേയും ബന്ധിപ്പിക്കുന്ന രീതിയിൽ തൂക്കുപാലം നിർമ്മിക്കുക.

7. ആലംപാടി പാലം, ബേവിഞ്ച പാലം എന്നിവയുടെ പണി വേഗത്തിൽ പൂർത്തിയാക്കുക.

8. കൊറമന പാലം വീതി കൂട്ടുക.

9. ബള്ളൂർ നഗർ എൽ. പി. സ്കൂളിന് സമീപം ക്രോസ് ബാർ_കം_ബ്രിഡ്ജ നിർമ്മിക്കുക.

10. മധുവാഹിനി പുഴയിൽ കന്നിക്കുണ്ടിൽ കോൺക്രീറ്റ് പാലം നിർമ്മിക്കുക.

11. ബള്ളരിക്കുണ്ടം_ചെടിവളപ്പ് പാലം, ചണ്ണത്തില പാലം, അഞ്ചാംപുര പാലം, കൊല്ലങ്കോട്ടു മൂല, ചാപ്പാടിത്തോട് പാലം, അർലടുക്ക_നാരമ്പാടി പാലം, ബള്ളൂർ നഗർ_എരിയപ്പാടി, ക്രോസ്ബാർ കം ബ്രിഡ്ജ് എന്നിവ നിർമ്മിക്കുക.

12. ചാമ്പലം റോഡിൽ ഒരു കൾവേർട്ട് നിർമ്മിക്കുക.

## പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

1. ചെർക്കള_സുബ്രഹ്മണ്യ ടെമ്പിൾ_കല്ലുംകൂട്ടം റോഡ്.
2. കുളിയംമൂല ബേവിഞ്ച റോഡ്.
3. ബേവിഞ്ച_വടക്കേക്കര കട്ടാരം സുബ്രഹ്മണ്യ ടെമ്പിൾ ആലിൻറടി _ കെ.കെ. പുറം ചെർക്കള റോഡ്.
4. ചെർക്കള_ആറാം മൈൽ അളക്ക ടെമ്പിൾ റോഡ്.
5. എൻ.എച്ച്. 17_പുലിക്കുണ്ട് റോഡ്.
6. മീത്തലെ ഹരിജൻ കോളനി _താഴെ ഹരിജൻ റോഡ്.
7. കല്ലുംകൂട്ടം_അടിയാതൊട്ടി വടക്കേര റോഡ്
8. ബേവിഞ്ച എൻ.എച്ച്. നിന്നും ചേരൂർ കടവിലേക്ക് മെദുകൊവ്വൻ , കടയ്ക്കൽ വഴി റോഡ്.
8. ചെങ്കള ആയുർവേദ ആശുപത്രി കാനത്തൂർ കരോടിമൂല വഴി ചെങ്കളചാമ്പലം റോഡിലേക്കുള്ള അനുബന്ധറോഡ്.
9. മാര ജംഗ്ഷൻ_മുസ്ലിയാർ നഗർ റോഡ്.
10. തൊട്ടി _ പാണലം ജുമാമസ്ജിദ് റോഡ്.
11. തൊട്ടി _ മാരമസ്ജിദ് റോഡ്.
12. നായൻമാർമൂല പാണലം മസ്ജിദ് റോഡ്
13. ഉക്കംബട്ടി _ തൊട്ടിറോഡ്.
14. നായൻമാർമൂല _ തേർവാനം റോഡ്.
15. ബി.കെ.എം റോഡ് താജ്നഗർ റോഡുമായി ബന്ധിപ്പിച്ചു കുണ്ടന്നൂർ വരെ നീട്ടുക.
16. റഹ്മാനിയ നഗറിൽ നിന്നും തായൽ നായൻമാർമൂല വരെ.
17. എരുതുംകടവ് നിന്നും പുതുമൺ ഹരിജൻ കോളനി വരെ
18. എരുതുംകടവ് പള്ളിവളപ്പ് ആലംപാടി വരെ.
19. തായൽ _ നായൻമാർമൂലയിൽ നിന്ന് പടുവടുക്കം വരെ.
20. എൻ.എച്ച്.കടയം കല്ലടുക്ക തായൽ നായൻമാർമൂല മസ്ജിദ് വരെ.
21. എരുതുംകടവ് _ തൂക്കിയമൂല റോഡ്.
22. പന്നിപ്പാറ _ മാതളി റോഡ്
23. പാമ്പാട്ടികടവ് _ തൈവളപ്പ് റോഡ്
24. പന്നിപ്പാറ മുബാറക്ക് റോഡ്
25. കോപ്പ മദ്രസ പുതുമണ്ണ് മസ്ജിദ് വരെ.
26. ഉജംകോട് ഹരിജൻ കോളനി റോഡ്
27. ഹിമായത്ത് നഗർ _ കിരിയന്തോട് വഴി ബന്നടക്ക ഹരിജൻ കോളനി റോഡ്.
28. ചെണ്ടൻറടി_ബാരിക്കാട്ട് ടെമ്പിൾ റോഡ്.
29. സുബ്ബൻതൊട്ടി ആലമ്പാടി റോഡ്.
30. പാറക്കെട്ട് _ എരിയപ്പാടി ബദർ മസ്ജിദ് റോഡ്.
31. പാറക്കെട്ട് _ എടവലിറോഡ് ആലമ്പാടിയുമായി ബന്ധിപ്പിക്കണം.
32. ബെള്ളരിക്കുണ്ട് _ എറമാളം കോട്ട വരെ.
33. ആലമ്പാടി വയലിൽനിന്ന് മരക്കത്ത് മൂല വരെ.
34. ചെറിയാലമ്പാടി മുതൽ വലിയാലമ്പാടി വരെ.

36. കൊറമന, എരിപ്പാടി, ചെന്നന്തല റോഡ്.
37. അജക്കോട്ട് ബള്ളൂർ നഗർ റോഡ്.
38. അതിർക്കുഴി _ ഒവിമൂല ബെള്ളൂർ നഗർ.
39. നാലത്തടുക്ക _ ബെള്ളൂർ നഗർ എരിപ്പാടി.
40. ബെള്ളൂറടുക്കം _ മരുതം വയൽ റോഡ്.
41. അജക്കോട് _ പ്ലവിൻറടി എസ്. എസ്റ്റി കോളനി വരെ.
42 എതിർത്തോട് _ ബാലടക്കം.
43. അതിർക്കുഴി മാക്കുന്നു റോഡ്
44. അടുക്കം _ ഓടക്കടവ് റോഡ്.
45. കൊല്ലമ്പാടി _ കൈലാർ നഗർ.
46. കളരി കന്നികുണ്ട് റോഡ്.
47. എൻ.എച്ച്. കുളിയൻമൂല ന്യൂബേവിഞ്ച പാറ.
48. വെള്ളിക്കുണ്ടം പാറ ബേവിഞ്ച കൊല്ലൂൻ മൂലറോഡ്.
49. മേനങ്കോട് _ പീഠംകല്ല്, മെതുംകാനം, ബേവിഞ്ചറോഡ്.
50. 5_ാം മൈൽ ചാമ്പലം റോഡ്.
51. ഇന്ദിരാനഗർ _ വിവേകാനന്ദ കോളേജ് റോഡ്.
52. ഹൗസിംഗ് കോളനി _ റഹ്മത്ത് നഗർ
53. ചാമ്പലം _ മേനങ്കോട്.
54. ബേർക്ക _ ചാമ്പലം റോഡ്. (മസ്ജിദ് വഴി )
55. പാടി _ കൂട്ടാരകല്ല് ചെന്നന്തല റോഡ്.
56. ചെർക്കള _ബാലടുക്ക _ തട്ടാൻമൂല റോഡ്
57. തട്ടാൻമൂല _ കൊല്ലങ്കോട്ട് മൂല റോഡ്
58. എഡനീർ _ ഓവർ ബ്രിഡ്ജ് കുർക്കംപാടി, വർമൂല കമ്മങ്കയ_കാപ്പു മൂല , റോഡ്.
59. ചേടിക്കാനം _ വെള്ളമ്മറോഡ്.
60. ബാലടുക്ക _ മതക്ക എതിർതേട് റോഡ്.
61. പൈക്ക _ ഒർക്കുടലു വഴി ചാത്തപ്പാടി റോഡ്.
62. വർക്കൂടലും വയൽ ചുങ്കിയൽ മാളങ്കൈ ആലംകോട്ട് റോഡ്.
63. നെക്രാജെ മെയിൻറോഡിൽ നിന്ന് കേപ്രാജ വഴി അമേരടുക്ക , പ്ലാംകട്ട റോഡ്
64. അർത്തിപ്പള്ള _ അമ്മൻകല്ല് നെക്രാജെ റോഡ്.
65. ബീട്ടിയടക്ക _ പൊഞ്ചീർമൂല _ ചാത്തപ്പാടി റോഡ്.
66. ചാത്തപ്പാടി _ വോർക്കോൾ
67. ചാന്ദ്രപാറ _ ആളങ്കോൾ
68. മാവിനക്കട്ട _ പൊയ്ച്ചകണ്ട
69. നാരമ്പാടി താഴെ കുണ്ടാപു _ മാർപ്പനടുക്ക
70. മാളങ്കൈ _ മൊട്ട റോഡ്.
71. ചന്ദ്രപാറ _ പുണ്ടൂർ
72. ചന്ദ്രപാറ ആലങ്കോൾ പടിഞ്ഞാർ
73. പുലിണ്ടടി _ പൊയ്യകണ്ട
74. ബീട്ടിയടുക്ക _ ഗിരി
75. ചാത്തപാടി _ മുണ്ടപ്പള്ള
76. ചന്ദ്രപാറ _ പൊഞ്ചൂർമൂല
77. മാവിനകട്ട _ അംഗരമൂല
78. അർളടുക്ക _ ചാത്തപാടി
79. അർളടുക്ക _ പാറപ്പള്ള
80. പടിഞ്ഞാർമൂല _ പാണാർക്കുളം
81. വെള്ളരിക്കുണ്ട് _ എർമാളം കോട്ട
82. ഇന്ദിരാനഗർ _ കനിയടുക്ക
83. ബേർക്ക കൽവേർട്ട് ചേരൂർറോഡ്
84. പൈക്ക പതറത്തോട് വഴി ബീജന്തടുക്ക, ബീട്ടിയടുക്കം മുതൽ ബീജന്തടുക്ക ഈ രണ്ടുറോഡുകളുടെയും സംഗമസ്ഥാനത്ത് ബീജന്തടുക്കയിൽ ഒരുപാലം നിർമ്മിച്ച് മാവിനക്കട്ടറോഡിന് കണക്ഷൻ കൊടുക്കുക.
85. ചൂരിപ്പള്ളം മുതൽ സാലത്തടുക്ക വഴി നെക്രാജെ ഗോപാലകൃഷ്ണ ക്ഷേത്രത്തിനടുത്ത് പാലം നിർമ്മിച്ച് പിലാങ്കട്ട റോഡിന് കണക്ഷൻ കൊടുക്കുക.
86. മാവിനക്കട്ടയിൽ നിന്ന് ചൂരിപള്ളയിലേക്കുള്ള റോഡ് ടാർ ചെയ്ത് ബസ് ഗതാഗതം ആരംഭിക്കുവാനുള്ള പ്രവർത്തനം നടത്തുക.
87. നെല്ലിക്കട്ട മുതൽ മസ്കം വഴി ബാലടുക്കയിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം.
88. പിലാങ്കട്ടയിൽ നിന്ന് കോളാരി അമൈ തറവാട് വഴി നെക്രാജെ_റോഡിന് കണക്ഷൻ കൊടുത്ത് യാത്രയോഗ്യമാക്കുക.
89. എർമാളം പടിഞ്ഞാർ മൂല ആലംപാടി ഗവ: ഹൈസ്ക്കൂൾ റോഡ്.
90. കേക്കെപുറം_മസ്ജിദ് റോഡ്.
91. കുദ്രത്ത് കോളനി റോഡ്.
92. ബാലടുക്കം_തട്ടാൻമൂല റോഡ്.
93. ചെർക്കള ഹൈസ്ക്കൂൾ_കുളിയൻമൂല.
94. ചെർക്കള_ചാമ്പല റോഡ് താർ ചെയ്യാൻ ബാക്കിഭാഗം താർ ചെയ്യണം.
95. ചെർക്കള ബേർക്ക റോഡ് അടിയന്തിരമായും നന്നാക്കണം.

96. ഇർഷാദ് നഗർ കോപ്പ റോഡ്.
97. നാൽത്തടുക്ക ബാരിക്കാട് ടെമ്പിൾ റോഡ്.
98. ചിത്താരിക്കുന്ന് പട്ട റോഡ്.
99. മരുതംവയൽ കല്ലക്കട്ട.

മേൽപറഞ്ഞ റോഡുകളിൽ സന്നദ്ധ സേവന പ്രവർത്തനങ്ങളിലൂടെ ഉണ്ടാക്കപ്പെടുന്ന റോഡുകൾക്ക് മുൻതൂക്കം നൽകേണ്ടതാണ്. സമഗ്രമായ പരിശോധനക്കും പഠനത്തിനും വിധേയമാക്കിയായിരിക്കണം പുതിയ റോഡുകളുടെ നിർമ്മാണ പ്രവർത്തനം. താൽക്കാലിക വികാരങ്ങൾക്കനുസൃതമായി രൂപം കൊണ്ട റോഡുകളിൽ ഇന്ന് വികസന പ്രതിസന്ധി നേരിടുന്നു. ആദ്യകാലത്ത് റോഡ് വരണമെന്ന ആഗ്രഹത്തോടെ നിർമ്മാണത്തിൽ താൽപര്യം കാണിച്ചവർ പിന്നീട് അതിന്റെ വികസനത്തിൽ സഹകരിക്കുന്നതിന്ന് വിമുഖത കാണിക്കുന്നു. അത് മൂലം പല റോഡുകളും ഇന്ന് താറുമാറായിരിക്കുന്നു. നിലവിലുള്ള റോഡുകളിൽ ബസ് ഗതാഗതം ആരംഭിക്കാൻ ഗ്രാമ സഭകളിൽ നിന്ന് നിർദ്ദേശങ്ങൾ ഉന്നയിക്കുകയുണ്ടായി. ബസ് സർവ്വീസിന്ന് സാദ്ധ്യതയുള്ളതും ഗ്രാമസഭകളിൽ നിന്ന് ഉന്നയിക്കപ്പെട്ടതുമായ ബസ് റൂട്ടിനുള്ള പുതിയ നിർദ്ദേശങ്ങൾ.

1. കാസർകോട്_നായമ്മാർമൂല_റഹ്മാനിയ നഗർ_എരുതുംകടവ്_കല്ലക്കട്ട_നീർച്ചാൽ_ബദിയടുക്ക
2. കാസർകോട്_ചെർക്കള_ബേവിഞ്ച (കല്ലുംകൂട്ടം) വഴി ബോവിക്കാനം_മല്ലം_പൈക്ക (നെല്ലിക്കട്ട) വഴി ബദിയടുക്ക
3. കാസർകോട്_ചെർക്കള_നെല്ലിക്കട്ട_ചൂരിപ്പള്ളം_മാവിനക്കട്ട_മുള്ളേരിയ
4. കാസർകോട്_സിവിൽസ്റ്റേഷൻ_പന്നിപ്പാറ_കടംബട്ട_കല്ലക്കട്ട_മാന്യ_ചർലടുക്ക_നെല്ലിക്കട്ട വഴി പൈക്ക_മല്ലം
5. കാസർകോട്_എരുതുംകടവ്_കല്ലക്കട്ട_പയോട്ട_അറംതോട് ഹരിജൻ കോളനി
6. കാസർകോട്_ചെർക്കള_പാടി_എരിയപ്പാടി_ബെള്ളൂർ നഗർ_നാലത്തടുക്ക_അതിർകുഴി_നെല്ലിക്കട്ട_ബദിയടുക്ക
7. കാസർകോട്_ചെർക്കള_പാടി_ എതിർത്തോട്, നെല്ലിക്കട്ട _ അർലടുക്ക നാരമ്പാടി_മുള്ളേരിയ
8. കാസർകോട്_ചെർക്കള_ബേവിഞ്ച_ആലൂർ_ബാവിക്കര_ഇരിയണ്ണി
9. ചെർക്കള_ബേർക്ക_ചേരൂർ_കാസർകോട്.

## നടപ്പാത

പഞ്ചായത്തിൽ പലസ്ഥലത്തും റോഡുമായി ബന്ധപ്പെടാൻ വളരെ പ്രയാസങ്ങൾ നേരിടേണ്ടിവരുന്നു. വെള്ളം കെട്ടികിടക്കുന്ന പ്രദേശങ്ങളിൽ സ്ക്കൂൾ വിദ്യാർത്ഥികൾക്ക് പോലും വളരെയധികം യാത്ര ചെയ്യേണ്ടി വരുന്നു. ഇങ്ങനെയുള്ള യാത്ര ക്ലേശം പരിഹരിക്കുന്നതിന്റെ ഭാഗമായി ഗ്രാമസഭകളിൽനിന്ന് പുതിയ നടപ്പാതകൾക്ക്വേണ്ടി പൊങ്ങിവന്ന നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.മഴക്കാലത്ത് പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അനുഭവപെടുന്ന യാത്രക്ലേശം ഭൂഉടമകളെ ധരിപ്പിച്ച് അവരുടെ സമ്മതപത്രത്തോട് കൂടിയിയിരിക്കണം പുതിയ നടപ്പാതകൾ നിർമ്മിക്കേണ്ടത്.

1. വടക്കേകര വയനാട് കുലവൻ ക്ഷേത്രം എൻ. എച്ച്. 17 ലേക്ക്.
2. ചെർളം_കുണ്ടടുക്കം_പുലിക്കുന്ന്.
3. കല്ലുംകൂട്ടം_തൊട്ടിതോട്.
4. പുലികൂട്ടം താഴെ മുതൽ ഇല്ലം വരെ.
5. കട്ടാരം_ബേവിഞ്ച ജി.എം.യു.പി. സ്ക്കൂൾ
6. ബേവിഞ്ച അമ്പലത്തിന്റെ താഴെ മുതൽ മേലെ റോഡ് വരെ.
7. കല്ല്വിളതോടിന് നടപ്പാത.
8. തൊട്ടി തോടിന് നടപ്പാത.
9. മാര മസ്ജിദിന് നടപ്പാത.
10. അജാപും_പട്ടവയൽ വഴി കയമ്പട്ടറോഡ്.
11. പയോട്ടയിലെ പള്ളിക്ക് താഴെയായി നടപ്പാത.
12. പുതുമണ്ണ് മസമജിദ് മുതൽ വയൽവഴി പുതുമണ്ണ് പാറക്കുണ്ട് വരെ.
13. വെള്ളരികുണ്ട് മുതൽ എർമാളം കോട്ട വരെ.
14. ആലംപാടി വയലിൽ നിന്ന് മലക്കരമൂല വരെ നടപ്പാത.
15. ബേർക്ക റോഡിൽനിന്നും മസ്ജിദ് വരെ നടപ്പാത.
16. കോഴിക്കാർ മുതൽ കുണ്ടോൾമൂല വരെ
17. മധുവാഹിനി പുഴയുടെ തീരത്ത് കൂടി പാടി മുതൽ എടനീർ വരെ.
18. ഉദ്ദം_നെക്രാജെ ഗോപാലകൃഷ്ണ ടെമ്പിൾ നടപ്പാത.
19. ആലംകോട് മാവിനകട്ട നടപ്പാത.

## നടപ്പാലം

1. കുണ്ടടുക്കം_അക്കരത്തോട്
2. കരിമ്പട്ടടുക്കം
3. കല്ലുവള
4. കാരക്കാട്
5. ബേവിഞ്ച ഇല്ലം.
6. കൂളിരടി.
7. മെധുങ്കാനം ക്രോസ്ബാർ കം ബ്രിഡ്ജ്.
8. മരുതംബയൽ.
9. ബാരിക്കാട് ഹരിജൻ കോളനി.
10. ബാരിക്കാട് ക്ഷേത്രത്തിന് മുൻവശം.
11. പയോട്ട മസ്ജിദ് റോഡിൻെറ സമീപം.
12. പൊസാക്ക.
13. കടംബട്ട.
14. ബേർക്ക തോടിന് നടപ്പാലം.
15. കോപ്പ, കല്പണ.
16. ബേർക്ക നെൽപാടങ്ങളുടെ പാർശ്വങ്ങളിൽ
17. എരുതുംകടവ് മദ്രസക്ക് സമീപം.
18. തെക്കെമൂല ജംഗ്ഷൻ.

## തൂക്കുപാലങ്ങൾ

1. ചണ്ണംതല_ബെള്ളൂർ നഗർ.
2. പാടി_ഒട്ടക്കടവ്.
3. എടനീർ_കമ്മങ്കയം.
4. കന്നി ക്കുണ്ട്.
5. വെള്ളരി കണ്ടം ചെട്ടിവളപ്പ്.

## ബസ് വെയ്റ്റിംഗ് ഷെഡ്

ഇന്ന് നിലവിലുള്ള ബസ് വെയ്റ്റിംഗ് ഷെഡുകൾ വളരെ പരിമിതമാണ്. നിലവിലുള്ള ഗ്രാമപ്രദേശങ്ങളിലെ ബസ് റൂട്ടുകളിൽ ഒരു മണിക്കൂറും രണ്ട് മണിക്കൂറും നീണ്ട കാത്തിരിപ്പിന് ശേഷമാണ് പല ഗ്രാമപ്രദേശങ്ങളിലും ബസ് കയറാൻ പറ്റുന്നത്. അരമണിക്കൂർ നേരത്തെ ബസ് യാത്രക്ക് വേണ്ടി ഒന്നും രണ്ടും മണിക്കൂറുകൾ കാത്തിരിക്കേണ്ടി വരുന്നവരാണ് ഈ പഞ്ചായത്തിലെ പല ഗ്രാമ നിവാസികളും. വർഷകാലമായാൽ ഈ ഗ്രാമീണരുടെ ദുരവസ്ഥ ഏറെ ദയനീയമാണ്. താഴെ കൊടുത്തിരിക്കുന്ന സ്ഥലങ്ങളിൽ ബസ് വെയ്റ്റിംഗ് ഷെഡുകൾ നിർമ്മിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് നിർദ്ദേശം വന്നിരിക്കുന്നു.

1. ചെർക്കള.
2. ഊജം കോട്ട.
3. കടംബട്ട.
4. ചിത്താരി കുന്ന്.
5. ബാരിക്കാട്.
6. കല്ലക്കട്ട എം.എ.യു.പി സ്കൂൾ.
7. പയോട്ട.
8. ആലംപാടി മദ്രസക്ക് സമീപം.
9. ആലംപാടി ഹൈസ്കൂളിന് സമീപം.
10. ചെർക്കള ടൗണിൽ ജാൽസൂർ* റോഡിൻെറ വടക്ക് ഭാഗത്തും തെക്ക് ഭാഗത്തും.
11. ബേർക്ക ജംഗ്ഷൻ.
12. നെല്ലിക്കട്ട.
13. ബാലടുക്ക.
14. നെക്രാജെ.
15. ചൂടിപ്പള്ളം.
16. പിലാൻകട്ട.
17. നാരമ്പാടി.
18. ബിട്ടിയടുക്കം.
19. കെ.കെ. പുറം. 2
20. നാൽത്തടുക്കം.
21. ബെള്ളൂർ അടുക്കം.
22. മുള്ളംപാടി.
23. എരുതും കടവ്.
24. ചാമ്പലം ജംഗ്ഷൻ
25. നാലാം മൈൽ വെയിറ്റിംഗ് ഷെഡ് നന്നാക്കൽ.
26. ഇന്ദിരാനഗർ.
27. കനിയടുക്ക.
28. പഞ്ചായത്ത് ഓഫീസിന് മുൻവശം.

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ ജനസാന്ദ്രതക്കും വിസ്തൃതിക്കും ആനുപാധികമായി റോഡുകളുടെ അപര്യാപ്തത.
2. നിലവിലുള്ള റോഡുകൾ മിക്കതും ഗതാഗതയോഗ്യമല്ല.
3. ഗതാഗത യോഗ്യമായ റോഡുകളിൽ ബസ് സർവീസ് ഇല്ല.
4. പഞ്ചായത്തുകളിലെ മിക്ക റോഡുകളിലും ഓവുചാലുകൾ, കൽവർട്ടുകൾ എന്നിവ നിർമ്മിചിട്ടില്ല.
5. തുടങ്ങിവെച്ച സുപ്രധാന പാലങ്ങളുടെ (ആലംപാടി, ബേവിഞ്ച) പ്രവൃത്തി മന്ദഗതിയിലാണ്.
6. റോഡുകളിൽ തെരുവ് വിളക്കുകളുടെ അപര്യാപ്തത.

7. പല റോഡു വക്കുകളിലും കയ്യേറ്റങ്ങൾ ഉണ്ടാവുന്നു.
8. നടപ്പാതകളുടേയും തൂക്ക് പാലങ്ങളുടേയും അഭാവം ജനങ്ങളെ വളരെ ദുരിതത്തിലാക്കുന്ന.
9. നടപ്പാതകളും ഇടവഴികളും സംരക്ഷിക്കപ്പെടുന്നില്ല.
10. ബസ് വെയിറ്റിംഗ് ഷെഡുകളുടെ അപര്യാപ്തത.
11. പഞ്ചായത്തിന് സ്വന്തമായി ഒരു ബസ്സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സ് ഇല്ലായ്മ.
12. റോഡിനരികിലുള്ള മാലിന്യങ്ങൾ നീക്കം ചെയ്യാൻ വേണ്ട സംവിധാനമില്ല.
13. അംഗീകരിക്കപ്പെട്ട ഓട്ടോ, ടാക്സി സ്റ്റാൻറ് ഇല്ല.
14. നാട്ടുകാരും സന്നദ്ധ സംകടനകളും ചേർന്ന് നിർമ്മിച്ച റോഡുകൾ പഞ്ചായത്ത ഏറ്റെടുത്തിട്ടില്ല.
15. നാഷണൽ ഹൈവേയിൽ കൂടെ കൂടെ ഉണ്ടാകുന്ന വാഹനാപകടങ്ങൾ.

## പരിഹാരങ്ങൾ

1. ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പുതിയ റോഡുകൾ മുൻഗണനാടിസ്ഥാനത്തിൽ അതിൻെറ നിർമ്മാണത്തിന് ശാസ്ത്രീയമായ വശങ്ങൾ കൂടി കണക്കിലെടുത്ത് വേണം പ്രവർത്തനം തുടങ്ങാൻ.
2. ഗതാഗത യോഗ്യമല്ലാത്ത റോഡുകൾ മുൻഗണനാ ക്രമത്തിൽ അറ്റകുറ്റ പണി നടത്തണം.
3. ബസ് ഗതാഗതത്തിന് യോജ്യമായ റോഡുകളിൽ സർവ്വീസ് ആരംഭിക്കുന്നതിന് വേണ്ടി സത്വര നടപടികൾ കൈകൊള്ളുവാൻ പഞ്ചായത്ത് തല സമ്മർദ്ദം ഉണ്ടാകണം.
4. നിലവിലുള്ള റോഡുകളിൽ ഓവ് ചാലുകൾ, കൽവർട്ടുകൾ എന്നിവ നിർമ്മിച്ച് റോഡുകൾ സംരക്ഷിക്കേണ്ടതാണ്.
5. ആലംപാടി, ബേവിഞ്ച പാലങ്ങളുടെ നിർമ്മാണ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ പഞ്ചായത്ത് സഭകളിൽ നിന്ന് സമ്മർദ്ധങ്ങളുണ്ടാകണം.
6. റോഡ് വക്കുകളിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണ്.
7. റോഡരികിലുള്ള കൈയ്യേറ്റങ്ങൾ കർശനമായി നിരോധിക്കണം.
8. ആവശ്യമായ സ്ഥലങ്ങളിൽ നടപ്പാതകളും, തൂക്കുപാലങ്ങളും നിർമ്മിക്കുക.
9. നടപ്പാതകളും, ഇടവഴികളും സന്നദ്ധ സംഘടനകളുടേയും നാട്ടുകാരുടേയും സംരക്ഷണത്തിലായിരിക്കണം.
10. ബസ് വെയ്റ്റിംഗ് ഷെഡുകളുടെ നിർമ്മാണം കഴിയുന്നത്ര ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കണം.
11. പഞ്ചായത്ത് ആസ്ഥാനമായ ചെർക്കളയിൽ ഒരു വിപുലമായ ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോപ്ലക്സ് പണിയുവാനുള്ള നടപടി ഉണ്ടാകണം.
12. മാലിന്യങ്ങൾ നീക്കം ചെയ്യാനുള്ള ജീവനക്കാർ ഉണ്ടാവണം.
13. പഞ്ചായത്തിലെ രണ്ടോ മൂന്നോ സ്ഥലങ്ങളിൽ ഓട്ടോ, ടാക്സി സ്റ്റാൻറ് അനുവദിക്കാവുന്നതാണ്.
14. നിലവിലുള്ള പഞ്ചായത്ത് ഏറ്റെടുക്കാത്ത റോഡുകൾ പഞ്ചായത്ത് ഏറ്റെടുത്ത് ഗതാഗത യോഗ്യമാക്കണം.
15. നായൻമാർമൂലയിലും, ചെർക്കളയിലും_ റോഡ് ഡിവൈഡറുകൾ, ട്രാഫിക് സർക്കിൾ എന്നിവ സ്ഥാപിക്കുക. ചെർക്കളയിൽ നിന്ന് ബേവിഞ്ച വരെയുള്ള നാഷണൽ ഹൈവേ റോഡുകളിലെ വളവുകൾക്ക് വീതി കൂട്ടുക. റോഡുവക്കിൽ പ്രോട്ടക്ഷൻ മതിൽ സ്ഥാപിക്കുക. ഈ ആവശ്യങ്ങൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുക.

ഇന്ന് നിലവിലുള്ള സാമ്പത്തിക ശ്രോതസുകൾ വളരെ പരിമിതമാണ്. അത്കൊണ്ട് മേൽനിർദ്ദേശങ്ങൾ പ്രായോഗികമാക്കുന്നതിന് ജനകീയ പങ്കാളിത്തം എല്ലാ രീതിയിലും ആവശ്യമാണ്. എങ്കിൽ നമ്മുടെ പഞ്ചായത്തിൻെറ വികസനം ത്വരിതഗതിയിൽ ഉണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.



# ഊർജ്ജം

ഊർജ്ജമാണ് ഏത് വികസനത്തിന്റെയും ചാലക ശക്തി. ദൈനംദിന ആവശ്യങ്ങൾക്കും സുഖ സൗകര്യങ്ങൾക്കും വിനോദത്തിനും ഊർജ്ജം അനിവാര്യമാണ്.

കാർഷികവും വ്യവസായികവുമായ ഉൽപാദനം വർദ്ധിപ്പിക്കുന്ന പ്രശ്നം ഊർജ്ജത്തിന്റെ ലഭ്യതയുമായി വളരെ ബന്ധപ്പെട്ടിരിക്കുന്നു. വൈദ്യുതി ഉൽപാദനത്തിന് ജല- താപ-ആണവ ശ്രോതസ്സുകളുടേയും മറ്റെല്ലാ മാർഗ്ഗങ്ങളുടേയും സാധ്യത ആരായേണ്ടതാണ്. നമ്മുടെ പഞ്ചായത്തിലെ മിക്ക വീടുകളിലും പാചകത്തിന് വിറകാണ് ഉപയോഗിക്കുന്നത്. തെങ്ങ് കൃഷി സ്വന്തമായുള്ള കർഷകർ തെങ്ങിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളും വിറകിന് പകരമായി ഉപയോഗിക്കുന്നു. കർഷകരല്ലാത്തവർ മണ്ണെണ്ണയാണ് പാചകത്തിന് ഉപയോഗിക്കുന്നത്. ഗ്യാസിലേക്കുള്ള മാറ്റത്തിന് ആഗ്രഹിക്കുന്നവർക്ക് ഏത് വർഷത്തിലാണ് ഗ്യാസിന് വേണ്ടി അപേക്ഷിച്ചത് എന്ന് പോലും ഓർമ്മവരുന്നില്ല. പാചകത്തിന് വിറക് ഉപയോഗിക്കുന്നവർ നമ്മുടെ സാധാരണ അടുപ്പുകൾ ഇന്ധനക്ഷമത തീരെ കുറഞ്ഞവയായതിനാൽ ധാരാളം വിറകുകൾ പാഴായിപ്പോകുന്നു എന്ന കാര്യം മനസ്സിലാക്കുന്നില്ല. മാത്രമല്ല അടുപ്പിൽ നിന്ന് വിഷമയമായ പുക പുറത്ത് വിട്ട് വീട്ടമ്മമാരുടെ ആരോഗ്യം താറുമാറാകുകയും ചെയ്യുന്നു. ഇവയ്ക്ക് ഒരു പരിഹാരമാണ് പുതിയ മെച്ചപ്പെട്ട അടുപ്പുകൾ (പരിഷത്തടുപ്പുകൾ). ഈ അടുപ്പുകൾ വിറക് ചിലവുകൾ തന്നെ കുറക്കുന്നു. അടുക്കളയിൽ പുക പരക്കുന്നതും തടയുന്നു. ഇന്ന് സ്ഥിരമായി വെക്കുന്നതും എടുത്ത് മാറ്റാവുന്നതും ഹോട്ടലുകൾക്കും മറ്റും ഉപയോഗിക്കുന്നതുമായ പലതരം അടുപ്പുകൾ നിർമ്മാണത്തിൽ ഉണ്ട്. നമ്മുടെ പഞ്ചായത്തിൽ ഈ കാര്യങ്ങളെ പറ്റി വേണ്ട ബോധവൽകരണം ഉണ്ടായിട്ടില്ല. വീടുകളിലെ ഇന്ധന ഉപയോഗത്തിന്റെ പട്ടിക 1ൽ താഴെ കൊടുക്കുന്നു.

പട്ടിക 1

| | ഇന്ദനം | എണ്ണം | വിറകിന്റെ അളവ് |
|---|---|---|---|
| 1 | വിറകടുപ്പ് | 12366 | 35985 ടൺ |
| 3 | ഗ്യാസ് | 156 | |
| 4 | മണ്ണെണ്ണ സ്റ്റൗ | | |
| 5 | ഇലക്ട്രിക്ക് സ്റ്റൗ | 52 | |
| 6 | ഗോബർ ഗ്യാസ് | 3 | |

ദക്ഷത കൂടിയ അടുപ്പുകൾ നിർമ്മിക്കാൻ പഞ്ചായത്ത് മുഖേന പരിശീലനം നൽകി സന്നദ്ധ സംഘടനകളുടെ സഹകരണത്തോടു കൂടി പ്രചരണം ഉണ്ടായാൽ ഇന്നത്തെ വിറകിൻെറ ചിലവുകൾ നന്നെ കുറക്കുവാൻ സാധിക്കും.

ഈ പഞ്ചായത്തിൽ 5 ൽ കൂടുതൽ കന്നുകാലികൾ ഉള്ള വീടുകൾ അനവധിയുണ്ട്. അവരുടെ ഗാർഹികാവശ്യത്തിന് വേണ്ട ഗോബർ ഗ്യാസ് അവർക്ക് സ്വന്തമായി ഉൽപാദിപ്പിക്കാൻ സാധിക്കുന്നതാണ്. എന്നാൽ ഈ പദ്ധതി നടപ്പിലാക്കാൻ വേണ്ടുന്ന മുഴുവൻ തുകയും സബ്സിഡിയായി നൽകുകയാണെങ്കിൽ അതിൻെറ ഉൽപാദന മേഖലയിൽ പുരോഗതിയുണ്ടാകും.

## വൈദ്യുതി

ചെങ്കള പഞ്ചായത്തിലെ 3, 4, 5 വാർഡുകളിലെ ഓരോ ഭാഗങ്ങളിലെ ഗുണഭോക്താക്കൾ കാസർകോടിലെ ഇലക്ട്രി സിറ്റി ഓഫീസുകൾമായും 1, 2, 6, 8, 9, 13, 14 വാർഡുകളിലെ മുഴുവൻ ഗുണഭോക്താക്കളും 3, 4, 5, 7 വാർഡുകളിലെ ചില ഭാഗങ്ങളും ചെർക്കള മേജർ സെക്ഷൻ ഇലക്ട്രിസിറ്റി ഓഫീസുമായും 10, 11,12 വുർഡുകളിലെ മുഴുവൻ ഗുണഭോക്താക്കളും 5, 7 വാർഡുകളിലെ ഏതാനും ഗുണഭോക്താക്കളും ബദിയടുക്ക സബ് സെക്ഷൻ ഇലക്ട്രിക്കൽ ഓഫീസുമായും ബന്ധപ്പെടുത്തിക്കൊണ്ടാണ് ഇന്ന് നിലവിലുള്ളത്. ഈ അവസ്ഥ മാറ്റി നമ്മുടെ പഞ്ചായത്തിലെ മുഴുവൻ ഗുണഭോക്താക്കളും ചെർക്കളയിലെ മേജർ സെക്ഷൻ ഇലക്ട്രി സിറ്റി ഓഫീസ് മാത്രമായി ബന്ധപ്പെടുന്ന രീതിയിൽ ഇലക്ട്രി സിറ്റി ഓഫീസുകളിലെ സ്റ്റാഫ് പാറ്റൺ പുതുക്കി പുതിയ ഒരു ഏകീകൃത നയം ഉണ്ടാക്കേണ്ടിയിരിക്കുന്നു. ഇന്ന് ചെങ്കള മേജർ സെക്ഷൻ ഓഫീസ് കാറഡുക്ക, മുളിയാർ, ചെമ്മനാട്, മധൂർ, ചെങ്കള എന്നീ പല പഞ്ചായത്ത് മേഖലകളും ഉൾക്കൊണ്ടതാണ്. ഈ ഓഫീസിൽ അനുവദിച്ചിരിക്കുന്ന ജീവനക്കാരുടെ എണ്ണം വളരെ പരിമിതമാണ്. നികത്തപ്പെടാത്ത ഒഴിവുകൾ ഏറെയുണ്ട്. ജീവനക്കാരുടെ അഭാവം മാത്രമല്ല സാധന സാമഗ്രികളുടെ കുറവും രൂക്ഷമായ പ്രശ്നം തന്നെയാണ്. അതിലുപരി വിതരണം ചെയ്യുന്ന സാധന സാമഗ്രികളുടെ ഗുണമേൻമയില്ലായ്മയും വിതരണ രംഗത്തിലുള്ള അപാകതകൾ തന്നെ. ഇന്ന് നിലവിലുള്ള കാലപ്പഴക്കം ചെന്ന് ദ്രവിച്ച കമ്പികളും ഗുണമേൻമയില്ലാത്തതും അധിക ഭാരംചുമക്കുന്നതുമായ ട്രാൻസ് ഫോർമറുകളും മാറ്റി സ്ഥാപിച്ചാൽ തന്നെ നിലവിലുള്ള വോൾട്ടേജ് ക്ഷാമത്തിന് ഒരു പരിതി വരെ പരിഹാരം ഉണ്ടാകും. ഗാർഹിക മേഖലയിലേയും, കാർഷിക മേഖലയിലേയും ഉപഭോക്താക്കൾക്കാണ് മുൻ തൂക്കമുള്ളത്. കാർഷിക മേഖലയിൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ഏറെ അപേക്ഷകൾ ഇനിയും ഉണ്ട്.

പ്രേക്ഷണ സംവിധാനത്തിൻെറ തകരാറാണ് വൈദ്യുതി നഷ്ടത്തിൻെറ പ്രധാന കാരണം. വെറുതെ ചീറിയടിച്ച് കടന്നുപോകുന്ന കാറ്റ് നിർമ്മലവും നിർദ്ദോശവുമായ ഒരു ഊർജ്ജ ഉറവിടമാണ്. അത് വേണ്ടും വിധം ഉപയോഗിച്ച് വൈദ്യുതി നിർമ്മിക്കാൻ സഹായിക്കുന്ന കാറ്റാടി ജനറേറ്റർ സ്ഥാപിക്കാം. ഇവ സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കാൻ ആവശ്യമായ അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ചുമതല അനർട്ടിനാണ്. ഇതിൻെറ ഓഫീസ് കാസർകോട് ജില്ലയിൽ നീലേശ്വരത്തും, വൊർക്കാടിയിലും നിലവിലുണ്ട്. കാറ്റാടിപ്പാടങ്ങൾ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കാനുള്ള വിവരങ്ങൾ അനർട്ടുമായി ബന്ധപ്പെട്ട് നമ്മുടെ പഞ്ചായത്തിനാവശ്യമായ വൈദ്യുതി ഉൽപാദന ശേഷി വർദ്ധിപ്പിക്കാൻ സാധ്യമാണോ എന്ന് ആരായേണ്ടത് അത്യാവശ്യമാണ്. കാറ്റിൻെറ ശക്തി ഉപയോഗിച്ച് കൃഷിയുടെ ആവശ്യത്തിന് വെള്ളം പമ്പ് ചെയ്യാനും കാറ്റാടി പമ്പുകൾ ഉപയോഗിക്കാം. ഇന്ധനച്ചിലവോ അന്തരീക്ഷ മലിനീകരണമോ ഉണ്ടാവുന്നില്ല. ഇന്ന് പഞ്ചായത്തിൽ കാർഷികാവശ്യത്തിന് വേണ്ടിയും ഗാർഹികാവശ്യത്തിന് വേണ്ടിയും വൈദ്യുതി എത്താത്ത പ്രദേശങ്ങൾ ഏറെയുണ്ട്.

നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ പട്ടിക 2 ലും പുതുതായി ആവശ്യമുള്ള സ്ഥലങ്ങളുടെ വിവരങ്ങൾ പട്ടിക 3 ലും കൊടുക്കുന്നു.

പട്ടിക- 2

നിലവിലുള്ള ട്രാൻസ് ഫോർമറുകൾ

| | |
|---|---|
| 1 | തെക്കിൽ പാലത്തിന് സമീപം |
| 2 | ബേവിഞ്ച |
| 3 | മേനംകോട് |
| 4 | ചേരൂർ |
| 5 | ബേർക്ക |
| 6 | ചെർക്കള |
| 7 | ചെർക്കള ടൗൺ |
| 8 | ഇന്ദിര നഗർ |
| 9 | സന്തോഷ് നഗർ |
| 10 | പാണലം |
| 11 | പന്നിപ്പാറ |
| 12 | പടുവടുക്കം |
| 13 | തെക്കേമൂല |
| 14 | എരുതും കടവ് |
| 15 | കല്ലക്കട്ട |
| 16 | ആലംപാടി |
| 17 | മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് |
| 18 | ബെള്ളൂർ അടുക്കം |
| 19 | ചണ്ണന്തല |
| 20 | എടനീർ (2) |
| 21 | എതിർതോട് (2) |
| 22 | ചൂരിപ്പള്ളം |
| 23 | പിലാംകട്ട |
| 24 | നാരമ്പാടി |
| 25 | അഷ്റഫ് ടൈൽസ് |
| 26 | ചന്ദന ഫാക്ടറി (2) |
| 27 | കെ. കെ. പുറം |
| 28 | സിവിൽ സ്റ്റേഷൻ |

പട്ടിക-3

പുതുതായി സ്ഥാപിക്കേണ്ട ട്രാൻസ് ഫോർമറുകൾ

| | |
|---|---|
| 1 കല്ലും കൂട്ടം | 18 ബാലടുക്ക |
| 2 കല്ലു വെള | 19 ചെർക്കള ബാലടുക്ക |
| 3 ചേരൂർ | 20 അർളടുക്ക |
| 4 പുതിയ കോപ്പ | 21 എരിയപ്പാടി |
| 5 ബെള്ളൂർ അടുക്കം | 22 ചാത്തപ്പാടി |
| 6 നാൽത്തടുക്കം | 23 ചാമ്പലം |
| 7 മരുതം ബയൽ | 24 അതിർക്കുഴി |
| 8 കടംബട്ട | 25 ബീട്ടിയടുക്ക |
| 9 എരിയപ്പാടി | 26 കോലാച്ചിയടുക്ക |
| 10 പുതുമണ്ണ് | 27 ചണ്ണന്തല താഴെ |
| 11 തട്ടാംമൂല | 28 കൂട്ടാലക്കൽ |
| 12 ആറാട്ടു കടവ് | 29 നെക്രാജെ അമെ |
| 13 തൈവളപ്പ് | 30 നാരമ്പാടി |
| 14 അയ്യപ്പാ ഭജന മന്ദിരം | 31 കരിപ്പള്ളം |
| 15 പയോട്ട | 32 വി. കെ. പാറ |
| 16 കോളിക്കട്ട | 33 കല്ലും കൂട്ടം |
| 17 ചെങ്കള ചേരൂർകുന്ന് | |

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വൈദ്യുതിയെത്തിയെങ്കിലും 50 ശതമാനം വീടുകളിൽ ഇനിയും വൈദ്യുതി എത്താൻ ബാക്കിയുണ്ട്.

കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളുടെ കണക്കുകൾ പട്ടിക 4ൽ താഴെ ചേർക്കുന്നു.

പട്ടിക-4

| | | |
|---|---|---|
| 1 | ഓർഡിനറി | 370 |
| 2 | ഒ. ടി. പി. | 10 |
| 3 | ഒ. വൈ. ഇ. സി. | 105 |
| 4 | കാർഷിക ആവശ്യം | 127 |

ഒ. വൈ. ഇ. സി. സ്കീമിൽ പണം അടച്ചു ആറും, ഏഴും മാസങ്ങൾ കഴിഞ്ഞിട്ടും കണക്ഷൻ ലഭിക്കാത്തവർ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്. സാധന സാമഗ്രികളുടെ ലഭ്യത കുറവാണ് കാരണമായി പറയുന്നത്. മുഴുവനായും വൈദ്യുതീകരിച്ച കോളനികൾ ഇല്ലെന്നു തന്നെ പറയാം.

ഒന്നോ, രണ്ടോ വീടുകൾ മാത്രം വൈദ്യുതീകരിച്ച ഹരിജന ഗിരിജന കോളനികളുടെ പട്ടിക 5ൽ ചേർക്കുന്നു.

പട്ടിക-5

| | | | |
|---|---|---|---|
| 1 | അജംകോട് | 11 | ചെമ്പ വയൽ |
| 2 | ബനത്തടി | 12 | നാരമ്പാടി |
| 3 | നാലത്തടുക്കം | 13 | പുതുമണ്ണ് |
| 4 | ബാലടുക്കം | 14 | കെ. കെ. പുറം |
| 5 | സാംബത്തില്ലം | 15 | കല്ലുംക്കൂട്ടം |
| 6 | മാവിനക്കട്ട | 16 | സുബ്ബൻ മൂല |
| 7 | ചാത്തപ്പാടി | 17 | മുള്ളൻപാടി |
| 8 | കല്ലക്കട്ട | 18 | തെക്കേമൂല |
| 9 | ചൂരിപ്പള്ളം | 19 | തൈവളപ്പ് |
| 10 | അർളടുക്കം | 20 | ഗാണിഗർമൂല |

പഞ്ചായത്തിൽ തീരെ വൈദ്യുതി കണക്ഷനുകൾ ലഭിക്കാത്ത ഹരിജന ഗിരിജന കോളനികൾ പട്ടിക 6ൽ ചേർക്കുന്നു.

പട്ടിക-6

| | | | |
|---|---|---|---|
| 1 | അതിർകുഴി | 7 | മീനാടിപ്പള്ളം |
| 2 | പിലികൂടൽ | 8 | അയലോട്ട് |
| 3 | ഊജംകോട് | 9 | ഇന്ദിരാ നഗർ |
| 4 | പയോട്ട | 10 | മേനങ്കോട് |
| 5 | മണലിക്കാട് | 11 | ചർലടുക്കം |
| 6 | മരുതംബയൽ | | |

സൂര്യ പ്രകാശത്തേ സോളാർ സെല്ലുകൾ ഉപയോഗിച്ച് വൈദ്യുതിയാക്കിമാറ്റുന്ന രീതി വളരെയധികം പ്രത്യാശനൽകുന്ന ഒരു സാങ്കേതിക വിദ്യയാണ്. ഇപ്പോൾ ചിലവേറിയതിനാൽ കുറഞ്ഞ തോതിലും പ്രത്യേക ആവശ്യങ്ങൾക്കും മാത്രമേ ഇത് ഉപയോഗപ്പെടുത്തുന്നുള്ളുവെങ്കിലും ഭാവിയിൽ വൈദ്യുതോൽപാദനത്തിന്ന് ഈ രീതി സാർവ്വത്രീകമാവുമെന്നാണ് പ്രതീക്ഷ. ഇപ്പോൾ 2750 രൂപ വിലമതിക്കുന്ന സൂര്യ റാന്തൽ വിളക്കുകൾ 250 രൂപയ്ക്ക് പട്ടിക വർഗ്ഗക്കാർക്ക് ലഭ്യമാവുന്നു. എന്നാൽ നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം തീരെ ലഭിക്കുന്നില്ല. അനർട്ടിന്റെ പ്രവർത്തന മേഖലയിലുള്ള എല്ലാ സൗര വൈദ്യുതോപകരണങ്ങളും സൗര താപോപകരണങ്ങളും നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കണം.

നമ്മുടെ പഞ്ചായത്തിൽ ബോറുകളിൽ നിന്ന് വൈദ്യുതി ഉപയോഗിച്ച് ചെർക്കളയിലും നെല്ലിക്കട്ടയിലും ടാങ്കറിൽ വെള്ളം നിറയ്ക്കുന്നുണ്ട്. ഈ പ്രദേശത്തു കുടിവെള്ളം വൈദ്യുതിയെ ആശ്രയിച്ചായിരിക്കും. നമ്മുടെ പഞ്ചായത്തിൽ വൈദ്യുതി ഉൽപാദനശേഷി ഉടനെ വർദ്ധിപ്പിക്കാൻ ഏറ്റവും അനുയോജ്യമായ ഒരു സാങ്കേതിക വിദ്യയാണ് കാറ്റാടിപ്പാടങ്ങൾ. സാങ്കേതിക വിദഗ്ദ്ധരുടെ (അനർട്ട്) ഉപദേശം തേടി വെള്ളിക്കുണ്ടംപാറ, ബേർക്ക എന്നിവിടങ്ങൾ കാറ്റാടിപ്പാടങ്ങൾക്ക് അനുയോജ്യമായി വരികയാണെങ്കിൽ നമ്മുടെ പഞ്ചായത്തിലെ കുണ്ടടുക്കം, ബേവിഞ്ച, പുലിക്കുണ്ട്, ചെർക്കള ടൗൺ, ചേരൂർ, ചെങ്കള, മേനങ്കോട്, 4-ാം മൈൽ എന്നീ പ്രദേശത്തുകാർക്ക് വൈദ്യുതിക്ഷാമവും അതുപോലെ കുടിവെള്ളക്ഷാമവും പരിഹരിക്കാൻ സാധിക്കും.

തെരുവ് വിളക്കുകൾക്ക് വേണ്ടി നമ്മുടെ പഞ്ചായത്തിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 16596 രൂപ മാത്രമാണ് ചെലവഴിച്ചത്. 100 വിളക്കുകൾ അതായത് ഭരണച്ചെലവിന്റെ 1.34 ശതമാനം മാത്രം. ഗ്രാമ സഭകളിൽ തെരുവു വിളക്കിന്റെ ആവശ്യകത രൂക്ഷമായി ചർച്ച ചെയ്യപ്പെട്ട വിഷയമായിരുന്നു. തെരുവ് വിളക്കുകൾ സ്ഥാപിക്കാൻ വേണ്ടി ഗ്രാമ സഭകളിൽ ഉന്നയിച്ചസ്ഥലങ്ങൾ ചുവടെ ചേർക്കുന്നു.

1. ബേവിഞ്ച കല്ലുവളപ്പ് റോഡ്
2. കെ. കെ. പുറം ഹരിജൻ കോളനി റോഡ്
3. വടക്കേകര കട്ടാരം ഫുഡ്പാത്ത്
4. കുണ്ടടുക്കം ചെർക്കള നടപ്പാത
5. ബേവിഞ്ച പാലം മുതൽ ചെർക്കള ടൗൺ വരെ
6. മസ്ജിദ് റോഡ്
7. ചെങ്കള ചാമ്പലം റോഡ്
8. നായമാർ മൂല പെരുമ്പള കടവ് റോഡ്
9. നായമാർ മൂല പാണലം മസ്ജിദ് റോഡ്
10. കോളിക്കടവ് ജംഗ്ഷൻ മുതൽ കോളിക്കടവ് വരെ
11. സന്തോഷ് നഗർ മാരാ മസ്ജിദ് വരെ

12. തൊട്ടി മുതൽ മാരാ മസ്ജിദ് വരെ

13. ചേരൂർ കടവ് മുതൽ 4-ാം മൈൽ വരെ

14. പടിഞ്ഞാറെ മൂല ജംഗ്ഷൻ മുതൽ ആലമ്പാടി ഹൈസ്കൂൾ വരെ

15. ബി. സി. റോഡ് ജംഗ്ഷൻ മുതൽ എരുതും കടവ് പാലം വരെ

16. സിവിൽ സ്റ്റേഷൻ മുതൽ പന്നിപ്പാറ വരെ

17. റഹ്മാനിയ നഗർ മുതൽ തെക്കേമൂല ജംഗ്ഷൻ വരെ

18. എൻ. എച്ച്. കടയം കല്ലടക്ക വഴി തായൽ നായൻമാർമൂലവരെ

19. എരുതും കടവ് പാലം മുതൽ കല്ലകട്ട വരെ

20. റഹ്മാനിയ നഗറിൽ നിന്ന് ചെറിയ ആലംമ്പാടി വരെ

21. ചെറിയ ആലംമ്പാടിയിൽ നിന്ന് ആലംമ്പാടി വരെ

22. ചെർക്കള-ബേർക്ക-മേനംകോട്

23. ആലംമ്പാടിയിൽ നിന്ന് എരിപ്പാടി ബദർ മസ്ജിദ് വരെ

24. ചെർക്കള ബേർക്ക വഴി മേനങ്കോട് വരെ

25. ചെർക്കള ചാമ്പലം വഴി റഹ്മത്ത് നഗർ 4-ാം മൈൽ വരെ

26. എൻ.എച്ച് ടൗണിൽ നിന്ന് എൻ.എച്ച് വാലിവ്യൂ വരെ

27. ബേർക്ക മുതൽ ബേവിഞ്ച വരെ

28. നെല്ലിക്കട്ട മുതൽ പൈക്ക വരെ

29. നെക്രാജെ മുതൽ ഉട്ടം വരെ

30. അർളടുക്ക ഹരിജൻ കോളനിയിൽ

31. മാവിനക്കട്ട മുതൽ ആറാട്ടു കടവ് വരെ

32. പിലാങ്കട്ട നിന്ന് നെക്രാജെ വരെ

33. ബാലടുക്കത്ത്

34. കെ. കെ. പുറം മുതൽ മസ്ജിദ് വരെ

35. ഇന്ദിരാനഗർ വിവേകാനന്ദ കോളേജ്

36. ചെങ്കള ഹൗസിംഗ് കോളനി റോഡ്

37. ബേർക്ക - ബേവിഞ്ച

38. ചെർക്കള - ചാമ്പല- ചെങ്കള

39. ബേർക്ക - നാലാംമൈൽ

40. മരുതംബയൽ - പാമ്പാച്ചിക്കടവ്

41. പടുവടുക്ക - പന്നിപ്പാറ - കോപ്പ

42. കല്ലക്കട്ട ഹരിജൻ കോളനി

43. പടുവടുക്ക - തങ്കാപ്പ റോഡ്

44 . കടമ്പട്ട ബിലാൽ നഗർ- പയോട്ട റോഡ്

45. മുള്ളംപാടി - നാലത്തടുക്ക - കന്നിക്കാട് റോഡ്

46. ഊജംകോട് ബാരിക്കാട് റോഡ്

47. മുള്ളംപാടി - കന്നിക്കാട് - ഹിമായത്ത് നഗർ

48. കോപ്പ - പുതുമണ്ണ് പള്ളി - പുതിയ കോപ്പ

49. പുണ്ടൂർ ഹരിജൻ കോളനി

50. ചെർക്കള കോളിക്കട്ട കെട്ടുകല്ല്

51. മസ്ജിദ് തെക്കേപുറം

52. ഖുദ്റത്ത് കോളനി

53. ബാലടുക്കം

54. കരിപ്പള്ളം

55. ജുമാ മസ്ജിദ് റോഡ് - സിറ്റിസൺ റോഡ്

56. മാർത്തോമ റോഡ് - ബംബ്രാണ നഗർ

57. എരുതംകടവ് - പുതുമണ്ണ്

58. സിറ്റിസൺ നഗർ എർമാളം

59. തൈവളപ്പ് - എർമാളം കോട്ട

60. സന്തോഷ് നഗർ - പടിഞ്ഞാർ മൂല

61. എടനീർ - നെല്ലിക്കട്ട

62. അർപിത ആശുപത്രി - എർമാളം

63. ബാലടുക്ക - നെല്ലിക്കട്ട - നെക്രാജെ

64. കുണ്ടടുക്കം - പുലിക്കുണ്ട്

65. കെ.കെ.പുറം ഹരിജൻ കോളനി

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 50% തോളം വീടുകളിൽ വൈദ്യുതിയില്ല.
2. പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ മുഴുവനും വൈദ്യുതീകരിച്ചിട്ടില്ല.
3. വിറക് ക്ഷാമം രൂക്ഷമാകുന്നു.
4. കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ ലഭ്യമല്ല.
5. പഞ്ചായത്തിൽ തെരുവ് വിളക്കുകൾ പരിമിതമാണ്.
6. പഞ്ചായത്തിൻെറ മുഴുവൻ പ്രദേശവും ഒരേ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൻെറ കീഴിലല്ല.
7. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്.
8. വ്യവസായ സംരംഭകർക്ക് വൈദ്യുതി നൽകുന്നതിന് കാല താമസം അനുഭവപ്പെടുന്നു.
9. ഒ. വൈ. ഇ. സി. കണക്ഷൻ നൽകുന്നതിലും കാലതാമസം ഉണ്ടാകുന്നു.

## പരിഹാരങ്ങൾ

1.വൈദ്യുതി ബോർഡിന്റെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിലാക്കുക. അനർട്ടിന്റെ പ്രവർത്തന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുക. വൈദ്യുത കണക്ഷനുകളുടെ അപേക്ഷകൾക്ക് പഞ്ചായത്തടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുക.

2 പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികൾ വൈദ്യുതീകരിക്കുന്നതിന് പഞ്ചായത്തടിസ്ഥാനത്തിൽ മുൻഗണന നൽകുക.

3.വിറക് ലാഭിക്കുന്ന മെച്ചപ്പെട്ട അടുപ്പുകൾ പഞ്ചായത്തിൽ ലഭ്യമാക്കുക. സന്നദ്ധ സംഘടനകൾ വഴി പഞ്ചായത്തിൽ ഇതിനായി പ്രവർത്തനം തുടങ്ങണം.

4. കാർഷികാവശ്യത്തിനുള്ള മണ്ണെണ്ണ വിതരണം പഞ്ചായത്തടിസ്ഥാനത്തിൽ സാർവത്രികമാക്കുക.

5. വൈദ്യുതി എത്തിക്കാൻ ബുദ്ധിമുട്ടുള്ള ഒറ്റപ്പെട്ട സ്ഥലങ്ങളിൽ സൂര്യ വിളക്കുകൾ സ്ഥാപിക്കുക.

6. നിലവിലുള്ള കാലദൈർഘ്യം നേരിട്ട ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയവ സ്ഥാപിക്കുക. ദ്രവിച്ചതും അധികഭാരം ചുമക്കുന്നതുമായ കമ്പികൾ മാറ്റുക. പുതിയതും പുതുക്കാവുന്നതുമായ ഊർജ്ജ സങ്കേതങ്ങളുടെ ഉപയോഗം പ്രചരിപ്പിക്കാനും ഗ്രാമീണ സങ്കേതിക വിദ്യകൾ വികസിപ്പിക്കാനും അനർട്ടിന്റെ സേവനം പഞ്ചായത്തിൽ പ്രായോഗികമാക്കുക.

7. വ്യവസായികാവശ്യത്തിന് വൈദ്യുതി നൽകുന്നതിനുള്ള മുൻഗണന പഞ്ചായത്തടിസ്ഥാനമാക്കുക.

8. ഒ. വൈ. ഇ. സി. കണക്ഷനും പഞ്ചായത്തടിസ്ഥാനത്തിൽ മുൻഗണന നൽകുക.

9. കാർഷികാവശ്യങ്ങൾക്കുള്ള വൈദ്യുത കണക്ഷൻ മുൻഗണനാക്രമത്തിൽ നൽകുകയും കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

*"ജീവിതത്തിലൊരിക്കൽ ആശുപത്രി സന്ദർശിക്കുക. ദൈവം നിനക്കു നൽകിയ ആരോഗ്യത്തിന്റെ_ മഹത്വം ബോധ്യപ്പെടും."*

*_മുസ്തഫ സബാഇൗ*



# മാർക്കറ്റ്

ചെങ്കള ഗ്രാമ പഞ്ചായത്ത് കാർഷിക മേഖലയാണെന്ന് സൂചിപ്പിച്ചല്ലോ. കൃഷിക്കാരുടെ സാധനങ്ങൾ വിറ്റഴിക്കാൻ 30 കി.മി. സഞ്ചരിച്ചു ജില്ലാ ആസ്ഥാനമായ കാസർഗോഡ് പട്ടണത്തിൽ എത്തണം. ഇത് വർദ്ധിച്ച ചെലവിന് കാരണമാകുന്നു.

കാസർഗോഡ് താലൂക്കിനെ ഉദ്ദേശിച്ചു "റഗുലേറ്റഡ് മാർക്കറ്റ് കാസർഗോഡ്" എന്ന സ്ഥാപനം ഈ പഞ്ചായത്തിലെ വിദ്യാനഗർ ബി. സി. റോഡിനടുത്ത് സ്ഥിതി ചെയ്യുന്നു. കൃഷിക്കാർക്കു വളരെയധികം ഉപകാരപ്രദമാം വിധം ഇതുപയോഗിക്കാമെങ്കിലും ഇതിനെപ്പറ്റിയുള്ള അറിവില്ലായ്മ കാരണം ഈ സ്ഥാപനം ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല. അടക്ക, കൊപ്ര എന്നിവയാണ് ഇവിടെ പ്രധാനമായും കച്ചവടംചെയ്യുവാൻ ഉദ്ദേശിച്ചിരുന്നത്. കച്ചവടക്കാരുടെ പക്കൽ നിന്ന് ലൈസൻസ് ഫീസ് പിരിക്കുക എന്നതൊഴിച്ചാൽ മറ്റു യാതൊരുജോലിയും ഇവർക്ക് ചെയ്യേണ്ടിവരുന്നില്ല. ഇപ്പോൾ ഇതിൻെറ ചെയർമാൻ കോഴിക്കോട്ജില്ലാ കലക്ടർ ആണ്. കാസർഗോഡ് ജില്ലാ കലക്ടർക്ക് ഈ ചുമതല നൽകിയാൽ ഇതിൻെറ പ്രവർത്തനം കുറേ കൂടി മെച്ചപ്പെടുത്താൻ കഴിയും.

1. ചെർക്കളയിൽ ബസ് സ്റ്റാൻറ് കം ഷോപ്പിംഗ് കോംപ്ലക്സും, നായൻമാർമൂലയിൽ ഷോപ്പിംഗ് കോംപ്ലക്സും ആരംഭിക്കുക.
2. സഹകരണ മേഖലയിൽ ഇന്നുള്ള വിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.
3. പഞ്ചായത്തിലുള്ള മൂന്ന് സർവ്വീസ് സഹകരണ ബാങ്കുകളുടേയും കീഴിൽ മുഴുവൻ കാർഷികോൽപന്നങ്ങളും ശേഖരിക്കുന്ന കേന്ദ്രം ആരംഭിക്കുക.
4. പച്ചക്കറി സംഭരണ_വിപണന സഹകരണങ്ങൾ സംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുക.
5. ചെർക്കളയിൽ നിലവിലുള്ള മാവേലി സ്റ്റോറിൻെറ പ്രവർത്തനം കാര്യക്ഷമമാക്കുക.
6. ചെർക്കള, നായൻമാർമൂല, നെല്ലിക്കട്ട എന്നിവിടങ്ങളിൽ ആഴ്ച ചന്തകൾ ആരംഭിക്കുക.
7. സർവ്വീസ് സഹകരണ ബാങ്കുകളുടെ കീഴിൽ കൺസ്യൂമർ സ്റ്റോർ ആരംഭിക്കുക.
8. നായമാർമൂല, പൈക്ക, ആലംപാടി എന്നിവിടങ്ങളിൽ മാവേലി സ്റ്റോർ ആരംഭിക്കുക.
9. ചെർക്കളയിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ഒരു മത്സ്യ മാർക്കറ്റ് സ്ഥാപിക്കുക.

*Best Compliments from:*

# CHENGALA SERVICE CO-OPERATIVE BANK

No: S. 66
CHERKALA
P.O. CHENGALA
Phone: 420766

- Accept all kinds of deposits at attractive rate of interest.
- Agricultural loan fecilities.
- Gold loan fecilities.
- All Banking fecilities offered.

President: Balakrishna Vorkodlu.     Secretary: P. Giridharan

*Best Compliments from:*

Phone: (Off) 520389, 530267
522228
(Resi) 420223

# CIYECH TOURIST HOME

CITY BUS STAND
Kasaragod - 671 121

Single, Double & Family Rooms
Hot Water, Car Parking



# ഭവന നിർമ്മാണവും സാമൂഹ്യ ക്ഷേമവും

## ഭവന നിർമ്മാണം

കാസർകോട് ജില്ലയുടെ ആസ്ഥാനമായ സിവിൽ സ്റ്റേഷൻ ഉംപ്പെടുന്ന ഈ പഞ്ചായത്ത് കാസർകോട് മുനിസിപ്പാലിറ്റിയോട് തൊട്ട് കിടക്കുന്നു. അതു കൊണ്ട് തന്നെ ഈ ഗ്രാമ പഞ്ചായത്ത് വളരെ വേഗം ഒരു പട്ടണത്തിൻെറ വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു. മുട്ടത്തൊടി ചെങ്കള, പാടി, നെക്രാജെ എന്നീ നാലു ഗ്രാമങ്ങളും ചേർന്നതാണ് ഈ പഞ്ചായത്ത്.

ഈ പഞ്ചായത്തിലെ സാമ്പത്തിക മേഖലയിൽ ഗൾഫ് പണത്തിന് വളരെയധികം സ്വാധീനമുണ്ട്. ഈ പഞ്ചായത്തിലെ പടിഞ്ഞാറ് ഭാഗമായ ചെങ്കള, മുട്ടത്തൊടി ഗ്രാമങ്ങളിൽ ഭവന നിർമ്മാണരംഗത്ത് ഗൾഫ്പണത്തിൻെറ സ്വാധീനം വളരെയധികം പ്രകടമാണ്. ഗൾഫ് മേഖലയിൽ നിന്ന് വരുന്ന പണം കാർഷിക വ്യാവസായിക മേഖലയിൽ മുടക്കിയിട്ടില്ല. പകരം ഭവന നിർമ്മാണത്തിന് വേണ്ടിയാണ് ഭൂരിഭാഗവും വിനിയോഗിച്ചിട്ടുള്ളത്. ഗൾഫിൽ പുതിയ നിയമങ്ങൾ നടപ്പിലാക്കുന്നതുവരെ ഈ ഭാഗത്തുള്ള ജനങ്ങളുടെ മുഖ്യ വരുമാന മാർഗ്ഗം ഗൾഫിൽ നിന്നുള്ളതായിരുന്നു. പുതുതായി വന്ന നിയമങ്ങൾ അതിന് തിരിച്ചടിയായിട്ടുണ്ട്. ഇത് ഭവന നിർമ്മാണ രംഗത്ത് പ്രതിഫലിക്കും. ഇടത്തരക്കാർ അധികവും കൃഷി, ചെറുകിട കച്ചവടം എന്നിവയെ ആശ്രയിച്ച് ജീവിക്കുന്നു. ഭൂരിഭാഗം ജനങ്ങളുടെയും വരുമാന മാർഗ്ഗം കൂലിവേലയും ചെറുകിട വ്യാപാര സ്ഥാപനങ്ങളിലും വ്യവസായ സ്ഥാപനങ്ങളിലുമുള്ള ജോലിയുമാണ്. സ്വന്തമായി ജീവിത മാർഗ്ഗമുള്ളവർ വളരെ ചുരുക്കം മാത്രമാണ്.

ഈ ഗ്രാമ പഞ്ചായത്തിലെ വീടുകളിൽ 1113 എണ്ണം കോൺക്രീറ്റ് കൊണ്ട് നിർമ്മിച്ചതും 4544 എണ്ണം ഓടു മേഞ്ഞതും ബാക്കി 1147 എണ്ണം ഓല മേഞ്ഞതുമാണ്.

**വീടുകളുടെ തരം തിരിച്ച പട്ടിക വാർഡ് തലത്തിൽ**

| ക്രമ നമ്പർ | കോൺക്രീറ്റ് | ഓട് മേഞ്ഞത് | ഓല മേഞ്ഞത് | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1 | 79 | 261 | 70 | 42 | 452 |
| 2 | 39 | 330 | 6 | 25 | 400 |
| 3 | 202 | 515 | 8 | 53 | 778 |
| 4 | 244 | 501 | 7 | 47 | 799 |
| 5 | 17 | 304 | 67 | 5 | 393 |
| 6 | 89 | 429 | 37 | 3 | 558 |
| 7 | 49 | 332 | 159 | 9 | 549 |
| 8 | 276 | 493 | 28 | 47 | 844 |
| 9 | 29 | 272 | 76 | 9 | 386 |
| 10 | 33 | 326 | 149 | 4 | 512 |
| 11 | 16 | 451 | 119 | 5 | 599 |
| 12 | 40 | 322 | 172 | - | 534 |
| ആകെ | 1113 | 4544 | 898 | 249 | 6804 |

14 വാർഡുകളിലായി നിർമ്മിച്ച വീടുകൾ ഏറെക്കുറെ തുല്യത പുലർത്തുന്നുണ്ടെങ്കിലും ആർഭാടമായി വലിയ നിർമ്മാണച്ചെലവ് വരുന്ന വീടുകൾ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഹൗസിംഗ് ബോർഡിൻെറ കീഴിലുള്ള ചെങ്കള ഭവന നിർമ്മാണ പദ്ധതി, മുട്ടത്തൊടി ഭവന നിർമ്മാണ പദ്ധതി എന്നിവകളിൽ വീടുകളും ഫ്ളാറ്റുകളും നിർമ്മിച്ചു നൽകിയിട്ടുണ്ടെങ്കിലും അത് സാധാരണക്കാരുടെ പാർപ്പിടക്ഷാമം പരിഹരിക്കാൻ ഉതകുന്നവയല്ല.

ഭവന നിർമ്മാണ രംഗത്ത് ധനസഹായം നൽകുന്നതിന് കാര്യക്ഷമമായി പ്രവർത്തിക്കുന്ന ഏജൻസികൾ നിലവിലില്ല. ജില്ലാ സഹകരണ ബാങ്ക്, ഹൗസിംഗ്ബോർഡ്, ലൈഫ് ഇൻഷൂറൻസ് കോർപ്പറേഷൻ എന്നിവയുടെ സേവനവും പര്യാപ്തമല്ല. അമിതമായ പലിശയും വായ്പ ലഭിക്കുന്നതിനുള്ള താമസവും സാധാരണക്കാരനെ ബുദ്ധിമുട്ടിക്കുന്നു.

ഈ പഞ്ചായത്തിൽ സ്വന്തമായി വാസയോഗ്യമായ വീടില്ലാത്തവർ 1147 ആണ്. സർക്കാർ ഏജൻസികൾ മുഖേന പഞ്ചായത്തിൽ ലഭ്യമായ വീടിന്റെ എണ്ണം വളരെ കുറവാണ്.

ദുർബല വിഭാഗങ്ങൾക്കായി പഞ്ചായത്തിൽ വിവിധ പദ്ധതികളിലൂടെ നിർമ്മിച്ച വീടുകളുടെ പട്ടിക താഴെ ചേർക്കുന്നു.

| YEAR | ALEGP | NREP | IAY | MWS | JRY | TOTAL |
|---|---|---|---|---|---|---|
| 84-85 | 11 | 09 | - | - | - | 20 |
| 85-86 | 22 | 27 | - | - | - | 19 |
| 86-87 | 20 | 23 | - | - | - | 33 |
| 87-88 | 24 | 28 | - | - | - | 32 |
| 88-89 | 21 | 11 | - | - | - | 22 |
| 89-90 | - | 10 | 03 | - | - | 03 |
| 90-91 | - | - | - | - | 12 | 12 |
| 91-92 | - | - | - | 05 | 02 | 07 |
| 92-93 | - | - | 01 | 02 | 01 | 04 |
| 93-94 | - | - | - | 02 | - | 02 |
| 94-95 | - | - | 12 | 23 | 01 | 24 |
| 95-96 | - | - | 13 | 04 | - | 17 |
| Total | 56 | 108 | 29 | 34 | 16 | 283 |

മൂന്ന് ലക്ഷം വീട് കോളനികളും 14 പട്ടിക ജാതി- പട്ടിക വർഗ്ഗ കോളനികളും ഉൾപ്പെടെ ആകെ 17- ഓളം കോളനികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ താമസിക്കുന്നതാണ്. അവിടങ്ങളിൽ വീടും അതിനോടനുബന്ധിച്ച സൗകര്യങ്ങളും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവും ദൗർലഭ്യവും
2. സാമ്പത്തിക പരിമിതി, വായ്പ നൽകുന്ന ധനകാര്യ സ്ഥാപനങ്ങളുടെ കുറവ്, ഉയർന്ന പലിശ നിരക്ക്, സങ്കീർണ്ണമായ ഉപാധികൾ.
3. വീട് പുതുക്കിപ്പണിയുന്നതിന് സാമ്പത്തിക സഹായം ലഭിക്കുന്നതിലുള്ള തടസ്സം.
4. ചെലവ് കുറഞ്ഞ വീട് നിർമ്മാണത്തിനുള്ള സാങ്കേതിക വിദ്യ ലഭ്യമല്ല.
5. പാർപ്പിടങ്ങളിൽ കുടിവെള്ളം, കക്കൂസ്, ഗതാഗത സൗകര്യം, വിദ്യുച്ഛക്തി എന്നിവയുടെ കുറവ്.
6. പുരയിടങ്ങൾ ലഭിക്കുന്നതിനുള്ള പ്രയാസം.
7. കോളനികളുടെ ശോചനീയാവസ്ഥ.
8. വയലുകൾ നികത്തി പുരയിടങ്ങളാക്കുന്നതുമൂലമുള്ള കാർഷിക പ്രശ്നങ്ങൾ.
9. നിർമ്മാണ രംഗത്തെ വിവിധ മേഖലകളിലെ വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം.

## സാധ്യതകൾ

1. പഞ്ചായത്തിലെ കോളനികളുടെ പ്രശ്നങ്ങൾ പഠിക്കുകയും അവ പരിഹരിക്കുന്നതിന് പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

2. ഭവന നിർമ്മാണ വായ്പാ പദ്ധതികളുടെ മേൽനോട്ടവും നിർവഹണവും പൂർണ്ണമായും പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവരിക.

3. പ്രാദേശികമായി ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാമഗ്രികളെക്കുറിച്ച് ബോധവൽക്കരണം നടത്തുക. ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിന് പ്രോൽസാഹനവും പ്രചാരണവും നൽകുക.

4. സഹകരണ മേഖലയിൽ ചെലവു കുറഞ്ഞ ഭവന നിർമ്മാണ സാധനങ്ങൾ നിർമ്മിച്ച് വിതരണം നടത്തുന്നതിനുള്ള സ്ഥാപനം ആരംഭിക്കുക.

5. പഞ്ചായത്തിൽ ഭവന നിർമ്മാണത്തിന് വായ്പകൾ നൽകുന്നതിന് പ്രത്യേക സഹകരണ സംഘം രൂപീകരിക്കുക.

6. ഒരു നിശ്ചിത സംഖ്യയിൽ കൂടുതൽ നിർമ്മാണച്ചെലവ് വരുന്ന വീടുകളുടെ നിർമ്മാണം നിയന്ത്രിക്കുക.

7. സർക്കാർ പദ്ധതികൾ പ്രകാരം അനുവദിക്കുന്ന വീടുകളുടെ ഉപാധികൾ ലഘൂകരിക്കുക. പലിശ നിരക്ക് കറക്കുക, അടവ് സംഖ്യയുടെ തോത് കുറക്കുക, കാല ദൈർഘ്യം വർദ്ധിപ്പിക്കുക.

8. ഒരു നിശ്ചിത സമയ പരിധിക്കുള്ളിൽ ഭവനരഹിതരായ മുഴുവൻ ദുർബല വിഭാഗ ക്കാർക്കും വീടുണ്ടാക്കുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കുക.

9. ചെലവ് കുറഞ്ഞ വീട് നിർമ്മിക്കുന്നതിന് തൊഴിലാളികൾക്ക് പരിശീലനം നൽകുക.

10. ഭവന രഹിതരുടെ പ്രശ്നം പരിഹരി ക്കുന്നതിന് അവർക്ക് പ്രാഥമികമായി വീട് വെക്കുന്നതിനുള്ള സ്ഥലം ലഭിക്കേണ്ടതുണ്ട്. പഞ്ചായത്തിൽ നിലവിലുള്ള മിച്ചഭൂമി, പുറമ്പോക്ക് എന്നിവ കണ്ടെത്തുകയും അവ അർഹതയുടെ അടിസ്ഥാനത്തിൽ ഗുണഭോക്താ ക്കൾക്ക് നൽകുകയും വേണം. ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ അഞ്ചു വർഷത്തിനകം മുഴുവൻ കുടുംബങ്ങൾക്കും വീട് യാഥാർത്ഥ്യമാക്കിക്കൊടുക്കുന്നതിന് പദ്ധതി ആവിഷ്ക്കരിക്കാൻ സാധിക്കണം.

11. ഭവന നിർമ്മാണത്തിന് ധനസഹായ സ്ഥാപനങ്ങൾ ഏർപ്പെടുത്തിയ ബോണ്ട് റജിസ്ട്രേഷൻ എടുത്ത് കളയണം.

## സാമൂഹ്യ ക്ഷേമം

സാമൂഹ്യ ക്ഷേമ രംഗത്തുള്ള പ്രവർത്തന ങ്ങൾ ഈ പഞ്ചായത്തിൽ ഏറിയ കൂറും നടത്തി വരുന്നത് കാസർകോട് വികസന ബ്ലോക്ക് മുഖാന്തിരം പാടി, ചെങ്കള എന്നീ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകളിൽ കൂടിയാണ്. സാമൂഹ്യ ക്ഷേമരംഗത്ത് ഏറെക്കാലമായി നടത്തിവരുന്ന വികസന പ്രവർത്തനങ്ങൾ പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തിയിട്ടുണ്ട്. എങ്കിലും ഗുണനിലവാരം വസ്തുനിഷ്ഠമായി കണക്കാക്കുന്നതിനുള്ള പഠനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. ഈ സാഹചര്യത്തിൽ ഇപ്പോൾ നടത്തിവരുന്ന വിവിധ ക്ഷേമ പദ്ധതികളുടെ വിലയിരുത്തൽ മാത്രമാണ് ഇവിടെ നടത്തുന്നത്.

നിലവിലുള്ള ഐ.ആർ.ഡി.പി. സർവേ പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള 3164 കുടുംബങ്ങളാണുള്ളത്. ഗ്രാമ വികസന വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഈ ലിസ്റ്റിൽനിന്നും 241 കുടുംബങ്ങൾക്ക് സഹായം ലഭിച്ചതായി കാണുന്നു. ഇതിൽ 102 കുടുംബങ്ങൾ പട്ടിക ജാതി- പട്ടിക വർഗത്തിൽ പെട്ടവരും എട്ടു പേർ വികലാംഗരുമാണ്. സഹായം ലഭച്ചവരിൽ 30 % ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ എത്തിയതായി കാണുന്നു.

## സി. ഡബ്ല്യു. സി. ആർ. എ.

ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബ ങ്ങളുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. സ്ത്രീകളാണ് ഇതിലെ ഗുണഭോക്താക്കൾ. 18നും 35നും പ്രായമുള്ള സ്ത്രീകളുടെ ഒരു ഗ്രൂപ്പ് രൂപീകരിച്ച് അവർക്ക് കൂട്ടായി എന്തെങ്കിലും ഒരു പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിനുവേണ്ട പരിശീലനവും സാമ്പത്തിക സഹായവും നൽകുന്ന പദ്ധതിയാണിത്. ഇതുവരെയായി ഈ പഞ്ചായത്തിൽ ഇതുപോലുള്ള ആറു ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സാമൂഹ്യമായും സാമ്പത്തികമായും ഇതിലെ അംഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടു ത്തുന്നതിന് ഈ യൂണിറ്റുകൾക്ക് സാധിച്ചിട്ടുണ്ട്. എങ്കിലും ഇവർ നിർമ്മിക്കുന്ന ഉൽപന്നങ്ങൾക്ക് വിപണി ഇല്ലാത്തത് ഇത്തരം യൂണിറ്റുകൾക്ക് വേണ്ടത്ര സാമ്പത്തികനേട്ടം ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല.

| വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | സബ്സിഡി | വായ്പ | യൂണിറ്റിന്റെ എണ്ണം |
|---|---|---|---|---|
| 93-94 | 25 | 70000 | 1,50000 | 2 |
| 94-95 | 23 | 1,38000 | 2,07000 | 2 |
| 95-96 | 22 | 1,98000 | 88000 | 2 |
| ആകെ | 70 | 4,06000 | 4,45000 | 6 |

ഇതിൽ മൂന്ന് യൂണിറ്റ് മൺപാത്ര നിർമ്മാണം, ഒരു യൂണിറ്റ് റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ഒരു ഹോട്ടൽ, ഒരു അച്ചാർ നിർമ്മാണ യൂണിറ്റ് എന്നിവയാണ് നടത്തി വരുന്നത്. ഗ്രാമ വികസന വകുപ്പാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## ട്രൈസം

ഈ പദ്ധതി പ്രകാരം 18 - 35 ഇടയ്ക്ക് പ്രായമുള്ളതും ഐ. ആർ. ഡി. പി. ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ പരിശീലനം നൽകുന്നു. പരിശീലനത്തിനുശേഷം തൊഴിൽ ആരംഭിക്കുവാൻ സാമ്പത്തിക സഹായം ഐ. ആർ. ഡി. പി. പദ്ധതിയനുസരിച്ച് നൽകുന്നു. ഇതുവരെ ഈ പദ്ധതിയിൻ കീഴിൽ 20 പേർക്ക് പരിശീലനം നൽകിയിട്ടുണ്ട്. അതിൽ രണ്ടുപേർ സ്വന്തമായി തൊഴിൽ ചെയ്യുന്നു.

പ്രാദേശികമായി തൊഴിൽ ലഭിക്കുവാൻ സാധ്യതയുള്ള കോഴ്സുകൾക്ക് പരിശീലന സ്ഥാപനങ്ങൾ ഇല്ലാത്തതും ഇതിൽ പരിശീലനം നേടുന്നതിന് താൽപര്യക്കുറവുണ്ടാകുന്നു.

## ടൂൾ കിറ്റ്

ഗ്രാമീണ കര കൗശല തൊഴിലുകർക്ക് നവീന രീതിയിലുള്ള തൊഴിലുപകരണങ്ങൾ നൽകി അവരുടെ കഴിവ് വർദ്ധിപ്പിക്കാനുതകുന്ന ഒരു പദ്ധതിയാണിത്.

| വർഷം | എണ്ണം | തുക |
|---|---|---|
| 1993-94 | 40 | 80000/- |
| 1994-95 | 39 | 78000/- |
| 1995-96 | 12 | 24000/- |
| ആകെ | 91 | 1,82000/- |

1993 മുതൽ 1995-96 വരെയായി ഈ പഞ്ചായത്തിലെ 91 പേർക്ക് 1,82,000/- രൂപ ഈ പദ്ധതിയനുസരിച്ച് സഹായം നൽകിയിട്ടുണ്ട്.

## സി. ആർ. എസ്. പി.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബ ങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിനുവേണ്ടി ഈ പദ്ധതിയനുസരിച്ച് സഹായം നൽകിവരുന്നു. ഇതനുസരിച്ച് 2,500/- രൂപ ചെലവ് വരുന്ന ഇരട്ടക്കുഴി കക്കൂസ് ഗുണഭോക്താക്കൾ നിർമ്മി ക്കണം. ഇതുവരെയായി ഈ പഞ്ചായ ത്തിൽ 65 കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിച്ച് നൽകിയി ട്ടുണ്ട്. ഇനിയും ധാരാളം പേർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സഹായം ലഭിക്കേണ്ടതുണ്ട്.

| വർഷം | എണ്ണം | തുക |
|---|---|---|
| 1993-94 | 30 | 60000/- |
| 1994-95 | 20 | 40000/- |
| 1995-96 | 15 | 30000/- |
| ആകെ | 65 | 1,30000/- |

ദുർബല വിഭാഗത്തിൽപ്പെട്ട എല്ലാ ജനങ്ങൾക്കും എത്രയും വേഗം കക്കൂസ് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി ഏർപ്പെടുത്തുക.

## ദശലക്ഷം കിണർ പദ്ധതി

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബ ങ്ങൾക്ക് കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിന് ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനു വേണ്ടി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഇതിൻെറ ഗുണഭോക്താക്കൾ പട്ടിക ജാതി - പട്ടിക വർഗത്തിൽപ്പെട്ടവരായിരിക്കണം. പത്തു ശതമാനം മറ്റുള്ളവർക്കും നൽകുന്നു.

| വർഷം | എണ്ണം | തുക |
|---|---|---|
| 92-93 | 11 | 2,20000/- |
| 93-94 | 08 | 2,00000/- |
| 94-95 | 03 | 67000/- |
| ആകെ | 22 | 4,89000/- |

ഇതുവരെയായി ഈ പഞ്ചായത്തിലെ 22 കുടുംബങ്ങൾക്ക് 4,89,000/- രൂപ നൽകിയിട്ടുണ്ട്.

## മാതൃ - ശിശു സംരക്ഷണം

സാമൂഹ്യ ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയാണിത്. ഇത് അംഗൻവാടികളിൽ കൂടിയാണ് നടപ്പിലാക്കുന്നത്. ഈ പഞ്ചായത്തിൽ 21 അംഗൻവാടികൾ പ്രവർത്തിക്കുന്നുണ്ട്. അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വേണ്ടിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഇവരുടെ ആരോഗ്യവും സാമൂഹ്യവുമായ പുരോഗതിയാണ് ലക്ഷ്യം. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ഇതിൽ തന്നെ 8 അംഗൻവാടികൾ ക്ക് സ്വന്തമായി കെട്ടിടമില്ല. കെട്ടിട മുള്ളവയിൽ തന്നെ പ്രാഥമിക സൗകര്യങ്ങൾ ഇല്ല. കക്കൂസ് നിലവിലില്ല. ശുദ്ധ ജലം ലഭിക്കുന്നതിന് സൗകര്യമില്ല. അംഗൻവാടികളിൽ കുട്ടികളുടെ ഹാജർ നില പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. റജിസ്റ്റർ ചെയ്തിട്ടുള്ള അഞ്ചു മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. അവയുടെ പ്രവർത്തനം പരിമിതമാണ്.

## പെൻഷൻ

വിവിധ പെൻഷൻ ധനസഹായ പദ്ധതികളിൽ നിന്ന് സഹായം ലഭിക്കുന്ന 567 പേർ ഈ പഞ്ചായ ത്തിൽ നിലവിൽ ഉണ്ട്.

| ക്രമ നമ്പർ | ഇനം | സഹായധനം ലഭിക്കുന്നവരുടെ എണ്ണം |
|---|---|---|
| 1. | വിധവ പെൻഷൻ | 187 |
| 2. | വാർദ്ധക്യകാല പെൻഷൻ | 72 |
| 3. | വികലാംഗ പെൻഷൻ | 88 |
| 4. | കർഷകതൊഴിലാളി പെൻഷൻ | 160 |
| 5. | തൊഴിലില്ലായ്മ വേതനം | 48 |
| 6. | ടി.ബി.കേൻസർ മുതലായവ | 12 |
| | ആകെ | 567 |

ധന സഹായം ലഭിക്കുന്നവർ ഉണ്ടെങ്കിലും അപേക്ഷകർക്ക് പെൻഷൻ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു. സാമൂഹ്യ പദ്ധതികളുടെ കാര്യക്ഷമത ഇനിയും വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

## തൊഴിലില്ലായ്മ

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർ ഏറെയുണ്ടെങ്കിലും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ റജിസ്റ്റർ ചെയ്തവർകുറവാകുന്നു. അഭ്യസ്ത വിദ്യരായ യുവതി യുവാക്കൾ വെള്ളക്കോളർ ജോലി മാത്രം അഭികാമ്യമായി കരുതുന്ന അവസ്ഥ നിലവിലുണ്ട്. അതുമാറ്റാൻ വേണ്ട പ്രചരണവും പ്രോൽസാഹനവും നൽകണം. തൊഴിലിന് വേണ്ടി 35 വയസ് വരെയുള്ള കാത്തിരിപ്പ് ഉൽപാദന ഉൽപാദന രംഗത്ത് മുരടിപ്പിന് കാരണമാവുന്നു. യുവാക്കളുടെ ശേഷി ക്രിയാത്മകമായി തിരിച്ചുവിടാൻ കഴിയണം. യുവാക്കളുടെ കൂട്ടായ്മയിലൂടെ സഹകരണ മേഖലയിലും മറ്റും പുതിയ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കാൻ കഴിയണം. ഖാദി ഗ്രാമ വ്യവസായ വകുപ്പ്, വ്യവസായ വകുപ്പ് എന്നിവയുടെ പ്രവർത്തനത്തെക്കുറിച്ച് യുവാക്കൾക്ക് അറിവ് പകരുന്നതിനുവേണ്ടി സെമിനാറുകൾ സംഘടിപ്പിക്കണം.

## പ്രശ്നങ്ങൾ

1. തൊഴിലില്ലായ്മ
2. അർഹതപ്പെട്ടവർക്ക് മുഴുവൻ പേർക്കും പെൻഷൻ പദ്ധിയുടെ ആനുകൂല്യം ലഭിക്കുന്നില്ല.
3. മഹിളാ സമാജങ്ങളുടെ പ്രവർത്തനം പര്യാപ്തമല്ല.
4. അംഗൻവാടികൾ എണ്ണത്തിൽ കുറവ്.
5. അംഗൻവാടികളിൽ അത്യാവശ്യ സൗകര്യങ്ങളില്ല.
6. നിർമ്മാണത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിൽ കാല താമസം.
7. ഭൂമി പതിച്ച് കിട്ടുന്നതിൽ കാല താമസം. അർഹതപ്പെട്ടവർക്ക് ഭൂമി ലഭിക്കുന്നില്ല.
8. റേഷൻ ഷാപ്പുകൾ വളരെ അകലങ്ങളിൽ സ്ഥിതി ചെയ്യുന്നു.
9. പൊതു ശ്മശാനം ഇല്ല.
10. വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിന് സ്ഥിരം സംവിധാനമില്ല.
11. ഐ. ആർ. ഡി. പി., സി. ആർ. എസ്. പി., മുതലായ പദ്ധതികളുടെ ലഭ്യത ആവശ്യക്കാരുമായി തട്ടിച്ചുനോക്കുമ്പോൾ വളരെ കുറവ്

## സാധ്യതകൾ

1. പെൻഷൻ തുക വർദ്ധിപ്പിക്കുക, ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുക, മുഴുവൻ പെൻഷൻ പദ്ധതികളും പഞ്ചായത്തിന് കൈമാറുക.
2. അംഗൻവാടി ജിവനക്കാരുടെ സേവന വേതന പരിഷ്കരണം നടത്തുക.
3. അംഗൻവാടികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.
4. 1000 ജനസംഖ്യക്ക് ഒന്ന് എന്ന തോതിൽ അംഗൻവാടികൾ അനുവദിക്കുക.
5. പട്ടിക ജാതി കോളനികളിലും പട്ടിക വർഗ്ഗ കോളനികളിലും പ്രത്യേകം അംഗൻവാടികൾ അനുവദിക്കുക.
6. ചെറുകിട വ്യവസായ സംരംഭങ്ങൾ സ്ഥാപിക്കുക,
7. പഞ്ചായത്തിലെ സാംസ്കാരിക കേന്ദ്ര ങ്ങളെ ഏകോപിപ്പിച്ച് ചെർക്കളയിൽ ഒരു സാംസ്കാരിക കേന്ദ്രം സ്ഥാപിക്കുക.
8. മിച്ചഭൂമി അർഹതയുള്ളവർക്ക് കാലതാമസം കൂടാതെ അനുവദിക്കുക.
9. ആവശ്യമായ സ്ഥലങ്ങളിൽ പൊതു ശ്മശാനങ്ങൾ നിർമ്മിക്കുക.
10. ക്ഷേമനിധികളിൽ അംഗങ്ങളാകാത്ത മുഴുവൻ തൊഴിലാളികളെയും ബന്ധപ്പെട്ട ക്ഷേമനിധികളിൽ അംഗങ്ങളാക്കുക.
11. ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കുക.
12. റേഷൻ കാർഡുകൾ ലഭിക്കാനുള്ള കാലതാമസം ഒഴിവാക്കണം. കാർഡുകൾ നൽകാനുള്ള അധികാരം പഞ്ചായത്തു കൾക്ക് ലഭിക്കണം.

## പൊതുവിതരണം

പൊതുവിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. അവശ്യ സാധനങ്ങൾ ലഭ്യമാക്കണം. പൊതുവിതരണ സ്ഥാപനങ്ങൾ, നെക്രാജെ സർവീസ് സഹകരണ ബാങ്ക്, സ്വകാര്യ വ്യക്തികൾ എന്നിവരാണ് നടത്തുന്നത്. സർക്കാർ നിയന്ത്രണത്തിലുള്ള ഒരു മാവേലി സ്റ്റോർ ചെർക്കള കേന്ദ്രമാക്കി പ്രവർത്തിക്കുന്നു. പൈക്ക, റഹ്മാനിയ നഗർ കേന്ദ്രമാക്കി ഓരോ മാവേലി സ്റ്റോർ കൂടി അനുവദിക്കണം. ഉപഭോക്തൃ മേഖല കാര്യക്ഷമ മാക്കണം. അതിനായി പഞ്ചായത്ത് തലത്തിൽ ഒരു ഉപഭോക്തൃ സംരക്ഷണ സമിതി രൂപീകരിക്കണം.

NEW WESTERN SAW MILLS

Timber Merchant & Coup Contractor

Chengala, Kasaragod-671 541

Phone: 420515 Chengala

*Dealers in:*

*Timber Round Logs and all Type of Sawn Sizes*



# സംസ്കാരം

കാസറഗോഡ് ജില്ലാ ആസ്ഥാനമായ സിവിൽ സ്റ്റേഷൻ ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. നാലു ഗ്രാമങ്ങളും പതിനാലു വാർഡുകളും ഉൾക്കൊള്ളുന്ന ഈ പഞ്ചായത്ത് കാസറഗോഡ് മുനിസിപ്പാലിറ്റിയോട് തൊട്ടുകിടക്കുന്നു.

പഴയ മദ്രാസ് ഡിസ്ട്രിക് ബോർഡിൻെറ കീഴിലുള്ള ദക്ഷിണ കനറാ ഡിസ്ട്രിക്കിൻെറ ഭാഗമായ ഈ പ്രദേശത്ത് പ്രധാനമായും കന്നട, തുളു, മലയാളം എന്നീ മൂന്നു ഭാഷകൾ സംസാരിക്കുന്ന ജനങ്ങളാണുള്ളത്. അതിനാൽ മൂന്ന് ഭാഷകളും ഉൾക്കൊള്ളുന്ന ഭാഷാ സമന്വയവും സാംസ്കാരിക പൈതൃകവും നിലനിൽക്കുന്നു.

വ്യത്യസ്ത മതവിഭാഗങ്ങൾ താമസിക്കുന്ന ഈ പഞ്ചായത്തിൽ പണ്ടു മുതലെ മതസൗഹാർദ്ദം നിലനിൽക്കുന്നു. ഹിന്ദു മതത്തിൽ നിലവിലുള്ള ഉപജാതി വ്യവസ്ഥ ചില ഭാഗങ്ങളിൽ നിലനിൽക്കുന്നു. അതുപോലെ തന്നെ താഴ്ന്ന ജാതിക്കാർക്ക് ചില ഉന്നത ജാതിക്കാരുടെ വീടുകളിൽ ഇപ്പോഴും പ്രവേശനം സ്വാഗതാർഹമല്ല.

ഒട്ടേറെ ഹിന്ദു_മുസ്ലീം ആരാധനാലയങ്ങൾ ഈ പഞ്ചായത്തിൽ നിലവിലുണ്ട്. ജനങ്ങളിൽ സമ്പന്നരും ദരിദ്രരും നിലവിലുണ്ടെങ്കിലും ഇടത്തരക്കാരാണ് ഭൂരിപക്ഷം. ഭൂപരിഷ്ക്കരണ നിയമം നിലവിൽ വന്നതോടെ ജൻമിത്ത വ്യവസ്ഥ ഇവിടേയും അവസാനിച്ചു.

## ആഘോഷങ്ങൾ

പൈക്ക മണവാട്ടി ഉറൂസ്, പാടി പൂരക്കളി, തെയ്യംകെട്ട് ഉത്സവം, ഇടനീർ വെടിക്കെട്ട് ഉത്സവം എന്നിവ പഞ്ചായത്തിലെ പ്രധാനപ്പെട്ട ആഘോഷങ്ങളാണ്. ഹിന്ദു ക്കളും_ മുസ്ലീങ്ങളും ഒത്തൊരുമയോടെ ആഘോഷിക്കുന്ന പൈക്ക മണവാട്ടി മഖാംഉറൂസ് പ്രസിദ്ധമാണ്.

## കലയും _ സാഹിത്യവും

പൂരക്കളി, ദഫ്മുട്ട്, കോൽക്കളി, തെയ്യം, യക്ഷഗാനം, ജാനപ്പദ നൃത്തം, കൈമുട്ടും പാട്ട്, മാലപ്പാട്ട് എന്നിവ ഈ പഞ്ചായത്തിൽ നിലനിന്നിരുന്ന പ്രധാന കലാരൂപങ്ങളായിരുന്നു. ഇതിൽ ജാനപ്പദ നൃത്തം, കൈമുട്ടും പാട്ട്, മാലപ്പാട്ട്, എന്നിവ അന്യം നിന്നുപോയ കലാരൂപങ്ങളാണ്. പൂരക്കളിയും നാശത്തിൻെറ വക്കിലാണ്. ഇവയെ പുനർജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്.

സ്വാതന്ത്ര്യലബ്ധിക്കു മുമ്പു തന്നെ എടനീരിൽ ഗോപാലകൃഷ്ണ കൃപാ പോഷിത നാടക സംഘം പ്രവർത്തിച്ചിരുന്നു. ഇതിൻെറ സ്ഥാപകൻ എടനീർ മഠത്തിലെ സ്വാമിയായിരുന്ന ഈശ്വരാനന്ദ ഭാരതീയാണ്.

സുബ്ബണ്ണകക്കില്ലായരുടെ നേതൃത്വത്തിൽ ഒരു നാടക സംഘം ചെർക്കളയിലും പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിലെ നാടകരംഗം വളരെ ശുഷ്കിച്ചതാണ്. പോത്തോട്ടം, കോഴിയങ്കം എന്നീ ഗ്രാമീണ കലകൾ ഇപ്പോഴുമുണ്ട്.ദഫ്, കോൽക്കളി, കൈമുട്ടുംപാട്ട്, മക്കാനി (നാല് പേർ ചുറ്റുമിരുന്ന് ഇന്നത്തെ അക്ഷര ശ്ലോകത്തോട് സാദൃശമായി അക്ഷരങ്ങളുടെ ചുവടൊപ്പിച്ച് വരികളുണ്ടാക്കി പാടൽ) എന്നിവയായിരുന്നു മുസ്ലീകൾക്കിടയിൽ പ്രചാരത്തിലിരുന്നത്. ദഫ്, കോൽക്കളി ഇപ്പോഴും ഉണ്ടെങ്കിലും കൈമുട്ടുംപാട്ടും, മക്കാനിയും എവിടേയും കാണാനില്ല. കൈമുട്ടുംപാട്ടിന് പ്രശസ്തരായ പലരും അക്കാലത്തുണ്ടായിരുന്നു. റാബി മുഹമ്മദ്, മാസ്റ്റർ അബ്ദുല്ല, കോളിൻറടി അബ്ദുല്ല, ചായിൻറടി മൊയ്തീൻ കുഞ്ഞി തുടങ്ങിയ ഒരുപാടാളുകൾ ഒരുകാലത്ത് കല്ല്യാണ വീടുകളിൽ [illegible] പാടുന്നവരായിരുന്നു.

പണ്ഡിതനും ഗവേഷകനും അധ്യാപനത്തിനുള്ള രാഷ്ട്രപതി അവാർഡ് ജേതാവുമായ എടനീരിലെ വെങ്കിടരാജ പുണിഞ്ചിത്തായ, ചിത്രകാരൻ പുണിഞ്ചിത്തായ, കേരള സാഹിത്യ അക്കാദമി അംഗമായ ഇബ്രാഹിം ബേവിഞ്ച, ഗ്രന്ഥകർത്താവായ കേശവാനന്ദ സ്വാമിജി എന്നിവർ അറിയപ്പെടുന്ന കലാ സാഹിത്യ പ്രവർത്ത കരാണ്.

## സേവന രംഗം

സാമൂഹ്യ സാംസ്കാരിക മേഖലയിൽ സ്തുത്യർഹമായ സേവനം കാഴ്ച വെക്കുന്ന ഒന്നിലധികം സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ജില്ലയിൽ നല്ല നിലവാരം പുലർത്തുന്ന യതീംഖാനയാണ് ആലംപാടി യതീംഖാന. 1968_ൽ 12 കുട്ടികളുമായി തുടങ്ങിയ സ്ഥാപനത്തിന്ന് ആയിരക്കണക്കിന് അനാഥരായ കുട്ടികൾക്ക് മതപഠനവും ഭൗതീകവുമായ വിദ്യാഭ്യാസം നൽകാൻ സാധിച്ചിട്ടുണ്ട്. നൂറിൽപരം അനാഥ കുട്ടികളെ ഇപ്പോഴും ദത്തെടുത്ത് വളർത്തുന്ന പ്രസ്തുത സ്ഥാപനം ഉത്തര കേരളത്തിലെ ഏറ്റവും പഴക്കം ചെന്ന ഇത്തരത്തിലുള്ള ഒരു സ്ഥാപനമാണ്.

അത്പോലെ തന്നെ ചെർക്കളയിലുള്ള മാർത്തോമ്മ ബധിര വിദ്യാലയം കേരളത്തിൻെറ പല ഭാഗത്ത് നിന്നുള്ള മൂകരും ബധിരരുമായ കുട്ടികളെ സ്കൂളിൽ തന്നെ പാർപ്പിച്ച് പത്താം തരം വരെയുള്ള വൃദ്യാഭ്യാസം നൽകുന്നു. സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് പോവുന്ന അത്തരം കുട്ടികൾക്ക് ജീവിതം നൽകുന്ന സ്ഥാപനം കേരളത്തിൽ ഇതുപോലുള്ള വിരലിലെണ്ണാവുന്ന വിധത്തിൽ പരിമിതമാണ്. അത്പോലെ കാസർകോട്ടെ സർക്കാർ അന്ധവിദ്യാലയം ചെങ്കള പഞ്ചായത്ത് അതിർത്തിയോട് തൊട്ടുകിടക്കുന്നു.

## കായിക പ്രവർത്തനങ്ങൾ

കായിക പ്രേമികൾക്ക് പ്രോത്സാഹന പ്രദമായ ഒരു നീക്കവും ഇതു വരെ ഉണ്ടായിട്ടില്ല. [illegible]യകാലം മുതലേ വോളിബോൾ കളി ഈ പഞ്ചായത്തിലെ കായിക രംഗത്ത് തെളിഞ്ഞു നിൽക്കുന്നു. ഇന്നും പിടിച്ചു നിൽക്കാനുള്ള ശ്രമം വോളിബോൾ പ്രേമികൾ നടത്തുന്നുണ്ട് എന്നത് ശുഭോദർക്കമാണ്. കായികരംഗത്തിൻെറ വളർച്ചയ്ക്ക് സഹായകമാകുന്ന കളിസ്ഥലങ്ങളോ പ്രോത്സാഹനമോ മറ്റു സൗകര്യങ്ങളോ തീരെ ഇല്ല. സ്വാതന്ത്ര ലബ്ധിക്കു മുമ്പ് പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും കായികാഭ്യാസ കളരികൾ ഉണ്ടായിരുന്നു. പഞ്ചായത്ത് ആസ്ഥാനത്തുള്ള മിനി സ്റ്റേഡിയം വിപുലീകരിക്കുക, നായൻമാർമൂല, പുണ്ടൂർ എന്നിവിട ങ്ങളിൽ മിനി സ്റ്റേഡിയം നിർമിക്കുക എന്നിവ ഈ രംഗത്ത് അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തനമാണ്.

## സാംസ്കാരിക സംഘടനകൾ

ഈ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത 36 ക്ലബ്ബുകളും, 7 മഹിളാ സമാജങ്ങളും ഉണ്ട്. മിക്ക ക്ലബ്ബുകളുടേയും പ്രവർത്തനം വാർഷികാഘോഷങ്ങളിൽ ഒതുങ്ങുന്നു. അതിനപ്പുറം സാംസ്കാരിക ചലനങ്ങൾ ഉണ്ടാകാനുതകുന്ന പ്രവർത്തനങ്ങൾ ഒന്നും തന്നെ ക്ലബ്ബുകളുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ശാസ്ത്രസാഹിത്യ പരിഷത്തിൻേറയും പുരോഗമന കലാസാഹിത്യ സംഘത്തിൻേറയും യൂണിറ്റുകൾ പ്രവർത്തിച്ചിരുന്നു.

ചെങ്കള പഞ്ചായത്തു തല ഗ്രന്ഥ ശാല ആലംപാടിയിലാണ് സ്ഥിതി ചെയ്യുന്നത്. ഇതിൻെറ പ്രവർത്തനം തൃപ്തികരമല്ല. ഇത് പഞ്ചായത്തിൻെറ ഒരറ്റത്താണ് സ്ഥിതി ചെയ്യുന്നത് എന്നത് ഒരു പ്രധാന ന്യൂനതയാണ്. കൂടാതെ പാടിയിൽ ഏ.കെ.ജി. ഗ്രന്ഥശാല ഉണ്ടെങ്കിലും പുസ്തകങ്ങളുടെ എണ്ണത്തിലുള്ള കുറവു മൂലം ഇതിൻെറ പ്രവർത്തനവും നല്ല രീതിയിൽ നടക്കുന്നില്ല. ബേർക്കയിൽ 1961_ൽ സ്ഥാപിതമായ യംഗ് ഫാർമേർസ് ക്ലബ്ബ് ലൈബ്രറി ഗ്രന്ഥശാലാ സംഘത്തിൽ നിന്നും ആരംഭകാലത്തു തന്നെ അംഗീകാരം ലഭിച്ചിരുന്നുവെങ്കിലും പ്രവർത്തനം നാമമാത്രമാണ്.

## മാധ്യമങ്ങൾ

ഈ പഞ്ചായത്തിൽ ഏകദേശം 1000 പത്രങ്ങളും 1500 ആഴ്ച്ചപ്പതിപ്പുകളും 150 ബാലമാസികകളും 300 വനിതാ പ്രസിദ്ധീകരണങ്ങളും വിതരണം ചെയ്യപ്പെടുന്നുണ്ട്. ശാസ്ത്ര പ്രസിദ്ധീകരണങ്ങളൊന്നും തന്നെയില്ലാ എന്നത് ഖേദകരമാണ്. ഇവിടത്തെ ജനങ്ങളിൽ വായനാശീലം വളരെ കുറവാണ്. ടെലിവിഷൻ ഏകദേശം 5% വീടുകളിൽ മാത്രമേ ഉള്ളു വെങ്കിലും 20% ജനങ്ങളും ടി.വി. പ്രേക്ഷകരാണ്. ടി.വി. യുടെ സ്വാധീനം കലാ _ കായിക രംഗത്തിൻെറ വളർച്ചയെ മുരടിപ്പിച്ചിട്ടുണ്ട്.

## അന്ധവിശ്വാസങ്ങളും അനാചാരങ്ങളും

സാംസ്ക്കാരിക ജീർണതയ്ക്ക് കാരണമായ പല അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഈ ശാസ്ത്ര യുഗത്തിലും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലും നിലനിൽക്കുന്നുണ്ട്. മന്ത്രവാദം, ചരടു കെട്ടൽ, എന്നീ അന്ധവിശ്വാസങ്ങൾ, സ്ത്രീധന സമ്പ്രദായം, കൊട്ടാര സദൃശ്യമായ വീടുകൾക്കു വേണ്ടി മൽസരിച്ച് പണം മുടക്കുന്ന പ്രവണത, ഇവ സാംസ്കാരിക ഉന്നമനത്തിന് തടസ്സമാകുന്നു. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ സാംസ്കാരിക ശോഷണത്തിന് പ്രധാന കാരണമാണ്.

## പരിഹാരങ്ങളും നിർദേശങ്ങളും

1. പഞ്ചായത്തു തല സാംസ്കാരിക സമിതി രൂപീകരിക്കുക.
2. പഞ്ചായത്തിലെ നല്ല പ്രവർത്തനം കാഴ്ചവയ്ക്കുന്ന സാംസ്കാരിക സംഘടനകൾക്ക് വർഷം തോറും ക്യാഷ് അവാർഡുകൾ നൽകുക.
3. നിലവിലുള്ള വായന ശാലകൾക്കും ക്ലബ്ബുകൾക്കും ആനുകാലിക പ്രസിദ്ധീകരണങ്ങളും കായികോപകരണങ്ങളും സൗജന്യമായി നൽകുക.
4. കലാകായിക പരിശീലനം നൽകുന്നതിന് പഞ്ചായത്തുതലത്തിൽ പരിശീലകരെ നിയമിക്കുക.
5. പഞ്ചായത്ത് ആസ്ഥാനമായ ചെർക്കളയിൽ ഗ്രന്ഥശാലയും കലാപരിശീലന കേന്ദ്രവും സ്ഥാപിക്കുക.
6. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളും കളിസ്ഥലങ്ങളും ഉണ്ടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
7. പഞ്ചായത്തിൽ നടക്കുന്ന കേരളോത്സവം, ഓണം തുടങ്ങിയ ആഘോഷങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ആകർഷകമായ രീതിയിൽ നടത്തുക.
8. കലാസാഹിത്യാഭിരുചിയുള്ള വിദ്യാർത്ഥികൾക്ക് അവധികാലങ്ങളിൽ ഒത്തുചേരലിനുള്ള അവസരമുണ്ടാക്കുക.
9. പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളിലും കലാ_കായിക അധ്യാപകരേയും ലൈബ്രേറിയനേയും നിയമിക്കുക.
10. നാശോൻമുഖമായിക്കൊണ്ടിരിക്കുന്ന കലാരൂപങ്ങളെ വളർത്തിക്കൊണ്ട് വരുന്നതിന് പ്രത്യേക സമിതികൾ രൂപീകരിക്കുക.
11. നാട്ടറിവ് വിദഗ്ധൻമാരുടെ ഒത്തുചേരലിന് വേദിയൊരുക്കുകയും അവരിൽ നിന്ന് ലഭിക്കുന്ന അറിവുകൾ രേഖപ്പെടുത്തി വെയ്ക്കുകയും അവർക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
12. പഞ്ചായത്തിലെ നിലവിലുള്ള ഏക സാംസ്കാരിക നിലയമായ സി.എച്ച്. മുഹമ്മദ് കോയ സ്മാരക കമ്മ്യൂണിറ്റി ഹാളിൻെറ ഇപ്പോഴത്തെ ശോചനീയാവസ്ഥ മാറ്റി സാംസ്കാരിക പരിപാടികൾക്ക് ഉപയോഗപ്രദമാക്കുക.

●



*"ഓരോ ഗ്രാമത്തിലും കളിസ്ഥലവും, വിദ്യാലയവും,
സമ്മേളനസ്ഥാനവും, കന്നുകാലികൾക്കുള്ള_
മേച്ചിൽസ്ഥലവും, കുടിനീർ സൗകര്യവും വേണം"*

*_ഗാന്ധിജി*









# വനിത

1970 കളിലാണ് യഥാർത്ഥത്തിൽ വനിതാ ക്ഷേമ പ്രവർത്തനങ്ങൾക്ക് പരിമിതമായ ആരംഭമെങ്കിലും കുറിക്കുന്നത്. ചെങ്കള പഞ്ചായത്തിലെ പാടി ഗ്രാമത്തിൽ ആദ്യമായി ഒരു മഹിളാ സംഘടന രൂപം കൊണ്ടു. 1979 -ൽ ദിനേശ് ബീഡി സഹകരണ സംഘം നിലവിൽ വന്നതിന് ശേഷം കൂടുതൽ സ്ത്രീകൾ പൊതു രംഗത്തിറങ്ങി പ്രവർത്തിക്കാൻ തുടങ്ങി. എന്നാൽ ഒരു വിഭാഗം സ്ത്രീകൾ പ്രത്യേകിച്ച് മുസ്ലിം സ്ത്രീകൾ പൊതു വേദികളിൽ നിന്നും വിട്ടുനിൽക്കുന്നു.

ജൻമി കുടിയാൻ സമ്പ്രദായം നില നിന്നിരുന്ന കാലങ്ങളിൽ സ്ത്രീജീവിതം വീടിന്റെ നാലു ചുമരുകൾക്കുള്ളിൽ മാത്രം ഒതുങ്ങിയിരുന്നു. അന്ന് സ്ത്രീകൾ പുറത്തിറങ്ങുന്നതിനെ സമൂഹം കർശനമായി വിലക്കിയിരുന്നു. പക്ഷേ, തൊഴിലാളി സ്ത്രീകൾ കൃഷിപ്പണികളിൽ ഏർപ്പെട്ട് കുടുംബം പുലർത്തുമായിരുന്നു.

1991 - ലെ സെൻസെസ് പ്രകാരം പഞ്ചായത്ത് പരിധിയിൽ 18943 സ്ത്രീകളാണുള്ളത്. ഇത് പുരുഷ ജനസംഖ്യയേക്കാൾ 556 കുറവാണ്.

ദരിദ്ര കുടുംബങ്ങളിൽ കുടുംബഭാരം സ്ത്രീകളാണ് വഹിക്കേണ്ടി വരുന്നത്. അത്തരം വീടുകളിൽ ഒരു വിഭാഗം പുരുഷൻമാരുടെ മദ്യപാനശീലം സ്ത്രീകളുടെ അവസ്ഥ കൂടുതൽ ദയനീയമാക്കുന്നു. മദ്യം നിരോധിച്ചിട്ടുണ്ടെങ്കിലും മുഴുവൻ ഗ്രാമങ്ങളിലും പാക്കറ്റ് ചാരായം സുലഭമാണ്. ഭക്ഷണം, വിറക് ശേഖരിക്കൽ എന്നിങ്ങനെ നൂറു കൂട്ടം പണികൾ നോക്കാനുള്ള ബാധ്യത സ്ത്രീകൾക്കാണ്. ബീഡി തെറുപ്പോ മറ്റു കൂലിപ്പണിയോ ഉള്ളത് കൊണ്ട് കുടുംബ ഭാരം അവരിൽ നിന്ന് ഒഴിവാകുന്നില്ല. മുഴുവൻ പെൺകുട്ടികളും പ്രാഥമിക വിദ്യഭ്യാസം നേടുന്നുണ്ടെങ്കിലും ഉന്നത വിദ്യഭ്യാസം തുടരുന്നവർ വളരെ വിരളമാണ്. പെൺകുട്ടികൾക്ക് മാത്രമായുള്ള ഒരു ഹൈസ്ക്കൂൾ നായൻമാർമൂലക്കടുത്ത് സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. പത്താം തരം വരെ എങ്ങിനെയെങ്കിലും എത്തിക്കഴിഞ്ഞാൽ പെൺകുട്ടികളെ കല്യാണം കഴിച്ചു കൊടുക്കാനാണ് രക്ഷിതാക്കളുടെ താൽപര്യം.

പഞ്ചായത്തിലെ തൊഴിലെടുക്കുന്ന സ്ത്രീകളിൽ ഭൂരിപക്ഷവും ബീഡി മേഖലയിലാണ്. ചെറിയ ശതമാനം മാത്രമേ കാർഷികമേഖലയിൽ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ. ആടുവളർത്തൽ, കോഴി വളർത്തൽ, തൊപ്പി തുന്നൽ എന്നിവയിൽ നാമ മാത്രമായി മുസ്ലിംസ്ത്രീകൾ രംഗത്തുണ്ട്. പരമ്പരാഗതമായ പായനെയ്ത്ത് കുടുംബങ്ങളുണ്ടെങ്കിലും ഇപ്പോൾ സജീവമല്ല. സർക്കാർ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകൾ വിരലിലെണ്ണാവുന്നവർ മാത്രം. പൈക്കയിലെ മൺപാത്ര നിർമാണത്തിൽ സ്ത്രീകൾ പുരുഷൻമാരെക്കാൾ മുൻപന്തിയിലുണ്ട്. തയ്യൽ പരിശീലനം നൽകാൻ മാർത്തോമ ബധിര വിദ്യാലയം, പാടി കൂട്ടാലക്കാൽ മഹിളാസമാജം, എടനീർ വനിതാ വ്യവസായ സഹകരണ സംഘം എന്നീ സ്ഥാപനങ്ങളും സംഘടനകളും ക്ലാസ്സ് നടത്തുന്നുണ്ട്. പാടിയിൽ കൂട്ടാലക്കാൽ എന്ന സ്ഥലത്ത് വനിതകളുടെ ഒരു സോപ്പ് യൂണിറ്റ് ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ പ്രവർത്തനമില്ല.

പഞ്ചായത്തിൽ ആകെ 24 മഹിളാ സമാജങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ക്കൂൾ തലത്തിൽ മദർ പി.ടി.എ. ഒരിടത്തും കാര്യമായി പ്രവർത്തിക്കുന്നില്ല. 25 അംഗൻ വാടികൾ പ്രവർത്തിക്കുന്നുണ്ട്.

പരിഷത്ത് അടുപ്പ് പ്രചാരത്തിലുണ്ടെങ്കിലും നമ്മുടെ ഗ്രാമ പഞ്ചായത്തിൽ വളരെ കുറച്ച് മാത്രമേയുള്ളൂ. ഇത് കൂടുതൽ വ്യാപിപ്പിച്ചാൽ വീട്ടമ്മ മാരുടെ ആരോഗ്യം സംരക്ഷിക്കാൻ സാധിക്കും. വിറകിന്റെ ഉപയോഗം കുറക്കാനും കഴിയും.

കൂലിപ്പണിക്ക് പോകുന്ന സ്ത്രീകൾക്ക് ശരിയായ കൂലി കിട്ടുന്നില്ല. പുരുഷൻമാരുടെ കൂലിയും സ്ത്രീകളുടെ കൂലിയും തമ്മിൽ ഭീമമായ അന്തരമുണ്ട്.

## വനിതാ ക്ഷേമത്തിനുള്ള നിർദ്ദേശങ്ങൾ

1. സ്ത്രീകളുടെ സമ്പൂർണ്ണ സാക്ഷരത. ഉന്നത വിദ്യാഭ്യാസത്തിനുള്ള പ്രോൽസാഹനം.
2. അഞ്ചുവയസ്സു വരെയുള്ള കുട്ടികളെ പൂർണ്ണമായി സാമൂഹ്യ രക്ഷാ സംവിധാനത്തിൻ കീഴിൽ കൊണ്ട് വരിക.
3 സ്ത്രീകളെക്കുറിച്ചുള്ള അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും നീക്കം ചെയ്യാൻ ബോധവൽക്കരണം.
4.സ്ത്രീ നിയമങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം.
5. സ്ത്രീകളെ ഉപഭോഗ വസ്തുവായും ഗാർഹിക തൊഴിലാളിയായും കാണുന്ന അവസ്ഥ നീക്കം ചെയ്യാൻ പുരുഷൻ മാരിൽ ബോധവൽക്കരണം.
6. സ്ത്രീധനത്തിന്റെ പേരിൽ ദുരിതമനുഭവിക്കുന്നവർക്ക് നിയമ സഹായം നൽകുക, അശണരായ സ്ത്രീകൾക്ക് പുന:രധിവാസ കേന്ദ്രം സ്ഥാപിക്കുക.
7. പൊതു പ്രശ്നങ്ങളിൽ സ്ത്രീ പങ്കാളിത്തം സജീവമാക്കുക.
8. വിവാഹ പ്രായ നിയമം കർശനമായും നടപ്പാക്കുക.
9. സാമ്പത്തികമായ കാരണത്താൽ വിവാഹം കഴിയാതെ നിൽക്കുന്ന ഒരു നിശ്ചിത പ്രായ പരിധി കഴിഞ്ഞവർക്ക് സർക്കാർ സാമ്പത്തിക സഹായം നൽകുക.
10. മഹിളാ സംഘടനകൾ എല്ലാ വാർഡിലും സജീവമാക്കുക.
11. വനിതാ തൊഴിൽ സംരംഭങ്ങൾ എല്ലാ വാർഡിലും തുടങ്ങുക.
12. പശു വളർത്തൽ, കോഴിവളർത്തൽ, തേനീച്ച വളർത്തൽ, കൂൺ കൃഷി, മൾബറികൃഷി തുടങ്ങിയവയിൽ പരിശീലനവും സാമ്പത്തിക സഹായവും നൽകുക.
13. ബേവിഞ്ച ,ബേർക്ക , എടനീർ ,പാടി എന്നീ സ്ഥലങ്ങളിൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സ്ഥാപനങ്ങൾ സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
14. പപ്പടം , അച്ചാർ എന്നിവ നിർമ്മിക്കാൻ താൽപര്യമുള്ളവരെ സാമ്പത്തികമായി സഹായിക്കുക.
15. ചൂരിപ്പള്ളം , കെ.കെ.പുറം , പാടി, എടനീർ , അർളടുക്ക എന്നീ സ്ഥലങ്ങളിൽ പായ നെയ്ത്ത് സഹകരണാടിസ്ഥാനത്തിൽ തുടങ്ങുക.
16. വനിതകളുടെ സാംസ്കാരിക ഉന്നമനത്തിന് നായൻമാർമൂല , ബേവിഞ്ച , പാടി എന്നിവിടങ്ങളിൽ ഗ്രന്ഥാലയം സ്ഥാപിക്കുക.
17. പുകയില്ലാത്ത അടുപ്പ് (പരിഷത്ത് അടുപ്പ്) വ്യാപകമാക്കുക.
18. കല്ലും കൂട്ടം , കല്ലക്കട്ട ,പൈക്ക എന്നിവിടങ്ങളിൽ കുടുംബക്ഷേമ ഉപകേന്ദ്രം ആരംഭിക്കുക.
19. കുടിൽ വ്യവസായം പ്രോൽസാഹിപ്പിക്കുകയും ചെറുകിട വ്യവസായ യൂണിറ്റുകൾ തുടങ്ങാൻ വേണ്ട സഹായം നൽകുകയും ചെയ്യുക.
20. സ്ത്രീവിദ്യാഭ്യാസം പ്രോൽസാഹിപ്പിക്കാൻ ബോധവൽക്കരണം നടത്തുക.
21. മഹിളാ സമാജങ്ങൾക്ക് പത്രങ്ങളും മാസികകളും പഞ്ചായത്ത് വക നൽകുക.
22. പാടി , പൈക്ക ,ചേരൂർ , ആലംപാടി , നായൻമാർമൂല എന്നീ കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ മിനി പി.എച്ച്.സി. ആയി ഉയർത്തുക.
23. ബീഡിതൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി തരണം ചെയ്യാൻ മുൻകൂട്ടി പദ്ധതി തയ്യാറാക്കുക.
24. ബാലടുക്കയിൽ കളിമൺ വ്യവസായം, സോപ്പ് നിർമ്മാണ യൂണിറ്റ് എന്നിവ സഹകരണാടിസ്ഥാന ത്തിൽ തുടങ്ങുക.
25. കല്ലക്കട്ട, ബേർക്ക, ചെങ്കള, ചെർക്കള എന്നിവിടങ്ങ ളിൽ സഹകരണാടിസ്ഥാനത്തിൽ ടൈലറിംഗ് യൂണിറ്റ് സ്ഥാപിക്കുക.
26. നെക്രാജെ യിൽ ഓലമെടഞ്ഞ് വിൽക്കുന്ന കേന്ദ്രം തുടങ്ങുക.
27. വനിതാ സ്വയം സഹായ പദ്ധതി പ്രവർത്തനക്ഷമമാക്കുക.
28. എല്ലാ അംഗൻവാടിയോടുമനുബന്ധിച്ച് ക്രെഷ് അനുവദിക്കുക.
29. ഒരു വൃദ്ധ മന്ദിരം ചെർക്കള ആസ്ഥാനമായി തുടങ്ങുക.
30. വനിതകൾക്ക് നേരെയുള്ള അക്രമങ്ങളും അസാംസ്കാരിക പെരുമാറ്റങ്ങളും തടയുന്നതിന് ജാഗ്രതാ സമിതികൾ രൂപീകരിക്കുക.

*''ഗൃഹദേവതയെ കളിപ്പാവയാക്കി*
*വിഹരിക്കും പ്രിയ സഹോദരൻമാരെ*
*ഹ ഹ, തരിമ്പുമൊന്നറിഞ്ഞിട്ടുണ്ടോ നാം*
*മഹിളയാകുന്ന നിഗൂഢ വസ്തുവെ? ''*



# സഹകരണ രംഗം

ഭാരതത്തിൻെറ സഹകരണ പ്രസ്ഥാനത്തിന് തുടക്കം കുറിക്കുന്നത്. 1904ലെ സഹകരണ നിയമത്തിൻെറ അടിസ്ഥാനത്തിൽ രൂപീകൃതമായ വായപാ സംഘങ്ങളുടെ ആവിർ ഭാവത്തോടെ യാണ്. അന്നത്തെ കർഷക സമൂഹത്തിൻെറ ശോച നീയാവസ്ഥയിൽ അവരെ സഹായിക്കാനും കാർഷിക വ്യാവസായിക രംഗങ്ങളിൽ ജനങ്ങളെ പുരോഗതിയിലേക്ക് നയിക്കുന്നതിനുമാണ് ഈ നിയമം കൊണ്ടുദ്ദേശിച്ചത്. മദ്രാസ് പ്രസിഡൻസി യുടെ റീജനൽ ഡപ്യൂട്ടി രജിസ്ട്രാർ (കോ ഓപ്പറേറ്റീവ്) ആയിരുന്ന ദിവ്യംഗതനായ ശ്രീ സി. കണ്ണൻ നായർ മുൻകൈ എടുത്ത് 1929-ൽ ആദ്യമായി നമ്മുടെ പഞ്ചായത്തിൽ മുട്ടത്തൊടിയിൽ ഐക്യ നാണയ സംഘം എന്ന പേരിൽ തുടങ്ങിയ സഹക രണ സ്ഥാപനം മുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക് എന്ന പേരിൽ അറിയപ്പെടുന്നു. 1959ൽ ഐക്യ കേരള രൂപീകരണത്തോടെ സഹകരണ രംഗത്ത് വിപ്ലവകരമായ മുന്നേറ്റം കുഴ്ചവെയ്ക്കാൻ കഴിഞ്ഞ സംസ്ഥാനമാണ് കേരളം. സമൂഹ ത്തിലെ സമസ്ത മേഖലകളിലും സഹകരണ സംഘം സ്ഥാപിക്കാനും മുന്നേറാനും നമുക്ക് കഴി ഞ്ഞിട്ടുണ്ട്.നമ്മുടെ സഹകരണ മേഖല മാതൃകയാക്കിയാണ് ഇന്ന് മറ്റ് സംസ്ഥാനങ്ങളിൽ സഹകരണ സംഘങ്ങൾ സംഘടിപ്പിച്ചുവരുന്നത്.

നെക്രാജ് വില്ലേജിൽ ദിവംഗതനായ ശ്രീ ഏവന്തൂർ കൃഷ്ണ മണിയാണി മുൻകൈയെടുത്ത് 1956-ൽ നെക്രാജ് സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും പിൽക്കാലത്ത് അത് നെക്രാജ് സർവ്വീസ് സഹകരണ ബാങ്കായും പ്രവർത്തിച്ചു വരുന്നു. 1992-ൽ ശ്രീ കെ. കർത്തമ്പു വൈദ്യർ പ്രസിഡൻറായി ചെങ്കള സർവ്വീസ് സഹകരണ ബാങ്ക് സ്ഥാപിച്ചു. 1992ൽ കാസർകോട് ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് ചെർക്കളയിൽ പ്രവർത്തന മാരംഭിച്ചു. ജൻമിമാരുടെയും ഇടത്തട്ടുകാരുടെയും ചൂഷണത്തിൽ നിന്നും കൃഷിക്കാരെ രക്ഷിക്കുക എന്നതായിരുന്നു ഈ സംഘങ്ങളുടെ പരമ പ്രധാന മായ ലക്ഷ്യം. ബേഡഡുക്ക, മുളിയർ, ചെങ്കളാ പഞ്ചായത്തുകളിലെ 6 പ്രൈമറി സഹകരണ സംഘങ്ങൾ ഈ ബ്രാഞ്ചിൻെറ പ്രവർത്തന പരിധിയിൽപെടുന്നു.

വിവിധ മേഖലകളിലെ 16 സഹകരണ സ്ഥാപനങ്ങൾ പഞ്ചായത്തിനകത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് (പട്ടിക 1) ഇതിൽ ഇന്ന് ബാങ്കിംഗ് രംഗത്തു പ്രവർത്തിക്കുന്നമുട്ടത്തൊടി സർവ്വീസ് സഹകരണ ബാങ്ക്, നെക്രാജ് സർവ്വീസ് സഹകരണ ബാങ്ക്, ചെങ്കളാ സർവ്വീസ് സർവ്വീസ് സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക് ചെർക്കള ബ്രാഞ്ച് എന്നിവയും വ്യാവസായിക രംഗത്ത് പ്രവർത്തിക്കുന്ന ചെർക്കളയിലെ ഹരിജൻ ഗ്രാമ വ്യവസായ സഹകരണ സംഘവും, ഇടനീരിൽ പ്രവർത്തിച്ചുവരുന്ന വിമൻസ് മംഗ്ട്ടി ഇൻഴസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയും ഹോട്ടൽ രംഗത്ത് പ്രവർത്തിച്ചുവരുന്ന പടുവടുക്കം വനിത സഹകരണ സംഘവും, വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിച്ചുവരുന്ന ഇന്ദിരാ നഗറിലുള്ള വിവേകാനന്ദ സഹകരണ കോളേജും, ചെർക്കളയിലെ ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ടും, സ്കൂൾ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളും നിലനിൽക്കുന്നു. എന്നാൽ ഇവയിൽ മിക്കവയുടെയും പ്രവർത്തനം ആശാവഹമെന്നു പറയാൻ കഴിയില്ല.

ഇത്രയും സഹകരണസ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു എങ്കിലും വ്യക്തമായ ലക്ഷ്യബോധമില്ലായ്മയാണ് നല്ലരീതിയിൽ പുരോഗമിക്കാതിരിക്കാനും കാരണം കൂടാതെ വിപണനരംഗത്ത് സ്വകാര്യ മേഖലയോട് മൽസരിക്കുവാനുള്ള ശേഷിക്കുറവും അസംകൃത സാധനങ്ങളുടെ ലഭ്യതക്കുറവ് എന്നിവയും ഇവയുടെ തകർച്ചയ്ക്ക് കാരണങ്ങളാണ്.

സഹകരണ സ്ഥാപനങ്ങളുടെ ഇന്നത്തെ അവസ്ഥ

**1. മുട്ടത്തൊടി സർവീസ് സഹകരണ ബാങ്ക്**

മുട്ടത്തൊടി , പാടി വില്ലേജുകളിൽ പെടുന്ന 2685 കുടുംബങ്ങൾക്ക് ഈ ബാങ്കിൻെറ സഹായ സഹകരണങ്ങൾ ലഭിക്കുന്നു. എന്നാൽ പാടി വില്ലേജിലെ ജനങ്ങൾക്ക് ഭൂമിശാസ്ത്രപരമായി ഈ ബാങ്കിൻെറ പ്രയോജനം ലഭിക്കുന്നില്ല. പാടി വില്ലേജിന് തനതായ ഒരു സഹകരണ സംഘം ഉണ്ടായാൽ മാത്രമേ തികച്ചും കാർഷികമേഖലയായ പാടി വില്ലേജിന് അതിൻെറ ഗുണം ലഭിക്കുകയുള്ളൂ. ബാങ്കിൻെറ കീഴിൽ രണ്ട് വളംഡിപ്പോകൾ പ്രവർത്തിച്ചുവരുന്നു.

**2. നെക്രാജ് സർവ്വീസ് സഹകരണ ബാങ്ക്**

നെക്രാജ് വില്ലേജിൻെറ പരിധിയിൽ പ്രവർത്തിക്കുന്ന 1645 കുടുംബങ്ങൾക്ക് ബാങ്കിൻെറ പ്രവർത്തനം പ്രയോജനപ്പെടുന്നുണ്ട്. കാർഷിക-കാർഷികേതര വായ്പകൾ നൽകിവരുന്നുണ്ട്. ബാങ്കിൻെറ കീഴിൽ നാല് പൊതുവിതരണകേന്ദ്രവും ഒരു വളം ഡിപ്പോയും പ്രവർത്തിക്കുന്നു.

**3. ചെങ്കള സർവ്വീസ് സഹകരണ ബാങ്ക്**

ചെങ്കള വില്ലേജ് പരിധിയിൽ പ്രവർത്തിക്കുന്ന 2574 കുടുംബങ്ങൾ ബാങ്ക് പരിധിയിൽ വരുന്നു. ബാങ്കിൻെറ കീഴിൽ ഒരു വളം ഡിപ്പോ പ്രവർത്തിച്ചുവരുന്നു.

**4. ജില്ലാ സഹകരണ ബാങ്ക് ചെർക്കള ബ്രാഞ്ച്**

1992 മുതൽ കാസർകോട് ജില്ലാ ബാങ്കിൻെറ ബ്രാഞ്ച് ചെർക്കളയിൽ പ്രവർത്തിച്ചുവരുന്നു. ബേഡടുക്ക, ചെങ്കള, മുളിയാർ പഞ്ചായത്തുകളിൽ പെടുന്ന 6 പ്രൈമറി സഹകരണ സംഘങ്ങളുടെ കാർഷിക, കാർഷികേതര വായ്പകൾ ചെർക്കള ബ്രാഞ്ച് മുഖാന്തിരം വിതരണം ചെയ്യുന്നു. ജീവനക്കാരുടെ അഭാവം ബ്രാഞ്ചിൻെറ പ്രവർത്തനത്തെ ബാധിക്കുന്നു.

മേൽപറഞ്ഞ സഹകരണ സ്ഥാപനങ്ങൾ കാർഷികരംഗത്ത് സമൂലമായ മാറ്റം വരുത്തുന്നതിനും കൂടുതൽ തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും വേണ്ടിയാണ് സ്ഥാപിച്ചതെങ്കിലും മൊത്തം ഉപഭോക്താക്കൾക്ക് ഇവയുടെ സഹായങ്ങൾ വേണ്ടത്ര ലഭിക്കുന്നില്ല. സുഗമമായ പ്രവർത്തനത്തിന് സാങ്കേതികമായ പല പ്രശ്നങ്ങളും ഉണ്ടാകുന്നുണ്ട്.

1. ബാങ്കുകൾ ക്രെഡിറ്റ് ലിമിറ്റ് സ്റ്റേറ്റുമെൻറ് തയ്യാറാക്കി വർഷംതോറും ജില്ലാ ബാങ്കിന് സമർപ്പിക്കുന്നുണ്ടെങ്കിലും ഭൂപരിധിക്കനുസരിച്ച് വായ്പ കൊടുക്കുവാൻ വേണ്ടുന്നത്രയും സംഖ്യ ജില്ലാ ബാങ്ക് നൽകുവാൻ തയ്യാറാകുന്നില്ല.

2. നബാഡ് മുഖേന നൽകുന്ന വായ്പകൾക്ക് പലിശ നിരക്ക് കൂടുതലാണ്. കർഷകർക്ക് വായ്പ യഥാസമയത്ത് നൽകുവാൻ കഴിയുന്നില്ല. ആവശ്യമായ കർഷകർക്ക് സഹകരണ സ്ഥാപനങ്ങളിൽ മെമ്പർഷിപ്പ് ലഭിക്കണം. സബ്സിഡി വായ്പകളുടെ എണ്ണവും പരിമിതമാണ്.

3. സർക്കാർ ഓഡിറ്റ് കോസ്റ്റായും മറ്റിനങ്ങൾക്കും വേണ്ടി ഈടാക്കുന്ന സംഖ്യയുടെ പരിധി ചുരുക്കി സഹകരണ സ്ഥാപനങ്ങളെ സഹായിക്കണം.

4. സഹകരണ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കാത്തത് കൊണ്ട് സ്ഥാപനത്തിലെ ജീവനക്കാർക്ക് പ്രയാസങ്ങൾ നേരിടുന്നു.

5. സ്വകാര്യ പണമിടപാട് സംഘങ്ങളുടെ കടന്നുകയറ്റം സഹകരണമേഖല പ്രതിസന്ധിയിലെത്തിക്കുന്നു.

6. സഹകരണ സംഘങ്ങൾ വിവിധ മേഖലകളിലേക്ക് കടന്നു ചെല്ലാൻ താൽപര്യം കാണിക്കുന്നില്ല.

7. സഹകരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകേണ്ടുന്ന സഹായങ്ങൾ യഥാസമയം ലഭിക്കുന്നില്ല.

8. പ്രാദേശിക സ്ഥാപനങ്ങളായതിനാൽ വിദേശ നിക്ഷേപങ്ങൾ ലഭിക്കുന്നില്ല.

## സാധ്യതകൾ

1. ഭവന നിർമ്മാണ രംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പഞ്ചാ യത്തിൽ ഒരു ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കണം.

1. കാർഷികരംഗത്ത് അനുവദിക്കുന്ന വായ്പയുടെ പലിശ നിരക്ക് കുറച്ചുകൊണ്ട് മുഴുവൻ അംഗങ്ങൾക്കും ആവശ്യമായ വായ്പാ സംഖ്യ ലഭ്യമാക്കുവാൻ സഹകരണ ബാങ്കുകൾ ശ്രമം നടത്തണം.

2. പഞ്ചായത്തിലെ എല്ലാ കുടുംബങ്ങൾക്കും അവരുടെ പരിധിയിൽ വരുന്ന ബാങ്കിൽ നിർബന്ധമായും അംഗത്വം നൽകണം.

3. നിക്ഷേപ സമാഹരണം വഴി പ്രവർത്തന മൂലധനം വർദ്ധിപ്പിച്ച ബാങ്കിന്റെ നില മെച്ചപ്പെടുത്തിയാൽ വയ്പ അർഹിക്കുന്ന രീതിയിൽ വിതരണം നടത്തുവാൻ കഴിയും.

4. ഗ്രൂപ്പ് ഡപ്പോസിറ്റ് സ്കീം എന്നറിയപ്പെടുന്ന നിക്ഷേപ പദ്ധതി നടപ്പിലാക്കുക.

5. കർഷകരുടെ പൂർണ്ണ വിവരങ്ങൾ ശേഖരിച്ച് ലാൻറ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുകയും അതനുസരിച്ച് ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാതുക കണ്ടെത്തുവാൻ സഹകരണ ബാങ്കിൽ സംവിധാനം ഉണ്ടാക്കണം. വായ്പാ നൽകുന്ന തിൽ വരുന്ന കാല താമസം ഒഴിവാക്കണം.

6. ഹ്രസ്വകാല വായ്പാ പരിധി 25000 രൂപയാക്കി വർദ്ധിപ്പിക്കുകയും കർഷകർക്ക് ക്രഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുകയും വേണം.

7. തൊഴിൽ സാധ്യതയുള്ള മേഖലകളിൽ സഹകരണ സംഘങ്ങൾ രൂപീകരിച്ച് ലക്ഷ്യബോധത്തോടെ പ്രവർത്തിച്ചാൽ തൊഴിൽ മേഖലയിൽ കാര്യമായ പുരോഗതി ഉണ്ടാക്കുവാൻ കഴിയും.

8. പാൽ വിറ്റഴിക്കുന്നതിനും ന്യായമായ വില ലഭിക്കുന്നതിനും ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ തുടങ്ങണം. സംഘങ്ങൾ വഴി നല്ലയിനം പശുക്കളെയും മിതമായ വിലക്ക് കാലത്തീറ്റയും വിതരണം ചെയ്യാൻ കഴിയണം.

9. കാർഷിക സഹകരണ സംഘങ്ങൾ രൂപീകരിച്ച് ട്രാക്ടർ, ട്രില്ലർ, സ്പ്രെയർ, വളം, കീടനാശിനി മുതലായവ വിതരണം ചെയ്യണം ഇതിനായി പാടശേഖര സമിതികൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സൊസൈറ്റി രൂപീകരിക്കണം.

10. ആതുര ശുശ്രൂഷാ രംഗത്ത് സൗകര്യങ്ങൾ പരിമിതമാണ്. സഹകരണ മേഖലയിൽ ആധുനിക ചികിത്സാ രീതിയിലുള്ള ആശുപത്രി സ്ഥാപിച്ച് ചികിത്സാ സൗകര്യം മെച്ചപ്പെടുത്തണം.

ചെങ്കൽ മേഖലയിൽ ഏകദേശം 3000 പേർ ജോലി ചെയ്യുന്നുണ്ട്. മധ്യ വർത്തികളുടെ ചൂഷണവും യന്ത്ര വൽക്കരണവും ഈ മേഖലയെ തകർച്ചയിൽ എത്തിച്ചിരിക്കുന്നു. ചെങ്കൽ വ്യവസായ സഹകരണ സമഘം രൂപീകരിച്ച് ഈ മേഖലയിൽ പണി എടുക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം.

12. തൊഴിലില്ലാത്ത യുവതികളുടെ ഉന്നമനത്തിന്നായി വനിതാ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നമ്മുടെ പ്രദേശങ്ങളിൽ വിറ്റഴിക്കുവാൻ കഴിയുന്ന ഉൽപന്നങ്ങൾ നിർമ്മിക്കണം. അവ വിറ്റഴിക്കുവാനുള്ള സംവിധാനവും വേണം.

13. പാടിയിൽ പ്രവർത്തിച്ചുവന്ന കുടീർ സോപ്പ് നിർമ്മാണ യൂണിറ്റ് പുനരുദ്ധരിച്ച് സോപ്പ് നിർമ്മാണവും അതോടൊപ്പം ഉൽപ്പന്നത്തിന് മാർക്കറ്റും കണ്ടെത്തണം.

14. എർമളത്ത് പ്രവർത്തിച്ചുവന്ന തൊപ്പി നിർമ്മാണ യൂണിറ്റ് വിപുലീകരിച്ച് പ്രവർത്തിപ്പിച്ചാൽ വിദേശ നാണയം നേടിയെടുക്കുന്നതിനും അതോടൊപ്പം ധാരാളം വനിതകൾക്കും പഞ്ചായത്തിലെ തൊഴിലില്ലാത്തവർക്ക് തൊഴിൽ ലഭിക്കുകയും ചെയ്യും.

15. പൈക്കയിൽ പ്രവർത്തിച്ചുവന്ന കളിമൺ പാത്ര നിർമ്മാണ യൂണിറ്റ് പുനരുദ്ധരിച്ച് കളിമൺ പാത്രങ്ങളും ഓട്, ഇഷ്ടിക തുടങ്ങിയ വ്യാവസായിക ഉൽപന്നങ്ങളും നിർമ്മിച്ചാൽ വളരെ പേർക്ക് തൊഴിൽ സൗകര്യം ലഭിക്കുകയും തകർച്ചയെ നേരിടുന്ന കളിമൺ പാത്ര നിർമ്മാണ തൊഴിലാളികളെ ഉദ്ധരിക്കാനും കഴിയും.

ബേർക്കയിൽ ഡി. ഡബ്ല്യു. സി. ആർ. പ്രകാരം രൂപീകൃതമായ വനിതാ അച്ചാർ നിർമ്മാണ യൂണിറ്റിൽ ഉണ്ടാക്കുന്ന ഉത്പന്നങ്ങൾ വിപുലമായ രീതിയിൽ വിറ്റഴിക്കാൻ വിപണി കണ്ടെത്തണം. പ്രവർത്തക യൂണിറ്റിൽ പപ്പടം, ജാം, സ്ക്വാഷ് ഇവ ഉത്പാദിപ്പിക്കാനും വിപണി കണ്ടെത്താനും ശ്രമിക്കണം. ചെങ്കളയിൽ കാർഷിക സഹകരണ സംഘം രൂപീകരിക്കണം.

പട്ടിക-1

| നമ്പർ സഹകരണസ്ഥാപനത്തിൻെറ പേര് | ഉദ്ദേശം | അംഗങ്ങളുടെ എണ്ണം | സ്ഥാപിതം |
|---|---|---|---|
| 1 മുട്ടത്തൊടി സർവ്വീസ് കാർഷികസഹകരണ ബാങ്ക് | കാർഷിക ധനസഹായം | 3536 | 1929 |
| 2 നെക്രാജ് സർവ്വീസ് സഹകരണ ബാങ്ക് | ,, | 3367 | 1956 |
| 3 ചെങ്കള സർവ്വീസ് സഹകരണ ബാങ്ക് | ,, | 703 | 1992 |
| 4 ജില്ലാ സഹകരണ ബാങ്ക് ചെർക്കള ബ്രാഞ്ച് | ,, | 06 | 1992 |
| 5 ചെങ്കള ഹരിജൻ ഗ്രാമ വ്യവസായ സഹകരണസംഘം | ഹരിജനക്ഷേമം | 136 | 1990 |
| 6 ചെങ്കള പഞ്ചായത്ത് വിമൻസ് മൾട്ടി ഇൻഡസ്ട്രിയൽ കോ-ഓപ്പ്. സൊസൈറ്റി | വനിതാക്ഷേമം | 15 | 1992 |
| 7 വിവേകാനന്ദ കോ-ഓപ്പ്. കോളേജ്-ഇന്ദിരാ നഗർ | വിദ്യാഭ്യാസം | 08 | 1988 |
| 8 കുടീർ വനിതാ സോപ്പ് നിർമ്മാണ യൂണിറ്റ്-പാടി | വ്യവസായം | 11 | 1988 |
| 9. കോ-ഓപ്പറേറ്റീവ് ടെക്നിക്കൽ സ്കൂൾ ഓഫ് കോമേർസ്, ചെർക്കള | വിദ്യാഭ്യാസം | 6 | 1995 |
| 10. വനിതാ സഹകരണ ഹോട്ടൽ പടുവടുക്കം | വനിതാക്ഷേമം | 5 | 1992 |
| 11. ഏവന്തൂർ കൃഷ്ണ മണിയാണി മെമ്മോറിയൽ എ. യു. പി. സ്കൂൾ കോ-ഓപ്പ സൊസൈറ്റി, | കൺസ്യൂമർ | 65 | 1976 |
| 12. എച്ച്.എച്ച്.എസ്.ഐ.ബി. സ്വാമിജീസ് ഹൈസ്കൂൾ കോ-ഓപ്പ. സൊസൈറ്റി | ,, | 30 | 1976 |
| 13. ചെർക്കള സെൻട്രൽ ജി.എച്ച.എസ്. കോ-ഓപ്പ.സൊസൈറ്റി, | ,, | 55 | 1976 |
| 14. റ്റി.ഐ.എ.യു.പി.സ്കൂൾ കോ-ഓപ്പ. സൊസൈറ്റി, | ,, | 59 | 1976 |
| 15. തൊപ്പി നിർമ്മാണ സഹകരണസംഘം എർമളം | വ്യവസായം | ലഭ്യമല്ല | - |
| 15. വനിതാ അച്ചാർ നിർമ്മാണ യൂണിറ്റ്, ബേർക്ക | വനിതാക്ഷേമം | 12 | 1995 |

പട്ടിക-2

| ക്രമ നമ്പർ | സ്ഥാപനത്തിൻെറ പേര് | സ്ഥിരം ജീവനക്കാർ | താൽകാലികം | ആകെ |
|---|---|---|---|---|
| 1 | മുട്ടതൊടി സർവ്വീസ് സഹകണ ബേങ്ക് | 6 | 2 കമ്മീഷൻ ഏജൻറ് | 8 |
| 2 | നെക്രാജെ സർവ്വീസ് സഹകരണ ബേങ്ക് | 6 | 7 ,, | 13 |
| 3 | ചെങ്കള സർവ്വീസ് സഹകരണ ബേങ്ക് | 2 | 2 ,, | 4 |
| 4 | ജില്ലാ സഹകരണ ബേങ്ക്ചെർക്കള ബ്രാഞ്ച് | 3 | 1 പിയൂൺ | 4 |

പട്ടിക-3

| സ്ഥാപനത്തിൻെറ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗങ്ങൾ | അംഗീകൃത ഓഹരി മൂലധനം | നിക്ഷേപം | വായ്പകം | | ഓഹരി മൂലധനം | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|
| | | | | | | കൃഷി | കാർഷികേതര | | |
| മുട്ടതൊടി സർവ്വീസ് സഹകണ ബേങ്ക് | 1929 | മുട്ടത്തൊടി, പാടി വില്ലേജുകൾ | 3536 | 443940 | 2161072 | 2991920 | 6922978 | 453940 | 6 |
| നെക്രാജെ സർവ്വീസ് സഹകരണ ബേങ്ക് | 1956 | നെക്രാജെ വില്ലേജ് | 3367 | 9.65126 | 4976450 | 44,99,854 | 1869066 | 1065126 | 6 |
| ചെങ്കള സർവ്വീസ് സഹകരണ ബേങ്ക് | 1992 | ചെങ്കള വില്ലേജ് | 703 | 4733969 | 3547619 | 313492 | 3474821 | 105987 | 4 |
| ജില്ലാ സഹകരണ ബേങ്ക് ചെർക്കള ബ്രാഞ്ച് | 1992 | ബേഡടുക്ക, ചെങ്കള, മുളിയാർ പഞ്ചായത്തുകൾ | 6 | - | 3551282 | 2,81,08242 | 16290968 | - | 3 |



# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യയിൽ 1796 പട്ടികജാതി വിഭാഗക്കാരും 842 പട്ടികവർഗ്ഗ വിഭാഗക്കാരുമാണ്. വിവിധ സ്ഥലങ്ങളിലുള്ള 35 കോളനികളിലായാണ് ഇവർ താമസിച്ചുവരുന്നത്. വളരെ പിന്നോക്കാവസ്ഥയിൽ ജീവിച്ചു വരുന്ന ഇവർക്ക് വിദ്യാഭ്യാസ മേഖലകളിൽ കുറേശ്ശെ പുരോഗതി കൈവരിക്കാൻ കഴലഞ്ഞിട്ടുണ്ടെങ്കിലും സാമ്പത്തികരംഗത്തും തൊഴിൽ രംഗത്തും ആശാവഹമായ പുരോഗതി കൈവരിക്കാൻ ഇനിയും കഴിഞ്ഞിട്ടില്ല.

സാമൂഹ്യ സാമ്പത്തിക രംഗത്ത് നിരവധി കാലമായി ചൂഷണത്തിന് വിധേയരായിരുന്ന ഈ വിഭാഗത്തിന് കുടുകിടപ്പാവകാശവും, സർക്കാർ ഭൂമി പതിച്ചുകിട്ടിയതും ഒരു പരിധിവരെ സാമൂഹ്യ പുരോഗതി കൈവരുക്കാൻ സഹായകമായിട്ടുണ്ട്.

ഈ വിഭാഗക്കാരുടെ പരമ്പരാഗത കുടിൽ വ്യവസായമായ പായനെയ്ത്ത്, കുമ്മായം, തുകൽ, കൊട്ട നിർമ്മാണം എന്നിവ ഇന്ന് നാശോൻമുഖമായികൊണ്ടിരിക്കുകയാണ്. ഇവയുടെ ഉന്നമനത്തിനു വേണ്ടി സർക്കാർ നൽകികൊണ്ടിരിക്കുന്ന വിവിധ ആനുകൂല്യങ്ങൾ വേണ്ടത്ര അറിവില്ലയ്മ കൊണ്ടും പദ്ധതികളുടെ പ്രയാസമേറിയ നിബന്ധനകൾകൊണ്ടും വേണ്ടത്ര ഉപയോഗ പ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. ഇത്തരം വിഭാഗത്തെ സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രംഗങ്ങളിൽ ഉയർത്തിക്കൊണ്ടുവരുന്നതിനും ഇവക്ക് അനുവദിക്കപ്പെട്ട ആനുകൂല്യങ്ങൾ യഥാവസരം അർഹരായവർക്ക് ലഭ്യമാക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങളുടെ പോരായ്മ പ്രകടമാണ്.

## വിദ്യാഭ്യാസ പ്രശ്നങ്ങൾ

ഒരു ഘട്ടത്തിൽ മുഴുവൻ കോളനി നിവാസികളേയും സാക്ഷരരാക്കാൻ സാധിച്ചുവെങ്കിലും തുടർ വിദ്യാഭ്യാസത്തിന്റെ അഭാവം കാരണം ഇവരിൽ കൂടുതൽ പേർക്കും പ്രയോജനകരമായില്ല. കുട്ടികളെ സ്ക്കൂളിൽ എത്തിക്കാൻ രക്ഷിതാക്കൾ വേണ്ടത്ര താൽപര്യം കാണിക്കുന്നില്ല. കുടുംബ ബാധ്യത ഏറ്റെടുക്കേണ്ടിവരുന്നത്കൊണ്ട് പഠനം നിർത്തേണ്ടിവരുന്ന അവസ്ഥയും ചില കുട്ടികൾക്കുവിദ്യാഭ്യാസത്തിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്നതിന് വിദ്യാസമ്പന്നരായ ആളുകളെ ഉപയോഗപെടുത്തി ബോധപൂർവ്വമായ ഇടപെടൽ നടത്തിയാൽ മാത്രമെ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയൂ. എസ്. എസ്. എൽ. സി. വരെ പഠിച്ച് തുടർന്ന് നിർമ്മാണ മേഖലയിലേക്കും മറ്റു കൂലിപ്പണിയിലേക്കും മാറി പോവുകയാണ്. ഈ സമുദായത്തിലെ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പോകുന്നത് മറ്റു വിദ്യാർത്ഥികളെ അപേക്ഷിച്ച് കുറവാണ്.

## സാമൂഹ്യ സാംസ്കാരിക നില

വിദ്യാഭ്യാസ നിലവാരത്തിലൊക്കെ കുറെ ഏറെ പുരോഗതി പ്രാപിച്ചുവെങ്കിലും നമ്മുടെ നാട്ടിലെ വികസന പ്രവർത്തനങ്ങളുടെയും സാംസ്കാരിക പ്രവർത്തനങ്ങളുടെയും മുഖ്യധാരയിലേക്ക് ഈ വിഭാഗങ്ങൾ ഇനിയും എത്തിയിട്ടില്ല. ചുരുക്കം പേരെ ഒഴിച്ചു നിർത്തിയാൽ ഏറെ പേരും പിന്നോക്കാവസ്ഥയിൽ തന്നെയാണുള്ളത്. അയിത്തം എന്ന ദുരാചാരം നമ്മുടെ പഞ്ചായത്തിൽ പൂർണ്ണമായും മാറിയിട്ടില്ല. ചിലയിടങ്ങളിൽ ഇന്നും നിലനിൽക്കുന്നുണ്ട്.

## പാർപ്പിട പ്രശ്നങ്ങൾ

പാർപ്പിട പ്രശ്നം പൂർണ്ണമായും പരിഹരിക്കാൻ കഴിഞ്ഞിട്ടില്ല. എങ്കിലും ഒരു പരിധി വരെ സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന പദ്ധതികൾ മുഖേന വീടുകൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇന്ന് മിക്ക പട്ടിക ജാതി-പട്ടിക വർഗ്ഗ കോളനികളും ചെറ്റക്കുടിലുകളോട് വിടപറഞ്ഞിട്ടുണ്ടെങ്കിലും വളരെ പരിമിതമായ സൗകര്യങ്ങളാണുള്ളത്. എന്നാൽ ഒറ്റപ്പെട്ടു താമസിക്കുന്ന പട്ടിക ജാതി-പട്ടിക വർഗ്ഗ കുടുംബങ്ങൾക്ക് കോളനികളിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ പലതും ലഭിക്കാത്ത സ്ഥിതിയുണ്ട്. വീടുവെയ്ക്കാൻ അനുവദിക്കുന്ന സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത കാരണം പല വീടുകളുംപൂർത്തികരിക്കാതെ കിടക്കുകയാണ്.

## ആരോഗ്യ പ്രശ്നങ്ങൾ

പല കോളനികളിലും ആരോഗ്യ പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ട്. പല കുടുംബങ്ങളും ശുചിത്വത്തിന്റെ കാര്യത്തിൽ വേണ്ടത്ര ബോധവാൻമാരല്ല. പ്രാഥമികാവശ്യങ്ങൾ നിറവേറ്റാൻ വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികൾ ലഭിച്ചാൽ തന്നെ കൃത്യമായി ഉപയോഗിക്കാൻ മിക്ക കുടുംബങ്ങളും തയ്യാറാവുന്നില്ല. ആരോഗ്യ പ്രവർത്തകരുടെ നിരന്തര സമ്പർക്കവും ബോധവൽക്കരണവും ഉണ്ടാവണം.

## മറ്റു പ്രശ്നങ്ങൾ

1. കാർഷിക മേഖലയിലെ തൊഴിലവസരങ്ങൾ കുറഞ്ഞുവരുന്നതു മൂലം ജീവിതം കൂടുതൽ പ്രതിസന്ധിയിലേക്ക് നീങ്ങുന്നു.
2. എല്ലാവർക്കും വീടുകൾ ഇല്ല. കോളനികളിലെ വീടുകൾ മിക്കതും വാസയോഗ്യമല്ലാത്തതാണ്.
3. നിർധന കുടുംബങ്ങളെ ചികിത്സിച്ചക്കുന്നതിനും മറ്റുമുള്ള കാര്യങ്ങളിൽ വേണ്ടത്ര ഊന്നൽ കൊടുത്തിട്ടില്ല.
4. നിർധന കുടുംബത്തിലെ പെൺകുട്ടികളുടെ വിവാഹത്തിനുവേണ്ട സഹായം നൽകുന്നതിന് പ്രധാന്യം കൽപിക്കുന്നില്ല.
5. കോളനികളിൽ എല്ലാവർക്കും വൈദ്യുതിയും കുടിവെള്ളവും എത്തിയിട്ടില്ല.
6. ഐ. ആർ.ഡി.പി. പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നില്ല , ബേങ്കുകളിൽ നിന്നും വായ്പ ലഭിക്കുന്നതിന് പ്രയാസം നേരിടുന്നു.
7. പട്ടിക ജാതി ക്ഷേമ കോർപറേഷൻ സ്വയം തൊഴിലിനു വേണ്ടി നൽകുന്ന വായ്പകൾ ലക്ഷ്യം നേടുന്നില്ല.
8. നിലവിലുള്ള ക്ഷേമപ്രവർത്തനങ്ങളെപ്പറ്റി വേണ്ടത്ര ബോധവാൻമാരല്ല.
9. കെ.കെ. പുറം, സുബ്ബ്യംമൂല, കൊയ്പ്പാടി, ചണ്ണംതല, അജക്കോട്, അർലടുക്കം, പുണ്ടൂർ കോളനി വാസികൾ കുടിവെള്ള പ്രശ്നം നേരിടുന്നു.
10. പിലികൂടൽ, ബെള്ളാർമ, കെ.കെ. പുറം, കല്ലക്കട്ട, മീനാടിപ്പള്ളം, സാലത്തടുക്കം, മണ്ഡലിക്കാട് എന്നീ കോളനികളിൽ ഭൂരിഭാഗം നിവാസികളും കുടിവെള്ള പ്രശ്നം നേരിടുന്നു.
11. പൊതു ശ്മശാനമില്ല.
12. വീട് വെക്കുന്നതിനും, കൃഷി ചെയ്യുന്ന തിനും വേണ്ടത്ര ഭൂമി ഇല്ല. ഉള്ള ഭൂമിയിൽ തന്നെ കൃഷിചെയ്യുന്നതിനു ജലസേചന സൗകര്യമില്ല.
13. എല്ലാ കോളനികളിലും പൂർണ്ണമായും വൈദ്യുതി എത്തിയിട്ടില്ല.
14. കോളനികളിൽ വായന ശാലകളില്ല.
15. പഞ്ചായത്തിൽ പട്ടിക വർഗ സഹകരണ സംഘം നിലവിലില്ല.
16. സർക്കാർ ഭൂമി പതിച്ചുകൊടുക്കുന്നതിൽ അപാകതളുണ്ട്.
17. എടനീരിൽനിന്നും ബനതടി കോളനിക്ക് നടന്നുപോകാനുള്ള വഴി ഇല്ല.
18. പട്ടിക വർഗ (മാറാട്ടി ) വിഭാഗത്തിൽപെട്ടവരുടെ ഭൂമി വിൽപന നിയമ തടസ്സങ്ങൾ നിലനിൽക്കുന്നു.
19. കുറഞ്ഞ ചിലവിൽ വീടു വെക്കുന്നർക്ക് അനുമതി ആവശ്യമാണെങ്കിലും ഇപ്പോൾ ഭാരിച്ച സാമ്പത്തിക ചിലവുകൾ വരുന്നുണ്ട്.
20. 7ാം വാർഡിലെ എതിർതോട് ഹരിജൻ കോളനിയുടെ മധ്യഭാഗത്തുള്ള റോഡ് സ്ഥലവാസികൾ കയ്യേറിയിരിക്കുന്നു.

## സാധ്യതകൾ

1. അയിത്തം എന്ന ദുരാചാരം മാറ്റുന്ന തിന് ശരിയായ രീതിയിലുള്ള ബോധവൽക്കരണം നടത്തണം.
2. സ്വന്തമായി ഭൂമിയില്ലാത്തവർക്ക് വീട് വെക്കുന്നതിനാവശ്യമായ ഭൂമിയും വീട് വെക്കുന്നതിന് നൽകിക്കൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം വീട് നിർമ്മാണത്തിന് തികയാത്തതിനാൽ ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കണം.
3. ആരോഗ്യ - സാമൂഹ്യ ക്ഷേമ പ്രവർത്തകരുടെ നിരന്തര സമ്പർക്കവും ബോധവൽക്കരണവും കോളനികൾ കേന്ദ്രീകരിച്ച് നടത്തണം.

4. കാർഷികത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് വർദ്ധിച്ച തൊഴില വസരങ്ങളുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

5. കോളനികളിലെ വീടുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനും പുതുക്കിപ്പണിയുന്നതിനും സാമ്പത്തിക സഹായം ലഭ്യമാക്കണം.

6. നിർധന കുടുംബങ്ങൾക്ക് ചികിൽസാ സൗകര്യം ലഭ്യമാക്കുന്നതിന് കോളനികളിൽ ചികിൽസാ ക്യാമ്പുകൾ സംഘടിപ്പിക്കുകയും വിദഗ്ധ ചികിൽസ ആവശ്യമുള്ളവർക്ക് അതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുകയും വേണം.

7. കോളനികളിലെ എല്ലാ വീട്ടിലും വൈദ്യുതിയും കുടിവെള്ളവും എത്തിക്കുക.

8. ഐ.ആർ.ഡി.പി പദ്ധതി ഫലപ്രദമാക്കുക. ബാങ്കുകളിൽനിന്ന് വായ്പ ലഭിക്കുന്നതിനുള്ള നിബന്ധനകൾ ലഘൂകരിക്കുക.

9. കെ.കെ.പുറം , സുബ്ബം മൂല , കൊയ്പ്പാടി ചന്നന്തലം അജക്കോട് , അർളടുക്കം ,പുണ്ടൂർ , പിലിക്കൂടൽ, ബെള്ളാർമ , കല്ലക്കട്ട , മീനാടിപ്പള്ളം സാലത്തടുക്കം ,മണ്ഡലിക്കാട് കോളനികളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

10. പഞ്ചായത്തിൽ കല്ലക്കട്ട , പാടി , പുണ്ടൂർ എന്നീ പ്രദേശങ്ങളിൽ പൊതു ശ്മശാനം അനുവദിക്കുക.

11. പട്ടിക വർഗ സഹകരണ സംഘം പഞ്ചായത്ത് തലത്തിൽ രൂപീകരിക്കുക.

12. അർഹതപ്പെട്ടവർക്ക് മാത്രം ദർഘാസ് മിച്ച ഭൂമി പതിച്ചു നൽകുന്നതിന് നിയമ ഭേദഗതികൾ വരുത്തുക.

13. ഇടനീരിൽ നിന്ന് ബനത്തടി കോളനിക്ക് നടപ്പാത നിർമ്മിക്കുക.

14. ഇവിടെയുള്ള മറാട്ടി വിഭാഗങ്ങൾക്ക് ഭൂമി കൈമാറ്റം ചെയ്യാൻ സാധിക്കുന്നില്ല. നിയമത്തിൽ ആവശ്യമായ ഭേദഗതിവരുത്തി ആവിഭാഗത്തിന് ഭൂമി വിൽപന നടത്തുന്നതിനുള്ള അവകാശം നൽകണം.

15. കുറഞ്ഞ ചിലവിൽ വീട് നിർമിക്കുന്നതിനുള്ള നിബന്ധകൾ ലഘൂകരിക്കുക.

16. പഞ്ചായത്ത് അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗക്കാരുടെ കൺസ്യൂമർ സൊസൈറ്റിയും, സഹകരണ ഹോട്ടലുകളും സ്ഥാപിക്കുക.

17. എല്ലാ കോളനികളിലും പൊതു റേഡിയോ, ടി. വി. എന്നിവ അനുവദിക്കുക.

18. മാറാട്ടി വിഭാഗത്തിൽ പെട്ട യുവതികളെ മാത്രം ഉൾപെടുത്തിയിട്ടുള്ള മഹിളാ സമാജത്തിൻെറ പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

19. കോളനികളിലെ പൊതു സ്ഥലങ്ങളും, റോഡുകളും കൈയ്യേറുന്നതിനെതിരെ നിയമ നടപടികൾ സ്വീകരിക്കുക.

20. പായനെയ്ത്ത്, കുട്ട മൊടയൽ, തുകൽ വസ്തുക്കളുടെ നിർമാണം, കുമ്മായം ഉണ്ടാക്കൽ തുടങ്ങിയ പരമ്പരാഗത തൊഴിലുകളെ വ്യാവസായികാടിസ്ഥാനത്തിൽ പുനരുജ്ജീവിപ്പിച്ച് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കണം.

21. കോളനികളിലെ മുഴുവൻ കുടുംബങ്ങൾക്കും സാനിറ്റേഷൻ സൗകര്യം ലഭ്യമാക്കും, പ്രാഥമിക പ്രവർത്തനം എന്ന നിലയിൽ എല്ലാ കോളനികളിലും പൊതു കക്കൂസ് അനുവദിക്കും.

22. പട്ടികജാതി- പട്ടികവർഗക്കാർക്ക് നടപ്പിലാക്കിവരുന്ന വിവിധ വകുപ്പുകൾ മുഖേനയുള്ള പദ്ധതികൾ ഏകോപിപ്പിക്കുക.

23. കോളനികളിലേക്കുള്ള റോഡുകൾ ഗതാഗത യോഗ്യമാക്കുകയും, ഗ്രാമസഭാ നിർദ്ദേശങ്ങൾക്കനുസരിച്ച് ആവശ്യമായ പുതിയ റോഡുകൾ ഉണ്ടാക്കുകയും ചെയ്യുക.

24. തുടർ സാക്ഷരതാ പ്രവർത്തനം നടത്തുക.

25. സ്വയം തൊഴിലിനുള്ള വായ്പാ സൗകര്യം ലഭ്യമാക്കുക.

26. കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നിലവിലുള്ള പൊതുകിണറുകൾ ആഴം കൂട്ടുകയും വൃത്തിയാക്കുകയും ചെയ്യുക.

27. സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും മാത്രം നടത്തിക്കൊണ്ടിരിക്കുന്ന കലാ-സാംസ്കാരിക മേള പഞ്ചായത്തടിസ്ഥാനത്തിലാക്കുക.

28. ചെങ്കള ഹരിജൻ ഗ്രാമ വ്യവസായ സംഘം പ്രവർത്തനക്ഷമമാക്കുക.

29. എല്ലാ കോളനികളിലും അങ്കണവാടികൾ അനുവദിക്കുക.

30. ആനുകൂല്യങ്ങൾ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും, ഓരോ പ്രദേശത്തേയും പ്രശ്നങ്ങൾ പ്രാദേശികമായി പരിഹരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും പ്രാദേശിക ജനകീയ സമിതികൾ രൂപീകരിക്കുക.

*"ചങ്ങാതി ചങ്ങല നീക്കാൻ തുരുമ്പിച്ച കണ്ണിയാം ശീലങ്ങൾ പൊട്ടിച്ചെറിയുക."*

●

*With Best Compliments from:*

Phone Code: 0499 } 420644 420939 521786

# THOUSAFIE

## GRANITE INDUSTRIES

NELLIKATTA, P.O. NEKARAJE

KASARAGOD - 671 541



# വിഭവ സമാഹരണം

വർഷങ്ങൾക്ക് മുമ്പുള്ള ഗ്രേയ്ഡ് നിർണ്ണയ പ്രകാരം ചെങ്കള ഗ്രാമ പഞ്ചായത്ത് ഒന്നാം ഗ്രേഡ് പഞ്ചായത്തിൽപെടുന്നു. ചെങ്കള വില്ലേജിൽപ്പെട്ട ചെർക്കളയിൽ പഞ്ചായത്തിന്റെ സ്വന്തം സ്ഥലത്ത് 1973 ൽ പണികഴിപ്പിച്ച കെട്ടിടത്തിലാണ് ഓഫീസ് പ്രവർത്തിച്ചുവരുന്നത്. സ്വന്തമായുള്ള ഫണ്ടിന്റെ ദൗർലഭ്യം കാരണം ഗവൺമെൻറ് ഗ്രാൻറുകളെത്തന്നെ പ്രധാനമായും ആശ്രയിച്ച് വികസന പ്രവർത്തനങ്ങൾ നടത്തുക എന്നുള്ള നില ഇപ്പോഴും തുടരുന്നു. സിനിമാ ശാലകളോ കാര്യമായ വ്യവസായ ശാലകളോ ഇല്ലാത്തതുകൊണ്ട് പഞ്ചായത്തിന്റെ വരുമാനത്തിൽ മുമ്പത്തേക്കാൾ വലിയ വ്യത്യാസം വന്നിട്ടില്ല. സ്റ്റാമ്പ് ഡ്യൂട്ടി, വെഹിക്കിൾ ടാക്സ് കോംപൻസേഷൻ എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് ലഭിക്കേണ്ടുന്ന തുകകൾ അത് പിരിച്ചെടുക്കുന്ന മേഖലകളിൽ വെച്ചുതന്നെ പഞ്ചായത്തിന് കൈമാറിയാൽ ആ തുക യഥാസമയം പഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത തുകകൾ ഒന്നും രണ്ടും വർഷം കഴിഞ്ഞ് ലഭിച്ചു വരുന്ന ഇന്നത്തെ അവസ്ഥക്ക് ഒരു മാറ്റം ആവശ്യവുമാണ്. ജനസംഖ്യ ദാരിദ്ര്യ രേഖക്ക് താഴെയുള്ള ജനസംഖ്യ, പട്ടികജാതി പട്ടികവർഗ ജനസംഖ്യ എന്നീ ക്രമത്തിലായിരിക്കണം ഗ്രാൻറുകൾ വിതരണം ചെയ്യേണ്ടത്. ഗ്രാൻറു കളുടെ നീതിപൂർവ്വകമായ വിതരണത്തിന് ഇത് ആവശ്യവുമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ ബഹുഭൂരിഭാഗവും സാധാരണക്കാരും ദാരിദ്ര രേഖക്ക് താഴെയുള്ളവരുമാണ്. തൊഴിലില്ലാത്ത വരുടെ എണ്ണവും തൊഴിലിനുവേണ്ടി മറുനാട്ടിൽ പോകുന്നവരുടെ എണ്ണവും നാൾക്കുനാൾ കൂടി വരുന്നു. കാർഷിക മേഖലകളിൽ പല കാരണങ്ങളാലും ഉൽപാദനം കുറഞ്ഞുവരുന്നു. വ്യാവസായിക രംഗത്താണെങ്കിൽ പുരോഗതിയുമില്ല.

കെട്ടിട നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീസ് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗങ്ങൾ. വരുമാനത്തിന്റെ 23 ശതമാനത്തോളം കഴിഞ്ഞ വർഷം ഭരണ ചില വിന്നായി വിനിയോഗിക്കേണ്ടി വന്നിരിക്കുന്നു. നികുതി ചുമത്തിയിട്ടുള്ള കെട്ടിടങ്ങളുടെ എണ്ണം 7027 കഴിഞ്ഞ വർഷത്തെ കെട്ടിടനികുതി ഡിമാൻറ് 367162 രൂപയാണെങ്കിലും അതിൽ കൊല്ലാവസാനം 165808 രൂപ പിരിച്ചെടുക്കാൻ ബാക്കിയുള്ള തായി കാണുന്നു. നികുതി യഥാസമയം പിരി ക്കാതിരിക്കുന്നത് അഭിലഷണീയമല്ല എന്ന് മാത്രമല്ല അത് പഞ്ചായത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യും.

ഈ പഞ്ചായത്തിൽ കെട്ടിട നികുതി പിരിക്കുന്നത് വാർഷിക വാടകയുടെ 8% നിരക്കിലാണ്. കെട്ടിട നിർമ്മാണ നിയമം ഈ പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. നികുതി നിർണ്ണയം ശാസ്ത്രീയമായി നടപ്പിലാക്കിയാൽ പഞ്ചായത്തിൻെറ വരുമാനം കുറെ കൂടി വർദ്ധിപ്പിക്കാൻ സാധിക്കും. ഇപ്പോഠം കെട്ടിട നികുതി ചുമത്തുന്ന നടപടി ക്രമം മൂലം വലിയ കെട്ടിടങ്ങളും ആഡംബരമുള്ള കെട്ടിടങ്ങളും യഥാർത്ഥമായി ചുമത്താവുന്ന നികുതിയിൽ നിന്ന് ഒഴിവായിപ്പോകുന്നു. കെട്ടിടങ്ങളിടെ ചുമരും മേൽപുറവും പൂർത്തിയായിക്കഴിഞ്ഞാൽ കെട്ടിട നമ്പറിന്നും നികുതിചുമത്തുന്നതിന്നു മായി അപേക്ഷ ലഭിക്കുകയും അതനുസരുച്ച് കാര്യങ്ങഠം നടക്കുകയും ചെയ്യുന്നു. അതിന് ശേഷമാണ് പല കെട്ടിടങ്ങളുടെയും മിനുക്ക് പണികളും ആഡംബര ഫിറ്റിങ്ങുകളും നടത്തുന്നത്. ഇത്തരത്തിലുള്ള വ ഏതെല്ലാമാണെന്ന് പരിശോധിച്ച് നികുതി പുനർ നിർണ്ണയം നടത്തുന്നതിന്ന് പല കാരണങ്ങളാലും കഴിഞ്ഞെന്നുവരില്ല. ചുമത്തേണ്ടുന്ന നികുതികളെ സംബന്ധിച്ച് ഒരുഏകീകൃത നിരക്ക് തന്നെ ഉണ്ടായിരിക്കുന്നത് കൂടുതൽ അഭിലഷണീയമായിരിക്കും. കെട്ടിടങ്ങളുടെ തറ വീസ്തീർണ്ണം, ഫിനിഷിംഗ് എന്നിവ കണക്കാക്കി നികുതി ചുമത്തുന്നതിന് ഒരു മാർഗ്ഗരേഖ തന്നെ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. വാടകക്ക് നൽകുന്ന കെട്ടിടങ്ങഠംക്ക് യഥാർത്ഥ വാടക അടിസ്ഥാനത്തിൽ തന്നെ നികുതി ചുമത്തുന്നു എന്ന് ഉറപ്പ് വരുത്തുകയും വേണം.

പഞ്ചായത്തിൽ തൊഴിൽ ചെയ്യുന്ന ഉദ്യോഗസ്ഥൻമാരെ പോലെതന്നെ കോൺട്രാക്ടർ കച്ചവടക്കാർ തൊഴിലാളികഠം വ്യാവസായിക മേഖലയിലുള്ളവർ എന്നിവരിൽ നിന്നൊക്കെ തൊഴിൽ നികുതി പിരിക്കേണ്ടതാണ്. കൂടാതെ വ്യാവസായിക അടിസ്ഥാനത്തിൽ നടത്തുന്ന ചെങ്കൽ ക്വാറ, കാട്ടുകല്ല്, കരിങ്കല്ല് എന്നിവയുടെ ബിസിനസ്സിന്നും നികുതി ചുമത്തേണ്ടതാണ്.

ചെർക്കള, വിദ്യാനഗർ എന്നിവിടങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സ് പണിയുകയുണ്ടെങ്കിൽ അത് പഞ്ചായത്തിന്ന് നല്ലൊരു വരുമാന മാർഗ്ഗമായിരിക്കും. കൂടാതെ ചെർക്കളയിൽ ഒരു ഗ്രാമ ചന്തയും മൽസ്യ മാർക്കറ്റും ആരംഭിക്കുകയാണെങ്കിൽ ഗ്രാമീണർക്ക് അവരുടെ ഉൽപന്നങ്ങഠം വിൽക്കുവാനും അത്യാവശ്യം വേണ്ടുന്ന സാധനങ്ങഠം വാങ്ങുവാനും കഴിയും.

കച്ചവടത്തിനുള്ള ലൈസൻസ് ഫീസ് പഞ്ചായത്ത് രാജ് റൂഠംസ് പ്രകാരം ബന്ധപ്പെട്ടവരിൽ നിന്നെല്ലാം പിരിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇത് കാര്യമായി പിരിച്ചെടുക്കുന്നതിന്ന് വാർഡുതല കണക്കുശേഖരിച്ചു വെക്കേണ്ടതുമാണ്.

ചെർക്കളയിൽ പഞ്ചായത്താഫീസിന്ന് സമീപത്ത് 1985ൽ നിർമ്മിച്ചിരിക്കുന്ന കമ്മ്യൂണിറ്റി ഹാഠം മിക്കവാറും ഉപയോഗ ശൂന്യമായ വിധത്തിലാണിപ്പോഴുള്ളത്. ഇപ്പോഠം ഇതിൽ ക്യാമ്പ് ചെയ്തുവരുന്ന പോലീസുകാരെ അതിൽ നിന്നും മാറ്റി കെട്ടിടം റിപ്പയർ ചെയ്ത് വാടകക്ക് നൽകിയാൽ അതു വഴി പഞ്ചായത്തിന് നല്ലൊരു തുക വാടകയായി ലഭിക്കുകയും ചെയ്യും.

ബേവിഞ്ച പുഴക്കരയിൽ തെക്കിൽ പാലത്തിന് സമീപത്തുനിന്ന് പൂഴി വാരുന്നതിന്നുള്ള അനുവാദം റവന്യൂ വകുപ്പ് ലേലം ചെയ്തു നൽകിയ വകയിൽ കഴിഞ്ഞ വർഷം 3600 രൂപയാണ് പഞ്ചായത്തിന് ലഭിച്ചിട്ടുള്ളത്. പൂഴി സംഭരിച്ച് വെക്കുന്നതിന് പുഴക്കരയിൽ സൗകര്യമില്ലാത്തതും വേലിയേറ്റ സമയത്ത് വെള്ളം കയറി സംഭരിച്ച പൂഴി വെള്ളത്തിൽ മുങ്ങിപ്പോവുകയും ചെയ്യുന്നത് ഒരു വലിയ പ്രശ്നമാണ്. മാത്രവുമല്ല പുഴക്കരയിലെ പൂഴി അടിഞ്ഞുകൂടുന്നതിന്ന് സൗകര്യമുള്ള പുഴക്കര ഇല്ലത്തതും ഈ മാർഗ്ഗങ്ങളിലുള്ള വരുമാനം വർദ്ധിക്കാതിരിക്കുന്നതിൻെറ പ്രധാന കാരണമാണ്.

നിലവിലുള്ള നികുതികഠം യഥാവിധി നിശ്ചയിച്ച് പിരിക്കുകയും പഞ്ചായത്തിൻെറ വികസന പ്രവർത്തനങ്ങളിൽ തങ്ങളുടേതായ പങ്ക് നിർവ്വഹിക്കലാണ് നികുതി നൽകുക വഴി ചെയ്യുന്നതെന്ന് ജനങ്ങളെ ബോധ്യപ്പെടുത്താനും കഴിഞ്ഞാൽ പഞ്ചായത്തിൻെറ വരുമാനം വർദ്ധിക്കുകയും ചെയ്യുമെന്ന് പ്രത്യാശിക്കാം.



# ഉപസംഹാരം

ഒരു പുതിയ വികസന സംസ്കാരം ലക്ഷ്യം വെച്ച്കൊണ്ടുള്ള ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ അവസാനഘട്ടത്തിലാണ് നാമിപ്പോൾ. അഴിമതി ഒരു ,സാർവ്വലൗകീക പ്രവർത്തനമായി കാണുകയും, അതിനോട് താദാത്മ്യം പ്രാപിക്കാൻ സ്വയം തയ്യാറാവുകയും ചെയ്യുന്ന രാഷ്ട്രീയ നേതൃത്വം, ഭരണ കർത്താക്കൾ, ഉദ്യോഗസ്ഥർ, നികുതിദായകർ എന്നിവർ ഈ കാലഘട്ടത്തിലെ ആപൽ സൂചനകളായിരുന്നു. അഴിമതിക്കെതിരെ പ്രതികരിക്കാൻ പൊതുജനം തയ്യാറാവാതെ വന്നപ്പോൾ അല്ലെങ്കിൽ പ്രതികരിക്കേണ്ട സമയങ്ങളിൽ നിഷ്ക്രിയരായപ്പോൾ നാടിന്റെ വികസനത്തിന് എന്ന പേരിൽ ചിലവഴിക്കപ്പെട്ട തുകകൾ പല കീശകളിലേക്കും പോയി. പൊതു ഖജനാവിൽ നിന്ന് ചിലവഴിക്കപ്പെടുന്ന തുക സ്വന്തം നികുതിപ്പണമെന്നുള്ള സത്യത്തെ നാം മറന്നു. വ്യത്യസ്ത വീക്ഷണ ഗതിയുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങളും ഈ പ്രതിഭാസത്തിന് ഒരു പരിധി വരെ കാരണക്കാരായിരുന്നു. അത് കൊണ്ട് തന്നെ സർക്കാർ പദ്ധതികൾ പലതും കടലാസ് പദ്ധതികളായി. ദീർഘകാലം ചുവപ്പു നാടയിൽ കുടുങ്ങിയ പദ്ധതികൾക്ക് അവസാനം ഏതാനും വർഷങ്ങൾക്കു ശേഷം തുടങ്ങാനുദ്ദേശി ക്കുമ്പോൾ ആദ്യം നീക്കി വെച്ചതുകയുടെ പല ഇരട്ടികൾ വിനിയോഗിക്കേണ്ടിവന്നു. അത്തരം ഒരു പദ്ധതി യഥാസമയത്ത് ആരംഭിച്ച് അതിന്റെ ഗുണം പൊതു ജനങ്ങൾക്ക് ലഭിച്ചത് മൂലമുണ്ടാകുന്ന നേട്ടങ്ങൾ കൂടി കണക്കിലെടുത്താൽ കേവലം സാങ്കേതികത്വത്തിന്റെ പേരിൽ ചുവപ്പു നാടയിൽ കുടുങ്ങിയത് മൂലമുണ്ടായ നഷ്ടം കോടികളാണെന്ന് കാണാൻ സാധിക്കും. ഈ യാഥാർത്ഥ്യങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കിയതിന്റെ ഫലമായാണ് ജനകീയാസൂത്രണപ്രസ്ഥാനം എന്ന ജനകീയ സംരംഭത്തിന് തുടക്കം കുറിച്ചത്.

പുതിയ സംരംഭത്തെ നമ്മുടെ പഞ്ചായത്തിലെ ജനങ്ങളും സ്വാഗതം ചെയ്തു. അതിൻെറ തെളിവാണ് 1996 സെപ്തംബർ 20 മുതൽ ഒക്ടോബർ 6 വരെയായി ചേർന്ന 14 വാർഡുകളിലെ വിശേഷാൽ ഗ്രാമസഭയിലെ ജന പ്രാതിനിധ്യം. അവർ ഗ്രാമസഭാ ചർച്ചകൾ സജീവമാക്കുകയും ഗുണപരവും പ്രായോഗികവുമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തി ട്ടുണ്ട്. തങ്ങളുടെ പ്രദേശത്തിൻെറ വികസനത്തിന് തങ്ങളാലാവുന്ന തരത്തിൽ സഹകരണവും പല ഗ്രാമസഭകളും വാഗ്ദാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ജനശക്തിയെ ശരിയായ ദിശയിൽ തിരിച്ചുവിടാൻ ആരും തയ്യാറായിരുന്നില്ല എന്നുള്ള സത്യത്തിന് നേരെ ഇനിയും മുഖം തിരിച്ചാൽ കാലം നമുക്ക് മാപ്പ് തരില്ല. നിർദ്ദേശങ്ങളും വാഗ്ദാനങ്ങളും സമന്വയിപ്പിച്ച് നമ്മുടെ പഞ്ചായത്തിൻെറ വികസന പദ്ധതിക്ക് രൂപം നൽകേണ്ടിയിരിക്കുന്നു. പരിമിതമായ സമയവും സൗകര്യങ്ങളും ഉപയോഗിച്ച് ശേഖരിക്കപ്പെട്ട വിവരങ്ങളുടെയും വിഷയാടിസ്ഥാനത്തിൽ ക്രോഡീകരിച്ച ഗ്രാമസഭാ റിപ്പോർട്ടുകളെയും അവലംബമാക്കിയാണ് ഈ വികസന രേഖ തയ്യാറാക്കിയിട്ടുള്ളത്. എല്ലാ മേഖലയിലേയും ഏകദേശം എല്ലാ പ്രശ്നങ്ങളും പരാമർശിക്കുകയും സാധ്യതകൾ സൂചിപ്പിക്കു കയും ചെയ്തിട്ടുണ്ട്. പക്ഷേ ഈ വികസന രേഖ സമ്പൂർണമാക്കേണ്ടത് ഈ സെമിനാറാണ്. സമ്പൂർണ രേഖ നിർദ്ദേശിക്കുന്ന സാധ്യതകളെ പദ്ധതികളാക്കി മാറ്റുന്ന കർമ്മ സമിതികൾക്ക് പഞ്ചായത്തിൻെറ വികസന കാര്യത്തിൽ ഭാരിച്ച ഉത്തരവാദിത്വമുണ്ട്. അത് പോലെ പദ്ധതികൾ പ്രായോഗികമാക്കാൻ ആവശ്യമായ ഭരണപരമായ നടപടികൾ സ്വീകരിക്കേണ്ട പഞ്ചായത്ത് ഭരണ സമിതിയുടെ ഏതെങ്കിലും തരത്തിലുള്ള നിസ്സംഗത ഈ ജനകീയ സംരംഭത്തോടുള്ള അനാദരവായി കണക്കാക്കപ്പെടും.

മഹത്തായ ഒരു പ്രതീക്ഷ നിറവേറ്റാൻ, ചർച്ചയിലൂടെ പരിഷ്കരിച്ച് സമ്പൂർണമാക്കാൻ 1996 ഡിസംബർ 9 ന് ചെർക്കള ഗവ. ഹൈസ്ക്കൂളിൽ വെച്ചുചേരുന്ന പഞ്ചായത്ത് വികസന സെമിനാർ മുമ്പാകെ ഈ വികസന രേഖ സമർപ്പിക്കുന്നു.

*Best Compliments from:*

JAIN DRIP

BOREWELL

# BHARATH AGRO SALES & SERVICE

**C/o PRAKASH AUTOMOBILES**
**BUS STAND CROSS ROAD,**
**KASARAGOD-671 121**
**Phone: (Off) 522919, 522839, (Resi) 530152**

*Dealers for :*

***KSB, Calama, Pluga, Vinayaka Submersible Pumpset,***
***ELGI Borewell Compressor Pumps,***
***Borewell Hand Pumps, Jet Pumps,***
***JAIN DRIP IRRIGATION SYSTEMS and SPRINKLERS,***
***GODAVARI, HASTI HDPE Pipes, PVC, GI & MS Pipes.***

BOREWELL DRILLERS & EARTH MOVERS

A COMPLETE RANGE OF DRIP IRRIGATION SYSTEMS

*With Best Compliments from*

# N. N. GRANITES

BERKA
P.O. CHENGALA
KASARAGOD-671 541
PHONE : 420598, 420957

*Manufacturers of :*

## 1/2" GRANITE METALS

IDEAL PRINTERS, KASARAGOD